വാല്യം 49

ഏറ്റുമാനൂർ ബ്ലോക്ക്

(കോട്ടയം ജില്ല)

1. ഏറ്റുമാനൂർ
2. അയ്മനം
3. അതിരംപുഴ
4. ആർപ്പൂക്കര
5. കുമാരനല്ലൂർ
6. നീണ്ടൂർ



ഏറ്റുമാനൂർ ഗ്രാമ പഞ്ചായത്ത്

# വികസന രേഖ 1996

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി
ജനകീയാസൂത്രണ പ്രസ്ഥാനം.

# വികസനരേഖ - 1996

ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്

# എഡിറ്റോറിയൽ ബോർഡ്


| | | |
|---|---|---|
| ശ്രീ. | വി.എസ്. വിശ്വനാഥൻ | (ചീഫ് എഡിറ്റർ) |
| " | ഇ.ജി. സദാനന്ദൻ | |
| " | എസ്സ്. രമേശ്കുമാർ | |
| " | ജി. വാസുദേവൻനായർ | |
| അഡ്വ. | സിബി. വെട്ടൂർ | |
| ശ്രീ. | ജോർജ് ജോർജ് | |


TYPE SETTING & PRINTING : PENTA ENTERPRISES COCHIN - 16.

# ഭരണസമിതി



ശ്രീ. ബിജു കൂമ്പിക്കൽ
വാർഡ് 1



ശ്രീമതി. അന്നമ്മ മാത്യു
വാർഡ് 5



ശ്രീമതി. ജസ്സി ജോയി
വാർഡ് 2



അഡ്വ: ടി.എസ്. ശശികുമാർ
വാർഡ് 6



ശ്രീമതി. ലീലാമ്മ കുര്യാക്കോസ്
വാർഡ് 3



അഡ്വ: സിബി വെട്ടൂർ
വാർഡ് 7



ശ്രീ. ജോസഫ് നരീക്കുഴി
വാർഡ് 4



ശ്രീ. ഇ.ജി. സദാനന്ദൻ
വാർഡ് 8



ശ്രീ വി.എസ്സ്. വിശ്വനാഥൻ
വാർഡ് 9



ശ്രീ. ജി. വാസുദേവൻനായർ
വാർഡ് 13



ശ്രീമതി. മായാദേവി ഹരിഹരൻ
വാർഡ് 10



ശ്രീ. എസ്സ്. രമേശ്കുമാർ
വാർഡ് 14



ഫാ. മാണി കല്ലാപ്പുറം
വാർഡ് 11



ശ്രീമതി. വൽസമ്മ ദാമോദരൻ
വാർഡ് 12

ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിനെ പ്രതിനിധീകരിക്കുന്ന

# ജനപ്രതിനിധികൾ

| | | |
|---|---|---|
| ലോകസഭ | ശ്രീ. | രമേശ് ചെന്നിത്തല |
| നിയമസഭ | " | തോമസ് ചാഴിക്കാടൻ |
| ജില്ലാ പഞ്ചായത്ത് | " | സി.കെ. ജീവൻ |
| ബ്ലോക്ക് പഞ്ചായത്ത് | " | പി.ഡി. ഉലഹന്നൻ |
| | " | ഉമ്മച്ചൻ പുത്തേട്ട് |
| | കുമാരി | മറിയാമ്മ സ്ക്കറിയ |
| ജില്ലാ റിസോഴ്സ് പേഴ്സൺ & കൺവീനർ | ശ്രീ. | ജി. വാസുദേവൻ നായർ |

## ഏറ്റുമാനൂർ ഗ്രാമ പഞ്ചായത്ത് ഭൂപടം




കോട്ടയം ജില്ലയുടെ മദ്ധ്യഭാഗത്തായിട്ടാണ് ഏറ്റുമാനൂർ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. 27.81 ചതുരശ്ര കിലോമീറ്റർ വ്യാപ്തി വരുന്ന ഈ പഞ്ചായത്തിന്റെ മൊത്തം ജനസംഖ്യ 41216 ആണ്. കിഴക്ക് കിടങ്ങൂർ പഞ്ചായത്തും തെക്കുകിഴക്ക് മീനച്ചിലാറും (കുമാരനല്ലൂർ പഞ്ചായത്തും) പടിഞ്ഞാറ് അതിരമ്പുഴ പഞ്ചായത്തും, വടക്ക് കാണക്കാരി പഞ്ചായത്തും സ്ഥിതി ചെയ്യുന്നു. വടക്കുഭാഗമായ പഞ്ചായത്തിന്റെ 9-ാം വാർഡിന്റെ വടക്കേ അതിർത്തി ഏറ്റുമാനൂർ നിയോജകമണ്ഡലത്തിന്റെ അതിർത്തിയും കോട്ടയം താലൂക്കിന്റെ അതിർത്തിയും ആണ്.

# ഉള്ളടക്കം


I അവതരണം

II ആമുഖം

III സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം

IV ഭൂപ്രകൃതി, വിഭവങ്ങൾ

V വിവിധ വികസന മേഖലകൾ

**പ്രാഥമിക മേഖല**

1. കൃഷിയും, ജലസേചനവും
2. മൃഗസംരക്ഷണം മത്സ്യബന്ധനം

**ദ്വിതീയ മേഖല**

3. വ്യവസായം
4. ഊർജ്ജം, ഗതാഗതം, മാർക്കറ്റ്

**തൃതീയമേഖല**

5. പാർപ്പിടം, സാമൂഹ്യക്ഷേമം
6. കുടിവെള്ളം, ആരോഗ്യം
7. വിദ്യാഭ്യാസം
8. സംസ്കാരം
9. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
10. വനിതാക്ഷേമം
11. സഹകരണം
12. വിഭവസമാഹരണം

# ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പേര് | : | ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | : | ഏറ്റുമാനൂർ, പേരൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | ഏറ്റുമാനൂർ, ഏറ്റുമാനൂർ ടൗൺ, പേരൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | ഏറ്റുമാനൂർ |
| താലൂക്ക് | : | കോട്ടയം |
| ജില്ല | : | കോട്ടയം |
| അസംബ്ലി മണ്ഡലം | : | ഏറ്റുമാനൂർ |
| ലോക്സഭാ മണ്ഡലം | : | കോട്ടയം |
| ജനസംഖ്യ | : | 41,216. (1991ലെ സെൻസസ് പ്രകാരം) |
| പുരുഷൻമാർ | : | 20617 |
| സ്ത്രീകൾ | : | 20599 |
| സാക്ഷരർ | : | 39155 |
| വാർഡുകൾ | : | 14 |
| വിസ്തീർണ്ണം | : | 27.81 ച.കി.മീറ്റർ |
| അതിരുകൾ | : | കിഴക്ക്: കിടങ്ങൂർ പഞ്ചായത്ത്<br>വടക്ക്: കാണിക്കാരി പഞ്ചായത്ത്<br>പടിഞ്ഞാറ്: അതിരംപുഴ പഞ്ചായത്ത്<br>തെക്ക്: കുമാരനല്ലൂർ പഞ്ചായത്ത്<br>& അയർക്കുന്നം പഞ്ചായത്ത് |
| പ്രസിഡൻറ് | : | ബിജു കുമ്പിയ്ക്കൽ (ആക്ടിങ്ങ് ) |
| സെക്രട്ടറി | : | എം.കെ. രുഗ്മിണിദേവി |
| പഞ്ചായത്ത് ജീവനക്കാർ | | |
| ജൂനിയർ സൂപ്രണ്ട് | : | 1 |
| അപ്പർ ഡിവിഷൻ ക്ലാർക്ക് | : | 5 |
| ലോവർ ഡിവിഷൻ ക്ലാർക്ക് | : | 3 |
| ഓവർസീയർ | : | 1 |
| പ്യൂൺ | : | 2 |
| സ്വീപ്പർ | : | 4 |

# അവതരണം

ഇരുപത്തി ഒന്നാം നൂറ്റാണ്ടിലേക്ക് എത്തിനോക്കുന്ന കേരള ജനത 9-ാം പഞ്ചവത്സര പദ്ധതി ജനകീയ ആസൂത്രണത്തിലൂടെ നടപ്പിൽ വരുത്തുവാൻ വെമ്പൽ കൊള്ളുകയാണ്. അതിൻെറ മുന്നോടിയായി നമ്മുടെ ഗ്രാമപഞ്ചായത്തിലെ പതിന്നാലു വാർഡുകളിലും ഗ്രാമസഭകൾ നടന്നുകഴിഞ്ഞു. 9-ാം പദ്ധതിയിലൂടെ നമ്മുടെ നാട്ടിൽ നടപ്പിൽ വരുത്തേണ്ട വികസന പ്രവർത്തനങ്ങളെപറ്റി വിഷയാടിസ്ഥാനത്തിൽ ഗ്രൂപ്പ് തിരിച്ച് ചർച്ച നടത്തി ചർച്ചകളിലൂടെ ഗ്രാമസഭകളിൽ നിന്നും ഉരുത്തിരിഞ്ഞുവന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ച് തയ്യാറാക്കിയ വികസന റിപ്പോർട്ടാണ് ഈ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

ബഹു. പഞ്ചായത്ത് മെമ്പർമാരുടേയും ജില്ലാപഞ്ചായത്ത് പരിശീലകരുടേയും പഞ്ചായത്തിലേയും മറ്റിതര സ്ഥാപനങ്ങളിലേയും ഉദ്യോഗസ്ഥരുടെ നിസ്വാർത്ഥ സേവനം ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഞങ്ങളെ സഹായിച്ചിട്ടുണ്ട്. സാമൂഹ്യസാംസ്കാരിക സ്ഥാപനങ്ങളുടെയും ഗ്രാമവാസികളുടെയും നിർലോഭമായ സഹായ സഹകരണങ്ങൾ ഇത്തരുണത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

വളരെ തിടുക്കത്തിൽ തയ്യാറാക്കിയ ഈ റിപ്പോർട്ടിന് ഒരുപക്ഷേ അപാകതകൾ ഉണ്ടാവാം. അവ സെമിനാറിലെ ചർച്ചക്ക് വിഷയീഭവിക്കുമ്പോൾ ദൂരീകരിച്ച് പരിഹരിക്കാമെന്നും അങ്ങനെ നമ്മുടെ പഞ്ചായത്തിലെ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് ഇത് ഒരു നാഴികക്കല്ലായി മാറുമെന്നും ഞങ്ങൾ പ്രത്യാശിക്കുന്നു.

**ബിജു കൂമ്പിക്കൽ**
പഞ്ചായത്ത് വൈസ് പ്രസിഡൻറ്
ജനകീയാസൂത്രണ സമിതി
ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്

**ജി. വാസുദേവൻ നായർ**
കൺവീനർ
ജനകീയാസൂത്രണ സമിതി
ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്

# ആമുഖം

ആയിരത്തി തൊള്ളായിരത്തി അമ്പത്താറിലെ 'കേരളപിറവി'യോടെ തിരുവിതാംകൂർ കൊച്ചി മലബാർ എന്നീ നാട്ടുരാജ്യങ്ങൾ അപ്രത്യക്ഷമാവുകയും ഇവിടങ്ങളിലെ പഞ്ചായത്തുകൾക്കെല്ലാം കൂടുതൽ അധികാരങ്ങൾ കിട്ടുകയും ചെയ്തു. 1960-ലെ കേരള പഞ്ചായത്തുനിയമം പ്രാവർത്തികമാകുന്നതുവരെ ഡിസ്ട്രിക്ബോർഡിന്റെ പ്രവർത്തനം തുടർന്നു വന്നു. 1960-ലെ കേരള പഞ്ചായത്ത് ആക്ടിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങളും അവകാശങ്ങളും എടുത്തുപറയാവുന്നുണ്ട്. ഓരോ പഞ്ചായത്തിലേയും ലഭ്യമായ വിഭവങ്ങളെ ഉപയോഗപ്പെടുത്തി പ്രവർത്തിക്കുവാനുള്ള അധികാരവും സ്വാതന്ത്ര്യവും പഞ്ചായത്തിനു നൽകിയിരുന്നു.

രാഷ്ട്രപിതാവായ മഹാത്മാഗാന്ധി വിഭാവനം ചെയ്തതും പ്രിയങ്കരനായ നമ്മുടെ മുൻപ്രധാനമന്ത്രി ശ്രീ രാജീവ്ഗാന്ധി നടപ്പാക്കാനാഗ്രഹിച്ചതുമായ 'പഞ്ചായത്തീരാജ്' നിയമം 73-74 എന്നീ ഭരണഘടനാ ഭേദഗതി പ്രകാരം 1994-ൽ കേരള നിയമസഭ അനുബന്ധമായ നിയമനിർമ്മാണം നടത്തി പ്രാബല്യത്തിൽ വരുത്തി. ഇപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ത്രിതല പഞ്ചായത്ത് സമിതികളാണിപ്പോൾ കേരളത്തിൽ അങ്ങോളമിങ്ങോളം നിലവിലിരിക്കുന്നത്.

ഈ സാഹചര്യത്തിലാണ് 9-ാം പഞ്ചവത്സര പദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാനും പഞ്ചായത്തുകൾക്ക് മുഖ്യസ്ഥാനം തന്നെ നല്കുവാൻ കേരള സർക്കാർ തീരുമാനിച്ചതും OF THE PEOPLE! BY THE PEOPLE! FOR THE PEOPLE! എന്നത് അന്വർത്ഥമാക്കുമാറ് അധികാരം ജനങ്ങളിലേയ്ക്ക് പകർന്നു കൊടുക്കുന്ന പ്രക്രിയ സാർത്ഥമാക്കുന്നതാണ് ജനകീയാസൂത്രണപ്രസ്ഥാനം എന്നതിന് തർക്കമില്ല. പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കുന്ന പദ്ധതികളുടെ വിജയം അതിലുണ്ടാകുന്ന പൊതുജനപങ്കാളിത്തത്തെ ആശ്രയിച്ചാണിരിക്കുക എന്നത് പ്രാധാന്യമർഹിക്കുന്ന വസ്തുതയാണ്. പൊതുജനപങ്കാളിത്തം എന്നതുകൊണ്ട് വിവക്ഷിക്കുന്നത് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ പങ്കാളിത്തമല്ല മറിച്ചു പദ്ധതികൊണ്ടു ഗുണം ലഭിക്കുന്ന അവിടുത്തെ ജനങ്ങളുടെ പങ്കാളിത്തമാണ്.

വിവിധ വാർഡുകളിൽ നടന്ന ഗ്രാമസഭകൾക്കു ശേഷം 7-11-96-ൽ 2-ാം ഘട്ടം പഞ്ചായത്തുതല പരിശീലനം നടന്നു. ഇതിൽ ഈ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ നിന്നായി 190 പേർ പങ്കെടുത്തു.

ഏറ്റുമാനൂർ പഞ്ചായത്തിൽ ജനകീയ ആസൂത്രണപ്രവർത്തനങ്ങൾ സാമാന്യം തൃപ്തികരമായി നടന്നു വരുന്നു. പൊതുസ്ഥാപനങ്ങളിൽനിന്നും ഈ പഞ്ചായത്തിലെ മറ്റ് വിവിധ മേഖലകളിൽനിന്നും പരിപൂർണ്ണസഹകരണം ലഭിച്ചിട്ടുണ്ട്. ഈ വികസന റിപ്പോർട്ട് സാമാന്യം തൃപ്തികരമായിതന്നെ തയ്യാറാക്കുവാൻ സാധിച്ചു എന്നുള്ള ആത്മവിശ്വാസം ഞങ്ങൾക്കുണ്ട്. ലഭ്യമായ സമയപരിധിക്കുള്ളിൽ അടിയന്തിര പ്രാധാന്യമുള്ള എല്ലാവിഷയങ്ങളെക്കുറിച്ചും ആവുന്നത്ര വിവരങ്ങൾ ശേഖരിച്ച് ഈ റിപ്പോർട്ടിൽ ഉൾകൊള്ളിച്ചിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിലെ ജനകീയ ആസൂത്രണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഞങ്ങളെ സഹായിച്ചവരും സമയാസമയങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയ വിവിധ തലങ്ങളിലുള്ള റിസോഴ്സ് പേഴ്സൺസ്, വിവിധ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർ, സന്നദ്ധപ്രവർത്തകർ, മറ്റ് മാന്യവ്യക്തികൾ, പഞ്ചായത്ത് സ്റ്റാഫ് അംഗങ്ങൾ തുടങ്ങിയ എല്ലാവരോടുമുള്ള നിസ്സീമമായ നന്ദി അറിയിക്കുന്നു.

നാടിന്റെ സമഗ്രവികസനത്തിനുതകുന്ന സുപ്രധാന പദ്ധതികൾക്ക് രൂപരേഖ തയ്യാറാക്കുന്നതിന് മുന്നോടിയായി ഈ റിപ്പോർട്ട് നിങ്ങളുടെ മുമ്പാകെ സവിനയം സമർപ്പിക്കുന്നു.

സ്നേഹാദരങ്ങളോടെ

**ജി. വാസുദേവൻനായർ**

കൺവീനർ , ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്

# വിശേഷാൽ ഗ്രാമസഭകളിലെ ജനപങ്കാളിത്തം

| വാർഡ് നമ്പർ | സ്ത്രീകൾ | പുരുഷന്മാർ | ആകെ |
|---|---|---|---|
| I | 4 | 81 | 85 |
| II | 19 | 88 | 107 |
| III | 87 | 147 | 234 |
| IV | 13 | 91 | 147 |
| V | 33 | 74 | 107 |
| VI | 4 | 72 | 76 |
| VII | 62 | 91 | 153 |
| VIII | 30 | 59 | 89 |
| IX | 8 | 83 | 91 |
| X | 30 | 62 | 92 |
| XI | 42 | 130 | 172 |
| XII | 18 | 86 | 104 |
| XIII | 25 | 151 | 176 |
| XIV | 25 | 60 | 85 |
| ആകെ | 400 | 1275 | 1675 |



# സാമൂഹിക സാംസ്കാരിക ചരിത്രം

വാചാമ ഗോചരമായൊരു ചരിത്ര പശ്ചാത്തലമാണ് ഏറ്റുമാനൂരിനുള്ളത്. അതുകൊണ്ടു തന്നെ അങ്ങനെ ഒരു ചരിത്രപശ്ചാത്തല വിവരണം നൽകുക എന്നുള്ളത് തന്നെ അസാദ്ധ്യമത്രേ.

മതമൈത്രിയുടേയും ജനാധിപത്യത്തിൻെറയും ഒരു ഈറ്റില്ലമാണ് ഏറ്റുമാനൂർ എന്നു പറയുന്നത് അർത്ഥശങ്കക്കിട ഉണ്ടാവുമെന്ന് കരുതുന്നില്ല. തലമുറകൾക്കപ്പുറത്തേക്ക് ഒന്ന് എത്തിനോക്കിയാൽ നാനാജാതി മതസ്ഥരായ ആളുകൾ ഇവിടെ പാർത്തിരുന്നു എന്ന് നമുക്ക് മനസ്സിലാക്കുവാൻ കഴിയും. ധാരാളം ക്ഷേത്രങ്ങളും ക്രൈസ്തവദേവാലയങ്ങളും മുസ്ലീംപള്ളികളും ഈ പ്രദേശത്തുണ്ട്. ഏതാണ്ട് പതിനെട്ടോളം പള്ളികളും പത്തോളം ക്ഷേത്രങ്ങളും രണ്ട് മുസ്ലീം പള്ളികളും ഈ പഞ്ചായത്തിൽ ഉണ്ട്. ഒരു ഹൈന്ദവസംസ്കാരമായിരുന്നു ഏറ്റുമാനൂരിൽ അന്ന് നിലനിന്നിരുന്നത്.

## സ്ഥലപുരാണം.

ഒരിക്കൽ ശ്രി പരമേശ്വരൻ ദിവ്യമായ ഒരു ഹരിണത്തെ (മാൻ) സൃഷ്ടിച്ച് മുപ്പത്താറു നാഴിക ചുറ്റളവുള്ള ഒരു ദ്വീപ് അതിന്നായി ഉണ്ടാക്കിവച്ചു. ആ ഹരിണം ക്രീഡിച്ചു നടന്ന ഒരു ദ്വീപിന് ഹരിണദ്വീപ് എന്നു പേരുണ്ടായി. അതിൻെറ വിഹാരരംഗം ഇന്നത്തെ വേദഗിരി എന്ന പുണ്യസ്ഥലമായിരുന്നു. പരശുരാമൻ സമുദ്രത്തിൽനിന്നും കേരളം സൃഷ്ടിച്ചപ്പോൾ ഹരിണദ്വീപ് കേരളത്തിൻെറ ഒരു ഭാഗമായി, ദ്വീപില്ലാതായി. ഇങ്ങനെ ഹരിണപുരം എന്ന പേരുണ്ടായി. ഏറ്റുമാനൂർ എന്ന പേര് സംസ്കൃതികരിച്ചതാണ് പുരഹരിണപുരം എന്ന കൂടുതൽ യുക്തിസഹമായ ഒരു വാദവുമുണ്ട്.

ഐതിഹ്യപ്രകാരം വരപ്രകാശമഹർഷിയാണ് ഏറ്റുമാനൂർ പ്രതിഷ്ഠനടത്തിയത്. വൈക്കത്തും കടത്തുരുത്തിയിലും ശിവലിംഗം സ്ഥാപിച്ച വരനും വരപ്രകാശനും ഒരാളെന്നും ചിലർ പറയുന്നു. ഈ മൂന്നു ക്ഷേത്രങ്ങളിലും ഒരേ ദിവസം ദർശനം നടത്തുന്നത് അതീവശ്രേയസ്കരമത്രെ. വരപ്രകാശമഹർഷിക്ക് പിംഗലൻ എന്നൊരു ശിഷ്യനുണ്ടായിരുന്നു. ഗുരുകുലവാസാവസാനത്തിൽ ഗുരുദക്ഷിണ നൽകേണ്ടതാണ്. പിംഗലൻ അന്നൊരു നിർദ്ധനനായിരുന്നതിനാൽ ദക്ഷിണയൊന്നും വേണ്ടെന്ന് ഗുരു അയാളോടു പറഞ്ഞു. എന്നാൽ ശിഷ്യൻ കൂടുതൽ നിർബന്ധിച്ചു. ഇത് കണ്ട് വരപ്രകാശന് അരിശമുണ്ടായി. അത്രയ്ക്കു നിർബന്ധമാണെങ്കിൽ പതിനെണ്ണായിരം കോടി സ്വർണ്ണനാണയം ദക്ഷിണയായി തരാൻ ഗുരു ആവശ്യപ്പെട്ടു. ഇതുകേട്ട പിംഗലൻ ഇതികർത്തവ്യതാമൂഢനായി വായും പൊളിഞ്ഞു നിന്നു പോയി. ശിഷ്യൻെറ ധർമ്മ സങ്കടം കണ്ട് ഗുരുവിൻെറ ചിത്തമലിഞ്ഞു. ആകട്ടെ ഞാനൊരു വഴിയുണ്ടാക്കാം എന്നു പറഞ്ഞ് ഗുരുശിഷ്യനുമൊന്നിച്ച് ഹരിണദ്വീപിൽ ചെന്ന് ഹരിഹരൻമാരെ പഞ്ചാഗ്നി മദ്ധ്യത്തിൽ നിന്ന് തപസ്സു ചെയ്തു. ആദ്യം മഹാവിഷ്ണു പ്രത്യക്ഷനായി. പിംഗലൻ അപേക്ഷിച്ച വരമനുസരിച്ച് ഭഗവാൻ പതിനെണ്ണായിരം കോടി പവൻ നൽകി. ഗുരുദക്ഷിണയായി ലഭിച്ച ഒരു സ്വർണ്ണം കൊണ്ട് അപ്പോൾ പ്രത്യക്ഷമായ ശ്രിപരമേശ്വരനെ വരൻ അഭിഷേകം ചെയ്തു. സംപ്രീതനായ ശിവനും അത്രയും തന്നെ സ്വർണ്ണം വരനു നൽകി.

മഹർഷി അതുകൊണ്ട് ലക്ഷ്മീവല്ലഭനേയും സഭക്തികം അഭിഷേചിച്ചു. അതിനു ശേഷം പിംഗലൻ ഗുരുവിൻെറ അനുഗ്രഹവും വാങ്ങി സ്ഥലം വിട്ടു. വരനാകട്ടെ ഹരിഹരൻമാരെ ഭജിച്ചുകൊണ്ട് അവിടെത്തന്നെ ഏറെക്കാലം കഴിച്ചു. മഹേശൻ വരപ്രകാശനു നൽകിയ അതുല്യമഹസ്സാർന്ന ശിവലിംഗമത്രേ ഇന്നും ഏറ്റുമാനൂർ വിരാജിക്കുന്നത്. ശിവൻെറ ക്ഷേത്രത്തിൻെറ മതിൽക്കെട്ടിൻെറ വടക്കു പടിഞ്ഞാറായി വരൻ കിഴക്കോട്ടു ദർശനമായി വിഷ്ണു പ്രതിഷ്ഠയും നടത്തി. ഇങ്ങനെ ചെയ്തത് ശിവൻെറ ഉഗ്രതകുറക്കാനാണെന്നും ചില ഭക്തൻമാർ വ്യഖ്യാനിക്കുന്നുണ്ട്. പിൽക്കാലത്ത് അഗസ്ത്യമഹർഷിയുടെ ഉപദേശ പ്രകാരം ചണ്ഡഭാസ്കരൻ പാണ്ഡ്യരാജാവ് ബ്രഹ്മഹത്യാപാപം തീരുന്നതിന് ഇവിടെ വന്നു ശിവനെ ഭജിക്കുകയും ക്ഷേത്രവും പ്രകാരങ്ങളും മറ്റും പണികഴിപ്പിക്കുകയും ഉണ്ടായി എന്നും സ്ഥലപുരാണം പറയുന്നു.

വളരെക്കാലം സ്വാമിദർശനാർത്ഥം, ഈ ക്ഷേത്രത്തിൽ വ്യാസശിഷ്യനായ ലോമഹർഷൻ എന്ന ബ്രഹ്മജ്ഞാനി വരികയുണ്ടായി. തീർത്ഥകുളത്തിൽ കുളിക്കാൻ പോകവേ കാലുതെറ്റി മഹർഷി വെള്ളത്തിൽ വീണു. ചില അൽപബുദ്ധികൾ ഇതു കണ്ടു കൈകൊട്ടി ചിരിക്കുകയും മഹർഷിയെ അപഹസിക്കുകയും ചെയ്തു. കുപിതനായ മുനി കൈയിൽ വെള്ളം കോരി ജപിച്ചു എറിഞ്ഞു കൊണ്ട് ഹരിണപുരം ആയിരം കൊല്ലം വനമായി ഭവിക്കട്ടെ എന്നു ശപിച്ചു. ചുരുക്കത്തിൽ അവിടെ മനുഷ്യാധിവാസം ില്ലാതെയായി സകലതും നശിച്ചു. വന്യജന്തുക്കളുടെ സ്വൈരവിഹാരകേദാരമായിത്തീർന്ന ധന്യമായ ഒരു പ്രദേശം. അങ്ങനെ ആയിരം നീണ്ട വൽസരങ്ങൾ ശ്മശാനമൂകമായി. മനുഷ്യസ്പർശമേൽക്കാതെ വൻകാടായി കിടന്നു. ശാപത്തിൻെറ കാലാവധി കഴിഞ്ഞപ്പോൾ വില്വമംഗലത്തു സ്വാമിയാർ ഇതിനടുത്ത ഒരു സ്ഥലത്തു വന്നു. ദിവ്യദൃഷ്ടിയാൽ കാടായി കിടന്ന ഹരിണപുരം മുഴുവൻ ശിവൻെറ ജടാഭാരം അഴിഞ്ഞു കിടക്കുന്നത് സ്വാമിയാർ കണ്ടു. ശിവദർശനോൽസുകനായ അദ്ദേഹം മുട്ടുകുത്തി നടന്നു ശിവലിംഗത്തിനു സമീപം ചെന്നു. പരമശിവൻെറ ജടചവിടരുതല്ലോ. പരിക്ഷീണനായ സ്വാമിയാർ ശിവലിംഗത്തിനു മുന്നിലായപ്പോൾ എണീറ്റ് ഇങ്ങനെ പറഞ്ഞു. "ആവൂ, ഒരുവിധം ഞാൻ ഏറ്റു(എണീറ്റു) മാന്നൂർദേവാ, അനുഗ്രഹിക്കണേ." ഇങ്ങനെയാണ് "ഏറ്റുമാനൂർ" എന്ന പേര് ഈ സ്ഥലത്തിനു ലഭിച്ചതെന്ന് ഒരു ഐതിഹ്യം ഉണ്ട്. ദണ്ഡനമസ്കാരം ചെയ്ത് പ്രദക്ഷിണവും വച്ചശേഷം ശിവലിംഗത്തിനു പൂജകളും നവീകരണാദിക്രിയകളും സ്വാമിയാർ നടത്തി. താഴമൺ നമ്പൂതിരിയെ വരുത്തി സ്വാമിയാർ അദ്ദേഹത്തിനു തന്ത്രത്തിൻെറ മുദ്രയായ "കൈവട്ടക" കൊടുക്കുകയും പൂജസംബന്ധിച്ചു ചില ദിവ്യമന്ത്രങ്ങൾ ഉപദേശിക്കുകയും ചെയ്തു. അടുത്തുള്ള വിഷ്ണു വിഗ്രഹം മണ്ണിൽപെട്ടു നശിക്കയാൽ സ്വാമിയാർ ഒരു പുതിയ വിഗ്രഹം അവിടെ പ്രതിഷ്ഠിച്ചു. ഇതത്രേ ഏറ്റുമാനൂർ ക്ഷേത്രത്തിനു വടക്കുപടിഞ്ഞാറുള്ള "കീഴ്കോവിൽ"(കൃഷ്ണൻ കോവിൽ).

## ഏറ്റുമാനൂർ മഹാദേവക്ഷേത്രം

ദക്ഷിണേന്ത്യയിലെ അതിപുരാതനമായ ക്ഷേത്രങ്ങളിൽ പ്രസിദ്ധമാണ് ഏറ്റുമാനൂർ മഹാദേവക്ഷേത്രം. ക്ഷേത്രനിർമ്മിതി എന്നു നടന്നു എന്ന് കൃത്യമായി പറയുവാൻ കഴിയുന്നില്ല. ക്ഷേത്രശ്രീകോവിലിൽ ചുവരിൽ കോലെഴുത്ത് (ഒരുതരം ലിപി) ഭാഷയിൽ ക്ഷേത്രം നിർമ്മിച്ച വർഷം കല്ലിൽ കൊത്തി രേഖപ്പെടുത്തിയിട്ടുണ്ട്. കൊല്ലവർഷം എഴുന്നൂറ്റിപതിനേഴിൽ അണ് ഇപ്പോഴത്തെ ക്ഷേത്രം പുതുക്കി പണിതത്. ക്ഷേത്രത്തിൻെറ പ്രധാന കവാടമായ പടിഞ്ഞാറെ ഗോപുരനടയിൽ ചുവരിൽ ഇരുപുറവുമായി കാണാൻ കഴിയുന്ന ചുവർ ചിത്രങ്ങൾക്ക് ക്ഷേത്രത്തോളം തന്നെ പഴക്കമുണ്ട്. (ഇത് പുരാവസ്തു ഗവേഷണ വകുപ്പിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.) പച്ചിലകളും പഴച്ചാറുകളും ചെർത്തുണ്ടാക്കിയ പെയിൻറിൽ മെനഞ്ഞെടുത്തതാണീ ചിത്രങ്ങളത്രയും. അലങ്കാരഗോപുരത്തിൻെറ മട്ടുപ്പാവിലും ശിലാവേലകൾ ചെയ്തിട്ടുണ്ട്. സ്വർണ്ണ കൊടിമരവും കടന്ന് ക്ഷേത്രനാലമ്പലത്തിനുള്ളിലെ ബലിക്കൽ പുരയിൽ "കെടാവിളക്കായി" നിലകൊള്ളുന്ന വലിയവിളക്ക് പ്രസിദ്ധമാണ്. കൊല്ലവർഷം എഴുന്നൂറ്റി ഇരുപതിൽ ആണ് ഈ വിളക്ക് ഇവിടെ സ്ഥാപിച്ചത്. തീരാവ്യാധികൾ മാറുന്നതിനും ഉദ്ദിഷ്ടകാര്യസിദ്ധിക്കും വലിയ വിളക്ക് (രണ്ടേകാൽഇടങ്ങഴി എണ്ണയൊഴിച്ച് ഈ

വച്ചതുമാണ് ഏഴരപൊന്നാന. ഏഴ് ആനകൾക്കും ഓരോ തുലാം സ്വർണ്ണം വീതവും അര ആനയ്ക്ക് അരത്തുലാം സ്വർണ്ണവുമാകുന്നു. തൊഴുതുകഴിഞ്ഞാൽ കാണിക്ക ഇടണം. കാണിക്ക ഇടാൻ മടിച്ച ഒരു ഭക്തന്റെ പണം നിക്ഷേപിചിരുന്ന മടിശ്ശീലയേ കാണാതെ പോയ ഒരു ഐതിഹ്യം നിലവിൽ ഉണ്ട്.

ക്ഷേത്രത്തിനു പടിഞ്ഞാറെ നടയിലായിരുന്നു പഴയ ഏറ്റുമാനൂർ അങ്ങാടി, 1964ൽ ആണ് ഈ പ്രദേശം എം.സി.റോഡുമുതൽ ക്ഷേത്രനടവരെയുള്ള ദേവസ്വം ബോർഡ് ഏറ്റെടുത്ത് മൈതാനമാക്കിയത്. അന്ന് ഏറ്റുമാനൂർ ആങ്ങാടിയിൽ കിട്ടാത്തതായി ഒന്നുമില്ലായിരുന്നു എന്നു പറയാം. നാനാജാതി മതസ്ഥരായ ധാരാളം ആളുകൾ ചെറുകച്ചവടക്കാരും, ബിസ്സിനസ്സുകാരും ഇവിടെ താമസ്സിച്ചിരുന്നു.

ക്ഷേത്രത്തിലെ കൽപ്പണികൾക്കായി അന്നത്തെ മഹാരാജാവ് ധാരാളം കൽപ്പണിക്കാരെ നാഗർകോവിൽ നിന്നും ഇവിടെ കൊണ്ടുവന്നിരുന്നു. അവർക്ക് താമസ്സിക്കുന്നതിനും മറ്റുമായി കരമൊഴിവായി സ്ഥലവും മറ്റുസൗകര്യങ്ങളും ചെയ്തു കൊടുത്തിരുന്നു എന്നും കേൾക്കുന്നു.ഈ വിഭാഗത്തിൽപെടുന്ന ധാരാളം കുടുംബങ്ങൾ ഇന്നും ക്ഷേത്രത്തിനു പടിഞ്ഞാറെ നടയിലുള്ള കണ്ണാറമുകൾ എന്ന സ്ഥലത്ത് താമസിക്കുന്നുണ്ട്.

അങ്ങാടിയിൽ തെക്കുപുറത്തായി ഒരു നാടകശാലയും കളിത്തട്ടും ഉണ്ടായിരുന്നു. രാഷ്ട്രപിതാവായ മഹാത്മാഗാന്ധി വൈക്കം സത്യഗ്രഹത്തോടനുബന്ധിച്ച് ഈ കളിത്തട്ടിൽ വന്ന് പ്രഭാഷണം നടത്തിയിട്ടുള്ളതായി പറയുന്നുണ്ട്. ഇവിടെ ധാരാളം കരിങ്കൽ തൊട്ടികൾ റോഡരുകിൽ അവിടവിടെയായി പണിതു വച്ചിട്ടുണ്ടായിരുന്നു. ഒപ്പം പൊതുകിണറുകളും പൊതുആവശ്യത്തിനായി ഇവയെല്ലാം ഉപയോഗിച്ചിരുന്നു. കൽത്തൊട്ടികൾ ശിവന്റെ വാഹനമായ "ഋഷഭ" (കാളകൾ)ങ്ങൾക്ക് വെള്ളം നൽകുവാൻ വേണ്ടി ഉപയോഗിച്ചിരുന്നു.

പ്രസിദ്ധമായ കാവിൽപാടം ഇപ്പോഴും വിശാലമായി സ്ഥിതിചെയ്യുന്നു.

വർണ്ണ, വർഗ്ഗ വ്യത്യസങ്ങൾക്കതീതമായ ഏറ്റുമാനൂരിൽ ധാരാളം ആരാധനാലയങ്ങൾ വേറെയുമുണ്ട്.

ഏറ്റുമാനൂർ മഹാദേവക്ഷേത്രത്തിൽ പടിഞ്ഞാറെ നടയിൽ എം.സി.റോഡിനു പടിഞ്ഞാറുഭാഗത്തുള്ള "മാരിഅമ്മൻ" കോവിൽ പ്രസിദ്ധമാണ്. ധനുമാസത്തിലാണ് ഇവിടെ ഉത്സവം. മഞ്ഞൾക്കുളി, ആഴിപൂജ, തുടങ്ങിയ ശ്രേഷ്ഠമായ വഴിപാടുകൾ ഇവിടെ നടക്കുന്നുണ്ട്.

പേരൂർകാവ് ഭഗവതിക്ഷേത്രവുമായി ഏറ്റുമാനൂർക്ഷേത്രത്തിന് ബന്ധമുണ്ടെന്ന് പഴമക്കാർ പറയുന്നു. ഇവിടത്തെ പ്രതിഷ്ഠയായ ഭഗവതി തിരുവേറ്റുമാനൂരപ്പന്റെ മകളാണ് എന്നൊരു വയ്പുണ്ട്. ആറാട്ടു ദിവസം പേരൂർ ഭഗവതി ക്ഷേത്രനടയിലൂടെ ആഘോഷപൂർവ്വം കടന്നു പോകുന്ന എഴുന്നുള്ളത്ത് കുളിച്ചു മടങ്ങുമ്പോൾ ക്ഷേത്രത്തിനു പിറകിലൂടെ നിശ്ശബ്ദമായാണ് കടന്നു പോകുന്നത് . ആറാട്ടിന് പോകുന്ന അച്ഛനോട് താൻ കൂടി കൂടെ പോരട്ടെ എന്ന് മകൾ ചോദിക്കുമെന്നും തിരികെ പോകുമ്പോൾ കൊണ്ടുപോകാം എന്നു പറഞ്ഞ് ആറാട്ടിനെത്തുന്ന അച്ഛൻ മകളെ കാണാതെ തിരികെ ഏറ്റുമാനൂരിലേക്ക് പോരുന്നു എന്നു മാണ് ഐതിഹ്യം.

പേരൂരിൽ തന്നെയുള്ള ചാലക്കൽ ശ്രീകൃഷണ സ്വാമി ക്ഷേത്രം പേരൂർ ശ്രീ. സുബ്രഹ്മണ്യസ്വാമി ക്ഷേത്രം അയിരം ഭഗവതി ക്ഷേത്രം - (ഇത് പണ്ട് വായിക്കാട്ട് പണിക്കരുടെ വകയായിരുന്നു എന്നാണ് കേട്ടുകേൾവി.) എന്നിവയും പ്രസിദ്ധങ്ങളാണ് . തെള്ളകം തൃക്കേൽ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിനെ പറ്റിയുള്ള ഐതിഹ്യം ഇങ്ങനെയാണ്.

പണ്ട് ചേരമാൻ പെരുമാൾ മഹാരാജാവ് വേട്ടയാടി പോയവഴി ഈ പ്രദേശത്ത് വച്ച് ഒരു പശുവിനെ അമ്പെയിത് കൊല്ലുവാനിടയായി. ആയതിന്റെ പരിഹാരമായി പണിത്തീർത്ത താണീ ക്ഷേത്രമെന്ന് പറയുന്നു. അക്കാലത്ത് വലിയ കൊടിമരവും ചുറ്റുമതിലുകളും മറ്റും ഉണ്ടായിരുന്നതായും പിന്നീട് ഉണ്ടായ യുദ്ധങ്ങളിൽ ഇവയൊക്കെ തകർക്കപ്പെട്ടുപോയതായും പറയുന്നു. ഇപ്പോൾ അമ്പലത്തിന്റെ പുനരുദ്ധാരണ പണികൾ നടന്നുവരുന്നു.

പുന്നത്തുറയിലുള്ള അന്നപൂർണ്ണേശ്വരി ക്ഷേത്രത്തിന് ഏതാണ്ട് 400 ൽ ഏറെ വർഷത്തെ പഴക്കമുള്ളതായി പറയുന്നു.

വിളക്കു കത്തിക്കുക.) നേരുന്ന ഭക്തൻമാർ ധാരാളമുണ്ട്. ഭൂതപ്രേതബാധകളകലാൻ ക്ഷേത്രനടയിൽ തുള്ളിഉലഞ്ഞ് വലിയവിളക്കിൽ പിടിച്ചം സത്യം ചെയ്തു മാറുന്ന സംഭവങ്ങളും കാണാം. ശ്രികോവിലിനു ചുറ്റും മണ്ഡപ മേൽത്തട്ടുകളിലും തടിയിലും കല്ലിലുമായി മെനഞ്ഞെടുത്ത ധാരാളം ശില്പങ്ങൾ കാണാം. രാമായണകഥമുഴുവനും ചാരുവർണ്ണ ശില്പങ്ങളിൽ മെനഞ്ഞെടുത്തു ഉടുപ്പിച്ചിരിക്കുകയാണീ ചുറ്റമ്പലഭിത്തിയിൽ. ദേവ,ദേവീ,കാളീ, വ്യാളീ വിഗ്രഹങ്ങൾ ശ്രീകോവിലിനുള്ളിൽ നിന്നും പുറത്തേക്ക് ഉള്ള തീർത്ഥച്ചാൽ ശിവഭൂതമാണ് ശിരസ്സാവഹിക്കുന്നത്.

അമൂല്യങ്ങളായ നെൻമാണിക്യം മരതകം, വൈഡൂര്യം, തുടങ്ങിയ രത്നങ്ങളും പൊൻപഴുക്കാകുല, പൊന്നിൻകുട, കരിങ്കൽ നാഗസ്വരം, വലംപിരിശംഖ്, ഏഴരപ്പൊന്നാന തുടങ്ങിയവ ഇന്നും ഈ ക്ഷേത്രത്തിലെ മാത്രം അമൂല്യ ശേഖരങ്ങളിൽപെടുന്നു. 929ൽ വീരമാർത്താണ്ഡവർമ്മ നടുക്കു വച്ചതാണ് ഏഴരപ്പൊന്നാനയെന്ന് ഐതീഹ്യം. നെൻമാണിക്യം നീണ്ടൂർ കോയിക്കലേത്ത് കേശവപിള്ള എന്ന കാരണവർ (ഈ വീട് ഇന്നും ഉണ്ട്) അവരുടെ സ്ഥലത്തിൽ നിന്നും കിട്ടിയ അമൂല്യവും ദിവ്യവുമായ ഈ രത്നം അവരുടെ അറയിൽ സൂക്ഷിച്ചു. (ഈ സ്ഥലങ്ങൾ അന്ന് ഏറ്റുമാനൂർ ക്ഷേത്രം വകയായിരുന്നു.) തുടർന്ന് കുടുംബത്തിൽ ഉണ്ടായ അനർത്ഥങ്ങൾ നിമിത്തം ഗൃഹനായിക ഏറ്റുമാനൂർ ക്ഷേത്രനടയിൽ കൊണ്ടുവന്നു വച്ച് തുള്ളിഒഴിഞ്ഞു എന്നും പഴമക്കാർ പറയുന്നു.

പ്രസിദ്ധമായ വില്ലുകുളം വലിയകുളം ഇന്നും ഈ നാട്ടുകാർക്ക് പ്രത്യേകിച്ച് വേനൽകാലത്ത് ഒരു അത്താണിയാണ്.

മഹാകവി ഉള്ളൂരിന് ആദ്യം ജനിച്ച രണ്ടു ആൺസന്താനങ്ങൾ ഒരു വയസ്സെത്തും മുൻപ് മരിച്ചുപോയി. അതിൽ സപ്തഹൃദയനായ മഹാകവി പിന്നീടുണ്ടാകുന്ന കുട്ടി ആണാണെങ്കിൽ ഏറ്റുമാനൂർ ക്ഷേത്രത്തിൽ അടിമ കിടത്താമെന്നും മഹാദേവനെന്നു പേരിടാമെന്നും നേരുകയുണ്ടായി. അങ്ങനെ ഏറ്റുമാനൂർ തേവരുടെ അനുഗ്രഹഫലമായി ജാതനായ ആളാണത്രെ ഒരു സാഹിത്യകാരൻ കൂടിയായ ശ്രി.ഉള്ളൂർ മഹാദേവൻ.

ക്ഷേത്രത്തിൻെറ പടിഞ്ഞാറെ നടയിലെ ഗോപുരവും അതിൻെറ അകത്തുള്ള ഭിത്തിയിലെ കലാവിരുതു കടപിടിച്ചു നിൽക്കുന്ന ആലേഖ്യങ്ങൾ ഇവ വളരെ പ്രശംസനീയമാണ്. വടക്കെ ഭിത്തിയിൽ വരച്ചിട്ടുളള പ്രദോഷ താണ്ഡവവും അഘോരമൂർത്തിയുടെ ചിത്രവും കേരളത്തിനകത്തും പുറത്തുമുള്ള കലാവിരുതൻമാരുടെ പോലും മുക്തകണ്ഠമായ പ്രശംസ ആർജ്ജിച്ചിട്ടുള്ളവയായിരുന്നു.

ഏറ്റുമാനൂരെ പൊൻകൊടിമരത്തിനു നല്ല തിളക്കവും പൊക്കവുമുണ്ട്. ഈ ധ്വജത്തിന് കേടുപറ്റുകയാൽ 1979 ഫെബ്രുവരിയിൽ പുനഃപ്രതിഷ്ഠ നടത്തി.

അമ്പലത്തിൻെറ ശ്രികോവിലും മണ്ഡപവും ചുറ്റമ്പലവും വാതിൽമാടവുമെല്ലാം ചെമ്പു മേഞ്ഞവയാകുന്നു. 14 സ്വർണ്ണ താഴികക്കുടങ്ങൾ അമ്പലത്തെ കിരീടമണിയിക്കുന്നു. ശ്രികോവിലിൻെറ മുകളിലുള്ള സ്വർണ്ണ താഴികക്കുടം വലുതും വിസ്താരവുമായതും മണ്ഡപത്തിൻെറ വടക്കു പടിഞ്ഞാറും വടക്കുകിഴക്കുമുള്ള കരിങ്കൽതൂണുകളിൽ യഥാക്രമം ദുർഗ്ഗയുടേയും പുണ്യയക്ഷിയുടേയും പ്രതിഷ്ഠകൾ ഉണ്ട്. ഈ തൂണുകൾ രണ്ടിൻേറയും മുൻപിൽ രണ്ടു വൃഷഭവാഹനങ്ങൾ കിടക്കുന്നു. അതിൽ ചെന്നെല്ലു വിത്തു നിറച്ചിരിക്കുന്നു. ഇതിൽ നിന്നും ഒരു നെല്ലെടുത്തു തിന്നാൻ ഭക്തിയുള്ളവർക്കു വയറ്റുവേദന ശമിക്കും.

ശ്രികോവിലിൻെറ വടക്കുവശത്ത് നാലമ്പലത്തിൽ തന്നെ പ്രത്യേകം കോവിലിൽ ശാസ്താവ് പ്രതിഷ്ഠയും തെക്കേനടയിൽ ദക്ഷിണമൂർത്തിയുടേയും മഹാഗണപതിയുടേയും പ്രതിഷ്ഠകളും കാണാം. ശ്രികോവിലിൽ പടിഞ്ഞാട്ടഭിമുഖമായി ഏറ്റുമാനൂർ തേവരുടെ രണ്ടരയടിയോളം ഉയരം വരുന്ന ശിവലിംഗം പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. കിഴക്കുവശത്ത് പാർവ്വതീസാന്നിദ്ധ്യം ഉണ്ടെന്നു വിശ്വസിക്കുന്നു.

പാപപരിഹാരത്തിനായി ആധുനികതിരുവിതാംകൂറിൻെറ സ്ഥാപകനായ ശ്രിപത്മനാഭദാസ വഞ്ചിപാലമാർത്താണ്ഡവർമ്മ കുലശേഖരപ്പെരുമാൾ നേർന്നതും അദ്ദേഹത്തിൻെറ അനന്തിരവനായ ധർമ്മരാജാ നടക്കു

ദേവസ്വം സൂപ്രണ്ട് ആയിരുന്ന ശ്രീ. ശങ്കുണ്ണി മേനോൻ ആയിരുന്നു ഇതിനു മുൻകൈ എടുത്തത് ഇന്ന് ഹിന്ദുമത പാഠശാല ഇരിക്കുന്ന സ്ഥലം . ലൂക്കാ എന്നൊരു ആളുടേതായിരുന്നു ഈ സ്ഥലം എടുത്തായിരുന്നു മതപാഠശാല ഹാൾ പണിയുന്നതിന് ഉപയോഗിച്ചത് . കെട്ടിടനിർമ്മാണത്തിന് മുൻകൈ എടുത്ത് പ്രവർത്തിച്ചത് ശ്രീ. കറുത്തേടുമഠത്തിൽ ശിവരാമപിള്ളയും മുണ്ടക്കൽ ശ്രീ. ഗോപാലപിള്ളയും ആയിരുന്നു. ഹൈന്ദവത്തായ എല്ലാ ആളുകൾക്കും ഇതിൽ അംഗങ്ങളാകുവാനുള്ള സ്വാതന്ത്ര്യമുണ്ട്. നാൾക്കുനാൾ പുരോഗതിയുടെ പാതകൾ ഈ പിന്നിടുന്ന ഈ പ്രസ്ഥാനം ഇന്നും ഭംഗിയായ നിലയിൽ പ്രവർത്തിക്കുന്നു.

അന്ന് ഒരു സംസ്കൃത സ്ക്കൂളും ഇവിടെ പ്രവർത്തിച്ചിരുന്നു. പ്രഥമ, ദ്വീതീയ, ചതുർത്ഥം, പഞ്ചമം, എന്നീ 5 ക്ലാസ്സുകൾ ഇവിടെ നടത്തിവന്നിരുന്നു. ഓണം തുരുത്ത് പിഷാരടി മാഷ് ആയിരുന്നു പ്രധാന അദ്ധ്യാപകൻ .

ശ്രീമൂലം ഷഷ്ട്യബ്ദിസ്മാരകപബ്ലിക്ക് ലൈബ്രറി ഈ നാടിന്റെ സംസ്ക്കാരത്തിന്റെ തിലകക്കുറിയായി ഇപ്പോഴും നിലകൊള്ളുന്നു. കുമ്മനം ഗോവിന്ദപിള്ള, സി.എൽ വർക്കി ചിറയിൽ, കാളേച്ചുവീട്ടിൽ കെ.എൻ.ഗോപാലൻ നായർ, എന്നിവർ ഈ സ്ഥാപനത്തിന്റെ സ്ഥാപകരിൽ പ്രമുഖരാണ്.

ഒരുകാലത്ത് സുപ്രസിദ്ധ ഹാസ്യസിനിമാ നടനായി ചലചിത്രരംഗത്ത് പ്രശോഭിച്ചിരുന്ന ശ്രീ. എസ്സ്. പി. പിള്ള (പങ്കച്ചേട്ടൻ) ഏറ്റുമാനൂരിന്റെ പുത്രനാണ്. സാഹിത്യനായകൻമാരായ ശ്രീകാരൂർ നീലകണ്ഠപിള്ളയും, ശ്രീഏററുമാനൂർ സോമദാസനും, പ്രശ്സ്ത നോവലിസ്ററ് ആയിരുന്നു ഏററുമാനൂർ സോമശേഖരൻ നായരും ഈനാടിന്റെ മക്കളാണ്. ഇവരുടെ വിലയേറിയ സംഭാവനകൾ, തൂലികാഗ്രങ്ങൾ. ഏററുമാനൂരിന്റെ പുരോഗതിയെ ഒട്ടേറെ സഹായിച്ചിട്ടുണ്ട്.

1940കളിൽ തന്നെ ഇവിടെ സിനിമ തീയററുകൾ ഉണ്ടായിനുന്നു. മൂക്കൽടാക്കീസ് ( മൂക്കൽ എന്നത് തീയററർ ഉടമയുടെ പേരാണ്) എന്ന പേരിൽ ഇപ്പോഴത്തെ വില്ലേജ് ഓഫീസിനു മുൻപിലുള്ള തോപ്പിൽ പുരയിടത്തിൽ ഒരു സിനിമാശാല ഉണ്ടായിരുന്നു. ആദ്യം സംസാരിക്കാത്ത സിനിമയായിരുന്നു. പിന്നീട് 1940കളുടെ അവസാനത്തോടെ സംസാരിക്കുന്ന ശബ്ദ ചിത്രങ്ങൾ ഓടിത്തുടങ്ങി

ഭൂമിദേവിയോളം ക്ഷമിച്ചുസഹിച്ചു ഏററുമാനൂർടൗണിന്റെ ഹൃദയഭാഗത്ത് നിശ്ചലമായി ഇന്നുംനിലകൊള്ളുന്നു ആ അമ്മാവൻ പൂമരശ്ശിന് എന്തെല്ലാം കഥകൾ പറയുവാനുണ്ടാവും. അതിനുംപഴമക്കാർ പറയുന്ന ഒരുസത്യമുണ്ട്. സർക്കാർകണക്കനുസരിച്ച് ഈമരത്തിന് പെൻഷൻകിട്ടുവാനുള്ള യോഗ്യതയുണ്ട്.

ഉദ്ദേശം 58 വർഷത്തോളം പഴക്കമുണ്ട് ഈമരത്തിന്. ഇവിടെ പണ്ട് ഒരു ബസ്സ്ചെക്കിംഗ് സ്റ്റേഷനുണ്ടായിരുന്നു. ഇതുവഴികടന്നു പോകുന്ന എല്ലാവണ്ടികളുടേയും കണ്ടക്ടർമാർ ഇവിടെ സൂക്ഷിച്ചിരിക്കുന്ന ബുക്കിൽ സമയം കാണിച്ച് ഒപ്പുവയ്ക്കണമെന്നായിരുന്നുനിയമം. ഈസ്റ്റേഷനിൽ അന്ന്പണിക്കരേഢ് എന്ന് വിളിക്കന്ന ഒരു പോലീസുകാരനുണ്ടായിരുന്നു.

ദേവസ്വം വക നീലാണ്ടന് (ഒരുവെളുത്ത കാള)ചിറക്കവലയിൽ ചുററിക്കറങ്ങിയിരുന്നു. ഇവൻവിശ്രമിച്ചിരുന്നത് ഈചെക്കിംഗ് സ്റ്റഷനടുത്തായിരുന്നു. ഈകാളയെ വളരെയധികം താലോലിച്ചിരുന്നപണിക്കരേഢ് ഇവന് പുല്ല് വയ്ക്കുവാൻ വേണ്ടി കവരയുള്ള ഒരു പൂമരശ്ശിൽ കമ്പ് ഇവുടെ നട്ടുപിടിപ്പിച്ചു. പണിക്കരേഢിന്റെ സംരക്ഷണയും വെളുത്തനീലകണ്ഠന്റെ വളപ്രയോഗവും കൂടിയായപ്പോൾ പൂമരശ്ശ് വളർന്നുവലുതായി. എന്നാൽ കാലാന്തരത്തിൽ ഇവരെല്ലാം പൂമരശ്ശിനെ കൈവെടിഞ്ഞു. നിശയുടെ അന്ത്യയാമങ്ങളിൽപോലും തലമുകളിൽ പകൽ വെളിച്ചം പരത്തുന്ന പഞ്ചായത്തുവക സോഡിയം വേപ്പർ ലൈറ്റും ഒരുകുടക്കീഴിൽ നിർനിമേഷനായി നോക്കി നിക്കുന്ന രാജീവുഗാന്ധിയുമാണിവനിപ്പോൾ അവലംബം. പ്രത്യാശകൈവെടിയാതെ ഏറ്റുമാനൂരിന്റെ സമഗ്രപുരോഗതിയെ ഉറ്റുനോക്കുന്ന ഈമരമുത്തഛന് ഒരാഗ്രഹമുണ്ട്, തർക്കമില്ല., ജീവീക്കുക,ജീവിക്കവാൻ അനുവദിക്കുക.".

ചിറക്കുളത്തേപ്പറ്റിയും കേട്ടുകേൾവികൾ ഉണ്ട്. ചെമ്പകശ്ശേരി രാജാകൻമാരുടെ

ക്ഷേത്രത്തിനടുത്തുള്ള 105 വയസ്സായ ഒരു കാരണവർ പറയുന്നത് ഇത് അരീപ്പറമ്പ് ദേവസ്വം വകയായിരുന്നു എന്നാണ്. വളരെ പഴക്കം ചെന്ന് ഒരു വൻവടവൃക്ഷം ഇവിടെ ഉണ്ടായിരുന്നു എന്നും കാലപ്പഴക്കത്തിൽ അത് നശിച്ചു പോയതായും പറയപ്പെടുന്നു. വാളും, ചിലമ്പും ഒരു പീഠവുമായിരുന്നു അന്ന് പ്രതിഷ്ഠ എന്നും പിന്നീട് ഇത് പുതുക്കി പണിതതായും പറയുന്നു. പഴക്കം കണക്കാക്കുവാൻ പറ്റാത്തത്ര വലിപ്പമുള്ള ഒരു കരിമ്പന ക്ഷേത്രത്തിനോടടുത്ത് ഇപ്പോഴും നിലകൊള്ളുന്നു. ഇത്തരം മൂന്ന് കരിപനകൾ ഉണ്ടായിരുന്നു എന്നും കാലപ്പഴക്കത്തിൽ മറ്റു രണ്ടും നശിച്ചു പോയതായും പറയുന്നു. കുത്തുകല്ലുങ്കൽ കുടുംബവകയായിരുന്നു ഈ സ്ഥലം.

ഇവിടെ നിന്നും തെക്കുമാറി ഒരു ശിവ ക്ഷേത്രമുണ്ടായിരുന്നു എന്നും പഴമക്കാർ പറയുന്നുണ്ട്. ക്ഷേത്രാവശിഷ്ടങ്ങൾ മാത്രമേ ഇപ്പോൾ കാണാവു. ടിപ്പുവിൻെറ പടയോട്ടക്കാലത്ത് തീവെട്ടിക്കൊള്ളക്കാരാൽ നശിക്കപ്പെട്ടതാണി ക്ഷേത്രമെന്നും പറയുന്നു. ക്രോധമംഗലം ഇല്ലം വകയാണ് ഈ ക്ഷേത്രം.

ക്ഷേത്രങ്ങൾ പോലെ തന്നെ ധാരാളം ക്രൈസ്തവ ദേവാലയങ്ങളും ഈ പ്രദേശത്തുണ്ട്. കട്ടച്ചിറ സെൻറ് മേരീസ് ദേവാലയം 1893ൽ സ്ഥാപിതമായതാണ്. 100 വർഷത്തിൻമേൽ പഴക്കമുള്ള ഈ പള്ളി പണിയുന്നതിനായി കോലടിചാക്കോ എന്നാളാണ് സ്ഥലം സൗജന്യമായി നൽകിയത്. കോട്ടയം രൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന ഈ ആരാധനാലയം 1962ൽ പുതുക്കിപണിതു. 1920മുതൽ ഇവിടെ ഒരു എൽ.പി.സ്ക്കൂൾ പ്രവർത്തിച്ചു വരുന്നു. 1964ൽ വിസിറ്റേഷൻ കോൺവെൻറും സ്ഥാപിതമായി. 180തോളം ഇടവക കുടുംബങ്ങളുണ്ട്.

വിജയപുരം രൂപതയുടെ കീഴിൽ ഏറ്റുമാനൂരിൽ വെട്ടി മുകൾ ഭാഗത്ത് ഏതാണ്ട് 1880 തുകളിൽ സെൻറ് പോൾസ് ദേവാലയം വിദേശമിഷനറിമാരാൽ സ്ഥാപിതമായി. ഈ ദേവാലയത്തോടനുബന്ധിച്ച് ഒരി പ്രശസ്തമായ സ്കൂളും നടന്നു വരുന്നു. ഇതോടനുബന്ധിച്ചുള്ള ഹോളിക്രോസ്കോൺവെൻറ് 1962ൽ പ്രവർത്തനമാരംഭിച്ചു. ഏതാണ്ട് 400ൽ ഏറെ കുടുംബങ്ങൾ ഈ പള്ളിയുടെ ഇടവക കുടുംബങ്ങളായി വരുന്നു. അവശക്രൈസ്തവ വിഭാഗത്തിൽപ്പെടുന്നവരാണി പള്ളിയിലെ ഇടവകക്കാർ കൂടുതലും എന്നറിയുന്നു.

ഇതിനടുത്തു തന്നെ മറ്റൊരു ദേവാലയം കൂടിയുണ്ട്. സെൻറ് മേരീസ് ചർച്ച് വെട്ടിമുകൾ. ചങ്ങനാശ്ശേരി രൂപതയുടെ കീഴിലാണി ദേവാലയം. 1894ൽ ആണ് ഇപ്പോഴത്തെ ദേവാലയമിരിക്കുന്ന സ്ഥലത്ത് പള്ളിപണിയുന്നത് എന്നാണറിയുന്നത്. 600ൽ അധികം കുടുംബങ്ങൾ ഇടവകക്കാരായുണ്ട്. എസ്.എച്ച്. പ്രിൻറിംഗ് സെൻറർ ഇവയും ഇവിടെ പ്രവർത്തിക്കുന്ന ഇതര സ്ഥാപനങ്ങളാണ്.

പള്ളിക്കുന്ന് പള്ളിയും പ്രസിദ്ധമാണ്. മാർതോമാശ്ലീഹാ കേരളത്തിൽ സ്ഥാപിച്ച ഏഴരപള്ളികളിൽ ഒന്നാണിത് എന്ന് പറയുന്നു. ചാലുവള്ളിതോടിന് സമീപമുള്ള ഈ സ്ഥലത്തിന് ചരിത്രപ്രാധാന്യമുണ്ടെന്ന് പറയുന്നു. ടിപ്പുവിൻെറ പടയോട്ടക്കാലത്ത് ഈ പ്രദേശത്തെ പല ആരാധനാലയങ്ങളും തകർത്തുടച്ചു. ടിപ്പു വന്ന സ്ഥലം കപ്യാർകുന്ന് എന്നാണറിയപ്പെടുന്നത്. ഈ ഭാഗത്തെ ആറ്റുകടവിന് അച്ചൻകടവ് എന്ന് പറയുന്നു. ധാരാളം ചരിത്രസത്യങ്ങൾ അന്തിയുറങ്ങുന്നതാണീ പ്രദേശം.

യാക്കോബായ സമുദായത്തിൽപ്പെടുന്ന മാർഇഗ്നേഷ്യസ് പള്ളിയും പ്രശസ്തമാണ്. തട്ടേപ്പള്ളി എന്നാണിതിനെ അറിയപ്പെടുന്നത്.

കോട്ടയം രൂപതയുടെ കീഴിലുള്ള പേരൂർ പള്ളിയും പുരാതനമായ പള്ളികളുടെ ശ്രേണിയിൽപ്പെടുന്നവയാണ്. ഏതാണ്ട് 100 വർഷത്തിലേറെ പഴക്കമുണ്ടീ ദേവാലയത്തിന്. തെള്ളകം പുഷ്പഗിരിപള്ളി, തെള്ളകം സെൻറ്. മേരീസ്പള്ളി, കാരിത്താസ് സെൻറ് തോമാസ് ദേവാലയം ചെറുവാണ്ടൂർ സെൻറ് സെബാസ്റ്റിൻസ് ചർച്ച്, ഇവയെല്ലാം ഈ പ്രദേശത്തുള്ള മറ്റ് ആരാധനാലയങ്ങളാണ്.

പേരൂർ മഞ്ഞൾമുനി പള്ളിക്ക് ഏതാണ്ട് 90 വർഷത്തെ പഴക്കമുണ്ട്. പേരൂരിനടുത്ത് മൈലാട്ട് പാറ എന്ന സ്ഥലത്താണ് ഈ ദേവാലയം സ്ഥിതിചെയ്യുന്നത്. കോട്ടയം യാക്കോബൈറ്റ് രൂപതയുടെ കീഴിലുള്ളതാണീ ദേവാലയം. താലിമൂട്ടിൽ കുടുംബക്കാരാണീ പള്ളിക്കു വേണ്ടി സ്ഥലം നൽകിയത് എന്നാണറിയുന്നത്. മൂലവള്ളി ഇല്ലത്തിൻെറ

കാലത്താണ് ഈ കുളം നിർമ്മിച്ചതെന്ന് പറയപ്പെടുന്നു. കുളം ആർപ്പൂക്കര ക്ഷേത്രം വകയായിരുന്നു എന്നും ആർപ്പൂക്കര ക്ഷേത്രത്തിലെ ആറാട്ടിനു വേണ്ടിയാണ് ഈ കുളം നിർമ്മിച്ചതെന്നും പറയുന്നു. എന്നാൽ കാലാന്തരത്തിൽ അതെല്ലാം മാറിപ്പോയി.

പണ്ട് താമര ധാരാളമായി ഉണ്ടായിരുന്ന ഒരു ശുദ്ധജലാശമായിരുന്നു ഇത് ടൗണിൽ തിരക്കേറിയ തോടെ കുളം ശ്രദ്ധിക്കപ്പെടാതെ പോവുകയും ചപ്പുചവറുകൾ , കുന്നുകൂടുകയും മൽസ്യമാർക്കറ്റിൻെറ സാമീപ്യവും ഇതിനെ മലീമസമാക്കി.

സംസ്ഥാന ഇറിഗേഷൻ വകുപ്പിൻെറ സഹായത്തോടെ പൊതുജനപങ്കാളിത്തത്തോടെയും ഈ കുളം പുനരുദ്ധരിക്കുവാൻ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നു.

## ഏറ്റുമാനൂർ മുൻസിഫ് കോടതി

കൊല്ലവർഷം1115 കുംഭമാസം ഒന്നാം തീയതിയാണ് ഏറ്റുമാനൂരിൽ മുൻസിഫ് കോടതി പ്രവർത്തനം ആരംഭിച്ചത്. ഒരുതാലൂക്ക് കച്ചേരിയും വർഷങ്ങൾക്ക്മുൻപ്തന്നെ ഇവിടെ ഉണ്ടായിരുന്നു (ഇപ്പോൾ ഏറ്റുമാനൂർ താലൂക്ക് ഇല്ല) കൊല്ലവർഷം104-മാണ്ട് ഒരു സിവിൽ കോടതിയും ഉണ്ടായിരുന്നു. (കുറച്ചുകാലത്തേക്കു മാത്രമേ ഇതും ഇവിടെ നിലനിന്നുള്ളു) അന്ന് സിവിൽ കോടതികളെ "അദാലം" എന്നാണ് വിളിച്ചിരുന്നത് താലൂക്ക് എന്നതിനു പകരം "മണ്ഡപത്തിൻ വാതുക്കൽ" എന്നാണ് പറഞ്ഞുവന്നിരുന്നത്. താളിയോലയിലാണ് ആധാരങ്ങളും മറ്റും എഴുതിവന്നിരുന്നത്. അമ്പലപ്പുഴയിൽ പ്രവർത്തിച്ചിരുന്നൊരു കോടതിയാണ് ഇങ്ങോട്ടു മാറ്റിയത്. യശശരീരനായ തിരുവിതാംകൂർ ഹൈക്കോടതി ജഡ്ജി കെ.ശങ്കരശുബയ്യർ അവർകൾ മുൻകൈ എടുത്താണ് മുൻസിഫ് കോടതി ഇവിടെ സ്ഥാപിച്ചത്. ആദ്യത്തെ മുൻസിഫ് ആർ.ഗണപതിഅയ്യർ ആയിരുന്നു. കോട്ടയം പാലാ വൈക്കം എന്നീ താലൂക്കുകളിൽ നിന്നും ഏതാനും വില്ലേജുകൾ ചേർത്താണ് ഈ കോടതി രൂപീകരിച്ചത്. വൈക്കത്തു നിന്നും മാഞ്ഞൂർ, കടുത്തുരുത്തി, ഞീഴൂർ പാലായിൽ നിന്നും കാണക്കാരി, കുറവിലങ്ങാട്, ഓണംതുരുത്ത്, കൈപ്പുഴ (ഇന്നത്തെ ആർപ്പൂക്കര ഉൾപ്പടെ) ഐമനം വില്ലേജിൽ നിന്നും കുറെ ഭാഗങ്ങളും, ഏറ്റുമാനൂർ, അതിരമ്പുഴ (അതിരമ്പുഴ വില്ലേജ് ഏറ്റുമാനൂരിൽ ഉൾപ്പെട്ടതായിരുന്നു) വില്ലേജുകളും ഉൾപ്പെട്ടതായിരുന്നു ഈ കോടതിയുടെ അധികാര പരിതി. 1955ൽ വൈക്കത്തും പാലായിലും സബ് കോടതികൾ സ്ഥാപിച്ചപ്പോൾ കാണക്കാരി കുറവിലങ്ങട്, കിടങ്ങൂർ എന്നി വില്ലേജുകൾ പാലായ്ക്കും കടത്തുരുത്തി, മാഞ്ഞുർ, ഞീഴൂർ എന്നീ വില്ലേജുകൾ വൈക്കത്തിനും കൈമാറി. എന്നാൽ 1965വരെ മാത്രമേ സബ്കോടതി പാലായിലും വൈക്കത്തും പ്രവർത്തിച്ചുള്ളു. ഇതിനിടയിൽ ഏറ്റുമാനൂർ മുൻസിഫ് കോടതിയിൽ ഫയലുകൾ കുറയുകയും രണ്ടായി പ്രവർത്തിച്ചിരുന്ന മജിസ്ട്രേറ്റ് കോടതി മുൻസിഫം മജിസ്ട്രേറ്റ് കോടതിയായി (ഒന്ന്) പ്രവർത്തിക്കുകയും ചെയ്തു. ഇതിനിടയിൽ മാഞ്ഞൂർ, കാണക്കാരി വില്ലേജുകൾ ഏറ്റുമാനൂരിലേക്ക് ഉൾപ്പെടുത്തി എങ്കിലും വീണ്ടും മാഞ്ഞൂർ വില്ലേജ് തിരിച്ച് വൈക്കം കോടതിയിലേക്ക് മാറ്റി. കോടതിയുടെ ആരംഭ കാലത്ത് അൻപതോളം അഭിഭാഷകർ ഉണ്ടായിരുന്നു. കൂടുതൽ വില്ലേജുകൾ ഈ കോടതിയിലേക്ക് ഉൾപ്പെടുത്തേണ്ടിയിരുന്നു.

1922വരെ ഏറ്റുമാനൂരിൽ താലൂക്ക് നിലനിന്നിരുന്നു. ഏറ്റുമാനൂർ, ഓണംതുരുത്ത്, കാണക്കാരി, കിടങ്ങൂർ, കൈപ്പുഴ, പെരുമ്പായിക്കാട്, കുഴടമാളൂർ, മാഞ്ഞൂർ, കടത്തുരുത്തി എന്നി 9 വില്ലേജുകൾ അന്ന് ഈ താലൂക്കിൽ പെട്ടിരുന്നു.

## ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്

പ്രധാന സ്ഥാപനങ്ങൾ

1. ധനകാര്യസ്ഥാപനങ്ങൾ

1. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ
2. ഫെഡറൽ ബാങ്ക്
3. കാനറാ ബാങ്ക്
4. കാതലിക് സിറിയൻ ബാങ്ക്
5. ധനലക്ഷ്മി ബാങ്ക്

സഹകരണത്തോടെയാണി പള്ളിപണി തീർത്ത്. അന്തിയോക്യോസ് രാജാവിൻെറ കാലത്ത് സിറിയയിൽ ജീവിച്ച് യേശുവിനു വേണ്ടി ജീവിച്ച് കാത്തിരുന്ന ഒരു ഭക്തയായിരുന്നു വി.മത്തർശ് മുനിയമ്മ എന്നാണ് ഐതിഹ്യം. മതമൈത്രിയുടെ നിദാന്തദൃഷ്ടാന്തവും ക്രൈസ്തവ-ഹൈന്ദവ ആചാരങ്ങളുടെ സമ്മേളിത പ്രതീകവുമാണി ദേവലയാങ്കണം. മറ്റൊരു ദേവാലയത്തിലും ദൃഷ്ടഗോചരമാകാത്ത തൂക്കുവിളക്കും എണ്ണ വഴിപാടും ഇവിടെ പ്രത്യേകതയത്രേ.ധാരാളം ഭക്തർ ഇവിടെ വന്ന് ആത്മശാന്തി നേടി പോകുന്നു.

പുലിയളക്കുന്നിൻ മുകളിൽ വിദേശ മിഷനറിമാരാൽ നിർമ്മിക്കപ്പെട്ട സി.എസ്.ഐ. മഹാ ഇടവക വക പള്ളിക്കും നൂറ്റാണ്ടിൻെറ ചരിത്രമുണ്ട്. ഈ പള്ളിയോടനുബ്ന്ധിച്ച് ഒരു തൊഴിൽ പരിശീലനശാലയും പ്രവർത്തിക്കുന്നു. വിദേശ മിഷണറിമാരുടെ പുരാതനമായ കബറിടം ഇവിടുത്തെ സിമിത്തേരിയിൽ കാണാം. പെൻതക്കോസ്തു വിഭാഗങ്ങളിൽപെടുന്നവരുടെ പത്തോളം പള്ളികളും ഈ പ്രദേശത്തുണ്ട്.

കട്ടച്ചിറയിൽ തന്നെ ചങ്ങനാശ്ശേരി അതിരൂപത വക സെൻറ് സേവ്യേഴ്സ് പള്ളിയും സ്ഥിതിചെയ്യുന്നു. ഏറ്റുമാനൂർ പഞ്ചായത്തിൻെറ വടക്കേ അതിർത്തിയോടടുത്തുള്ള പ്രകൃതി രമണീയമായ കൊടുവത്താനം കുന്നിൻമുകളിലാണ് പ്രശസ്തമായ സെൻറ് ജോസഫ് ചർച്ച് സ്ഥിതിചെയ്യുന്നത്. 1909ൽആണീദേവാലയം പണിതീർത്ത്. ദേവാലയത്തിനു വേണ്ടിയുള്ള സ്ഥലം ഈ പ്രദേശത്തെ 10പേർ ചേർന്ന് സംഭാവനയായി നൽകിയതാണ്. ആപൽബാന്ധവനും തൊഴിലാളി മദ്ധ്യസ്ഥനുമായ

വി.യൗസേപ്പ് പിതാവിൻെറ ദേവാലയം 1996ൽ ഇന്നത്തെ രീതിയിൽ പുതുക്കി പണിതു. ദേവാലയത്തിൻ മുന്നിലുള്ള ക്രൂശിതരൂപം വളരെ ശ്രദ്ധേയമാണ്.

ഏറ്റുമാനൂർ കുന്നിൻെറ ഹൃദയഭാഗത്തായി തലയെടുപ്പോടെ പരിലസിക്കുന്ന ക്രിസ്തുരാജ ദേവാലയം. അതിരമ്പുഴ അതിരൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന ഏറ്റുമാനൂരെ വലിയ പള്ളികളിൽ ഒന്നാണിത്. ഇതിൻെറ രൂപകൽപ്പനയും സ്ഥാനവും തികച്ചും പ്രൗഢഗംഭീരമത്രേ. ഈ പള്ളിക്കുവേണ്ടി സ്ഥലം സൗജന്യമായി നൽകിയതം ചിറയിൽ കുടുംബക്കാരാണ്.

അതിപുരാതനമായ ഒരു മുസ്ലീം ദേവാലയവും ഈ പ്രദേശത്തുണ്ട്. ഇതിൻെറ മുഴുവൻ പേര് "അതിരമ്പുഴ ഏറ്റുമാനൂർ മുസ്ലിംജമാഅത്ത് ഹൈതമല മുഖളിൽ പള്ളി" എന്നാണ്.

കസ്തൂരി ഇസ്രമായേൽ റാവുത്തർ, കല്ലുങ്കത്തറ താഴ് മഠത്തിൽ അഹമ്മദ് കനി റാവുത്തർ, ഇഞ്ചിക്കളത്തിൽ മുഹമ്മദ്കനി റാവുത്തർ, തേൻകുളം തീനാർ അബദുൾ റാവുത്തർ, ഖാദർ റാവുത്തർ അതിരമ്പുഴ കൊച്ചുപരീത് റാവുത്തർ തുടങ്ങിയവർ ചേർന്ന് പള്ളി ഇരിക്കുന്ന സ്ഥല തറവില കൊടുത്ത് സർക്കാരിൽ നിന്നും പതിച്ചുവാങ്ങിയതായി രേഖകളുണ്ട്.

1954ൽ ഹാജി ടി.എം.ഹസ്സൻ റാവുത്തർ പള്ളി ആധുനിക രീതിയിൽ പുതുക്കി പണിതു. അതിരമ്പുഴ മുസ്ലീംഗ് ജമാ അത്ത് ഹെഡ് കോർട്ടേഴ്സ് അജീമിർമാസ്റ്റൻഒലിയുല്ലയുടെ കബറടക്കം ഇവിടെയാണ്. (പേരുകൾ മുസ്ലീം പേരുകൾ ആകയാൽ ചിലത് അവ്യക്തമാകാനിടയുണ്ട്.)

അജീമിർമസ്താൻ വല്ലിയല്ലയുടെ കബറിടത്തിൽ നാനാജാതി മതസ്ഥർ പ്രാർഥനയ്ക്ക് എത്തുന്നുണ്ട്. ഇപ്പോൾ 1200 കുടുംബങ്ങളെ പ്രതിനിധാനം ചെയ്യുന്ന ഈ ദേവാലയത്തിൻെറ ഭരണം ജനാധിപത്യ രീതിയിലാണ്.

എം.സി.റോഡ് ഡിസൈൻ ചെയ്ത് പണിക്ക് മേൽനോട്ടം വഹിച്ച ഒരു പാശ്ചാതൃനായ എഞ്ചിനീയറുടെ ക്യാമ്പ് ഷെഡ്ഡ് (ബംഗ്ളാവ് ) . ഇവിടെ ആയിരുന്നു എന്ന് പറയപ്പെടുന്നു.

സാംസ്ക്കാരികരംഗത്തും ഏറ്റുമാനൂർ പണ്ടേ മുൻപന്തിയിൽ തന്നെ ആയിരുന്നു. (വിദ്യാഭ്യാസം എന്ന വിഷയത്തിൽ ഇവരെ പറ്റിയെല്ലാം പ്രതിപാദിപ്പിച്ചുട്ടുണ്ട്).

## ഹിന്ദുമതപാഠശാല

1946 ൽ ആണ് ഇവിടെത്തെ ഒരു ഹിന്ദുമത പാഠശാല സ്ഥാപിക്കുന്നത് . തിരുവതാംകൂർ ദേവസ്വം ഡിപ്പാർട്ടുമെൻറിൽ

# ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് ചരിത്ര പശ്ചാത്തലം

ഏറ്റുമാനൂർപഞ്ചായത്ത് ആദ്യകാലത്ത് പ്രവർത്തിച്ചിരുന്നത് ഏറ്റുമാനൂർ പാലാറോഡിലുള്ള നൂർജമാല ബിൽഡിംഗിൽ ആയിരുന്നു. ഒരു കാലത്ത് അതിരമ്പുഴ പഞ്ചായത്ത് പ്രസിഡൻറായിരുന്ന ഹാജി ടി. എം. ഹസ്സൻ റാവുത്തരുടെ സഹോദരനും ഏറ്റുമാനൂർ ടൗൺ മുസ്ലീംപള്ളിയുടെ സ്ഥാപക പ്രസിഡൻറും നൂർജമാലിയ ബിൽഡിംഗ്സിൻെറഉടമസ്ഥനും പൊതുകാര്യ പ്രസക്തനുമായിരുന്നു ഹാജി.ടി.എം. മുസ്തഫാ കനി റാവുത്തർ. ഇദ്ദേഹം പഞ്ചായത്തിന് സംഭാവനയായി നൽകിയ 4 1/2 ഏക്കർ സ്ഥലത്താണ് (ചിറകുളം ഒഴിച്ചുള്ള ഭാഗം) ഇപ്പോൾ പഞ്ചായത്ത് ബസ്സ്റ്റാൻഡും ഷോപ്പിംഗ് കോംപ്ലക്സും സ്ഥിതി ചെയ്യുന്നത്.

# ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡൻറുമാർ

| | | |
|---|---|---|
| ശ്രീ. കെ.യു. ജോസഫ്, വി.ടി.ചാക്കോ, സി.എൽ.വർക്കി, കെ.എം. ഉതുപ്പ് | - | 1936 മുതൽ 1960 വരെ |
| ശ്രീ. ചാണ്ടി, വെള്ളാപ്പള്ളി | - | 1960 - 63 |
| ശ്രീ. സി.ജെ. ജോസഫ് | - | 1963 - 79 |
| ശ്രീ. വർക്കി കുര്യൻ | - | 1979 |
| ശ്രീ. വി.കെ. കുര്യൻ | - | 1984 വരെ |

# 1984 മുതൽ 1987 വരെ അഡ്മിനിസ്ട്രേറ്റീവ് ഭരണം

| | | |
|---|---|---|
| ശ്രീ. ജോസഫ് കൂമ്പിക്കൽ | - | 1988 - 1990 വരെ |
| ശ്രീ. ജോണി വർഗീസ് | - | 1991 - 92 വരെ |
| ശ്രീ. വി.ടി. ദേവസ്യാ | - | 1992 - 93 വരെ |
| ശ്രീ. ജോസഫ് നരിക്കുഴി | - | 1995 വരെ |
| ശ്രീ. ടി.എസ്. ശശികുമാർ | - | 1995 - 1996 വരെ |

# ഭൂപ്രകൃതി

പഞ്ചായത്തിൻെറ 50 ശതമാനത്തോളം പ്രദേശങ്ങൾ കുന്നിൻപുറങ്ങളും 30 ശതമാനം ചരിവു പ്രദേശങ്ങളും 20 ശതമാനം നിലങ്ങളുമാണ്.കുന്നിൻ പുറങ്ങളിൽ പാറക്കൂട്ടങ്ങളും ഇളക്കുകല്ലുകളുമാണ്. ചരിവു പ്രദേശങ്ങൾ ഇളക്കുകല്ലുകളും വെട്ടുകല്ലും ചേർന്ന മണ്ണും താഴ്വാരങ്ങളിൽ ചെളിമണ്ണും (കൊശച്ചെളി) കണ്ടുവരുന്നു.

ഭൂപ്രകൃതി അനുസരിച്ച് ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിനെ മൂന്നായി തിരിക്കാം. 1. കുന്നിൻപ്രദേശം പഞ്ചായത്തിൻെറ ഏറ്റവും വടക്ക് കിഴക്ക് ഭാഗം (ഒന്, ഒമ്പത്, അഞ്ച്, നാല് എന്നീ വാർഡുകൾ ഉൾപ്പെടുന്ന പ്രദേശം). അധികം കുന്നിൻപുറങ്ങളാണ്. 2. താഴ്വരകളും ചരിവുകളും എന്നാൽ ഇവിടെ നിന്നും തെക്കോട്ട് നീങ്ങുംതോറും (2,3,6,7,8 തുടങ്ങിയ വാർഡുകൾ ഉംപ്പെടുന്ന പ്രദേശം) താരതമ്യേന ചരിവും ചതുപ്പും ഇടകലർന്ന ഭൂപ്രകൃതിയാണ്. 3. സമതലങ്ങൾ എന്നാൽ വീണ്ടും തെക്കോട്ട് നീങ്ങുംതോറും (13,14,10,11,12,) എന്നീ വാർഡുകൾ ഏറെക്കുറെ നിരപ്പായതും നീർക്കെട്ടുള്ള പ്രദേശങ്ങളുമാണ്. എന്നാൽ ഇവിടേയും ഉയർന്ന ചെറുമലകൾ ഉണ്ട്.

## 2.സർവ്വീസ് സഹകരണ സ്ഥാപനങ്ങൾ

1. ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക് ബ്രാഞ്ച് ഏറ്റുമാനൂർ
2. കോട്ടയം അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക്
3. ഏറ്റുമാനൂർ സർവ്വീസ് സഹകരണ ബാങ്ക്
4. പേരൂർ സർവ്വീസ് സഹകരണ ബാങ്ക്.
5. ഗവ: എംപ്ലോയീസ് സഹകരണ ബാങ്ക് ഏറ്റുമാനൂർ

## 3. സർക്കാർ സ്ഥാപനങ്ങൾ

1. സബ് ട്രഷറി ആഫീസ് ഏറ്റുമാനൂർ
2. സബ് റജിസ്റ്റാർ ആഫീസ് ഏറ്റുമാനൂർ
3. പി.ഡബ്ള്യൂ.ഡി. ആഫീസ്
4. പി.ഡബ്ള്യൂ.ഡി. ബിൽഡിംഗ് സെക്ഷൻ
5. അസ്സിസ്റ്റന്റെ് എഡ്യുക്കേഷൻ ആഫീസ്
6. ബ്ളോക്ക് ഡവലപ്പുമെന്റെ് ആഫീസ്
7. ഫുഡ് ഇൻസ്പക്ടർ അഫീസ്
8. സോയിൽ ടെസ്റ്റിംഗ് ആഫീസ്
9. എക്സൈസ് റെയിഞ്ച് ആഫീസ്
10. സ്പെഷ്യൽ തഹസീൽദാർ ആഫീസ്
11. എം.വി.ഐ.പി.ആഫീസ്
12. പ്രൊസക്ഷൻ സെൻെറർ - ഏറ്റുമാനൂർ
13. സ്റ്റേയിറ്റ് വെയർ ഹൗസ്
14. കൃഷിഭവൻ
15. അസ്സി.ഡയറക്ടർ കൃഷിഭവൻ
16. കേരള സ്റ്റേയിറ്റ്
17. ന്യൂ- ഇൻഡ്യാ അഷ്വറൻസ് കമ്പനി.
18. ദേവസ്വം ബോർഡ് ആഫീസ്
19. ദേവസ്വം പി.ഡബ്യൂ.ഡി. ആഫീസ്
20 അസ്സി.ദേവസ്വം കമ്മീഷണർ ആഫീസ്
21. ഏറ്റുമാനൂർ ദേവസ്വം ആഫീസ്
22. പബ്ളിക് പ്രോസിക്യൂട്ടർ ആഫീസ്
23. മുൻസിഫ് കോർട്ട് ആഫീസ്
24. മജിസ്ട്രേറ്റ് കോർട്ട്
25. ഇലക്ട്രിസിറ്റ് മേജർ സെക്ഷൻ ആഫീസ്
26. 66 കെ.വി. സബ്സ്റ്റേഷൻ
27. ടെലിഫോൺ എക്ഞ്ചേയിഞ്ച് ആഫീസ്
28. സെയിൽ ടാക്സ് ആഫീസ്
29. സെൻട്രൽ എക്സൈസ് ആഫീസ്
30. ഏറ്റുമാനൂർ വില്ലേജ് ആഫീസ്
31. പേരൂർ വില്ലേജ് ആഫീസ്
32. പോലീസ് സർക്കിൾ ആഫീസ്
33. പോലീസ് സ്റ്റേഷൻ

## ഹോസ്പ്പിറ്റലുകൾ

1. കെ.എം.സി.എച്ച് സെൻെർ ഏറ്റുമാനൂർ
2. ഗവ ആയുർവേദ ആശുപത്രി.
3.. മൃഗാശുപത്രി
   എ.സി.ഡി.പി.സബ് സെൻെർ
4. ഇ. എസ്സ്.ഐ.ഹോസ്പ്പിറ്റൽ
5. കാരിത്താസ് ഹോസ്പ്പിറ്റൽ
6. വിമലാ ഹോസ്പ്പിറ്റൽ
7. രാമകൃഷ്ണ ഹോസ്പ്പിറ്റൽ

# ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്

## ഭൂപ്രകൃതി - പഠനപര്യടനം

| | I | II | III | IV | V | VI | VII | VIII | IX | X | XI | XII | XIII | XIV |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | കുന്നിൻചരിവ് | നിരപ്പായ ഭൂമി<br>നിലം | കുന്നിൻചരിവ്<br>നിരപ്പായ ഭൂമി | കുന്നിൻചരിവ് | കുന്നിൻചരിവ് | നിരപ്പായ ഭൂമി | നിരപ്പായ ഭൂമി | നിരപ്പായ ഭൂമി | കുന്നിൻചരിവ് | നിരപ്പായഭൂമി<br>നിലം | നിരപ്പായ ഭൂമി | നിരപ്പായ ഭൂമി | നിരപ്പായ ഭൂമി<br>നിലം | നിരപ്പായ ഭൂമി<br>നിലം |
| മൺതരം | വെട്ടുകല്ല്<br>മണ്ണ് | വെട്ടുകല്ല്മണ്ണ്<br>ചെളിമണ്ണ് | വെട്ടുകല്ല്മണ്ണ് | പാറകലർന്ന<br>മണ്ണ് | വെട്ട്കല്ല്മണ്ണ് | വെട്ട്കല്ല്മണ്ണ് | വെട്ട്കല്ല്മണ്ണ് | വെട്ട്കല്ല്മണ്ണ് | പാറകലർന്ന<br>മണ്ണ് | വെട്ട്കല്ല്മണ്ണ് | വെട്ടുകല്ല്മണ്ണ്<br>ചെളിമണ്ണ് | ചരൽമണ്ണ്<br>മ്യാൽ നിലം | ചരൽമണ്ണ്<br>മ്യാൽ നിലം | വെട്ട്കല്ല്മണ്ണ്<br>നിലം |
| സസ്യാവരണം | റബർ<br>തെങ്ങ് | റബർ, തെങ്ങ്<br>നെല്ല് | റബർ,<br>തെങ്ങ്<br>മരച്ചീനി | റബർ<br>തെങ്ങ് | റബർ<br>തെങ്ങ് | റബർ<br>തെങ്ങ്<br>പച്ചക്കറി | തെങ്ങ്<br>റബർ | നെല്ല്<br>തെങ്ങ് | റബർ<br>തെങ്ങ്<br>മരച്ചീനി | റബർ<br>തെങ്ങ്<br>പച്ചക്കറി | തെങ്ങ്<br>നെല്ല്<br>പച്ചക്കറി | റബർ<br>തെങ്ങ്<br>നെല്ല് | നെല്ല്<br>തെങ്ങ്<br>പച്ചക്കറി | റബർ<br>തെങ്ങ്<br>മരച്ചീനി |
| പാരിസ്ഥിക<br>പ്രശ്നം | പാറ<br>പൊട്ടിയ്ക്കൽ | ഇഷ്ടിക<br>നിർമ്മാണത്തിനു<br>വേണ്ടി മണ്ണു<br>കുഴിക്കുന്നത് | - | - | - | - | - | നിലം നിക<br>ത്തുന്നത് | പാറപൊട്ടി<br>യ്ക്കുന്നത് | നിലം<br>നികത്തൽ | - | ഇഷ്ടിക<br>നിർമ്മാണത്തി<br>നുവേണ്ടി മണ്ണു<br>കുഴിക്കുന്നത് | ഇഷ്ടിക<br>നിർമ്മാണ<br>ത്തിനു വേണ്ടി<br>മണ്ണു<br>കുഴിക്കുന്നത് | - |

## ഉയർന്ന പ്രദേശങ്ങളും കുന്നിൻ പ്രദേശങ്ങളും

പഞ്ചായത്തിലെ ഏറ്റവും ഉയരംകൂടിയ മല 9-ാം വാർഡിലുള്ള കിരിശുമല (കൊടികുത്തി മല)യാണ്. മ്ലാത്തമല, വേളംകുഴിമല, പന്നിക്കുഴിമല, പുലിയതു നിരപ്പ്, മംഗളംകുന്ന്, മഴുവനാകുന്ന്, കാവനകുന്ന്, കച്ചേരികുന്ന്, മണവത്തുമല, പുഷ്പഗിരി, കളപ്പുര, മന്നാമല ഇവയാണ്. ഇവയിൽ പല മലകളുടേയും പേരു അന്വർത്ഥമാക്കുമാറ് ഏതാണ്ട് ഒരു തലമുറ മുമ്പു വരെ മൃഗങ്ങൾ ഉണ്ടായിരുന്നതായി പഴമക്കാർ പറയുന്നു.

പുലിയരു ഭാഗത്ത് ഇപ്പോഴും 'അളമുഖം' കാണാം. ഇവിടെ പണ്ട് പുലികൾ ഉണ്ടായിരുന്നതായി പറഞ്ഞു വരുന്നു. പന്നിക്കുഴി മലയിൽ മുള്ളൻ പന്നികൾ ഉണ്ടായിരുന്നതായും 'മ്ലാത്തമലയിൽ' പണ്ട് 'മ്ലാവ്' എന്ന മൃഗങ്ങൾ ഉണ്ടായിരുന്നതായും പറയുന്നു. ഇതിനടത്തുതന്നെയാണ് 'മാനാംതടം' ഇവിടെ 'മാനുകൾ' ഉണ്ടായിരുന്നതായി പറയുന്നുണ്ട്. ഈ പ്രദേശങ്ങളെല്ലാം ഇപ്പോൾ റബ്ബർ തോട്ടങ്ങളായും പുരയിടങ്ങളായും മാറിക്കഴിഞ്ഞു.

## താഴ്വരകളും നിരപ്പു പ്രദേശങ്ങളും

ഏതാണ്ട് ഭൂവിസ്തൃതിയുടെ 30%-ൽ ഏറെ സ്ഥലങ്ങൾ താഴ്വരകളാണ്. ഈ പ്രദേശങ്ങളിൽ തെങ്ങ്, കവുങ്ങ്, കൊക്കോ മുതലായവ കൃഷി ചെയ്തുവരുന്നു. പല ചതുപ്പുസ്ഥലങ്ങളും മണ്ണിട്ടു നികത്തിക്കഴിഞ്ഞു. ഈ പ്രദേശത്തും റബ്ബർ കൃഷി ചെയ്യുവാൻ തുടങ്ങിയിട്ടുണ്ട്.

## ജലവിഭവങ്ങൾ

ഏറ്റുമാനൂർ പഞ്ചായത്ത് പ്രദേശം കിഴക്ക്-വടക്കു നിന്ന് തെക്കോട്ടു ചരിഞ്ഞുകിടക്കുന്ന ഭൂപ്രദേശമാണ്. ആയതിനാൽ മീനച്ചിലാറ്റിൽ വന്നുചേരുന്ന പല തോടുകളും വറ്റാത്ത കുളങ്ങളും ഈ പ്രദേശത്തുണ്ട്.

മീനച്ചിലാറിന്റെ കൈവഴിയായ കട്ടച്ചിറതോട് ഒന്നാംവാർഡിൽപെട്ട പിണ്ടിപ്പുഴ ഭാഗത്തുകൂടി കടന്നുപോകുന്നു. അതുപോലെ 9-ാം വാർഡിൽപെട്ട എളൂക്കാലായിൽ നിന്ന് ഉത്ഭവിച്ച് വള്ളിക്കാട് ഭാഗത്തുവരുന്ന മങ്ങരതോട് അവിടെവച്ച് പൊയ്കപ്പുറത്തുനിന്നും ഉത്ഭവിക്കുന്ന മറ്റൊരു തോട് വേളംകുഴി കുരീച്ചിറ വള്ളിക്കാട് ഭാഗത്തുകൂടിവന്ന് ഈ തോടുമായി യോജിച്ച് 'പട്ടറാത്ത്പടി' മംഗര ഇടുക്കൊടി എന്നീ ഭാഗത്തുകൂടി ചെറുവാണ്ടൂർ ചാലിൽ ചേർന്ന് മീനച്ചിലാറ്റിൽ പതിക്കുന്നു. പട്ടിത്താനത്തുനിന്നും ആരംഭിക്കുന്ന മറ്റൊരു തോട് തവളക്കുഴി മാറാവേലി അന്തിമഹാകാളൻകാവ് പാറകണ്ടം വഴി ചെന്ന് ചെറുവാണ്ടൂർ ചാലിൽ ചേരുന്നു. കാരിത്താസ് ഭാഗത്തു നിന്നും ഉത്ഭവിച്ച് തെള്ളകം പേരൂർപാടശേഖരത്തിലൂടെ കടന്നുപോകുന്ന മറ്റ് തോടുകളും ഉണ്ട്.

വറ്റാത്ത പല കുളങ്ങളും ഈ പ്രദേശത്തുണ്ട്.

| വാർഡ് | കുളങ്ങളുടെ പേര് |
|---|---|
| 2 | മനക്കൽ കുളം, ചന്തക്കുളം, ഗൂഢല്ലൂർ കുളം, ഇടത്തിക്കുളം, കല്ലുകുളം, പറേക്കുളം, വാക്കത്തുമാലിക്കുളം, ഇരട്ടക്കുളം, കൈതക്കൽ |
| 4 | മുരിക്കുന്താനം കുളം, പാറയിൽ കുളം |
| 5 | കുഴിക്കോട്ടാകുളം |
| 7 | ചിറക്കുളം |
| 8 | കാരൂർകുളം |
| 9 | പൊയ്കപ്പുറം കുളം, മുതുകാട്ടോലി |
| 10 | നെടുംകുളം, അരീക്കാട്ടുകുളം, ചാവാർകുളം, മേൽപാടം കുളം, അമ്പനാട്ട്കുളം |
| 11 | ചാവാർകുളം, മാളിയേക്കൽ കുളം |
| 12 | പോളച്ചിറക്കുളം |
| 13 | ചാലാക്കരി, തുരുത്തിപാടം |
| 14 | അറുമാങ്കുളം, കുഞ്ചരക്കുളം, പന്നിക്കൊമ്പുകുളം, കുഴിയാലിക്കുളം, ആനിവേലിത്തലകുളം |

# പ്രാഥമിക മേഖല



# 1. കൃഷി, ജലസേചനം

ചരിത്രപ്രസിദ്ധമായ ഏറ്റുമാനൂർ, കോട്ടയം ജില്ലയിലെ വികസനത്തിനു വെമ്പൽ കൊള്ളുന്ന ഒരു ഗ്രാമമാണ്. പ്രധാനമായും കൃഷിയെമാത്രം ആശ്രയിച്ചു ജീവിച്ചുപോന്ന ജനത ഇന്ന് വ്യവസായത്തിലേക്കും കച്ചവടത്തിലേക്കും കാൽവയ്ക്കുന്നു. പച്ചപരവതാനി വിരിച്ചപോലെ നീണ്ടുകിടന്നിരുന്ന നെൽപ്പാടങ്ങൾ ഇന്ന് നാമമാത്രമായി മാറിക്കൊണ്ടിരിക്കുന്നു. നെൽപ്പാടങ്ങൾ പലതും മണ്ണിട്ടുനികത്തി കരഭൂമിയാക്കി മാറ്റിയിരിക്കുന്നു. അവയിൽ പലതും ഇപ്പോൾ റബ്ബർകൃഷിക്കുവേണ്ടി വിനിയോഗിക്കുന്നു. മറ്റു ചിലവ ഇഷ്ടികനിർമ്മാണത്തിനായി ഉപയോഗിച്ച് വൻ കുളങ്ങളായി മാറിക്കഴിഞ്ഞു. ഹരിതാഭയാർന്ന നെൽപ്പാടങ്ങൾക്കിടയിലൂടെ കളകളാരവമുയർത്തി ഒഴുകിയിരുന്ന നദികളും തോടുകളും ഇന്ന് 'കൈച്ചാണകളാ'യി മാറിക്കഴിഞ്ഞു. ഇവയുടെ നീളവും വീതിയുംതന്നെ നന്നേ കുറഞ്ഞുപോയി. ആളുകൾ കയ്യേറി കൈക്കലാക്കി. അതാണ് സത്യം.

നെല്ല്, മരച്ചീനി, തെങ്ങ്, കുരുമുളക്, കൊക്കോ, കാപ്പി, മഞ്ഞൾ, ഇഞ്ചി, വാഴ തുടങ്ങിയവയായിരുന്നു പ്രധാനകൃഷികൾ. പച്ചക്കറികൾ ധാരാളമായി കൃഷിചെയ്തുവന്നിരുന്ന ഈ പ്രദേശത്ത് നിരന്തരമായുണ്ടാകുന്ന കാർഷികരോഗാതുരതയും കൃഷിപ്പിഴയും ജലസേചനത്തിൻെറ അപര്യാപ്തതയും ഈ പ്രദേശത്തെ കൃഷിപ്പണികൾക്ക് നന്നേ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്.

ഏതാണ്ട് കൃത്യമായി പറഞ്ഞാൽ ഈ പഞ്ചായത്തിൻെറ കിഴക്കും തെക്കുമായാണ് 'മീനച്ചിൽ ആറ്' കടന്നുപോകുന്നത്. കിടങ്ങൂർ, ഏറ്റുമാനൂർ പഞ്ചായത്തുകളുടെ അതിർത്തിയിലൂടെയാണ് കട്ടച്ചിറതോട് കടന്നുപോകുന്നത്. മീനച്ചിലാറിൻെറ വടക്കേക്കരയിൽ സുമാർ 10 കി.മീ. ദൂരം ഏറ്റുമാനൂർ പഞ്ചായത്തിൽപെട്ട സ്ഥലങ്ങളാണ്. (പുന്നത്തുറ മുതൽ പേരൂർ വരെയുള്ള ഭാഗങ്ങൾ.)

## ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് ഭൂമി സംബന്ധിച്ച വിവരങ്ങൾ

| ഇനം | വിസ്തീർണ്ണം (Ha) |
|---|---|
| നിലം | 379 Ha |
| പുരയിടം | 2190 Ha |
| പുറമ്പോക്ക് | 157 Ha |
| കൃഷിയോഗ്യതരിശ് | 1 Ha |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 1 Ha |
| ആകെ | 2728 Hactor |

# ജനപ്രകൃതി

1991-ലെ കാനേഷുമാരി കണക്കുകൾപ്രകാരം (1991 നുശേഷം സെൻസസ് നടത്തിയിട്ടില്ല) ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 41216 ആണ്. ഇതിൽ 20617 പുരുഷന്മാരും 20599 സ്ത്രീകളുമാണ്. സ്ത്രീകളേക്കാൾ 108 പുരുഷന്മാർ കൂടുതലാണ്. സംസ്ഥാനശരാശരിയിൽ വനിതകളാണ് കൂടുതൽ. ആകെ 7996 വീടുകളുണ്ട്. വീടൊന്നിന് ശരാശരി 5.15 ആളുകളുണ്ട്. 1991-ലെ വാർഡ് തിരിച്ചുള്ള ജനസംഖ്യ ചുവടെ ചേർക്കുന്നു.

## വാർഡ്തലത്തിൽ ജനസംഖ്യ (1991)

| വാർഡ് നമ്പർ | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|
| I | 1966 | 2000 | 3966 |
| II | 1533 | 1436 | 2969 |
| III | 1699 | 1681 | 3380 |
| IV | 1543 | 1563 | 3106 |
| V | 1614 | 1536 | 3150 |
| VI | 1591 | 1584 | 3175 |
| VII | 1342 | 1344 | 2686 |
| VIII | 1353 | 1359 | 2712 |
| IX | 1285 | 1349 | 2634 |
| X | 1557 | 1586 | 3143 |
| XI | 1953 | 1976 | 3929 |
| XII | 1496 | 1522 | 3018 |
| XIII | 1685 | 1663 | 3348 |
| ആകെ | 20617 | 20599 | 41216 |

# ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്
## കാർഷികോപകരണങ്ങൾ

| വാർഡ് നമ്പർ | ഉഴവുപകരണങ്ങൾ | | | മരുന്നുതളി ഉപകരണങ്ങൾ | | | മെതി യന്ത്രം | തെങ്ങു കയറ്റ യന്ത്രം | പോർ ട്ടബിൾ പമ്പു സെറ്റ് |
|---|---|---|---|---|---|---|---|---|---|
| | ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | റോക്ക് സ്പ്രെയർ | നാപ് സ്റ്റാക് സ്പ്രെയർ | മറ്റുള്ളവ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| I | | | | | 5 | | | | 18 |
| II | | | | | 15 | | | | 12 |
| III | 1 | 1 | | 2 | 25 | | 1 | | 25 |
| IV | | | | | | | | | 10 |
| V | | | | | | | | | 12 |
| VI | | | | | | | | | 10 |
| VII | | | | | | | | 1 | 10 |
| VIII | | | | | | | | 1 | 20 |
| IX | | | | | | | | | 15 |
| X | | | | | 5 | | | | 25 |
| XI | 2 | | | | 5 | | | | 15 |
| XII | | | | | 10 | | | | 10 |
| XIII | | | | | 10 | | | | 20 |
| XIV | 3 | 4 | | 10 | 50 | | 2 | | 50 |
| ആകെ | 6 | 5 | - | 12 | 125 | - | 3 | 2 | 252 |

# ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്
## രാസവള-കീടനാശിനി വിപണനം

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | 1993 - 94 | | | 1994 - 95 | | | 1996 - 97 | | |
|---|---|---|---|---|---|---|---|---|---|---|
| | | രാസവളം കി.ഗ്രാം. | കീടനാശിനി | | രാസവളം കി.ഗ്രാം. | കീടനാശിനി | | രാസവളം കി.ഗ്രാം. | കീടനാശിനി | |
| | | | ദ്രവം | ഖരം | | ദ്രവം | ഖരം | | ദ്രവം | ഖരം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| | സഹകരണം | 200150 | 740 | 350 | 200500 | 850 | 240 | 235279 | 1009 | 230 |
| | സ്വകാര്യം | 100010 | 806 | 750 | 100050 | 908 | 816 | 118060 | 1100 | 815 |

## ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്
## കൈവശ ഭൂമി വിസ്തീർണ്ണം

| വാർഡ് നമ്പർ | നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ) | ചെറുകിട കർഷകർ (1 - 2 ഹെക്ടർ) | വൻകിട കർഷകർ (2 ഹെക്ടറിനു മുകളിൽ) |
|---|---|---|---|
| I | 604 | 341 | 4 |
| II | 364 | 232 | 2 |
| III | 574 | 311 | 3 |
| IV | 460 | 212 | 3 |
| V | 202 | 180 | 2 |
| VI | 315 | 162 | 3 |
| VII | 212 | 103 | 2 |
| VIII | 280 | 210 | 2 |
| IX | 364 | 264 | 3 |
| X | 812 | 310 | 3 |
| XI | 680 | 280 | 4 |
| XII | 431 | 341 | 2 |
| XIII | 867 | 370 | 4 |
| XIV | 938 | 384 | 3 |
| ആകെ | 7103 | 3700 | 40 |

## ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്
## 3.9 കൈവശഭൂമിയുടെ വിസ്തീർണ്ണം

| വാർഡ് നമ്പർ | നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ) | ചെറുകിട കർഷകർ (1 - 2 ഹെക്ടർ) | വൻകിട കർഷകർ (2 ഹെക്ടറിനു മുകളിൽ) |
|---|---|---|---|
| | 7103 | 3700 | 40 |

## ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്
## തെങ്ങുകൃഷി സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | തെങ്ങ് വിസ്തീർണ്ണം | തെങ്ങ് എണ്ണം | | | രോഗം ബാധിച്ച തെങ്ങ് | | | | |
|---|---|---|---|---|---|---|---|---|---|
| | | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽറ്റ് | ലിഫ്ട് റൂട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡിംഗ് | മറ്റുള്ള കീടബാധ |
| I | 10Hr. | 1365 | 2590 | 3955 | 606 | 48 | 203 | 16 | 460 |
| II | 22 Hr. | 2999 | 5698 | 8697 | 1298 | 108 | 418 | 13 | 1015 |
| III | 20 Hr. | 2733 | 5180 | 7913 | 1200 | 99 | 385 | 19 | 931 |
| IV | 9 Hr. | 1228 | 2331 | 3559 | 547 | 44 | 172 | 17 | 419 |
| V | 5 Hr. | 687 | 1295 | 1982 | 313 | 24 | 93 | 15 | 239 |
| VI | 25 Hr. | 3420 | 6475 | 9895 | 1491 | 123 | 502 | 14 | 1250 |
| VII | 10 Hr. | 1365 | 2590 | 3955 | 606 | 48 | 197 | 18 | 467 |
| VIII | 15 Hr. | 2047 | 3885 | 5932 | 901 | 73 | 287 | 16 | 693 |
| IX | 10 Hr. | 1385 | 2590 | 3975 | 610 | 48 | 197 | 13 | 468 |
| X | 40 Hr. | 5445 | 10360 | 15805 | 2376 | 197 | 812 | 20 | 1849 |
| XI | 47 Hr. | 6397 | 12173 | 18570 | 2789 | 231 | 943 | 15 | 2162 |
| XII | 48 Hr. | 6533 | 12439 | 18972 | 2848 | 240 | 983 | 16 | 2217 |
| XIII | 60 Hr. | 8170 | 15548 | 23718 | 3572 | 300 | 1189 | 21 | 2789 |
| XIV | 55 Hr. | 7487 | 14252 | 21739 | 3261 | 275 | 1045 | 16 | 2541 |
| ആകെ | 376 Hr. | 51261 | 97406 | 148667 | 22418 | 1858 | 7433 | 229 | 17500 |

## ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്
## 3.7 തെങ്ങുകൃഷി സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | തെങ്ങ് വിസ്തീർണ്ണം | തെങ്ങ് എണ്ണം | | | രോഗം ബാധിച്ച തെങ്ങ് | | | | |
|---|---|---|---|---|---|---|---|---|---|
| | | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽറ്റ് | ലിഫ്ട് റൂട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡിംഗ് | മറ്റുള്ള കീടബാധ |
| | 376 Hr. | 51261 | 97406 | 148667 | 22418 | 1858 | 7433 | 229 | 17500 |

# ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്
# വിള വിസ്തീർണ്ണവും ഉൽപാദനവും

| വിള | വിസ്തീർണ്ണം | മൊത്തം ഉൽപാദനം | ഉൽപാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് (ഒന്നാംവിള)<br>നെല്ല് (രണ്ടാംവിള)<br>നെല്ല് (മൂന്നാംവിള) | 370 ഹെക്ടർ | 250 ടൺ<br>300 "<br>1225 " } 1775 | 4790 Kg/ഹെക്ടർ |
| പയർ | 50 " | 225 " | 4500 Kg |
| എള്ള് | - | - | - |
| പച്ചക്കറികൾ | 30 " | 500 " | 1600 Kg |
| തെങ്ങ് | 376 " | 1025220 തേങ്ങ | 2726 |
| വാഴ | 50 " | 800 ടൺ | 16000 Kg |
| മരച്ചീനി | 40 " | 1000 " | 25000 Kg |
| കുരുമുളക് | 45 " | 900 " | 20000 Kg |
| പ്ലാവ് | 10 " | 40 " | 4000 Kg |
| കശുമാവ് | 25 " | 60 " | 2400 Kg |
| മാവ് | 5 " | 50 " | 10000 Kg |
| റബ്ബർ | 600 " | 150 " | 250 Kg |
| കവുങ്ങ് | 10 " | 1 " | 100 Kg |
| കൈതച്ചക്ക | 15 " | 75 " | 5000 Kg/ഹെക്ടർ |



# കൃഷിഭവനിൽനിന്നും കൊടുത്തിട്ടുള്ള ആനുകൂല്യങ്ങൾ (1995-96)

| സ്കീം | ഗുണഭോക്താവ് (എണ്ണം) | വിത്ത് വളം | സബ്സിഡി | സ്കീം | ഗുണഭോക്താവ് (എണ്ണം) | വിത്ത് വളം കീടനാശിനി | സബ്സിഡി | സ്കീം | ഗുണഭോക്താവ് (എണ്ണം) | വിത്ത് വളം കീടനാശിനി | സബ്സിഡി |
|---|---|---|---|---|---|---|---|---|---|---|---|
| പച്ചക്കറി വികസനം | 10 | - | 200 | കപ്പ | 10 | - | 2250 | തെങ്ങുകയറ്റയന്ത്രം | 2 | - | 500 |
| കുരുമുളക് (സംരക്ഷണം) | 25 | - | 5000 | കപ്പ (ഡിമോൺസ്ട്രേഷൻ | 1 | - | 200 | തെങ്ങിൻ തൈകൾ (വെസ്റ്റ് കോസ്റ്റ്) | 113 | 400 എണ്ണം | - |
| വിത്ത് ഉദ്പാദനം | 3 | - | 3255 | വിള മത്സരം | 5 | നെല്ല് തേങ്ങ കുരുമുളക് പച്ചക്കറി | - | വളം | 78 | 1000 കി.ഗ്രാം | - |
| കുരുമുളക് കൃഷി വ്യാപിപ്പിക്കൽ | 5 | - | 3350 | പമ്പ് സെറ്റ് | 81 | - | 187500 | s. c.p. കിണർ | 1 | - | 10000 |
| കുരുമുളക് ഡെമോൺസ്ട്രേഷൻ | 1 | - | 180 | കിണർ | 23 | - | 57500 | | | | |
| സ്പ്രെയർ | 3 | - | 1425 | കിണർ (Sc/St) | 1 | - | 8050 | | | | |
| കൊക്കോ വികസനം | 25 | 235 (വളം, കീടനാശിനി | 4125 | നെൽവിത്ത് | 47 | 100 കിറ്റ്ഡ് | - | | | | |
| കൊക്കോ ഡെമോൺസ്ട്രേഷൻ | 1 | - | 600 | പയർ വിത്ത് | 44 | - | 50% | | | | |
| കൊക്കോ വിത്ത് വിതരണം | 8 | 125 | - | മാവിൻ തൈ | 73 | 80 തൈകൾ | - | | | | |
| വെജിറ്റബിൾ കിറ്റ് | പേരൂർ സ്കൂൾ | - | 480 | കിഴങ്ങുവർഗ്ഗം | 4 | - | 440 | | | | |
| വാഴവിത്ത് | 218 | 2818 | - | പയർ | പേരൂർ പാടശേഖരം | 200 കി.ഗ്രാം | - | | | | |
| പയറ് | 8 | 32കി.ഗ്രാം | - | റോക്കർ സ്പ്രെയർ | 1 | - | 1000 | | | | |



സബ്സിഡി ആകെ - 286055 രൂ.

ഗുണഭോക്താക്കളുടെ എണ്ണം ആകെ - 791

## ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്
## 3.5 നടീൽ വസ്തു വിതരണം

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993 - 94 | 1994 - 95 | 1995 - 96 |
| തെങ്ങ് | 8329 | 895 | 900 |
| കശുമാവ് | - | - | - |
| കുരുമുളക് | 1500 | - | 2200 |
| വാഴവിത്ത് | - | - | 2940 |
| കവുങ്ങ് | - | - | - |
| ജാതി | - | 25 | - |
| ഗ്രാമ്പൂ | - | 25 | - |
| കൊക്കോ | - | - | 125 |
| സപ്പോട്ട | - | 10 | - |
| മാവ് ഗ്രാഫ്റ്റ് | - | 50 | 8 |
| പ്ലാവ് | - | 20 | 72 |

## ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്
## 3.6 ദുരിതാശ്വാസ വിതരണം

| വർഷം | പ്രശ്നബാധിതപ്രദേശത്തിന്റെ വിസ്തീർണ്ണം | | | | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| 1 | 2<br>വെള്ളപ്പൊക്കം | 3<br>വരൾച്ച | 4<br>കൊടുങ്കാറ്റ് | 5<br>ഉരുൾപൊട്ടൽ | 6 | 7<br>Rs |
| 1993-94 | - | - | - | - | - | - |
| 1994-95 | 19,423 | - | - | - | - | 19,423 |
| 1995-96 | - | - | - | - | - | - |

# നെൽകൃഷി

കേരളീയരുടെ മുഖ്യാഹാരം അരിയായിരുന്നല്ലോ. എന്നാൽ കഴിഞ്ഞ രണ്ടു ദശാബ്ദമായി നെല്ല് ഉല്പാദനം വർഷംചെല്ലുംതോറും കുറഞ്ഞുവരുന്നു. ഇന്ന് കേരളത്തിൽ നമുക്കാവശ്യമായ അരിയുടെ 30% മാത്രമേ ഉല്പാദിപ്പിക്കപ്പെടുന്നുള്ളു.

അപര്യപ്തമായ ജലസേചനവും അമിതമായ കൂലിവർദ്ധനയും ജനങ്ങളെ കൃഷിപ്പണിയിൽ നിന്നും കച്ചവടത്തിലേക്കും വ്യവസായത്തിലേക്കും തിരിച്ചുവിടുന്നു. ജനസംഖ്യാവർധനയും മേൽപ്രസ്താവിച്ച കാരണങ്ങളും നിമിത്തം നെൽപ്പാടങ്ങൾ നികത്തി പുരയിടങ്ങളാക്കി മാറ്റുവാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നു.

മറ്റ് ഏതു കൃഷിയേയുംപോലെ നെൽകൃഷിക്കാരും അഭിമുഖീകരിക്കുന്ന പ്രധാനപ്രശ്നം ജലസേചനത്തിൻെറ അപര്യാപ്തതയാണ്. ക്രമാതീതമായ റബ്ബർ കൃഷിയുടെ വ്യാപനത്തോടെ മണ്ണിലെ ജലാംശത്തിൻെറ അളവ് ക്രമാതീതമായി കുറഞ്ഞുവരുന്നു. ഈ പഞ്ചായത്തിലെ പല നെൽപ്പാടങ്ങളും കാനകീറി റബ്ബർകൃഷി നടത്തുന്നു. കാനകളിൽപോലും വെള്ളം താഴ്ന്നു പോകുന്ന നിലയിലേക്ക് എത്തിയിട്ടുണ്ടിപ്പോൾ. ചതുപ്പുനിലങ്ങളും 'മ്യാലും' മറ്റും ഒന്നാംതരം റബ്ബർതോട്ടങ്ങളായി മാറിക്കഴിഞ്ഞു. കാർഷികവിളനിലങ്ങൾ താരതമ്യേന കുറയുകയും നാണ്യവിളകൾക്ക് പ്രാധാന്യമേറുകയും ചെയ്തു.

ആവശ്യത്തിന് വെള്ളം ലഭിക്കുമെങ്കിൽ പഞ്ചായത്തിലെ മിക്കവാറും ഒരുപ്പൂകണ്ടങ്ങൾ ഇരുപ്പൂകണ്ടങ്ങളായും മൂപ്പൂ കണ്ടങ്ങളായും മാറ്റാവുന്നതാണ്. ഒപ്പം കുടിവെള്ളപ്രശ്നവും ഒട്ടേറെ പരിഹരിക്കുകയും ചെയ്യും.

# തെങ്ങ്

കേരളത്തിൽ നെല്ലുകഴിഞ്ഞാൽ വ്യാപകമായി കൃഷിചെയ്യുന്നത് തെങ്ങാണ്. 'കേരംതിങ്ങും കേരളനാട്ടിൽ' ഇന്ന് തെങ്ങുകളുടെ എണ്ണം പരിമിതമായിക്കൊണ്ടിരിക്കുന്നു. തെങ്ങിൻ പുരയിടങ്ങളിൽപോലും ഇന്ന് റബ്ബർകൃഷി നടപ്പാക്കി വരുന്നു. തെങ്ങിനുണ്ടാകുന്ന കാറ്റുവീഴ്ചയും കുമിൾരോഗവും തെങ്ങുകൃഷിയെ ആളുകളിൽ നിന്നും അകറ്റുന്നു. ഉല്പാദനക്ഷമതയേറിയ തെങ്ങിൻതൈകളോ കീടനാശിനികളോ കാലാകാലങ്ങളിൽ കേരകർഷകർക്ക് കിട്ടുന്നില്ല. ഈ പഞ്ചായത്തിൽ ഒരു കേരവികസന സമിതി പ്രവർത്തിച്ചുവരുന്നുണ്ട്. ഈ സമിതിയുടെ ആഭിമുഖ്യത്തിൽ തെങ്ങിൻതൈകൾ, വളങ്ങൾ, കീടനാശിനികൾ, പമ്പുസെറ്റ്, സ്പ്രെയർ തുടങ്ങിയവ അംഗങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്.

നാനാതരത്തിൽ തെങ്ങുകൃഷിയെ പ്രോത്സാഹിപ്പിക്കുന്ന രീതിയിലുള്ള പദ്ധതികൾ നാളികേര ബോർഡ് ആവിഷ്കരിച്ച് നടപ്പാക്കണം. മേൽത്തരം തെങ്ങിൻതൈകൾ നട്ടുപിടിപ്പിക്കുവാൻ കർഷകരെ പ്രോത്സാഹിപ്പിക്കുകയും അതിനാവശ്യമായ സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നൽകുകയും ചെയ്യണം. ഒരു സമയബന്ധിതപരിപാടിയായി ആവിഷ്കരിച്ചുകൊണ്ട് ഒരു വീടിന് രണ്ട് തെങ്ങ് എന്ന തോതിൽ പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും തെങ്ങ് വച്ചുപിടിപ്പിക്കുവാനുള്ള അവസരം ഒരുക്കണം. പൊതുസ്ഥലങ്ങൾ, പൊതുകുളങ്ങൾ, ശ്മശാനങ്ങൾ തുടങ്ങിയ സ്ഥലങ്ങൾ വേണ്ടവിധം സംരക്ഷിക്കുകയും ടി സ്ഥലങ്ങളിൽ തെങ്ങ് വച്ചുപിടിപ്പിക്കുകയും ചെയ്യണം.

# മരച്ചീനി

തൊള്ളായിരത്തി എഴുപതുകളിൽ കേരളജനതയുടെ മുഖ്യാഹാരമായിരുന്നു മരച്ചീനി. എന്നാൽ മരച്ചീനി ഇന്ന് ഒരു വി.ഐ.പി. ഫുഡ് ആയി മാറിയിട്ടുണ്ട്.

എന്നാൽ ഒരു 'മുഖ്യാഹാരം' എന്ന സ്ഥാനത്തുനിന്നും മരച്ചീനി പുറന്തള്ളപ്പെട്ടു. മരച്ചീനി കൃഷിചെയ്യുന്ന സ്ഥലങ്ങൾ പരിമിതമായിക്കൊണ്ടിരിക്കുന്നു. ഇതിന് പല കാര്യങ്ങൾ ഉണ്ട്. ക്രമാതീതമായ കീടബാധയും എലി മുതലായവയുടെ ഉപദ്രവവും മരച്ചീനികൃഷിയിൽ നിന്നും മനുഷ്യരെ അകറ്റിനിർത്തുന്നു. മരച്ചീനിയിൽ നിന്നും പഞ്ചസാര ഉല്പാദിപ്പിക്കാമെന്നും മറ്റും ശാസ്ത്രീയമായി തെളിയിച്ചുകഴിഞ്ഞിരിക്കുന്ന ഈ യുഗത്തിൽ മരച്ചീനികൃഷി പ്രോത്സാഹിപ്പിക്കേണ്ടതാവശ്യമാണ്. വാഴക്കൃഷി നടത്തുന്ന പുരയിടങ്ങളിൽ കുലവെട്ടിയ വാഴ പിഴുതെടുത്ത് വലിയ തടങ്ങളുണ്ടാക്കി ജീർണ്ണിച്ച വാഴയും ചപ്പുചവറും ചാണകവും കൂടി ഇട്ട് മണ്ണിട്ടുമൂടി 'കൂമ്പൽ' എടുത്ത് നടുന്നു. കപ്പയ്ക്ക് 1 ചുവട്ടിൽ നിന്നും 18-20 കിലോഗ്രം വരെ ഉല്പാദനക്ഷമതയുണ്ട് എന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്.

പ്ലാസ്റ്റിക് ചാക്കുകളിൽ മണ്ണും ജൈവവളവും കൂടി നിറച്ച് വീടിൻെറ മട്ടുപ്പാവിൽപോലും മരച്ചീനികൃഷി നടത്തുവാൻ തുടങ്ങിയിട്ടുണ്ട്. ഇതു വളരെ ആദായകരമാണെന്നും തെളിയിച്ചുകഴിഞ്ഞു.

# കുളങ്ങൾ, തോടുകൾ, പുഴ

| വാർഡ് | കുളങ്ങൾ | വിസ്തീർണ്ണം (സെൻറ്) | തോടുകൾ | വിസ്തീർണ്ണം (മീറ്റർ) | പുഴ | വിസ്തീർണ്ണം |
|---|---|---|---|---|---|---|
| I | - | - | 3 | 6000 | മീനച്ചിൽ ആറ് | |
| II | 2 | 4 സെൻറ് | 3 | 2975 | | |
| III | 2 | 7 " | 1 | 1005 | | |
| IV | - | - | - | - | | |
| V | 1 | 1 " | 1 | 1370 | | |
| VI | 2 | 6 " | 2 | 1654 | | |
| VII | 3 | 8 " | - | - | | |
| VIII | 1 | 3 " | 1 | 700 | | |
| IX | 2 | 12 " | 2 | 2312 | | |
| X | 1 | 2 " | 1 | 965 | | |
| XI | 2 | 3 " | 2 | 640 | | |
| XII | 1 | 50 " | 1 | 560 | | |
| XIII | 3 | 16 " | 3 | 4632 | | |
| XIV | 5 | 40 " | 2 | 4310 | | |
| ആകെ | 25 | 152 " | 22 | 27123 മീറ്റർ | | 6500 മീ |



## കവുങ്ങ്

ഒരു കാലത്ത് അടയ്ക്ക ഒരു നാണ്യവിളയായിരുന്നു. വളരെ വ്യാപകമായി കവുങ്ങ് ഈ പ്രദേശത്ത് കൃഷിചെയ്തു വന്നിരുന്നു. ചതുപ്പുനിലങ്ങളിലും തോടിൻെറയും കുളത്തിൻെറയും മറ്റും സമീപപ്രദേശങ്ങളിലും ഈ കൃഷി വളരെ വ്യാപകമായി നടന്നുവരുന്നു. എന്നാൽ ഇപ്പോൾ അത്യുല്പാദനശേഷിയുള്ള കവുങ്ങിൻതൈകളായ മംഗള തുടങ്ങിയവ രംഗത്തു വന്നതോടുകൂടി അല്പം 'അനക്കം' കവുങ്ങു കൃഷിക്കുണ്ടായിട്ടുണ്ട്.

## കൂൺകൃഷി

സമ്പുഷ്ടമായ പോഷകാഹാരമാണ് കൂൺ. വളരെയധികം വിപണനസാധ്യതയുള്ള കൂൺകൃഷി പഞ്ചായത്ത് അടിസ്ഥാനത്തിൽ വികസിപ്പിച്ചെടുത്താൽ തൊഴിൽരഹിതരായ നിരവധിപേർക്ക് തൊഴിലാവും.

## മലഞ്ചരക്കുകൾ

കുരുമുളക്, ഇഞ്ചി, മഞ്ഞൾ, കപ്പി, ജാതി, ഗ്രാമ്പൂ, കച്ചോലം തുടങ്ങിയ കൃഷികൾ അപൂർവ്വമായി ചില പുരയിടങ്ങളിൽ മാത്രം കൃഷി നടത്തിവരുന്നു. ഒരു കാലത്ത് വളരെ വ്യാപകമായി നടത്തിവന്ന ഇഞ്ചി -മഞ്ഞൾകൃഷി ഇന്ന് വളരെയധികം പിന്നോട്ടുപോയി. 'ആലപ്പുഴ'യിൽ പോയി മലഞ്ചരക്കു വിറ്റുവന്ന ഏറ്റുമാനൂരെ പല മലഞ്ചരക്കു വ്യാപാരികളും ഇന്ന് അപ്രത്യക്ഷരായി. കേരളത്തിൻെറ കറുത്ത പൊന്ന് എന്ന് പാശ്ചാത്യരാജങ്ങളിൽപോലും പേരു കേട്ടിരുന്ന കുരുമുളക്, ഇന്ന് അപൂർവ്വവസ്തുവായി മാറിക്കഴിഞ്ഞു. ഇപ്പോൾ വർഷംതോറും 'മന്ന്'കണക്കിന് (ഇപ്പോഴത്തെ 17.5 കി.) കുരുമുളക് പറിക്കാനുണ്ട് എന്ന് അഭിമാനിച്ചിരുന്ന പല കൃഷിക്കാരും ഇന്ന് വേരറ്റുപോകാതെ ഒന്നോ രണ്ടോ കുരുമുളകുചെടികൾ മുറ്റത്ത് ഓമനിച്ചു വളർത്തുന്നു എന്നതാണു സത്യം.

കൃഷിഭവൻ മുഖാന്തിരം ധാരാളം ആധുനിക നടീൽ വസ്തുക്കളും വളവും കീടനാശിനികളും കൃഷിക്കാരുടെ ഇടയിൽ വിതരണം ചെയ്യുവാൻ ശ്രമിച്ചുവരുന്നു. അത്യുല്പാദനശേഷിയുള്ള പന്നിയൂർ ഒന്ന് തുടങ്ങിയ കുരുമുളകുവള്ളികളും അത്യുല്പാദനശേഷിയുള്ള ഇഞ്ചിവിത്തുകളും, മഞ്ഞൾവിത്തുകളും കൃഷിക്കാരുടെ ഇടയിൽ വിതരണം ചെയ്യുന്നുണ്ട്. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടപ്പാക്കിവരുന്നു. കേരവികസനസമിതി, കുരുമുളക് സമിതി തുടങ്ങിയവയുടെ സഹായത്തോടുകൂടി കൃഷിഭവൻ മുഖാന്തിരം ധാരാളം പദ്ധതികൾ നടപ്പാക്കിവരുന്നു.

## വിശേഷാൽ ഗ്രാമസഭയിൽ ഉയർന്നുവന്ന വികസന ആവശ്യങ്ങൾ

മൂവാറ്റുപുഴ നദീതടപദ്ധതിയുടെ ഇറിഗേഷൻ കനാൽ ഈ പഞ്ചായത്തിൽപെട്ട പട്ടിത്താനം ഭാഗത്തുനിന്നും കൊടുവത്താനം, കുരിശുമല, ഒറ്റപ്പന, ക്ലാമറ്റം, മഴുവനാക്കുന്ന്, പുലിയതു ഭാഗത്തുകൂടി കട്ടച്ചിറ കടന്നുപോകുവാൻ വേണ്ട നടപടി സ്വീകരിച്ചാൽ ജലദൗർലഭ്യം പ്രത്യേകിച്ച് കുടിവെള്ളത്തിന് ഏറെ ബുദ്ധിമുട്ടനുഭവിക്കുന്ന ഏറ്റുമാനൂർ പഞ്ചായത്തിലെ 1, 3, 4, 5, 8, 9 എന്നീ പ്രദേശങ്ങളിലെ കുടിവെള്ളപ്രശ്നത്തിനും കൃഷിക്കും ഒട്ടേറെ പരിഹാരമാകും.

കട്ടച്ചിറ പാലത്തിനു വടക്കുവശമുള്ള ചീപ്പ് പ്രവർത്തനക്ഷമമാക്കിയാൽ 100 ഓളം ഏക്കർ സ്ഥലത്ത് ജലസേചനസൗകര്യം ഉണ്ടാകും. പുന്നത്തുറമുതൽ പേരൂർ കറുത്തേടംവരെയുള്ള മീനച്ചിലാറിൻെറ കരയിടിച്ചിലുള്ള ഭാഗങ്ങൾ സംരക്ഷിണ ഭിത്തി കെട്ടി ബലപ്പെടുത്തണം. ഏറ്റുമാനൂർ പഞ്ചായത്തതിർത്തിയിൽപ്പെട്ട പുന്നത്തുറ, പള്ളിക്കുന്ന്, പാലപ്പുഴ എന്നീ ലിഫ്റ്റ് ഇറിഗേഷനുകളിൽ ശക്തികൂടിയ മോട്ടോറുകൾ സ്ഥാപിച്ചും ഇറിഗേഷൻ കനാലുകളുടെ ദൈർഘ്യം വർധിപ്പിച്ചും കൂടുതൽ ജലസേചനസൗകര്യങ്ങൾ ഏർപ്പെടുത്താം. പേരൂർ ഭാഗത്ത് ചാലുവള്ളിതോട്, മഠത്തിക്കുഴിതോട് എന്നീ ഭാഗത്ത് ഷട്ടർ നിർമ്മിച്ച് വെള്ളം തടഞ്ഞുനിർത്തുകയും ആയത് ഇറിഗേഷനുവേണ്ടി ഉപയോഗിക്കുകയും ചെയ്യാം.

പുലിയതുതോട്ടിൽ ഒരു ചീപ്പു നിർമ്മിച്ച് വെള്ളം സംഭരിച്ചാൽ 100 ഓളം ഏക്കർ സ്ഥലത്തെ ഇറിഗേഷന് ഉപകരിക്കും.

നൂറ്റാണ്ടുകൾ പഴക്കമുള്ളതും അഭൗമമായ ജലശ്രോതസ്സുമായ 'ചിറക്കുളം' പുനരുദ്ധരിക്കുകയും ഇതിൻെറ പുറത്തേക്കുള്ള കനാൽ ചെറുവാണ്ടൂർ പാടശേഖരംവരെ ദീർഘിപ്പിച്ചാൽ ഏതാണ്ട് 200-ൽ ഏറെ ഏക്കർ പാടശേഖരം കൃഷിക്കുപയുക്തമാവും.

പട്ടിത്താനം ജംഗ്ഷനിൽ നിന്നും ആരംഭിച്ച് തവളക്കുഴി, 'മാറാവേലി കണ്ട'ത്തിൽ ഏറ്റുമാനൂർ ക്ഷേത്ര

## പച്ചക്കറി

ഇന്ന് കേരളം പച്ചക്കറിയുടെ കാര്യത്തിൽ ഒരു ഉപഭോക്തൃസംസ്ഥാനമായി മാറിക്കഴിഞ്ഞിരിക്കുന്നു. തമിഴ്നാട്, ആന്ധ്ര, കർണ്ണാടകം തുടങ്ങിയ അന്യസംസ്ഥാനങ്ങളിൽ നിന്നും പ്രതിവർഷം ഉദ്ദേശം അറുന്നൂറ് കോടി രൂപയിലേറെ വിലയ്ക്കുള്ള പച്ചക്കറികൾ ഇറക്കുമതി ചെയ്യുന്നുണ്ട്.

ഏറ്റുമാനൂരിനെ സംബന്ധിച്ച് പറയുമ്പോൾ ഇവിടുത്തെ ആളുകൾ ഉണ്ടാക്കുന്ന പച്ചക്കറികൾ സാധാരണയായി അതിരമ്പുഴ, കുറുപ്പംതറ തുടങ്ങിയ സ്ഥലങ്ങളിലെ ചന്തകളിൽ കൊണ്ടുപോയി കൊടുത്തിരുന്നു. അവർക്കാവശ്യമുള്ള സാധനങ്ങൾ അവിടെ നിന്നുതന്നെ വാങ്ങുകയും ചെയ്തിരുന്നു. എന്നാൽ ഇന്ന് സ്ഥിതിമാറി. എല്ലാ നാൽക്കവലകളിലും മറ്റ് പ്രധാനപ്പെട്ട ജംഗ്ഷനുകളിലും പച്ചക്കറിക്കടകൾ പ്രത്യക്ഷപ്പെട്ടു. സ്വന്തമായി പച്ചക്കറി കൃഷി നടത്തുവാൻ സൗകര്യമുള്ള ആളുകൾപോലും ഇത്തരം കടകളിൽ നിന്നും അവർക്കാവശ്യമുള്ള പച്ചക്കറികൾ 'മെയ്യനങ്ങാതെ' വാങ്ങുന്ന സ്ഥിതിവിശേഷം സംജാതമായിരിക്കുന്നു. എന്നാൽ 'ഒരു വീടിന് ഒരു പച്ചക്കറിത്തോട്ടം' എന്ന രീതിയിൽ ഒരു പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കുന്നതായാൽ മാർക്കറ്റിലെ ക്രമാതീതമായ വിലയെ ഒരു പരിധിവരെ നിയന്ത്രിക്കുവാൻ സാധിക്കും. ആയതിനുവേണ്ട സഹായങ്ങൾ സർക്കാർ ചെയ്യുകയും വേണം.

## റബ്ബർ

നാണ്യവിളകളിൽ അഗ്രഗണ്യൻ റബ്ബർ ആണിപ്പോൾ. 1940-കളിൽ ഇവിടെ റബ്ബർകൃഷിക്ക് തുടക്കംകുറിച്ചു എന്നാണറിയുവാൻ കഴിയുന്നത്. അനുകൂലമായ കാലാവസ്ഥ, വിപണനസൗകര്യം, ഭൂപ്രകൃതിചെലവ് തുലോം കുറവുള്ള കൃഷിസമ്പ്രദായം ഇവ റബ്ബർകൃഷി വ്യാപകമാകാൻ കാരണമായി. ഇന്ത്യൻ റബ്ബർ വിപണി വളർന്നുകൊണ്ടിരിക്കുന്നു. ആനുപാതികമായ വളർച്ച ഇത്തരുണത്തിൽ റബ്ബർകൃഷിക്കുണ്ടാകേണ്ടതായി വരികയും ചെയ്തു. റബ്ബർ ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രോത്സാഹനവും സാമാന്യം തൃപ്തികരമായ 'വിലനിലവാര'വും റബ്ബർകൃഷി വർദ്ധിക്കുവാനിടയായി. പല വിവിധോദ്ദേശ സഹകരണവിപണനസംഘങ്ങളും എന്തിനേറെ, സഹകരണ സ്ഥാപനങ്ങൾപോലും റബ്ബർ വിപണിയിലേക്ക് കാൽവച്ചു. നിരവധി റബ്ബർ ഉല്പാദകസംഘങ്ങളും റബ്ബർ അധിഷ്ഠിത വ്യവസായങ്ങളും ഉടലെടുത്തു. ഏറ്റുമാനൂരിൽ തന്നെ ഏതാണ്ട് 16-ൽ ഏറെ റബ്ബർബാൻഡ് ഫാക്ടറികൾ ഉണ്ട്. ഏതാണ്ട് 5 റബ്ബർ ഉല്പാദകസംഘങ്ങളുണ്ട്. 80-ൽ ഏറെ റബ്ബർ നെഴ്സറികൾ ഉണ്ട്. ഈ പഞ്ചായത്തിലെ ഏതാണ്ട് ഏറിയ ഭാഗവും കുന്നിൻചരിവുകളായതിനാൽ റബ്ബർ കൃഷി വ്യാപകമായി.

റബ്ബർബോർഡിൽ നിന്നും ടാപ്പിംഗ് തൊഴിലാളികൾക്ക് ധാരാളം സഹായങ്ങൾ എത്തിച്ചുകൊടുക്കുന്നുണ്ട്. തൊഴിലളികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ്, വൈദ്യസഹായം, കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം, കക്കൂസിനും വീടു നിർമ്മിക്കുന്നതിനുമുള്ള വായ്പ ഇങ്ങനെ നിരവധി സഹായങ്ങൾ ലഭിക്കുന്നുണ്ട്. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ സഹകരണമേഖലയിൽ ഈ പ്രദേശത്ത് ആരംഭിക്കുന്നതിന് അനുകൂല കാലാവസ്ഥയാണിന്ന് ഏറ്റുമാനൂരിൽ.

## കൊക്കോ

ഏതാണ്ട് 15 വർഷത്തെ ചരിത്രമേ കൊക്കോയ്ക്ക് ഉള്ളൂ എങ്കിലും കേരളത്തിൽ ഈ കാലയളവിൽ പരക്കെ കൃഷിചെയ്ത ഒരു വിളയാണ് കൊക്കോ. 'കാഡ്ബറി' കമ്പനിയെമാത്രം ആശ്രയിച്ചുനിന്ന ഈ കൃഷിയും വ്യവസായവും ഒട്ടേറെ വികസനം നടന്നിട്ടുണ്ട്. ഒരു ഹ്രസ്വകാലവിള എന്ന രീതിയിൽ കൊക്കോ സാധാരണക്കാരുടെ ഇടയിൽ പടർന്നുകയറി. അമിതമായ വിലവർദ്ധന കൊക്കോയുടെ ഗുണനിലവാരം മോശമാണ് എന്ന് കാഡ്ബറി കമ്പനി വിധിയെഴുതിയതോടെ വിപണി പാടെ തകർന്നു. ഇപ്പോഴും ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിൽ പല സ്ഥലങ്ങളിലും പ്രത്യേകിച്ച് മീനച്ചിലാറിൻെറ തീരങ്ങളിൽ കൊക്കോ ഇപ്പോഴും കൃഷിചെയ്തുവരുന്നു. ഏറ്റുമാനൂർ സർവീസ് സഹകരണബാങ്ക് ഒരു കൊക്കോ സംഭരണസംസ്കരണകേന്ദ്രം ഏറ്റുമാനൂരിൽ തുടങ്ങുവാൻ തീരുമാനിച്ചു എങ്കിലും അവർ ആ ഉദ്യമത്തിൽ നിന്നും പിന്മാറി.

## കശുമാവ്

ഒന്നും വളരാത്ത ഫലഭൂയിഷ്ഠിയില്ലാത്ത മണ്ണിലാണ് കശുമാവ് കൃഷി നടത്തിവരുന്നത്. ഏതാണ്ട് 15 കൊല്ലത്തിനുമുമ്പ് കശുമാവുകൾ ധാരാളമായി ഉണ്ടായിരുന്ന ഈ പ്രദേശത്ത് ഇന്ന് കശുമാവ് എന്നത് ഒരു അപൂർവ്വവൃക്ഷമായി മാറിയിരിക്കുന്നു.

# മൃഗസംരക്ഷണം മത്സ്യബന്ധനം



എല്ലാ സമ്പന്ന കുടുംബങ്ങളിലും തൊഴുത്തുനിറയെ കന്നുകാലികൾ ഉണ്ടായിരുന്ന ഒരു കാലമുണ്ടായിരുന്നു. കന്നുകാലികളുടെ എണ്ണം സമ്പന്നതയെ വിളിച്ചറിയിച്ചിരുന്ന ഒരു ഘടകമായിരുന്നു. നെൽപാടങ്ങളുടെയും തരിശുഭൂമികളുടെയും വിസ്തൃതി കുറഞ്ഞതോടെ കാലിവളർത്തലും നാമമാത്രമായി. ആധുനിക യന്ത്രവൽകൃത കൃഷിരീതികളും രാസവളപ്രയോഗങ്ങളും കാലിവളർത്തലിൻെറ പ്രസക്തി ഒരു പരിധിവരെ നഷ്ടമാക്കുവാനിടയായി. ഇന്ന് പുൽകൊടികൾ റബ്ബർ തോട്ടങ്ങൾക്ക് വഴിമാറി. പണ്ട് മൃഗസംരക്ഷണം ക്ലേശരഹിതവും ചെലവുകുറഞ്ഞതുമായിരുന്നു. നാടൻ പച്ചമരുന്നുകളാണ് അന്ന് ഉപയോഗിച്ചിരുന്നത്. ധവള വിപ്ലവത്തിൻെറ ഫലമായി നാടൻ ഇനങ്ങൾക്കുപകരം അത്യുല്പാദനശേഷിയുള്ള സങ്കരയിനങ്ങൾ രംഗപ്രവേശം ചെയ്തു. ഒപ്പം മൃഗസംരക്ഷണത്തിന് ആധുനിക ചികിത്സാവിധികളും.

പാൽ, മുട്ട, മാംസം എന്നിവയുടെ കാര്യത്തിൽ നാം ഇനിയും സ്വയം പര്യാപ്തത നേടിയിട്ടില്ല. ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിലെ ഏറിയപങ്കും കൃഷിക്കാരാണ്. അതുകൊണ്ടുതന്നെ കാലിവളർത്തൽ ഒരു ഉപതൊഴിലായി സ്വീകരിച്ചുപോരുന്നു. മൃഗസംരക്ഷണരംഗത്ത് ധാരാളം തൊഴിൽ സാധ്യതകളുണ്ട്. ഈ മേഖലയിലെ അധ്വാനഭാരത്തിൻെറ ഏറിയപങ്കും വഹിക്കുന്നത് സ്ത്രീകളാണ്. ഇവരുടെ നിശബ്ദസേവനം നാടിൻെറ സമ്പദ്ഘടനക്ക് ആക്കവും ഊക്കവും നല്കുന്നുണ്ട്.

പാൽ ഉല്പാദനരംഗത്ത് നമ്മുടെ പഞ്ചായത്തിൽ നേരിയ വർദ്ധന ഉണ്ടായിട്ടുണ്ട്. പശുവിൽ നിന്നു കിട്ടുന്ന ചാണകം കൃഷിവിളകൾക്ക് ഉപയോഗിക്കാവുന്ന ഒന്നാന്തരം ജൈവവളമാണ്. ഒപ്പം ബയോഗ്യാസുകൊണ്ടുള്ള ഊർജ ഉല്പാദനം ഇന്ധനക്ഷാമം രൂക്ഷമായിരിക്കുന്ന നമ്മുടെ നാടിന് ഒരു മുതൽകൂട്ടായിരിക്കും.

ത്തിനു കിഴക്കേ നടയിൽകൂടി മീനച്ചിലാറ്റിൽ ചേരുന്ന 'മാറാവേലി' തോടും ക്ലാമറ്റം ഭാഗത്തുനിന്നും വള്ളിക്കാട് മംഗര ഭാഗത്തുകൂടി ചെറുവാണ്ടൂർ ചാലിൽ ചെന്നെത്തുന്ന 'മംഗര'തോടും വീതിയും ആഴവും കൂട്ടിയാൽ ഏതാണ്ട് 400ൽ ഏറെ ഏക്കർ സ്ഥലം ഇതിനു കീഴിൽ വരും. ഈ തോടിന്റെ ഉത്ഭവസ്ഥാനമായ പട്ടിത്താനത്തും ക്ലാമറ്റം ഭാഗവും മൂവാറ്റുപുഴ നദീതടപദ്ധതിയുടെ കനാലുമായി ബന്ധപ്പെടുത്തിയാൽ ഈ പഞ്ചായത്തിലെ 5-ൽ ഏറെ വാർഡുകളിൽ വേനൽക്കാലത്ത് ഉണ്ടാകുന്ന കുടിവെള്ളക്ഷാമത്തിന് ഒട്ടേറെ പരിഹാരമാവും. ഒപ്പം കൃഷിക്കും.

ഈ പഞ്ചായത്തിൽപെട്ട വിവിധ വാർഡുകളിൽ നിരവധി വറ്റാത്ത കുളങ്ങൾ ഉണ്ട്. പേരൂർ പോളച്ചിറ കുളം, ചാലാകിരിക്കുളം, പുന്നത്തുറക്കുളം, അർമാൻ കുളം, പൊയ്കപ്പുറംകുളം, കൂടല്ലൂർകുളം, കറ്റോടു കുളം എന്നീ കുളങ്ങൾ താഴ്ത്തി പാർശ്വങ്ങൾ ഭിത്തി കെട്ടി ബലപ്പെടുത്തുകയാണെങ്കിൽ ഏതാണ്ട് 500-ൽ ഏറെ ഏക്കർ സ്ഥലത്ത് ഇറിഗേഷൻ സൗകര്യം ലഭിക്കും. പേരൂർ പുഞ്ചപ്പാടം ഇറിഗേഷൻ പദ്ധതി പൂർത്തീകരിക്കുക, പേരൂർ പുഞ്ച, കുത്തിയതോട്, അയ്മനം കുലി, ചുറ്റുവനതോട് ഇവ താഴ്ത്തി പാർശ്വഭിത്തികൾ കെട്ടി ഇറിഗേഷന് ഉപയോഗിക്കുക, ചെറുവാണ്ടൂർ പുഞ്ചയിലെ ലിഫ്റ്റ് ഇറിഗേഷന്റെ ആവശ്യത്തിലേക്കായി 60 H.P. മോട്ടോർ സ്ഥാപിക്കുന്നതായാൽ ഏതാണ്ട് 130 ഏക്കർ സ്ഥലത്ത് ജലസേചന സൗകര്യം ഉണ്ടാകും.

തുരുത്തിപ്പാടം, മഠത്തിക്കുഴി കല്ലൂർ തോട്, നെല്ലിക്കത്തോട്, പാലാപ്പുഴ, കരിമ്പനംതോട് ഇവയും താഴ്ത്തി ജലസേചനസൗകര്യം വർദ്ധിപ്പിക്കുകയും വെള്ളക്കെട്ട് ഒഴിവാക്കുകയും ചെയ്യുക.

മീനച്ചിലാറ്റിൽ പായിക്കാട് ഭാഗത്ത് ഒരു തടയിണ സ്ഥാപിച്ചാൽ പേരൂർ പാടശേഖരത്തും കുഴിഞ്ഞലിപ്പടി ഭാഗത്തും ഉള്ള ജലസേചനത്തിനും 2, 3, 11, 12, 13 എന്നീ വാർഡുകളിൽ ഉള്ള കിണറുകളിലെ ജലവിതാനം ക്രമാതീതമായി താഴ്ന്നുപോകാതെ ഈ പ്രദേശത്തെ കുടിവെള്ളക്ഷാമത്തിന് ശാശ്വതപരിഹാരമാവും.



## ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്

## വളർത്തുമൃഗസംഖ്യ

| വാർഡ് നമ്പർ | കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശവർധനവ് | മറ്റുള്ളവ | വംശവർധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | | | |
| i | - | 6 | - | 14 | 26 | 78 | 98 | 44 | - | - | - | 67 | 28 | - |
| ii | - | 10 | - | 16 | 25 | 104 | 86 | 107 | - | - | - | 42 | 41 | - |
| iii | - | 16 | - | 20 | 41 | 96 | 108 | 165 | - | - | - | 53 | 20 | - |
| iv | - | 10 | - | 15 | 32 | 46 | 96 | 183 | - | - | 2 | 87 | 62 | - |
| v | - | 9 | - | 12 | 36 | 63 | 106 | 316 | - | - | - | 123 | 18 | - |
| vi | - | 4 | - | 10 | 28 | 78 | 182 | 382 | - | 1 | 2 | 95 | 32 | - |
| vii | - | 2 | - | 8 | 45 | 38 | 67 | 180 | 9 | 12 | 6 | 48 | 58 | - |
| viii | - | 12 | - | 14 | 49 | 42 | 102 | 230 | - | - | - | 115 | 33 | 1 |
| ix | - | 14 | - | 20 | 78 | 109 | 183 | 315 | - | - | 3 | 601 | 38 | - |
| x | - | 8 | 3 | 60 | 82 | 196 | 220 | 248 | 7 | 6 | 16 | 312 | 21 | 1 |
| xi | - | 10 | - | 94 | 86 | 211 | 231 | 418 | - | 2 | 6 | 476 | 16 | - |
| xii | - | 5 | - | 28 | 90 | 209 | 312 | 320 | - | 1 | - | 817 | 18 | - |
| xiii | - | 8 | - | 13 | 24 | 293 | 428 | 820 | - | 3 | 6 | 632 | 22 | - |
| xiv | - | 4 | - | 32 | 164 | 224 | 382 | 612 | - | - | - | 760 | 30 | - |
| ആകെ | - | 118 | 3 | 358 | 1022 | 1787 | 2601 | 4052 | 16 | 25 | 41 | 4228 | 437 | 2 |

# ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്

## രോഗവിവരങ്ങൾ

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1. | ദഹനസംബന്ധമായവ Digestive disorders | 1752 | 16 | 753 | 15 | - | 1107 | - | - | - | - |
| 2. | ശ്വാകോശസംബന്ധം Respiratory diseases | 224 | - | 147 | 13 | - | 357 | - | - | - | - |
| 3. | ഉപാപചയ സംബന്ധം Metabolic diseases | 399 | - | 94 | 8 | - | 147 | - | - | - | - |
| 4. | ത്വക് രോഗങ്ങൾ Skin diseases | 134 | - | 7 | 11 | - | 84 | - | - | - | - |
| 5. | ധാതുലവണങ്ങളുടെ അഭാവം Deficiency diseases | 146 | - | 60 | 15 | - | 8 | - | - | - | - |
| 6. | പരാദരോഗങ്ങൾ Parasitic diseases | 1494 | 7 | 431 | 2 | 1 | 408 | - | - | - | - |
| 7. | പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ Gynacological disorders | 92 | - | 31 | - | - | - | - | - | - | - |
| 8. | വന്ധ്യത Infertility | 191 | 1 | 39 | - | - | - | - | - | - | - |
| 9. | അകിടുവീക്കം Mastitis | 162 | - | 87 | - | - | - | - | - | - | - |
| 10. | മുടന്തൻ പനി Ephemeral Fever | 313 | 4 | 21 | - | - | - | - | - | - | - |
| 11. | പകർച്ച വ്യാധികൾ Contagion diseases | - | - | - | - | - | - | - | - | - | - |

നമ്മുടെ ആഹാരത്തിൽ പാലിൻെറ പ്രാധാന്യം വളരെ വലുതാണ്. ലോകാരോഗ്യസംഘടനയുടെ കണക്കനുസരിച്ച് പ്രായപൂർത്തിയായ ഒരു വ്യക്തി 250 ഗ്രാം പാലെങ്കിലും കുറഞ്ഞത് ഒരു ദിവസം കഴിച്ചിരിക്കണം. ഇതിനാവശ്യമായ പാൽ ഉൽപാദിപ്പിക്കുക. തൻമൂലം കൂടുതൽ കുടുംബങ്ങൾക്ക് കൂടുതൽ വരുമാനം ഉണ്ടാക്കുവാൻ കഴിയും. പശു വളർത്തൽ ലാഭകരമാക്കുവാൻ ക്ഷീരവികസനവകുപ്പ് നടപ്പാക്കുന്ന ഒരു പദ്ധതിയാണ് തീറ്റപ്പുല്ല് കൃഷി.

**1. തീറ്റപ്പുല്ലു കൃഷി:**

പശുക്കളുടെ തീറ്റക്രമത്തിൽ പച്ചപ്പുല്ലിൻെറ പ്രാധാന്യം വളരെ വലുതാണ്. പ്രതിദിനം 5 ലിറ്റർ പാൽ കിട്ടുന്ന പശുവിന് ഗുണമേൻമയുള്ള പച്ചപ്പുല്ല് ഉണ്ടെങ്കിൽ കാലിതീറ്റ നല്കേണ്ട ആവശ്യമില്ല.

**എ) പുൽക്കട കൃഷി:**

പുൽകൃഷിയുടെ പ്രാധാന്യം കണക്കിലെടുത്ത് വിവിധ ഇനം ഗുണമേൻമയേറിയ പുല്ലുകളുടെ കടയാണ് കൃഷി ചെയ്യിക്കുന്നത്. ഈ പദ്ധതിക്ക് ഇപ്പോൾ ഒരു ഹെക്ടറിന് 1000 രൂപ നിരക്കിൽ സബ്സിഡി നല്കുന്നുണ്ട്. 16 ഹെക്ടർ സ്ഥലം മൊത്തം ഏറ്റുമാനൂർ ബ്ളോക്കിൽ കൃഷി ചെയ്തിട്ടുണ്ട്.

**ബി) പുല്ലുവിത്തു വിതരണം നടത്തി കൃഷി ചെയ്യൽ:**

തീറ്റപ്പുല്ലു പയറുവർഗമിശ്രിതം, ഗിനി, സ്റ്റൈലോ തുടങ്ങിയ പുല്ലുവിത്തുകൾ സബ്സിഡിയായി നല്കുന്നുണ്ട്. മൊത്തം 14 ഹെക്ടർ സ്ഥലം ഈ വർഷം കൃഷി ചെയ്തിട്ടുണ്ട്. 1 ഹെക്ടറിന് 500/- രൂപ നിരക്കിൽ ധനസഹായം (രാസവള സബ്സിഡി) നല്കുന്നുണ്ട്.

**സി) ഹൃസ്വകാല വിളകൾ:**

കൃഷിചെയ്ത് 45-60 ദിവസത്തിനുള്ളിൽ വിളവെടുപ്പു നടത്താവുന്ന മക്കച്ചോളം, മണിച്ചോളം, വൻപയർ ഇവയുടെ വിത്തുകളും അവക്കുള്ള രാസവള സബ്സിഡിയും നല്കുന്നുണ്ട്. ചോളം കൃഷിചെയ്യുന്ന ആളിന് ഹെക്ടറിന് 750 രൂപയും വൻപയർ കൃഷിക്ക് ഹെക്ടറിന് 300 രൂപയും രാസവള സബ്സിഡി നല്കുന്നു.

കൂടാതെ ദീർഘകാല കൃഷി (3-4 വർഷം)യായി തീറ്റപ്പുല്ലു ലഭിക്കുന്ന സ്റ്റൈലോ വർഗത്തിൽപ്പെട്ട പയറുവിത്തും സബ്സിഡി നിരക്കിൽ ലഭിക്കുന്നതാണ്. അവയ്ക്ക് ഒരു ഹെക്ടറിന് 500 രൂപ രാസവള സബ്സിഡി ലഭിക്കും.

**ഡി. വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷി:**

സ്വന്തമായി സ്ഥലമുള്ള ആളോ അല്ലെങ്കിൽ പാട്ടത്തിനു സ്ഥലമെടുത്തോ ഈ പദ്ധതി അനുസരിച്ചു കൃഷി ചെയ്യാം. ഈ പദ്ധതിയനുസരിച്ച് സ്ഥലം ഒരുക്കുന്നതിന് 7000/- രൂപയും ജലസേചനത്തിന് 20,000/- രൂപയും പാട്ടക്കാശ് ഇനത്തിൽ 1,000/- രൂപയും വകകൊള്ളിച്ച് മൊത്തം 30,000/- രൂപ ചെലവഴിക്കുന്ന ഒരാൾക്ക് 15,000/- രൂപ ധനസഹായം ലഭിക്കും.

**2) വയ്ക്കോൽ സംപുഷ്ടീകരിക്കൽ:**

വയ്ക്കോലിനു പോഷകഗുണം തീരെ ഇല്ല. വെറുതെ വയ്ക്കോൽ നല്കുന്നതുകൊണ്ട് വയറു നിറയും. വയ്ക്കോലിൽ യൂറിയ ചേർത്ത് അതിൻെറ പോഷകഗുണം മെച്ചപ്പെടുത്താവുന്നതാണ്. ഇപ്രകാരം 500 കിലോ വയ്ക്കോൽ സംപുഷ്ടീകരിക്കാൻ 500/- രൂപ ധനസഹായം നല്കുന്നുണ്ട്. ഏറ്റുമാനൂർ ബ്ളോക്കിൽ മൊത്തം 27 പേർക്ക് വയ്ക്കോലിൽ യൂറിയ ചേർക്കൽ പദ്ധതിയിൽപ്പെടുത്തി സബ്സിഡിയായി നല്കുന്നുണ്ട്.

**3) മോഡൽ ഡയറി യൂണിറ്റ്:**

രണ്ടു കറവ പശുവും ഒരു കാലിതൊഴുത്തും, 50 സെൻറ് സ്ഥലത്തു പുൽകൃഷിയും ജലസേചനസൗകര്യവും കണക്കിലെടുത്ത് മൊത്തം 21,000/- രൂപ ചെലവാക്കുന്ന ഒരാൾക്ക് ഇതിൻെറ മൂന്നിലൊന്ന് സബ്സിഡി 7,000/- രൂപ നല്കിവരുന്നു.

**4) മാതൃകാ കാലിതൊഴുത്തു നിർമ്മാണം:**

ഒരു കറവ പശു ഉള്ള കർഷകന് തൊഴുത്തു പണിയുന്നതിന് മൊത്തം പണിചെലവിൻെറ 1/3 സബ്സിഡി അതായത് 1,250/- രൂപ ഇപ്പോൾ നല്കിവരുന്നു. മൊത്തം 22 തൊഴുത്തിന് ഏറ്റുമാനൂർ ബ്ളോക്കിൽ ഈ വർഷം ധനസഹായം നല്കുന്നുണ്ട്. 1,250/- തീരെ ചെറിയ തുക ആയതുകൊണ്ട് 2,500/- രൂപ എങ്കിലും സബ്സിഡി നൽകേണ്ടതാണ്.

## ഏറ്റുമാനബർ ഗ്രാമപഞ്ചായത്ത്

## വളർത്തുപക്ഷി സംഖ്യ

| വാർഡ് നമ്പർ | പൂവൻ കോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | കിനി |
| i | 819 | 1030 | 359 | 6 | 27 | 4 |
| ii | 1047 | 1110 | 317 | 9 | 26 | - |
| iii | 614 | 1090 | 397 | 7 | 34 | 2 |
| iv | 457 | 1070 | 319 | 5 | 29 | - |
| v | 718 | 1036 | 385 | 3 | 27 | 6 |
| vi | 516 | 1104 | 357 | 8 | 33 | - |
| vii | 368 | 1028 | 280 | 11 | 22 | - |
| viii | 427 | 1112 | 402 | 4 | 25 | 5 |
| ix | 814 | 1019 | 389 | 5 | 18 | - |
| x | 1112 | 1121 | 311 | 6 | 37 | 2 |
| xi | 647 | 1205 | 403 | 7 | 35 | - |
| xii | 814 | 935 | 240 | 8 | 31 | - |
| xiii | 684 | 1316 | 474 | 4 | 29 | 8 |
| xiv | 422 | 824 | 367 | 5 | 27 | 4 |
| ആകെ | 9459 | 15000 | 5000 | 88 | 400 | 29 |

തൻെറ പശു ചത്തു പോകുകയാണെങ്കിൽ കർഷക നു വരുന്ന നഷ്ടം ഊഹിക്കാമല്ലോ. ഇതിൽനിന്നും ക്ഷീരകർഷകനെ രക്ഷിക്കുന്നതിനായി കന്നുകാലി ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാവുന്നതാണ്. ഈ പദ്ധതി ക്ഷീരസഹകരണസംഘങ്ങൾ വഴി നടപ്പാക്കാം. പഞ്ചായത്തിലൂടെ മൊത്തം പശുക്കളേയും കിടാരികളേയും (ചനപിടിക്കാറായവ) ഇൻഷ്വർ ചെയ്യണം. ഒരു ചെറിയ തുക മെമ്പർഷിപ്പ് ഫീസ് അടച്ച് കർഷകന് ഇതിൽ മെമ്പറാകാം. ഇൻഷ്വറൻസ് പ്രീമിയം 50% സബ്സിഡിയായി നല്കാവുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കിയാൽ ഒരു പരിധിവരെ കർഷകരെ സഹായിക്കാൻ സാധിക്കും.

**2) മാതൃകാ പുൽകൃഷി തോട്ടം:**

ഇപ്പോൾ നടപ്പാക്കുന്ന 1 ഹെക്ടർ സ്ഥലം പുൽ കൃഷി നടപ്പാക്കുക എന്നത് ഗുണഭോക്താവിനെ കിട്ടാൻ അത്ര എളുപ്പമല്ല. എന്നാൽ 50 സെൻറു സ്ഥലം പുൽകൃഷി ചെയ്യുന്ന ഗുണഭോക്താക്കളെ ലഭിക്കാൻ ബുദ്ധിമുട്ടില്ല. സ്വന്തമായി കറവപശു ഉള്ള കർഷകന് അതിലുള്ള 50 സെൻറ് സ്ഥലം പുൽ കൃഷി ചെയ്യുവാൻ അതിനാവശ്യമായ ജലസേചന സൗകര്യവും കണക്കിലെടുത്ത് മൊത്തം 9000/- രൂപ വകയിരുത്തി അതിൻെറ 1/3 അതായത് 3000/- സബ്സിഡി നല്കുന്ന പദ്ധതി വളരെ അഭിലഷണീയമാണ്. പഞ്ചായത്തിൻെറ ഓരോ വാർഡിലും ഇത്തരം രണ്ടോ മൂന്നോ യൂണിറ്റ് വച്ചു നടപ്പാക്കാവുന്നതാണ്.

**3) കറവപശു വിതരണം:**

ദാരിദ്ര്യരേഖക്കു താഴെയുള്ള (വാർഷിക വരുമാനം 7,200/- രൂപയിൽ കുറവ്) വരെ ഉദ്ദേശിച്ചാണ് ഈ പദ്ധതി. ഈ പദ്ധതി അനുസരിച്ച് ഗുണഭോക്താവിന് 10 ലിറ്റർ പാൽ ലഭിക്കുന്ന പശുവിനെ വാങ്ങാനും കാലിതൊഴുത്തു പണിയുവാനും അതിനെ ഇൻഷ്വർചെയ്യാനും പശുവിനെ വാങ്ങിയശേഷം ആദ്യത്തെ രണ്ടു മാസത്തേക്കുള്ള കാലിതീറ്റയും കണക്കാക്കി മൊത്തം 15,000/- രൂപ വകവച്ച് അതിൻെറ 50% സബ്സിഡി ആയി നല്കുന്ന പദ്ധതി പ്രകാരം ക്ഷീരസഹകരണസംഘങ്ങളിലെ പാൽ കൂടുകയും ചെയ്യുന്നു.

**4) കാലിതീറ്റ സബ്സിഡി:**

കാലിതീറ്റയുടെ വർദ്ധിച്ചുവരുന്ന വിലയും അതിനനുസരിച്ച് പാലിനു വില കിട്ടാതെയും വരുന്ന സാഹചര്യമാണ് ഇപ്പോൾ. ക്ഷീരസഹകരണസംഘങ്ങളിൽ പാൽ നല്കുന്ന കർഷകന് 50% കാലിതീറ്റ സബ്സിഡിയായി നല്കുന്ന പദ്ധതി. ഈ പദ്ധതി ക്ഷീരകർഷകരെ സംബന്ധിച്ചിടത്തോളം വലിയ ഒരു സഹായമായിരിക്കും.

**5) പാലിൻെറ ഗുണനിയന്ത്രണം**

പാൽ പരിശോധിച്ചു മായം ചേർന്നിട്ടുണ്ടോ എന്നു പരിശോധിക്കുന്ന ചുമതല ക്ഷീരവികസനവകുപ്പിലെ ഉദ്യോഗസ്ഥർക്കുനല്കിയാൽ നന്നായിരിക്കുമെന്ന് ഒരു നിർദ്ദേശമുണ്ട്. ഇപ്പോൾ ഫുഡ് ഇൻസ്പെക്ടർമാരാണ് അതു നടത്തുന്നത്. സംഘത്തിൻെറ ഭരണനിയന്ത്രണം ഉള്ള ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥർ പല പ്രാവശ്യം സംഘം പരിശോധിക്കുന്നതുകൊണ്ട് പാലിൻെറ ഗുണനിലവാരവും പരിശോധനയും റഗുലറായി ചെയ്യുവാൻ സാധിക്കും.

6) പാൽ സൊസൈറ്റികൾ ഇല്ലാത്ത സ്ഥലത്ത് പുതിയ സംഘങ്ങൾ രൂപികരിക്കുന്നതിനുള്ള നിർദ്ദേശവുംകൂടി വയ്ക്കുവുന്നതാണ്. രണ്ടു വാർഡിന് ഒരു സൊസൈറ്റി എന്ന രീതിയിൽ ക്ഷീരസഹകരണസംഘങ്ങൾ ഉണ്ടാക്കുവാൻ വേണ്ട നീക്കങ്ങൾ ചെയ്യാവുന്നതാണ്.

**7) വനിതകൾക്ക് കിടാരികളെ വിതരണം ചെയ്യുന്ന പദ്ധതി:**

മേൽപടി പദ്ധതിയനുസരിച്ച് കാലിതൊഴുത്ത് കിടാരിയുടെ വില, പ്രസവിക്കുന്നിടംവരെയുള്ള കാലിതീറ്റ (പ്രതിദിനം രണ്ടു കിലോ നിരക്കിൽ) ഇൻഷ്വറൻസ് തുക, വെറ്റിനറി ചെലവു കണക്കിലെടുത്ത് മൊത്തം 16,000/- രൂപ കണക്കാക്കി, 50% സബ്സിഡി നല്കാവുന്നതാണ്.

**8) പ്രീപ്രൈമറി കുട്ടികൾക്ക് പാൽ നല്കുന്ന പദ്ധതി:**

സാമൂഹ്യബാധ്യതനിർവ്വഹണത്തിൻെറ ഭാഗമായി ഈ പദ്ധതി നടപ്പാക്കാവുന്നതാണ്. നമ്മുടെ അംഗൻവാടികളിൽ ഉള്ള കുട്ടികൾ 75% ദുർബലകുടുംബങ്ങളിലെ കുട്ടികളാണ്. അവരുടെ ആരോഗ്യം

**5) കർഷക സമ്പർക്ക പരിപാടി:**

ക്ഷീരകർഷകനെ ഈ മേഖലയിൽ ബോധവാൻ മാരാക്കുന്നതിനു വേണ്ടിയാണ് ഈ പദ്ധതി. ഇതനുസരിച്ച് 30-ൽ കുറയാത്ത കർഷകരടങ്ങുന്ന ഒരു മീറ്റിംഗിന് നോട്ടീസ് അടിക്കുന്നതിനും ലഘുഭക്ഷണം നല്കുന്നതിനുമായി 200/- രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഇത്തരം 24 പരിപാടി ഏറ്റുമാനൂർ ബ്ളോക്കിന് ടാർജറ്റ് ഉണ്ട്.

**6) ക്ഷീരോൽപന്ന നിർമ്മാണ പ്രദർശനം:**

പാലിൻെറ ഉപഭോഗം കൂട്ടുക എന്ന ലക്ഷ്യം കണക്കിലെടുത്ത് നടപ്പാക്കുന്ന ഒരു പദ്ധതിയാണിത്. ഈ പദ്ധതിയനുസരിച്ച് ചോക്കലേറ്റ്, പേഡ, സിപ്പ്അപ്പ്, ഹൽവ തുടങ്ങി വിവിധതരം പാൽ ഉത്പന്നങ്ങൾ ഉണ്ടാക്കി കാണിച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. ഇതിൽ 30-ൽ കുറയാതെ കർഷകരോ, വനിതകളോ പങ്കെടുക്കേണ്ടതുണ്ട്. ഇതിൻെറ ചെലവിലേക്ക് 100/- രൂപ വീതം വകകൊള്ളിച്ചിട്ടുണ്ട്. ഇത്തരം 24 പരിപാടി ഈ വർഷം നടപ്പിലാക്കുന്നുണ്ട്.

**7) കന്നുകാലി പ്രദർശനം:**

ഇപ്പോൾ ബ്ളോക്കിൽ ഒരു കന്നുകാലി പ്രദർശനം എന്ന നിരക്കിൽ നടത്തിവരുന്നു. ഒരു പഞ്ചായത്തിൽ ഒരു ഷോ എന്ന രീതിയിൽ നടത്തിയാൽ അത് കർഷകർക്ക് ഒരു പ്രോത്സാഹനമായിരിക്കും. കറവപശു, കിടാരി, കിടാവ് ഇവയ്ക്ക് പ്രത്യേകം പ്രത്യേകം സമ്മാനങ്ങൾ നൽകിവരുന്നു.

**8) മിനറൽ, മിക്സർ, വിറ്റാമിൻ സപ്ളിമെൻറ് വിതരണം:**

കറവപശുക്കൾക്ക് മിനറൽ മിക്സർ വളരെ ആവശ്യമാണ്. കാൽസ്യം, ഫോസ്ഫറസ് തുടങ്ങി വിവിധ ധാതുക്കൾ അടങ്ങിയ മിശ്രിതം പശുക്കൾക്ക് വളരെ അത്യാവശ്യമാണ്. അത് സബ്സിഡി നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്. വിറ്റാമിൻസപ്ളിമെൻറ്, മീനെണ്ണ 1/2 ലിറ്ററിന് 28 രൂപ നിരക്കിൽ സബ്സി ആയി നല്കുന്നുണ്ട്. വിറ്റാമിൻസപ്ളിമെൻറ് വളർന്നുവരുന്ന കിടാരി, കിടാക്കൾ ഇവയ്ക്കു വളരെ പ്രയോജനകരമാണ്.

**9) വനിതാ ക്ഷീരോത്പാദന യൂണിറ്റ്:**

പാലിൻെറ ഉപഭോഗം കൂട്ടുക, തൊഴിൽരഹിത വനിതകൾക്ക് തൊഴിലവസരം നല്കുക, ക്ഷീരസഹകരണസംഘങ്ങളിൽ മിച്ചമുള്ള പാലിനു വിപണി കണ്ടെത്തുക എന്നീ ലക്ഷ്യങ്ങൾ കണ്ടുകൊണ്ടാണ് വനിതാ ക്ഷീരോത്പാദന യൂണിറ്റ് പദ്ധതി നടപ്പിലാക്കുന്നത്.

95-96 ൽ ഏറ്റുമാനൂർ ബ്ളോക്കിൽ 12 ക്ഷീരോത്പന്ന യൂണിറ്റ് അനുവദിച്ചിട്ടുണ്ട്. പാൽസഹകരണ സംഘം, ചാരിറ്റബിൾ സൊസൈറ്റി, ക്ലബ്ബ്, മഹിളാ സമാജങ്ങൾ തുടങ്ങി ഏതെങ്കിലും ഓർഗനൈസേഷൻ സ്പോൺസർ ചെയ്യുന്ന നാലു ഗുണഭോക്താക്കൾക്കായിരിക്കും യൂണിറ്റ് നല്കുക. ഈ പദ്ധതിക്ക് 66% സബ്സിഡി അതായത് 21,750/- രൂപ സബ്സിഡി നല്കും.

**10) പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്കു പശുവിനെ നല്കുന്ന പദ്ധതി:**

പ്രത്യേക ഘടക പദ്ധതി, പ്രത്യേക കേന്ദ്രസഹായ പദ്ധതി ഇവയിൽ ഉൾപ്പെടുത്തി പട്ടികജാതി/പട്ടികവർഗക്കാർക്ക് കറവപശുവിനെ നല്കുന്ന പദ്ധതിയും ക്ഷീരവികസന വകുപ്പു നടത്തിവരുന്നു. ഈ പദ്ധതിപ്രകാരം 7000/- രൂപ സബ്സിഡി നല്കുന്നു.

**11) ശുദ്ധമായ പാൽ ഉത്പാദന കിറ്റ് വിതരണം:**

പശുക്കളെ ബ്രഷു ചെയ്യുവാൻ പറ്റിയ ബ്രഷ്, ലോഷൻ, പൊട്ടാസ്യം പെർമാംഗനേറ്റ് ഇവ അടങ്ങിയ 75 രൂപയുടെ കിറ്റ് 10 രൂപക്കു കർഷകർക്കു നല്കുന്ന പദ്ധതിയാണിത്.

മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ പുതിയ ക്ഷീരസംഘങ്ങളുടെ രൂപികരണം, സംഘത്തിൻെറ ഭരണ നിയന്ത്രണം ഇവയും ക്ഷീരവികസന വകുപ്പു മുഖാന്തരം നടപ്പിലാക്കുവരുന്നു. ക്ഷീരസംഘങ്ങൾ പ്രവർത്തന മൂലധനമായി 10,000 രൂപയും, ഫർണീച്ചർ സബ്സിഡി ആയി 5000/- രൂപയും മാനേജീരിയൽ സബ്സിഡിയായി 4200/- രൂപയും സബ്സിഡി നല്കുന്നുണ്ട്. കെട്ടിടം പണിയുന്നതിന് 20,000/- രൂപയും സബ്സിഡി നല്കുന്നുണ്ട്.

## മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ 97-98 വർഷം ഉൾക്കൊള്ളിക്കാവുന്ന മറ്റു ചില പദ്ധതികൾ

**1) കന്നുകാലി ഇൻഷ്വറൻസ് പദ്ധതി:**

വലിയ വിലകൊടുത്ത് വാങ്ങി വളർത്തുന്ന

പഞ്ചായത്തുവക സ്ഥലത്തുതന്നെ ആധുനികരീതിയിലുള്ള മത്സ്യമാർക്കറ്റ് തുടങ്ങുവാൻ വേണ്ട നടപടികൾ പൂർത്തിയായിവരുന്നുണ്ട്.

മത്സ്യബന്ധനരംഗത്ത് കാര്യമായ പുരോഗതി കൈവരിക്കുവാൻ നമ്മുടെ പഞ്ചായത്തിന് സാധിച്ചില്ലെങ്കിലും മത്സ്യവിപണനരംഗത്ത് മധ്യതിരുവിതാംകൂറിലെതന്നെ പ്രസിദ്ധിയാർജിച്ച ഒരു മത്സ്യമൊത്തവ്യാപാരവിപണി ആയി ഏറ്റുമാനൂർ മാറിക്കഴിഞ്ഞിട്ടുണ്ട്. ഈ രംഗത്തുമാത്രം ഉദ്ദേശം 100- ഓളം തൊഴിലാളികളും 500-ൽ അധികം ചെറുകിട മത്സ്യവ്യാപാരികളും ഉപജീവനം തേടിവരുന്നു. മത്സ്യവ്യവസായവുമായി ഏറ്റുമാനൂരിൽ അർധരാത്രിക്കെത്തുന്ന മത്സ്യവ്യാപാരികൾക്ക് അന്തിയുറങ്ങുന്നതിനുള്ള സൗകര്യം ഇന്നില്ല എന്നുള്ളത് ഒരു ദയനീയസത്യമാണ്. ഇവരെല്ലാം കടത്തിണ്ണകളെ ആശ്രയിച്ചാണ് നേരംവെളുപ്പിക്കുന്നത്. ഇവർക്കായി മത്സ്യഫെഡ്ഡുമായി സഹകരിച്ചോ സർക്കാർ സഹായത്തോടെയോ മത്സ്യതൊഴിലാളികൾക്കായി നിശാസദനം നിർമ്മിക്കേണ്ടതാണ്.

| പ്രശ്നങ്ങൾ | പരിഹാരങ്ങൾ |
|---|---|
| 1. മീനച്ചിലാറ്റിൽ മത്സ്യം പിടിക്കുന്നവർ തോട്ടാ ഇടുന്നത് ആറിന്റെ കറ്റ് ഇടിയുന്നതിനും, അടുത്തുള്ള കെട്ടിടങ്ങൾക്ക് അപായം ഉണ്ടാകുന്നതിനും ഇടയാകുന്നു. | തോട്ടാ ഇടുന്നതിനെതിരെ പഞ്ചായത്തിൽനിന്നും നിയമംമൂലം കർശനമായി നിരോധിക്കണം. |
| 2. നഞ്ചു കലക്കി മത്സ്യം കൊല്ലുന്നതും വെള്ളം അഴുക്കാക്കുന്നതും തടയണം. | നഞ്ച് കലക്കി മീൻപിടുത്തം നിരോധിക്കുക. |
| 3. വെള്ളം ലഭ്യമായ സ്ഥലങ്ങളിൽ മത്സ്യകൃഷി നടത്തുന്നതിനുള്ള പദ്ധതികൾ ഏർപ്പെടുത്തണം. | ശുദ്ധജല മത്സ്യകൃഷിയുടെ പദ്ധതി നടപ്പിലാക്കണം. പന്നി, മുയൽ മുതലായ മൃഗങ്ങളെ വളർത്തിയുള്ള സംയോജിത മത്സ്യകൃഷിയും നടപ്പിലാക്കാവുന്നതാണ്. |

## ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്
## പേവിഷബാധ - പ്രതിരോധവും ചികിത്സയും

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധ കുത്തിവെയ്പ് നൽകിയവയുടെ എണ്ണം | -- | - | 136 | - | - | |
| കടിയേറ്റതിനു ശേഷം കുത്തിവയ്പു നടത്തിയവയുടെ എണ്ണം | -- | - | - | - | - | |

## ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്
## കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വളർത്തുമൃഗം ഇനം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2-ലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു + കിടാരി | 185 | 1820 | 31 |
| എരുമ | 4 | 4 | - |

മെച്ചപ്പെടുത്താൻ ഒരു കുട്ടിക്കു പ്രതിദിനം 200 മില്ലി ലിറ്റർ പാൽ നല്കാവുന്നതാണ്. പഞ്ചായത്തിന്റെ സാമ്പത്തികം അനുസരിച്ച് കുട്ടികളുടെ എണ്ണം നിശ്ചയിക്കാവുന്നതാണ്. ക്ഷീരസഹകരണസംഘങ്ങൾ വഴിയായും, സന്നദ്ധസംഘടനകൾ വഴിയായും പാൽവിതരണം നടത്താവുന്നതാണ്.

**൭) കാലിതീറ്റ ഫാക്ടറി:**

നമ്മുടെ ക്ഷീരകർഷകരെ ബാധിക്കുന്ന ഒരു പ്രധാന പ്രശ്നം കാലിതീറ്റയുടെ വമ്പിച്ച വിലയാണ്. നമ്മുടെ കർഷകരെ ഈ പ്രശ്നത്തിൽനിന്നും രക്ഷിക്കാൻ പഞ്ചായത്തിൽ തന്നെ ഒരു കാലിതീറ്റാ മിക്സിങ്ങ് യൂണിറ്റ് തുടങ്ങാവുന്നതാണ്. ഈ പഞ്ചായത്തിൽതന്നെ ലഭിക്കുന്ന മരച്ചീനി, സ്ലീപ്പ് അരി (റേഷൻകട), പുളിങ്കുരു, ചക്കക്കുരു മുതലായവ ഉപയോഗിച്ച് കാലിതീറ്റ ഉണ്ടാക്കാവുന്നതാണ്. ഗുണമേൻമയുള്ള കാലിതീറ്റ പഞ്ചായത്തിൽതന്നെ ലഭ്യമാക്കാവുന്നതാണ്. ക്ഷീരവികസനഉദ്യോഗസ്ഥർ പദ്ധതിയുടെ നടത്തിപ്പിന് സാങ്കേതിക ഉപദേശം നല്കാവുന്നതാണ്. പഞ്ചായത്തിലെ 4 തൊഴിൽരഹിത ചെറുപ്പക്കാർക്ക് തൊഴിൽ ലഭിക്കുകയും ചെയ്യും.

**നിർദ്ദേശങ്ങൾ**

ഈ പഞ്ചായത്തിൽ പാൽ ഉത്പാദനരംഗത്ത് പുന്നത്തുറ, പേരൂർ, വള്ളിക്കാട് എന്നിവിടങ്ങളിൽ ഓരോ ക്ഷീരോത്പാദകസഹകരണസംഘങ്ങൾ ഇപ്പോൾ നിലവിലുണ്ട്. കറ്റോട്, പേരൂർ, കട്ടച്ചിറ, തെള്ളകം തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രമാക്കി പാൽ ഉത്പാദകസഹകരണസംഘങ്ങൾ സ്ഥാപിക്കുക. കൃത്രിമബീജസങ്കലനകേന്ദ്രങ്ങൾ തുടങ്ങിയ സൗകര്യങ്ങളും രോഗപ്രതിരോധ നടപടികളും ത്വരിതപ്പെടുത്തുന്നതിനായി ഒരു മൊബൈൽ മൃഗാശുപത്രി സ്ഥാപിക്കുക. ഏറ്റുമാനൂരിൽ നിലവിലുള്ള മൃഗാശുപത്രി ആധുനികസൗകര്യങ്ങളോടെ വിപുലീകരിക്കുക. കുറഞ്ഞ വിലക്ക് കർഷകർക്ക് കാലിതീറ്റ ലഭ്യമാക്കണം.

വനിതാസംരഭകർക്ക് പശു, പന്നി എന്നിവ വളർത്താൻ പദ്ധതി നടപ്പാക്കുക. മുയൽ, കാട, താറാവ്, കോഴി ഇവ വിപുലമായി വളർത്താൻ ധനസഹായവും പ്രോത്സാഹനവും നല്കുക. പുല്ലുകൃഷിക്ക് കൂടുതൽ സഹായവും ബോധവൽക്കരണവും നല്കുക. പേവിഷബാധ തടയുന്നതിനുള്ള സമഗ്രനടപടികൾ സ്വീകരിക്കുക.

കുളമ്പ്രോഗത്തിന് പ്രതിരോധകുത്തിവയ്പ് വ്യാപകമാക്കണം. പാൽ കൂടുതൽ ഉത്പാദനത്തിന്റെ ഭാഗമായി നല്ലയിനം പശുക്കളെ കുറഞ്ഞ വിലക്ക് ലഭ്യമാക്കുക.

## മത്സ്യബന്ധനം

മറ്റു ആഹാരപദാർത്ഥങ്ങൾപോലെതന്നെ 'മത്സ്യമാംസം'വും ഇന്ന് കേരളജനതയ്ക്ക് ഒഴിച്ചുനിർത്താൻ പറ്റാത്ത ഒരു ആഹാരപദാർത്ഥമാണ്. 'മീൻകറി' ഇന്ന് വി.ഐ.പി. കറിയായി മാറിയിരിക്കുന്നു.

ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം മത്സ്യബന്ധനം ഒരു തൊഴിലായോ ഉപതൊഴിലായോ സ്വീകരിച്ചിരിക്കുന്നവർ ആരുംതന്നെ ഇല്ലെന്നു പറയാം. കാരണം സാധ്യതകളുടെ കുറവത്രേ. ജലദൗർലഭ്യം ഉള്ള പ്രദേശമാകയാൽ വൻതോതിലുള്ള മത്സ്യകൃഷി നടപ്പാക്കുവാൻ സാധിക്കുകയില്ല. ഉള്ള ജലാശയങ്ങൾ തന്നെ കടുത്ത വേനലിന്റെ കരങ്ങളിൽ അമർന്നുപോകുമ്പോൾ മത്സ്യകൃഷിയെപ്പറ്റി ചിന്തിച്ചിട്ടു കാര്യമില്ലല്ലോ.

ശുദ്ധജലമത്സ്യകൃഷക്കു പറ്റിയ പത്തിൽ താഴെ കുളങ്ങൾ ഈ പഞ്ചായത്തിന്റെ വിവിധ വാർഡുകളിലുണ്ട്. ഇവ സംരക്ഷിച്ച് മത്സ്യകൃഷിക്ക് ഉപയോഗപ്പെടുത്താം.

ഇപ്പോൾ ഈ പഞ്ചായത്തിൽ അപൂർവം ചില വ്യക്തികൾ മാത്രം മത്സ്യകൃഷി ചെയ്തുവരുന്നുണ്ട്. എങ്കിലും അവ വ്യാവസായിക അടിസ്ഥാനത്തിലല്ല.

എല്ലാറ്റിനുമപരി ഏറ്റുമാനൂരിൽ ഒരു പ്രൈവറ്റ് മത്സ്യമാർക്കറ്റുണ്ട്. പുതിയ പഞ്ചായത്തു ഭരണസമിതി അധികാരമേറ്റശേഷം എം.പി. ഫണ്ട് ആയി പഞ്ചായത്തിനനുവദിച്ച രണ്ടര ലക്ഷം രൂപമുടക്കി



# വ്യവസായം

വ്യവസായമേഖലയിൽ ഏറ്റുമാനൂർ പഞ്ചായത്തിന് കാര്യമായ നേട്ടങ്ങളൊന്നും എടുത്തുപറയാനില്ല. പരമ്പരാഗത വ്യവസായമായ ബീഡിതെറുപ്പ്, കുട്ട, വട്ടി, പായ്നെയ്ത്ത്, പപ്പടനിർമ്മാണം എന്നിവ നാമമാത്രമായിരിക്കുന്നു. ഈ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നു. ചെത്ത് തൊഴിലാക്കിയിരിക്കുന്ന ഏകദേശം മുന്നൂറോളംപേർ ഉണ്ടായിരുന്നു. എന്നാൽ ആ രംഗത്ത് വളരെ ചുരുക്കം പേരേ ഇന്നുള്ളൂ.

ഏറ്റുമാനൂർ പഞ്ചായത്തിനുള്ളിൽ പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ വൻകിടവ്യവസായയൂണിറ്റുകൾ ഒന്നുംതന്നെയില്ല. ഇതിനൊരപവാദമായി ഏതാണ്ട് 100 ഓളംപേർ ജോലിചെയ്യുന്ന For mix Rubber എന്ന സ്ഥാപനംമാത്രമേയുള്ളൂ. ഏറ്റുമാനൂരിനോടുചേർന്ന് അതിരമ്പുഴ പഞ്ചായത്തിൽ ഇൻഡസ്ട്രീസ് എസ്റ്റേറ്റ് എന്ന പേരിൽ വൻ സ്ഥാപനം കേന്ദ്ര ഗവൺമെൻറിൻെറ മേൽനോട്ടത്തിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ ഇപ്പോൾ നാമമാത്രമായ പ്രവർത്തനം മാത്രമേ നടക്കുന്നുള്ളൂ.

ഏറ്റുമാനൂരിൽ 15 വർഷത്തിനിടയിൽ സ്വകാര്യമേഖലയിൽ ഏതാണ്ട് 35 ഓളം ചെറുകിടവ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. തൊഴിൽ മേഖലയിൽ കൂടുതൽപേരും ഇഷ്ടികനിർമ്മാണം, കരിങ്കൽ ക്വാറി, ടാപ്പിംഗ്, കെട്ടിടനിർമ്മാണം, മണൽവാരൽ, കൂലിപ്പണി തുടങ്ങിയ ജോലികളിൽ ഏർപ്പെട്ട് ഉപജീവനം കഴിക്കുന്നു. 1992-നുശേഷം റബ്ബർ ഫാക്ടറികൾക്ക് ആവശ്യമായ സെൻട്രിഫ്യൂഗൽ ലാറ്റക്സ് കളക്ടിംഗ് മിഷ്യൻ നിർമ്മിക്കുന്ന ഒരു യൂണിറ്റ് പ്രവർത്തിക്കുന്നു.

## സ്ത്രീകളുടെ പങ്കാളിത്തം

മൊത്തമായി തൊഴിൽ മേഖലയിൽ പുരുഷന്മാർക്ക് ആധിപത്യമുണ്ടെങ്കിലും ചില വ്യവസായ-തൊഴിൽരംഗങ്ങളിൽ സ്ത്രീകൾക്ക് വ്യക്തമായ പങ്കുണ്ട്. ചെറുകിടമേഖലയിലുള്ള ഗാർമെൻറ്സ് യൂണിറ്റ്, ഹാൻഡിക്രാഫ്റ്റ് യൂണിറ്റുകളിലും ഇഷ്ടികക്കളങ്ങളിലും കെട്ടിടനിർമ്മാണത്തിലും ഇവർ മുമ്പന്തിയിൽ നിൽക്കുന്നു. സ്ത്രീകളുടെ പങ്കാളിത്തത്തോടെ ഏറ്റുമാനൂർ കിഴക്കുംഭാഗത്തും പേരൂർ വനിതാസമാജവും മാടപ്പാട് എസ്.എൻ.ഡി.പി. വനിതാസംഘംവകയായും ഓരോ ക്ഷീരോല്പന്നനിർമ്മാണയൂണിറ്റും പേരൂർ വനിതാഖാദിവ്യവസായയൂണിറ്റും പ്രവർത്തിക്കുന്നു. കൂടാതെ, ഏതാണ്ട് 40 ഓളം സ്ത്രീതൊഴിലാളികളുടെ പങ്കാളിത്തത്തോടുകൂടി ഒരു മിഠായി ഫാക്ടറിയും ബ്രഡ് നിർമ്മാണയൂണിറ്റും 150 ഓളം സ്ത്രീകൾ ജോലിചെയ്യുന്ന വെസ്ക്കോ ബനിയൻ കമ്പനിയും 200 ഓളം സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്ന ജൗളിമൊത്തവ്യാപാരകേന്ദ്രങ്ങളും സ്ത്രീകളുടെ നേതൃത്വത്തിൽ നടത്തുന്ന കറിപൗഡർ യൂണിറ്റും പ്രവർത്തിക്കുന്നു.

എങ്കിലും വിപണന സാധ്യതയുള്ള വനിതാവ്യവസായയൂണിറ്റുകൾ ഒന്നുംതന്നെ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. ഇതിന് വനിതകൾ ആരും തന്നെ മുന്നിട്ടിറങ്ങുന്നില്ല. ഗ്രാമ-ബ്ലോക്ക് ജില്ലാതലത്തിൽ സമിതികളിൽ തെരഞ്ഞെടുക്കപ്പെട്ട വനിതകൾ മുന്നിട്ടിറങ്ങിയാൽ പഞ്ചായത്തിൽ അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരായ യുവതികളെ സംഘടിപ്പിച്ച് വനിതായൂണിറ്റുകൾ തുടങ്ങാൻ കഴിയും. നമ്മുടെ പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന അസംസ്കൃത സാധനങ്ങൾകൊണ്ടുതന്നെ നിത്യോപയോഗസാധനങ്ങൾ ഉല്പാദിപ്പിക്കുവാൻ കഴിയുമാറ് സ്ത്രീകളു



'എന്റെ ജീവിതമാണ് എന്റെ സന്ദേശം'

" ഇന്ത്യയുടെ ആത്മാവ്
ഗ്രാമങ്ങളിലാണ് കുടികൊള്ളുന്നത് "

| | | |
|---|---|---|
| 16. | റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റ് | 5 |
| 17. | മിഠായി നിർമ്മാണം | 1 |
| 18. | ബ്രഡ് നിർമ്മാണ യൂണിറ്റ് | 1 |
| 19. | തടി സംസ്കരണ യൂണിറ്റ് | 1 |
| 20. | കറി പൗഡർ അച്ചാർ നിർമ്മാണം | 2 |
| 21. | ഗ്ലൂക്കോസ് വാട്ടർ നിർമ്മാണം | 2 |
| 22. | മരുന്നു നിർമ്മാണം | 1 |
| 23. | പ്ലാസ്റ്റിക് ടോയ്സ് നിർമ്മാണം | 1 |
| 24. | ജൗളി മൊത്ത വ്യാപാരം | 4 |
| 25. | ക്ഷീരവ്യവസായ യൂണിറ്റ് | 3 |
| 26. | ഹോളോ ബ്രിക്സ് നിർമ്മാണ യൂണിറ്റ് | 4 |
| 27. | പാൽ ഉല്പന്ന വ്യവസായ യൂണിറ്റ് | 2 |
| 28. | മൊസൈക്ക് നിർമ്മാണം | 4 |
| 29. | ഫൈബർ കൊണ്ട് വാട്ടർ ടാങ്ക്, കതക് നിർമ്മാണം | 2 |
| 30. | റബ്ബർ നേഴ്സറികൾ | 4 |
| 31. | തീപ്പെട്ടി കമ്പ് നിർമ്മാണയൂണിറ്റ് | 1 |
| 32. | റബ്ബർ ബാൻറ് നിർമ്മാണം | 2 |

## പരമ്പരാഗത കുടിൽ വ്യവസായങ്ങൾ

| | | |
|---|---|---|
| 1. | കട്ടച്ചിറ കളിമൺ വ്യവസായ സഹകരണ യൂണിറ്റ് | 1 |
| 2. | പപ്പട നിർമ്മാണ യൂണിറ്റ് | 3 |
| 3. | ഇരുമ്പു പണി (ആല) | 8 |
| 4. | കൊട്ട, വട്ടി നിർമ്മാണം | പ്രാദേശികം |
| 5. | ഓട്ടുപാത്രം | 2 |
| 6. | തഴപായ്നെയ്ത്ത് | പ്രാദേശികം |

ടെ ഇടയിൽ ബോധവൽക്കരണം നടത്താൻ സെമിനാറുകൾ സംഘടിപ്പിക്കുവാൻ പൊതുരംഗത്ത് പ്രവർത്തിക്കുന്ന വനിതകൾ, മുന്നോട്ടിറങ്ങണം.

ചെറുകിടമേഖലയ്ക്ക് കാർഷികമേഖലകളുമായി യാതൊരു ബന്ധവുമില്ലാത്ത ഒരവസ്ഥയാണ് ഇപ്പോഴുള്ളത്. ഇതു തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ധാരാളം ചെറുകിടവ്യവസായങ്ങൾക്ക് സാദ്ധ്യതയുള്ള പ്രദേശമാണുള്ളത്.

സ്ത്രീകളുടെ പങ്കാളിത്തത്തോടെ റബ്ബർ ബാൻറ്, നാളികേരാധിഷ്ഠിതവ്യവസായം, തേങ്ങാപൗഡറും ക്രീമും വെളിച്ചെണ്ണ, തേങ്ങാവെള്ളമുപയോഗിച്ചുള്ള ശീതളപാനീയങ്ങൾ, നേന്ത്രക്കായ, കപ്പ ചിപ്സ്, നിർമ്മാണം എന്നിവ ലാഭകരമായി നടത്താവുന്ന ചെറുകിടവ്യവസായങ്ങളാണ്.

## പഞ്ചായത്തിൽ നിലവിലുള്ള വ്യവസായങ്ങൾ

## മുതൽ മുടക്ക് കൂടുതലുള്ള വ്യവസായങ്ങൾ

1. ഫോർമിക്സ്ഡ് റബ്ബർ മിസ്കിംഗ് യൂണിറ്റ്
2. വെസ്ക്കോ ബനിയൻ, ജട്ടി നിർമ്മാണ യൂണിറ്റ്
3. മിഠായി, ബ്രഡ്, ചിപ്സ് യൂണിറ്റ്

## ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിലെ പ്രധാന ചെറുകിട വ്യവസായം

| | | എണ്ണം |
|---|---|---|
| 1. | ഫോർമിക്സ് റബ്ബർ ഫാക്ടറി, പുന്നത്തുറ | 1 |
| 2. | പെയിൻറ് നിർമ്മാണ യൂണിറ്റ് | 5 |
| 3. | എൻജിനീയറിംഗ് വർക്സ് | 15 |
| 4. | റോളിംഗ് ഷട്ടർ നിർമ്മാണം | 1 |
| 5. | ഇഷ്ടിക നിർമ്മാണം യൂണിറ്റ് | 35 |
| 6. | വയർ ബ്രിക്സ് നിർമ്മാണ യൂണിറ്റ് | 3 |
| 7. | കളിമൺ പാത്രവ്യവസായം | 1 |
| 8. | ചെരുപ്പുനിർമ്മാണ യൂണിറ്റ് | 4 |
| 9. | മെറ്റൽ ക്രഷർ യൂണിറ്റ് | 2 |
| 10. | ഫെസ്റ്റ ഫൈബർ ഗ്ലാസ് നിർമ്മാണം | 2 |
| 11. | കണ്ണാടി നിർമ്മാണ യൂണിറ്റ് | 1 |
| 12. | ലെയ്ത്ത് വർക്സ് | 8 |
| 13. | ശർക്കര നിർമ്മാണ യൂണിറ്റ് | 2 |
| 14. | കറി പൗഡർ യൂണിറ്റ് | 4 |
| 15. | ഖാദി ഗ്രാമവ്യവസായ യൂണിറ്റ് (വനിതാ യൂണിറ്റ്) | 1 |

# ഗതാഗതം, ഊർജ്ജം മാർക്കറ്റ്



ഒരു പ്രദേശത്തിന്റെ വികസന പ്രക്രിയയിൽ ഗതാഗതം, ഊർജ്ജം, മാർക്കറ്റ് ഇവക്ക് ഒത്തിരിയേറെ പ്രാധാന്യമുണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭകാലത്തോടെയാണ് കരമാർഗ്ഗമായ ഗതാഗതത്തിന് ആരംഭമിട്ടത്. എം.സി. റോഡ് കടന്നുപോകുന്നത് ഏതാണ്ട് ഏറ്റുമാനൂർ പഞ്ചായത്തിന്റെ ഹൃദയ ഭാഗത്തുകൂടെയാണ് എന്നുപറയാം.അടിച്ചിറ മുതൽ പട്ടിത്താനം വരെയുള്ള 7 കി.മീ ദൈർഘ്യം വരുന്ന ഭൂപ്രദേശം എം.സി. റോഡിന് ഇരുപുറവുമായി ബന്ധിച്ചു കിടക്കുന്നു. 1950 ൽ 'കരിഗ്യാസ്' വണ്ടിയുടെ രംഗപ്രവേശം വാഹന ഗതാഗതത്തിന്റെ ചരിത്രത്തിന്റെ നാഴികക്കല്ലായി. ഏറ്റുമാനൂരിൽ 'ചിറയിൽ' കുടുംബക്കാരായിരുന്നു ആദ്യം ബസ്സ് സർവീസ് ആരംഭിച്ചത്. ഇതിന് 'Eight Seater' എന്നു വിളിച്ചിരുന്നു. കോട്ടയം - വൈക്കം ഏറ്റുമാനൂർ വഴി സർവീസ് നടത്തിവന്നു. 1950 കളിൽ തന്നെ പഞ്ചായത്തിന്റെ വടക്കേ അതിർത്തിക്കടുത്തുകൂടി റെയിൽഗതാഗതവും തുടങ്ങി.

അക്കാലത്ത് കച്ചവടത്തിന് പ്രശസ്തി ആർജിച്ചിരുന്നത് ഏറ്റുമാനൂരിന് പടിഞ്ഞാറുള്ള 'അതിരമ്പുഴ' ചന്തയായിരുന്നു ഇന്ന് ഇത് അതിരമ്പുഴ പഞ്ചായത്തിൽപ്പെടുന്നു. ഏറ്റുമാനൂർ പഞ്ചായത്ത് കടപ്പൂർ, കൂടലൂർ, കിടങ്ങൂർ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും കാളവണ്ടിയിലും ഉന്തുവണ്ടികളിലും പച്ചക്കറികൾ, വാഴക്കുല, ചേന, കപ്പ, കാച്ചിൽ, കുരുമുളക് തുടങ്ങിയവ അതിരമ്പുഴയിൽ എത്തിക്കുമായിരുന്നു. അവിടെ നിന്നും വലിയ വള്ളങ്ങളിൽ 'ആലപ്പുഴയിൽ' എത്തിക്കുന്നു.

ജലമാർഗ്ഗമായുള്ള ഗതാഗതം ഈ പഞ്ചായത്തിൽ നന്നേ കുറവാണ്. നിമ്നോന്നത പ്രദേശമാകയാൽ വള്ളങ്ങൾക്കും മറ്റും കടന്നുവരാനുള്ള സാദ്ധ്യതകൾ തീരെ ഇല്ലെന്നുതന്നെ പറയാം.

ഇന്ന് ഗതാഗത സൗകര്യങ്ങളെപ്പറ്റി പറയുമ്പോൾ മറ്റ് ഏത് പഞ്ചായത്തിനേക്കാളും ഏറ്റുമാനൂർ മുന്നിട്ടു നില്ക്കുന്നു. ഏറ്റുമാനൂരിൽ നിന്നും കിഴക്കോട്ടു പാല, പേട്ട, ഇടുക്കി, കട്ടപ്പന, തുടങ്ങിയ സ്ഥലങ്ങളിലേക്കും വടക്കോട്ട് എറണാകുളം കൊച്ചി, അങ്കമാലി, മൂവാറ്റുപുഴ, ആലുവ, തൃശൂർ തുടങ്ങിയ സ്ഥലങ്ങളിലേക്കും തെക്കോട്ട് കോട്ടയം, ചങ്ങനാശ്ശേരി, തിരുവല്ല, തിരുവനന്തപുരം തുടങ്ങിയ സ്ഥലങ്ങളിലേക്കും ഏത് അർദ്ധരാത്രിയിലും എത്തിച്ചേരുവാൻ ഉള്ള സൗകര്യം എം.സി. റോഡ് ഇതുവഴി കടന്നുപോകുന്നതിനാലുണ്ട്.

ഈ പഞ്ചായത്തിലെ റോഡുകളിലധികവും ജനപങ്കാളിത്തത്തോടെ നിർമ്മിച്ചവയാണ്.

## റോഡുകളുടെ സ്ഥിതി

റോഡുകൾ ഒരു നാടിന്റെ നട്ടെല്ലാണ് എന്നു പറയാം. ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിന്റെ ഏറ്റവും പ്രധാന ഗതാഗത മാർഗ്ഗം റോഡാണ്. ആയതുകൊണ്ടുതന്നെ ധാരാളം റോഡുകളും ഉണ്ടായിട്ടുണ്ട്. അതിനാൽ നാൾക്കുനാൾ തിരക്കേറുന്ന ഒരു 'പട്ടണ' മായി മാറിക്കഴിഞ്ഞു ഏറ്റുമാനൂർ.

## പ്രശ്നങ്ങൾ

1. വ്യവസായത്തിന്റെ വിവിധ ആവശ്യകതയേയും സാങ്കേതികവശങ്ങളെക്കുറിച്ചുമുള്ള അറിവില്ലായ്മ.

2. സഹകരണ മേഖലയിൽ വ്യവസായങ്ങൾ ആരംഭിക്കാൻ അഭ്യസ്തവിദ്യരായ യുവതീ-യുവാക്കൾക്ക് ആത്മധൈര്യം വരുന്നില്ല.

3. വ്യവസായ സംരംഭകർക്ക് ആവശ്യമായ വൈദ്യുതിയുടെ ദൗർലഭ്യത.

4. സാങ്കേതിക പരിജ്ഞാന കുറവ്.

5. ധനസഹായ സ്ഥാപനങ്ങളുടെ നിരുത്സാഹപ്പെടുത്തൽ.

6. പരിചയസമ്പന്നരായ തൊഴിലാളികളുടെ അഭാവം.

7. വനിതാ യൂണിറ്റ് സംരംഭങ്ങൾ തുടങ്ങാനുള്ള വനിതകളുടെ വൈമുഖ്യം.

8. തൊഴിലാളികളുടെ സ്ഥിരതയില്ലാത്ത വേതന നിരക്ക്.

9. വ്യവസായമേഖലയിലുള്ള സമ്പർക്ക കുറവ്.

## നിർദ്ദേശങ്ങൾ / പരിഹാരമാർഗ്ഗങ്ങൾ

1. വ്യവസായസംരംഭകരെ പ്രോത്സാഹിപ്പിക്കത്തക്കവണ്ണം സാമ്പത്തികസ്ഥാപനങ്ങളിൽ നിന്നും ഉദ്യോഗസ്ഥരിൽ നിന്നും പൊതുസാമ്പത്തികസ്ഥാപനങ്ങളിൽ നിന്നും ഇലക്ട്രിസിറ്റിബോർഡിൽ നിന്നും അകമഴിഞ്ഞ സഹകരണം.

2. ഖാദിഗ്രാമവ്യവസായം പുഷ്ടിപ്പെടുത്തുകയും അതിന് സാങ്കേതിക പരിജ്ഞാനം, സാമ്പത്തികസഹായം എന്നിവ നൽകുക.

3. പ്രവർത്തനമൂലധനം സഹകരണാടിസ്ഥാനത്തിൽ സ്വരൂപിക്കേണ്ടത്, വ്യവസായബോർഡ്, ഖാദിബോർഡ്, വ്യവസായകോർപറേഷനുകൾ, ഗവൺമെന്റ് (പൊതുമേഖല) എന്നിവയിൽ നിന്നും നേരിട്ട് മുതൽ മുടക്കുകളും ആവശ്യമായ ക്രമീകരണങ്ങളും അടിയന്തിരനടപടി സ്വീകരിക്കുക.

4. കാർഷികവിഭവങ്ങളിൽ മുമ്പന്തിയിൽ നിൽക്കുന്നത് റബ്ബർ, കൊക്കോ, പച്ചക്കറികൾ, നാളികേരം എന്നിവയാണ്. ഇവയെ ഇവിടെത്തന്നെ സംസ്കരിച്ച് വിപണനസൗകര്യം ഏർപ്പെടുത്തുക.

5. സുലഭമായി കിട്ടുന്ന റബ്ബർ തടി സംസ്കരണ യൂണിറ്റും ഒരു ഫർണിച്ചർ യൂണിറ്റും സ്ഥാപിക്കുക.

6. പരമ്പരാഗത വ്യവസായങ്ങളെ പുനരുദ്ധരിക്കുകയും രണ്ടോ മൂന്നോ വാർഡുകളിലെവീതം ആൾക്കാർക്ക് മിനി എസ്റ്റേറ്റുകൾ സ്ഥാപിക്കുക.

രണ്ടോ മൂന്നോ വാർഡുകളെ ഉൾക്കൊള്ളിച്ചുകൊണ്ട് കുറ്റിമുല്ല, ഓർക്കിഡ്, തേനീച്ച വളർത്തൽ എന്നീ യൂണിറ്റുകൾ തുടങ്ങുക.

# ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് ഗ്രാമീണറോഡുകൾ

## വാർഡ് I

| | | റോഡിൻെറ ഇനം | നീളം | വീതി |
|---|---|---|---|---|
| 1 | ക്ലാരക്കുഴി റോഡ് | മണ്ണുറോഡ് | 600 മീ. | 3.5 മീ. |
| 2 | കട്ടച്ചിറ പിണ്ടിപ്പുഴ റോഡ് | ടാർറോഡ് | 2000 | 4.00 |
| 3 | കന്നുവെട്ടി കോടൂർ റോഡ് | മണ്ണുറോഡ് | 1000 | 400 |
| 4 | കട്ടച്ചിറ പരിയാതുപതി റോഡ് | " | 1075 | 400 |
| 5 | ആര്യങ്കാല-മരഞ്ഞട്ടിക്കാല റോഡ് | ടാർറോഡ് | 915 | 500 |
| 6 | മരഞ്ഞട്ടിക്കാല-ക്ലാമറ്റം റോഡ് | മണ്ണുറോഡ് | 865 | 300 |
| 7 | മരഞ്ഞട്ടിക്കാല-പിണ്ടിപ്പുഴ റോഡ് | " | 1041 | 400 |
| 8 | ചെറുകാട്ടിക്കാല-പിണ്ടിപ്പുഴ റോഡ് | " | 680 | 450 |
| 9 | കോട്ടൂർ-തോട്ടപ്പുറം | " | 623 | 3.50 |
| 10 | കളപ്പുരവെച്ചമുകളേൽ-ഇടക്കുളം | " | 802 | 350 |
| 11 | കളപ്പുരവെച്ചമുകളേൽ-കോട്ടൂർ റോഡ് (കോട്ടപ്പുറം) | " | 600 | 300 |
| 12 | സെൻറ്മേരീസ് കോൺവെൻറ് പടി റോഡ് | " | 500 | 300 |
| 13 | ഇടക്കുളം-കിഴക്കെപ്പറമ്പ് റോഡ് | " | 1500 | 500 |
| | ആകെ | | 12001 | |

## വാർഡ് നമ്പർ II

| | | ഇനം | നീളം | വീതി |
|---|---|---|---|---|
| 1. | ചകരിയാന്തടം-നടുവത്തേരി റോഡ് | മണ്ണുറോഡ് | 640 | 400 |
| 2 | കുറ്റിവേലിക്കുഴി-പട്ടർമഠം | " | 820 | 3.50 |
| 3 | കറ്റോട്-കക്കയം | " | 420 | 6.50, 3.50 |
| 4 | മുണ്ടത്താനം-കറ്റോട് | " | 575 | 3.50 |
| 5 | മുരിയൻവാലി-നടുവത്തേരി | " | 701 | 400 |
| 6 | കട്ടച്ചിറ-ടൈൽ ഫാക്ടറി റോഡ് | ടാർറോഡ് | 1660 | 300 |

| | | റോഡിൻെറ ഇനം | നീളം | വീതി |
|---|---|---|---|---|
| 7 | ചെമ്പകശ്ശേരി-കുതിരവട്ടം റോഡ് | " | 147 | 3.00 |
| 8 | ഉള്ളംപള്ളി കാരണംകോട്ട് റോഡ് | " | 720 | 3.50 |
| 9 | സെമിനാരി റോഡ് | " | 149 | 2.00 |
| 10 | വാളവംകോട്ട് കുഴിപ്പറമ്പ് കോളനി റോഡ് | " | 485 | 3.00 |
| 11 | എളക്കുന്നേൽ റോഡ് | " | 162 | 4.00 |
| 12 | ചെമ്പകശ്ശേരി പേരൂർ റോഡ് | " | 117 | 3.50 |
| 13 | ചിറക്കുളം വല്യാത്തുറോഡ് | " | 428 | 4.00 |
| 14 | കുതിരവട്ടം ഇടുക്കുടി റോഡ് | മണ്ണുറോഡ് | 155 | 3.00 |
| 15 | അമ്പലപ്പറമ്പ് വിലങ്ങിയിൽ റോഡ് | ടാർ 20 മീറ്റർ | 564 | 3.75 |
| 16 | മാധവപ്പള്ളി ചാലാപ്പള്ളി റോഡ് | " | 415 | 3.0 |
| 17 | ചെറുതാനം ചേന്നാട്ട് റോഡ് | " | 394 | 3.0 |
| 18 | ചുണ്ടക്കാട് കുഴിപ്പറമ്പ് റോഡ് | " | 440 | 3.50 |
| | ആകെ | | 7192 | |

## വാർഡ് നമ്പർ VII

| | | ഇനം | നീളം | വീതി |
|---|---|---|---|---|
| 1 | ഗോപാലപിള്ള റോഡ് | ടാർറോഡ് | 570 | 8.00 |
| 2 | മാടപ്പള്ളിൽ-അമ്മൻകോവിൽറോഡ് | " | 765 | 4.00 |
| 3 | ചോരേട്ട്-മത്തുങ്കൽ റോഡ് | മണ്ണുറോഡ് | 878 | 5.00 |
| 4 | കാഞ്ഞിരക്കാട്ടുകുഴി-ഇടപ്പറമ്പ് റോഡ് (എം.സി.റോഡ്-ബ്ലോക്ക്പടി) | " | 615 | 6.00 |
| 5 | ആനാത്തിൽ-കച്ചേരിക്കുന്ന് റോഡ് | " | 711 | 4.00 |
| 6 | ചിറക്കുളം-താന്നിക്കൽ റോഡ് | മണ്ണുറോഡ് | 895 | 3.5 |
| 7 | കൊച്ചുപുരയ്ക്കൽ-കണ്ണാറമുകം റോഡ് | " | 27 | 3.5 |
| 8 | തെക്കേക്കുന്ന്-ചാമക്കാലാ റോഡ് | " | 477 | 3.00 |
| 9 | കച്ചേരിക്കുന്ന് റോഡ് | " | 141 | 6.00 |
| 10 | വെട്ടൂർപ്പടി-തുമ്പശ്ശേരി റോഡ് | " | 500 | 5.00 |

| | | റോഡിൻെറ ഇനം | നീളം | വീതി |
|---|---|---|---|---|
| 4 | വെട്ടിമുകൾ മുക്കിയൻവാലി | ടാർ | 585 | 3.30 |
| 5 | വെള്ളിയാംപൊയ്ക-പുളിക്കത്തൊടി | മണ്ണുറോഡ് | 567 | 4.00 |
| 6 | വെട്ടിമുകൾ-പുന്നത്തുറ | ” | 1030 | 4.00 |
| 7 | മങ്ങര - മംഗളം | ” | 685 | 4.00 |
| 8 | പുന്നത്തുറ-കുരുവിക്കുന്ന് | ” | 458 | 4.0 |
| 9 | മങ്ങര-വള്ളിക്കാട് | ടാർറോഡ് | 946 | 7.50 |
| 10 | ഹിൽവേ റോഡ് | മണ്ണുറോഡ് | 407 | 3.40 |
| | ആകെ | | 7400 | |

## വാർഡ് നമ്പർ V

| | | ഇനം | നീളം | വീതി |
|---|---|---|---|---|
| 1 | പുന്നത്തുറ CSI റോഡ് | ടാർറോഡ് | 1200 | 450 |
| 2 | മംഗളം മഹാത്മാകോളനി | മണ്ണുറോഡ് | 1005 | 4.00 |
| 3 | പുലിയള മഹാത്മാകോളനി | മണ്ണ് | 410 | 4.00 |
| 4 | പടിക്കര-മംഗളം റോഡ് | മണ്ണ് | 405 | 4.00 |
| 5 | കുഴിക്കോട്ട-മേമ്പേനിപ്പടി | മണ്ണ് | 642 | 3.50 |
| 6 | ചാലാപ്പടി-ജ്ഞാനമഠം റോഡ് | മണ്ണ് | 550 | 3.50 |
| 7 | പുന്നത്തുറ-മഹാത്മാകോളനി റോഡ് | മണ്ണ് | 1000 | 4.00 |
| | | ആകെ | 5212 | |

## വാർഡ് നമ്പർ IV

| | | | | |
|---|---|---|---|---|
| 1 | വായനശാല ഉമ്പുക്കാട്ട് റോഡ് | മണ്ണുറോഡ് | 500 | 3.50 |
| 2 | ചുണ്ടക്കാട്ടു-പഴേപടി റോഡ് | ” | 410 | 3.50 |
| 3 | വല്യാത്തു-നെടുങ്ങാടി റോഡ് | ” | 522 | 3.50 |
| 4 | പൂപ്പറമ്പ്-കുതിരവട്ടം റോഡ് | ” | 609 | 300 |
| 5 | അട്ടമറ്റം-പ്ലാമ്മൂട് റോഡ് | ” | 390 | 3.50 |
| 6 | കാരക്കണ്ടം വിലങ്ങിപ്പടി റോഡ് | ടാർ 200 മീറ്റർ | 585 | 3.00 |

| | | റോഡിൻെറ ഇനം | നീളം | വീതി |
|---|---|---|---|---|
| | **വാർഡ് നമ്പർ IX** | | | |
| 1 | കൊടുവത്താനം ആണ്ടൂക്കുന്നേൽ റോഡ് | മണ്ണുറോഡ് | 960 | 4.00 |
| 2 | തവളക്കുഴി കൊടുവന്താനം റോഡ് | ടാർറോഡ് | 400 | 4.00 |
| 3 | കുരീച്ചിറ - കൊടുകുത്തി | മണ്ണ്റോഡ് | 653 | 3.50 |
| 4 | വള്ളിക്കാട് പട്ടിത്താനം റോഡ് | ടാർറോഡ് | 1488 | 8.00 |
| 5 | വെള്ളാരംപാറ മൂന്നു കല്ലുമ്പാറ റോഡ് | മണ്ണ്റോഡ് | 1140 | 4.00 |
| 6 | അപ്പൻകുളങ്ങര കരിങ്ങോട്ടിപ്പടി റോഡ് | ,, | 1000 | 4.00 |
| 7 | ക്ലാമറ്റം -വള്ളിക്കാട് റോഡ് | ടാർറോഡ് | 2200 | 4.00 |
| 8 | തവളക്കുഴി ക്ലമാറ്റം റോഡ് | ,, | 2610 | 8.00 |
| 9 | മറ്റത്തിൽപ്പടി വെട്ടൂർപ്പടി റോഡ് | ,, | 360 | 4.00 |
| 10 | പട്ടിത്താനം പനച്ചേൽപ്പടി റോഡ് | മണ്ണ്റോഡ് | 435 | 4.00 |
| 11 | മണിക്കുഴി കറുകച്ചേരിപ്പടി റോഡ് | ,, | 450 | 4.00 |
| 12 | കറുത്തപാറ കടുവാക്കുഴി റോഡ് | ,, | 325 | 2.50 |
| 13 | ചിറ്റക്കാട്ടുപടി -കണിയാലിപ്പടി റോഡ് | ,, | 375 | 3.50 |
| 14 | കുരീച്ചിറ -പൊയ്കപ്പുറം റോഡ് | ,, | 520 | 4.00 |
| 15 | വള്ളിക്കാട് വെള്ളാരം പാറ റോഡ് | ,, | 300 | 3.00 |
| 16 | പടക്കശ്ശേരിപ്പടി - വട്ടമല റോഡ് | ,, | 1100 | 4.00 |
| | ആകെ | | 14316 | |
| | **വാർഡ് നമ്പർ X** | | | |
| 1 | തൈപ്പറമ്പ് കാക്കനാട്ടുപടി റോഡ് | മണ്ണ്റോഡ് | 466 | 4.00 |
| 2 | തൈപ്പറമ്പ് നെട്ടുമാലി റോഡ് | ,, | 370 | 3.50 |
| 3 | ചെറുപുഷ്പം കാരിത്താസ് റോഡ് | ,, | 1085 | 4.00 |
| 4 | പെരുവണ്ണിക്കാലാ -പാച്ചൂരി റോഡ് | ,, | 540 | 4.00 |
| 5 | വെള്ളാരത്തിങ്കൽ-പാറോലിക്കൽ റോഡ് | ടാർറോഡ് | 1220 | 6.00 |
| 6 | പാഴോനാപ്പടി -നെല്ലിക്കാത്തടം റോഡ് | മണ്ണ്റോഡ് | 435 | 3.50 |
| 7 | പാറോലിക്കൽ പൂവംനിൽകുന്നതിൽ റോഡ് | ,, | 1119 | 3.00 |
| 8 | അട്ടമറ്റം കോളനി റോഡ് | ടാർറോഡ് | 334 | 4.00 |
| 9 | ചേനാട് കാലാകാരി റോഡ് | മണ്ണ്റോഡ് | 665 | 3.00 |

| | | റോഡിൻെറ ഇനം | നീളം | വീതി |
|---|---|---|---|---|
| 11 | എം.സി.റോഡ്-കോവിൽപ്പാടം റോഡ് | ടാർറോഡ് | 200 | 5.00 |
| 12 | വില്ലേജ് ഓഫീസ് കോവിൽപ്പാടം റോഡ് | ,, | 265 | 3.50 |
| 13 | കോവിൽപ്പാടം എം.സി. റോഡ് | ,, | 365 | 6 |
| 14 | വല്ലാത്തറയ്ക്കൽ റോഡ് | മണ്ണ്റോഡ് | 227 | 3 |
| 15 | കണ്ണാറമുകൾ റോഡ് | ,, | 309 | 3 |
| 16 | കൊച്ചുപുരക്കൽ മണ്ണംപള്ളി റോഡ് | ,, | 142 | 3 |
| 17 | എം.സി. റോഡ് ചിറക്കുളം റോഡ് | ,, | 263 | 4.50 |
| 18 | ബ്ലോക്ക് റോഡ് | ടാർറോഡ് | 270 | 2.40 |
| 19 | വെട്ടൂർപ്പടി -സെമിനാരി റോഡ് | ,, | 200 | 5.00 |
| 20 | സെമിനാരി -എം.സി. റോഡ് (തോപ്പിൽ റോഡ്) | മണ്ണ്റോഡ് | 190 | 4.00 |
| 21 | മടത്തേട്ടുപടി റോഡ് | ,, | 150 | 4.00 |
| | ആകെ | | 8430 | |

## വാർഡ് നമ്പർ VIII

| | | ഇനം | നീളം | വീതി |
|---|---|---|---|---|
| 1 | നെല്ലിപ്പള്ളി കുരീക്കുന്നു റോഡ് | മണ്ണുറോഡ് | 300 | 4.00 |
| 2 | അന്ത്യാളൻകാവ് വള്ളിക്കാട് റോഡ് | ടാർറോഡ് | 1041 | 4.00 |
| 3 | വടക്കേനട-അഴകുളം റോഡ് | ടാർറോഡ് | 652 | 4.00 |
| 4 | എസ്.പി. പിള്ള റോഡ് | മണ്ണുറോഡ് | 680 | 4.0 |
| 5 | കോവിൽപ്പാടം സവിത റോഡ് | ടാർറോഡ് | 130 | 4.00 |
| 6 | തെക്കേനട കൈലാസ് റോഡ് | ടാർറോഡ് | 225 | 6.0 |
| 7 | ഐക്കരതുണ്ടം കോട്ടപ്പുറം റോഡ് | മണ്ണുറോഡ് | 780 | 3.50 |
| 8 | കിഴക്കേനട മങ്ങര റോഡ് | ടാർറോഡ് | 585 | 6.50 |
| 9 | വല്ല്യേടത്തു റോഡ് | മണ്ണുറോഡ് | 150 | 3.00 |
| 10 | കൊടുവത്താനം കറുത്തേടം റോഡ് | " | 296 | 3.00 |
| 11 | കാരൂർ ചകിരിയാംതടം റോഡ് | " | 705 | 4.00 |
| 12 | വല്ലേപ്പറമ്പിൽ റോഡ് | " | 206 | 2.50 |
| 13 | എസ്.എസ്. റോഡ് | " | 291 | 2.50 |
| | | ആകെ | 6327 | |

| | | റോഡിൻെറ ഇനം | നീളം | വീതി |
|---|---|---|---|---|
| 4 | വിലങ്ങിപ്പടി പരിയാരം റോഡ് | മണ്ണുറോഡ് | 784 | 3.0 |
| 5 | പറത്താനത്തുകാലാ മുണ്ടെകടവ് റോഡ് | " | 380 | 3.0 |
| 6 | കാനാട്ടുതുണ്ടം താഴത്തേടത്ത് റോഡ് | " | 425 | 4.00 |
| 7 | കാനാട്ടുതുണ്ടം പാറേക്കടവ് റോഡ് | " | 759 | 4.00 |
| 8 | നടുപ്പറമ്പ് മഞ്ഞപ്പള്ളി റോഡ് | " | 466 | 3.50 |
| 9 | പാഴൂർ കാനാട്ടുതുണ്ടം റോഡ് | " | 575 | 4.00 |
| 10 | എരുമേലി ചാക്കശ്ശേരി റോഡ് | " | 318 | 3.0 |
| 11 | പുല്ലാട്ട് കാനാട്ടുതുണ്ടം റോഡ് | " | 444 | 4.0 |
| 12 | പള്ളിക്കുടം കവല പാറേക്കടവ് റോഡ് | ടാർ റോഡ് | 150 | 4.00 |
| 13 | കണ്ടഞ്ചിറ പാറേക്കടവ് റോഡ് | ടാർ റോഡ് | 2200 | 8.00 |
| 14 | കരേടത്തു വൈ.എം.സി.എ. റോഡ് | മണ്ണുറോഡ് | 285 | 4.00 |
| 15 | കാവുംപടി റോഡ് | " | 434 | 5.50 |
| 16 | മാന്തോട്ടം മഞ്ഞനാടി റോഡ് | " | 1871 | 4.0 |
| 17 | പോളച്ചിറ അവറുംപാടം റോഡ് | " | 725 | 3.00 |
| 18 | പുല്ലാട്-നൂഴായിത്തടം റോഡ് | " | 350 | 3.00 |
| | ആകെ | | 14543 | |

## വാർഡ് നമ്പർ XIII

| | | | | |
|---|---|---|---|---|
| 1 | അരയിരം മാലിക്കടവ് റോഡ് | മണ്ണുറോഡ് | 330 | 3.50 |
| 2 | വെച്ചൂർ തുരുത്തിപ്പാടം റോഡ് | " | 417 | 4.00 |
| 3 | ചോയിലക്കുഴി അരയിരം റോഡ് | " | 883 | 4.00 |
| 4 | ഇടച്ചേരിമാലി-തെള്ളകം റോഡ് | " | 632 | 4.00 |
| 5 | കല്ലൂർ പുത്തൂർ റോഡ് | " | 308 | 4.00 |
| 6 | പായിക്കാട്ടുമാലി പാറേക്കടവ് റോഡ് | ടാർറോഡ് | 1339 | 8.00 |
| 7 | പായിക്കാട്ടുമാലി ചാവലിക്കുഴി റോഡ് | " | 1010 | 6.00 |
| 8 | കറുത്തേടം തെള്ളകം റോഡ് | മണ്ണുറോഡ് | 310 | 6.00 |
| 9 | പുളിമൂട് പായിക്കാട്ടുമാലി റോഡ് | ടാർ റോഡ് | 1200 | 8.00 |
| 10 | വടക്കേത്തറ കാട്ടുനിലം റോഡ് | മണ്ണുറോഡ് | 132 | 3.00 |
| 11 | മാങ്കാങ്കുഴി വെള്ളാപ്പള്ളി കാവ് റോഡ് | " | 350 | 3.50 |
| 12 | പട്ടേരിമറ്റം വേണാടുമാലി കടവ് റോഡ് | " | 220 | 3.0 |
| 13 | പടിക്കാമറ്റം വൈള്ളമാലി റോഡ് | " | 264 | 3.00 |
| 14 | തുണ്ടത്തിൽ പേരൂർ പാടം റോഡ് | " | 800 | 4.0 |
| 15 | മറ്റത്തിൽ തുരുത്തേൽ റോഡ് | " | 298 | 3.50 |
| 16 | മറ്റത്തിൽ അരിപ്പാറ പാടം റോഡ് | " | 64 | 3.00 |

| | | റോഡിൻെറ ഇനം | നീളം | വീതി |
|---|---|---|---|---|
| 10 | തെള്ളകം പേരൂർ റോഡ് | ടാർറോഡ് | 1000 | 4.00 |
| 11 | താന്നിക്കൽ മാളിയേക്കൽ റോഡ് | മണ്ണ്റോഡ് | 1000 | 4.00 |
| 12 | ചെറുവള്ളി കൈതകുളങ്ങര റോഡ് | ,, | 775 | 6.00 |
| 13 | ചെറുവള്ളി കാരിത്താസ് റോഡ് | ,, | 800 | 4.00 |
| 14 | പൊന്മാങ്കൽ കാരിത്താസ് റോഡ് | ടാർറോഡ് | 420 | 8.00 |
| 15 | കൊറ്റകുളം കണിയാൻ പടി | മണ്ണ്റോഡ് | 1150 | 3.00 |
| 16 | ചെറുവള്ളിപ്പടി പുഞ്ച റോഡ് | ,, | 500 | 3.00 |
| | ആകെ | | 11879 | |
| | **വാർഡ് നമ്പർ XI** | | | |
| 1 | എം.സി.എച്ച് കോളനി-ചെറുവാണ്ടൂർ റോഡ് | മണ്ണ്റോഡ് | 308 | 4.00 |
| 2 | കണ്ടഞ്ചിറ ചെറ്റേൽ മാളിയേക്കൽറോഡ് | ടാർറോഡ് | 375 | 5.00 |
| 3 | മാളിയേക്കൽ ശാസ്താപുരം കോളനിറോഡ് | ,, | 105 | 4.00 |
| 4 | മാളിയേക്കൽ വെച്ചൂർ മുന്നി റോഡ് | ടാർ ഭാഗികം | 1585 | 4.50 |
| 5 | അമ്പനാട്ടു മരങ്ങാടു റോഡ് | മണ്ണ്റോഡ് | 382 | 3.00 |
| 6 | കരിമ്പനപ്പാലം തെള്ളകം റോഡ് | ,, | 400 | 4.00 |
| 7 | വരിക്കേൽ തെള്ളകം റോഡ് | ടാർഭാഗികം | 392 | 4.00 |
| 8 | ശാസ്താപുരം കോളനി അമ്പനാട് പുല്ലാട് ജംഗ്ഷൻ റോഡ് | മണ്ണ്റോഡ് | 750 | 4.00 |
| 9 | വെള്ളൂരാറ്റിൽ മർത്തശ്മൂനിപ്പള്ളിറോഡ് | ,, | 570 | 4.50 |
| 10 | തെള്ളകം പേരൂർ റോഡ് | ,, | 792 | 6.00 |
| 11 | തെള്ളകത്തുകുഴി പേരൂർ റോഡ് | ടാർറോഡ് | 370 | 4.00 |
| 12 | പുളിക്കത്തൊടി വലിയ തുരുത്തേൽ റോഡ് | മണ്ണ്റോഡ് | 308 | 4.00 |
| 13 | വരിക്കയിൽ വേങ്ങമ്പുതപ്പാടം റോഡ് | ടാർറോഡ് | 475 | 4.00 |
| 14 | കരിയാറ്റുപുഴ ശാസ്താപുരം കോളനി റോഡ് | മണ്ണ്റോഡ് | 400 | 4.00 |
| 15 | തെള്ളകത്തുകുഴി MHC ജംഗ്ഷൻ റോഡ് | ടാർറോഡ് | 200 | 4.00 |
| | ആകെ | | 7762 | |
| | **വാർഡ് നമ്പർ XII** | | | |
| 1 | തലവെക്കുംക്കാല മേത്താനം റോഡ് | മണ്ണ്റോഡ് | 877 | 5.00 |
| 2 | കൊലത്താനം -മേത്താനം റോഡ് | ,, | 900 | 4.00 |
| 3 | മൂത്തേടത്തുകാലാ പെരുത്തിരകാവ് റോഡ് | ടാർ റോഡ് | 1300 | 4.00 |

ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിലാകെ 23.9 കി.മി. PWDറോഡുണ്ട്. 1,20970 മീറ്റർ ദൈർഘ്യം വരുന്ന പഞ്ചായത്ത് റോഡുകളുണ്ട്. ഇതിൽ 49075 കി.മി. ദൈർഘ്യം ടാർ ചെയ്തവയാണ്. ബാക്കി ഗ്രാവൽ റോഡും. അമിതമായ ഗതാഗതം റോഡിൻെറ Condition (അവസ്ഥ) മോശമാക്കുന്നു. ഗ്രാമീണറോഡുകളുടെ പുനരുദ്ധാരണത്തിൽ ഒരു പുത്തൻ ഉണർവ്വ് വരുത്തുവാൻ ഏറ്റുമാനൂരിൻെറ പ്രിയങ്കരനായ എം.എൽ.എ തോമസ് ചാഴിക്കാടന് കഴിഞ്ഞു എന്നത് ഇത്തരുണത്തിൽ സ്മരിക്കാതിരിക്കാൻ വയ്യ. പല ഗ്രാമീണ റോഡുകളും വെള്ളപൊക്ക ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി ടാർ ചെയ്തു. ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തും ഒരു വാർഡിൽ ഒരു റോഡ് എന്ന ക്രമത്തിൽ ടാറിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. എങ്കിലും ബസ്സ് സർവീസ് നട ത്തുന്നതും അല്ലാത്തതുമായ നിരവധി ടാർ റോഡുകൾ പൊട്ടിപ്പൊളിഞ്ഞു പോകാനിടയായിട്ടുണ്ട്. ചകിരിയാം തടം-വള്ളികുന്ന് റോഡ് (4.കി.മി. ദൈർഘ്യം വരും) ഇത് ടാർ ചെയ്തിട്ട് 10 വർഷം കഴിഞ്ഞു പലഭാഗങ്ങളും തീർത്തും തകർന്നു പോയിട്ടുണ്ട്. മംഗര വള്ളിക്കാട് റോഡ് 2. കി.മി. ദൈർഘ്യം വരുന്ന ഈ റോഡും തകർന്നിട്ടുണ്ട്. തവളക്കുഴി ക്ലാമറ്റം റോഡ് 3. കി. മി. വരുന്ന ഈ റോഡും താറുമാറായിക്കിടക്കുന്നു. വെച്ചൂർ മുത്തി. നൂറ്റൊന്നു കവല റോഡും പഴയ എം. സി. റോഡും താറുമാറായിട്ടുണ്ട്. പള്ളിക്കുന്ന് പായിക്കാടുമാലി റോഡും കണ്ടംചിറ- പാറേക്കടവ് റോഡും പടിഞ്ഞാറെ നട കണ്ണാറമുകൾ റോഡും (ഗോപാലപിള്ള റോഡ്) തകർന്നു കിടക്കുന്നു. പാറോലിക്കൽ ചെറുവാഴൂർ റോഡും ഗതാഗതയോഗ്യമല്ലാതായിരിക്കുന്നു. ഇങ്ങനെ 'നാടിൻെറ നട്ടെല്ലായ' പല റോഡുകളും ഗതാഗയോഗ്യമല്ലാതായിരിക്കുന്നു. ഇ തിൽ പലതും ബസ്സ് സർവ്വീസ് ഉള്ള റോഡുകളാണ്.

## പ്രശ്നങ്ങൾ

മനുഷ്യർക്ക് പാദരക്ഷകൾ എന്നതുപോലെയാണ് റോഡിന് ഓടകൾ. കുത്തിയൊഴുകി വരുന്ന മലവെള്ളപ്പാച്ചിലിൽ പല റോഡുകളും തകർന്നു പോകുന്നു. വീതികുറഞ്ഞ റോഡുകളും ഗതാഗതത്തിന് തടസ്സമായി വരുന്നു. റോഡുകളിലേക്ക് കയറി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകളും ടെലിഫോൺ പോസ്റ്റുകളും, മരങ്ങളും പെട്ടിക്കടകളും റോഡു ഗതാഗതം ദുർഘടമാക്കുന്നു. റോഡുകളിലെ അനധികൃതമായ ഹൈലൻറുകളും അശാസ്ത്രീയമായ വാഹന പാർക്കിംഗും റോഡു ഗതാഗതം ദുർഘടമാക്കുന്നു. ഇടയ്ക്കിടെ P & T ഡിപ്പാർട്ടുമെൻറ് നടത്തുന്ന 'വികസനം റോഡിൻെറ പാർശങ്ങളിലും കുറുകെയും ഉണ്ടാക്കുന്ന കേബിൾ ട്രഞ്ചുകൾ അപകടത്തെ വിളിച്ചു വരുത്തുകയും ഗതാഗതത്തിന് തടസ്സം സൃഷ്ടിക്കുകയും ചെയ്യുന്നു.

## നിർദ്ദേശങ്ങൾ

1. ഏറ്റുമാനൂർ പ്രൈവറ്റ് ബസ്സ്റ്റാൻറിൻെറ ടാറിംഗ് പദ്ധതികൾ പൂർത്തീകരിക്കുക.

2. ടൗണിൽ വരാതെ എം.സി. റോഡിലൂടെയുള്ള ഗതാഗതത്തിന് ഒരു ബൈപ്പാസ് നിർമ്മിക്കുക.

3. പഴയ എം.സി. റോഡ് വികസിപ്പിച്ച് എ.സി. റോഡിന് സമാന്തരമായി പുതിയ ബൈപ്പാസ് റോഡ് തീർക്കണം.

4. എം.സി റോഡിലൂടെ ഏറ്റുമാനൂരിൽ വന്ന് പാലഭാഗത്തേക്കു പോകുന്ന വാഹനങ്ങൾ ഏറ്റുമാനൂർ ടൗണിൽ വരാതെ പഞ്ചായത്തിൻെറ വടക്കേ അതിർത്തി ആയ പട്ടിത്താനത്തുനിന്നും ആരംഭിച്ച് ഏറ്റുമാനൂർ പാലാറോഡിൽ മംഗര ഭാഗത്തുവന്നു ചേരുന്ന റോഡിലൂടെ തിരിച്ചു വിടുക.

5. പേരൂർ പൂവത്തും മൂട്ടിൽ നിന്നും ആരംഭിച്ച് ഏറ്റുമാനൂർ വഴി പട്ടിത്താനം ജംഗ്ഷനിൽ എത്തിച്ചേരുന്ന മണർക്കാട്- പട്ടിത്താനം സ്റ്റേറ്റ് ഹൈവേ റോഡ് യാഥാർത്ഥ്യമാക്കിയാൽ കോട്ടയം ഏറ്റുമാനൂർ പ്രദേശത്തെ ഗതാഗതക്കുരുക്ക് ഒഴിവാക്കുവാൻ സാധിക്കും.

6. ഏറ്റുമാനൂർ ടൗണിൽ ചിറക്കുളത്തിനു സമീപം പ്രവർത്തിക്കുന്ന പ്രൈവറ്റ് മത്സ്യ മാർക്കറ്റ് പഞ്ചായത്ത് പണിതീർക്കുന്ന പുതിയ മത്സ്യ മാർക്കറ്റിലേക്ക് മാറ്റി സ്ഥാപിക്കുക. പൊതുനിരത്തുകളിൽ പകൽ സമയത്തും പ്രത്യേകിച്ച് സന്ധ്യസമയത്ത് ഉള്ള മീൻ വില്പന നിയന്ത്രിക്കുക.

7. വികസിച്ചുവരുന്ന ഏറ്റുമാനൂർ ടൗണിൽ 'വെട്ടൂർ പമ്പ്' മുതൽ വടക്കോട്ട് ക്ഷേത്ര നടവരേയും കിഴക്കോട്ട് കൈലാസ് തീയറ്റർ വരേയും പടിഞ്ഞാറോട്ട് കോടതിപടി വരേയും നീണ്ടൂർ റോഡിൽ പഞ്ചായത്ത് ഓഫീസ് പടിക്കൽവരേയും ഉള്ള "പാർക്കിംഗ്" ഒഴിവാക്കുക.

8. വില്ലേജ് ഓഫീസിനു മുൻവശത്തുള്ള ടൂറിസ്റ്റ് ടാക്സി പാർക്കിംഗ് നിരന്തരം അപകടം ഉണ്ടാക്കുന്നു. ക്യൂവിൽ ആദ്യം വരുവാൻ വാഹനങ്ങൾ റോഡിനു കുറുകെ ഓടിച്ചുകയറ്റുകയും തിരികെ പുറകോട്ട് മാറ്റുകയും ചെയ്യുന്നതിനാൽ ഇരുപുറവും

| | | റോഡിൻെറ ഇനം | നീളം | വീതി |
|---|---|---|---|---|
| 17 | വട്ടുകുളം പേരൂർ പാടം റോഡ് | " | 300 | 3.00 |
| 18 | അരയിരം തെള്ളകം റോഡ് | " | 695 | 3.00 |
| 19 | ഇടച്ചേരിമാലി പൂവത്തുംമൂട് റോഡ് | " | 1200 | 3.00 |
| | ആകെ | | 10982 | |

## വാർഡ് നമ്പർ XIV

| | | | | |
|---|---|---|---|---|
| 1 | തെള്ളകം പേരൂർ റോഡ് | മണ്ണുറോഡ് | 1000 | 8.00 |
| 2 | കാരിത്താസ് അറുമാങ്കുളം റോഡ് | ടാർ റോഡ് | 2165 | 10.00 |
| 3 | പുല്ലാട്ടുകാലാ മാമ്മൂട് റോഡ് | ടാർ റോഡ് | 770 | 3.00 |
| 4 | ഇരുമ്പനം പഴയംപ്ലാത്ത് റോഡ് | " | 100 | 4.00 |
| 5 | പുല്ലാട്ടുകാലാ അമ്പലമുക്ക് റോഡ് | " | 1548 | 6.0 |
| 6 | പെരുങ്ങാട്ട് താഴപ്പള്ളി റോഡ് | മണ്ണുറോഡ് | 600 | 3.00 |
| 7 | തോട്ടം എം.സി. റോഡ് | " | 225 | 3.0 |
| 8 | തെള്ളകം ചർച്ച് റോഡ് | ടാർ റോഡ് | 285 | 5.00 |
| 9 | പെരുങ്ങാട്ട് കൊറ്റുകുളം റോഡ് | മണ്ണുറോഡ് | 460 | 4.0 |
| 10 | കളപ്പുരയ്ക്കൽ പെരിങ്ങാട്ട് റോഡ് | " | 50 | 4.00 |
| 11 | കൈതകുളങ്ങര പഴയംപ്ലാത്ത് റോഡ് | " | 918 | 4.00 |
| 12 | അടിച്ചിറ തെള്ളകത്തുശ്ശേരി റോഡ് | ടാർ റോഡ് | 320 | 6.50 |
| | ആകെ | | 9791 | |

## ഏറ്റുമാനൂർ പഞ്ചായത്ത് P.W.D. റോഡുകൾ

| | | | നീളം |
|---|---|---|---|
| 1 | എം.സി. റോഡ് | 158 -166 കി.മീ. | 8 കി.മീ. |
| 2 | അതിരമ്പുഴ റോഡ് | 2.5 - 3 കി.മീ. | 0.5 കി.മീ. |
| 3 | ഏറ്റുമാനൂർ-ഈരാറ്റുപേട്ട റോഡ് | 0 - 5 കി.മീ. | 5 കി.മീ. |
| 4 | ആറുമാനൂർ റോഡ് | 0 - 2.8 കി.മീ. | 2.8 കി.മീ. |
| 5 | എറണാകുളം റോഡ് | 0 - 5 കി.മീ. | 0.5 കി.മീ. |
| 6 | അപ്രോച്ച് റോഡ്-എൽ.ആർ ബിൽഡിംഗ് | 0 - 6 കി.മീ. | 0.6 കി.മീ. |
| 7 | നീണ്ടൂർ റോഡ് | 0 - 8 കി.മീ. | 0.8 കി.മീ. |
| 8 | തിരുവഞ്ചൂർ റോഡ് | 0 - 3.5 കി.മീ. | 3.5 കി.മീ. |
| 9 | പുന്നത്തുറ - ടൈൽ ഫാക്ടറി റോഡ് | 0 - 2.2 കി.മീ. | 2.2 കി.മീ. |
| | ആകെ | | 23.9 കി.മീ. |

# ഊർജ്ജം

## വൈദ്യുതി

ഏറ്റുമാനൂർ പഞ്ചായത്തിലെ പ്രധാനപ്പെട്ട ഊർജ്ജസ്രോതസ്സാണ് വൈദ്യുതി. എന്നാൽ നിലവിലുള്ള സംവിധാനത്തിൽ ആവശ്യാനുസരണം വൈദ്യുതി നമുക്ക് ലഭ്യമാകുന്നില്ല. മാത്രമല്ല വോൾട്ടേജ് ക്ഷാമം ആ നാടിൻെറ തന്നെ ഒരു തീരാശാപമായി മാറിയിരിക്കുകയാണ്. ഈ പഞ്ചായത്തിലെ തെക്കേഅറ്റത്തുള്ള 14-ാം വാർഡിൻെറ കുറെ ഭാഗങ്ങൾ മെഡിക്കൽകോളേജ് വൈദ്യുതിസെക്ഷനിൽപ്പെടുന്നതിനാൽ ഉപഭോക്താക്കളുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുവാൻ വിഷമതകൾ നേരിടുന്നു. ഈ പഞ്ചായത്തിലുള്ള എല്ലാ വാർഡുകളിലും ആവശ്യത്തിന് വഴിവിളക്കുകളില്ലായെന്നു മാത്രമല്ല ഉള്ളത് സ്ഥിരമായി കത്തുന്നില്ല. പ്രസരണ-വിതരണ രംഗങ്ങളിൽ കാര്യക്ഷമമായ പ്രവർത്തനം ഇലക്ട്രിസ്റ്റി.ബോർഡ് ജീവനക്കാരിൽനിന്നും ഉണ്ടാകേണ്ടിയിരിക്കുന്നു. പഞ്ചായത്ത് അതിർത്തിയിലുള്ള 75% വീടുകളും വൈദ്യുതീകരിച്ചതാണ്. എല്ലാ വാർഡുകളിലും വൈദ്യുതി എത്തിയിട്ടുണ്ട്.

## മറ്റ് ഊർജ്ജ സ്രോതസ്സുകൾ

ജൈവദ്രവ്യങ്ങൾ (വിറക് മുതലായവ)

പെട്രോളിയം ഉല്പനങ്ങൾ (വാതകങ്ങൾ)

ജൈവവാതകം

1948- 50 കാലഘട്ടത്തിലാണ് ഏറ്റുമാനൂരിൽ വൈദ്യുതി എത്തിത്തുടങ്ങുന്നത്. അതിനു മുമ്പ് മണ്ണെണ്ണയും, വിറകുമാണ് ഊർജ്ജാവശ്യത്തിലേക്ക് ജനങ്ങൾ ഉപയോഗിച്ചു കൊണ്ടിരുന്നത്. എന്നാൽ ഈ രണ്ട് ഇന്ധനങ്ങളുടേയും ലഭ്യത വളരെയധികം കുറഞ്ഞുകൊണ്ടിരുക്കുന്നു. ഏകദേശം 50% ആളുകളും വിറകിനെ ആശ്രയിച്ചു ജീവിക്കുന്നവരാണ്.

## പാചകവാതകം.

സ്വകാര്യമേഖലയിൽ നമ്മുടെ പഞ്ചായത്തിൽ 2 എൽ.പി.ജി. ഗ്യാസ് ഏജൻസികൾ പ്രവർത്തിക്കുന്നു. ഏകദേശം 3000-നു താഴയേ കണക്ഷനുകൾ കൊടുക്കുവാൻ നാളിതുവരെ കഴിഞ്ഞിട്ടുള്ളു. കൂടുതൽ കണക്ഷനുകൾ കൊടുക്കുവാൻ ആവശ്യമായ ക്രമീകരണങ്ങൾ അടിയന്തിരമായി ചെയ്യേണ്ടതുണ്ട്.

## ജൈവവാതകം

ഓരോ. വാർഡിലും ഏകദേശം 1000 - ൽ പരം കന്നുകാലികൾ ഉള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു. അതിനാൽ ബയോഗ്യാസ് (ജൈവവാതകം) നിർമ്മാണത്തിനു വളരെയേറെ സാധ്യകളുണ്ട്. ഏതാണ്ട് 100 ഓളം ജൈവവാതക യൂണിറ്റുകൾ നിലവിൽ പഞ്ചായത്തിലാകെയുണ്ട്. ഈ പദ്ധതി പ്രയോജനപ്പെടുത്തിയാൽ ഊർജ്ജപ്രതിസന്ധിക്ക് വലിയൊരളവുവരെ പരിഹാരം കാണുവാൻ സാധിക്കും.

## ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്
## വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | ട്രാൻസ്ഫോർമർ | 40 |
| 2. | സ്ട്രീറ്റ്ലൈറ്റ് | 831 |
| 3 | ട്യൂബ്ലൈറ്റ് | 114 |
| 4. | മെർക്കുറി | 1 |
| 5. | സോഡിയം വേപ്പർ ലാംബ് | 28 |
| 6. | ആകെ | 1014 |
| 7. | ആകെ വൈദ്യുതിലൈനിൻെറ നീളം | 320 കി.മീറ്റർ |

വരുന്ന വാഹനങ്ങൾ 'ജാം' ആകുന്നു. ആയതിനാൽ ടാക്സിസ്റ്റാൻറ് വില്ലേജ് ഓഫീസിനു പുറകിൽ തൊട്ടുചേർന്നുകിടക്കുന്ന ഉപയോഗശൂന്യമായ സ്ഥലത്തേക്ക് മാറ്റുവാൻ വേണ്ട സൗകര്യം ചെയ്യുക.

9. പോസ്റ്റോഫീസ് പടിക്കലേയും നീണ്ടൂർ റോഡിലെയും 'ഓട്ടോസ്റ്റാൻറ്' സൗകര്യപ്രദമായ മറ്റേതെങ്കിലും സ്ഥലത്തേക്ക് മാറ്റുക

10. P.W.D ഓഫീസിനുമുൻവശത്തുള്ള മതിൽ (പഞ്ചായത്ത് ഓഫീസ് പടിക്കൽ മുതൽ അതിരമ്പുഴ റോഡുവരെയുള്ള ഭാഗം) പൊളിച്ചു മാറ്റി 3 മീറ്റർ എങ്കിലും ഉള്ളിലേക്കു വലിച്ചു വയ്ക്കുകയും അതിരമ്പുഴ റോഡിനും നീണ്ടൂർ റോഡിനും മദ്ധ്യേ ഉള്ള പാർശ്വഭിത്തി പൊളിച്ചുമാറ്റി വിസ്താരപ്പെടുത്തുന്നതായാൽ നീണ്ടൂർ റോഡിൽനിന്നും അതിരമ്പുഴ റോഡിലേക്കും അതിരമ്പുഴ റോഡിൽ നിന്നും നീണ്ടൂർ റോഡിലേക്കും പ്രവേശിക്കേണ്ട വാഹനങ്ങൾ 'ടൗണി'ൽ പൂമരശിന് 'ചുറ്റിക്കറങ്ങാതെ' കടന്നുപോകാം.

11. വികാരങ്ങൾ വ്യണപ്പെടാതെ കുരിശുപള്ളിക്കു മുൻഭാഗവും, പിൻഭാഗവും ഏറ്റെടുത്ത് ആ ഭാഗവും വീതികൂട്ടി കോട്ടയം അതിരമ്പുഴ റോഡ് ഒന്നാക്കിയാൽ ഈ ഭാഗത്തെ വാഹനത്തിരക്ക് ഒട്ടേറെ പരിഹരിക്കപ്പെടും.

12. ഏറ്റുമാനൂർ ക്ഷേത്രത്തിനു തെക്കേനടയിൽ നിന്നും ക്ഷേത്രത്തിനു കിഴക്കേനടയിലൂടെ വടക്കേനടയിലേക്കു പോകുന്ന റോഡ് (ഇത് ദേവസ്വം വകയാണ് എന്നാണറിയുന്നത്) ക്ഷേത്രത്തിനു കിഴക്കേനടയിൽ തെക്കുഭാഗത്ത് ക്ഷേത്രമതിലിനോടു ചേർന്ന ഭാഗം നന്നേ വീതി കുറവാണ്. ഈ ഭാഗം കുറഞ്ഞത് 5 മീറ്റർ കൂടിയെങ്കിലും പാർശ്വഭിത്തികൾ കെട്ടി വീതി കൂട്ടുന്നതായാൽ ഇതുവഴി കിഴക്കുനിന്നും വരുന്ന വാഹനങ്ങൾക്ക് എറണാകുളം ആലുവാ മുതലായ സ്ഥലങ്ങളിലേക്ക് അനായാസം കടന്നുപോകാം.

13. ഏറ്റുമാനൂർ പേരൂർ റോഡിൽ ചെറുവാണ്ടൂരിൽനിന്നും നൂറ്റൊന്നു കവലയിൽ ചെന്നു ചേരുന്ന റോഡ് വീതികൂട്ടി വികസിപ്പിക്കുന്നതായാൽ വടക്കുനിന്നും വരുന്ന വാഹനങ്ങൾ ക്ഷേത്രത്തിനു പടിഞ്ഞാറെ നടയിലൂടെ പേരൂർ കവലയിൽനിന്നും ഇതുവഴി കോട്ടയം റോഡിൽ എത്താം. ടൗണിലെ ഗതാഗതക്കുരുക്ക് ഒട്ടേറെ പരിഹരിക്കുകയും ചെയ്യാം.

14. ഏറ്റുമാനൂർ ടൗണിലെ പഴയ കെട്ടിടങ്ങൾ ഏറ്റെടുത്ത് പൊളിച്ചുമാറ്റി ടൗണിൽ ഗതാഗത തടസ്സം മാറ്റുകയും പാർക്കിംഗ് സൗകര്യം ഉണ്ടാക്കുകയും, കച്ചവടക്കാർക്ക് ആയി പുതിയ ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കണം.

15 എം.സി. റോഡിൽ കെ.എസ്.ആർ.ടി.സി. ബസ്സ്റ്റേഷൻെറ മുൻവശത്തുനിന്നും അതിരമ്പുഴ റോഡിൽ അലങ്കാർ തീയറ്റർഭാഗത്തേക്കും അവിടെ നിന്നും നീണ്ടൂർ റോഡിൽ പുഷ്പകത്ത് ഭാഗത്തേക്കും പുതുിയ റോഡുകൾ തീർത്ത് വലിയ വണ്ടികൾ ടൗണിൽ എത്താതെ തിരിച്ചു വിടണം.

16. എം.സി. റോഡിൽ പോസ്റ്റ്ഓഫീസിന് എതിർവശം ഉള്ള ഓട വീതികൂട്ടി അതിരമ്പുഴ റോഡിലേക്ക് ലിങ്ക് റോഡ് തീർക്കണം.

17. പഞ്ചായത്ത് ആഫീസിനു മുൻവശം എക്സൈസ് ആഫീസിനും പടിഞ്ഞാറുവശമുള്ള ബൈപാസ് വീതികൂട്ടി ഗതാഗതയോഗ്യമാക്കണം.

18. എം.സി. റോഡിൽനിന്നും തുടങ്ങുന്ന - അടിച്ചിറ തെള്ളകത്തുശ്ശേരി റോഡിൽ അടിച്ചിറതോട്ടിൽ ഒരു പാലം നിർമ്മിക്കുക.

19. ഏറ്റുമാനൂർ റയിൽവേ സ്റ്റേഷനിൽ എക്സ്പ്രസ്സ് ട്രയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കണം.

20. ഏറ്റുമാനൂർ കെ.എസ്. ആർ.ടി.സി. ബസ്സ്റ്റേഷൻ ഒരു സബ്ഡിപ്പോ ആയി ഉയർത്തണം.

21. ഏറ്റുമാനൂർ അയർക്കുന്നം റോഡും ഏറ്റുമാനൂർ പേരൂർ റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ് ചെറുവാണ്ടൂർ പാടത്തിനു കുറുകെ നിർമ്മിക്കണം.

# നിലവിലുള്ള ഉപഭോക്താക്കൾ

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | ഗാർഹികം | 6000 |
| 2. | വ്യാപാരം | 1300 |
| 3 | വ്യാവസായികം | 260 |
| 4. | കാർഷികം | 165 |
| 5. | ആകെ | 7725 |
| | **കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം** | |
| 1. | ഓർഡിനറി | 330 |
| 2. | ഒ.ടി.പി. | 16 |
| 3. | ഒ.വൈ.ഇ.സി. | 140 |
| | **ഹരിജൻ കോളനി കണക്ഷൻ സംബന്ധിച്ച വിവരങ്ങൾ** | |
| 1. | വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ | 4 |
| 2. | ഓർഡിനറി കണക്ഷൻ | 23 |
| 3. | ഒ.ടി.പി. ” | 223 |
| 4. | ഒ.വൈ.ഇ.സി. ” | 80 |
| 5. | ആകെ | 326 |

## ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്

### 10.2 ഹരിജൻകോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | ഹരിജൻകോളനികളുടെ പേര് | വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ (എണ്ണം) | സൗജന്യ സ്ലാബിൽ വൈദ്യുത ഉപ. എണ്ണം | പണം നൽകി വൈദ്യുതി കണ. ലഭിച്ച കുടും. എണ്ണം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1. | Modern Harijan Colony | 38 | 22 | 16 |
| 2. | Ambadkar Colony | 12 | 2 | 10 |
| 3. | Ambala Colony, Thellakom | 20 | 6 | 14 |
| 4 | Arayarathil Colony | 10 | 4 | 6 |
| Total | - | 80 | 34 | 46 |

### ഏറ്റുമാനൂർ പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന ട്രാൻസ്ഫോർമറുകളുടെ പേരുകൾ

| | | | |
|---|---|---|---|
| 1. | Office Premises | - 250 | KVA |
| 2. | Madappally | - 100 | " |
| 3. | Microwave | - 63 | " |
| 4. | Ebenezar I | - 100 | " |
| 5. | " II | - 10 | " |
| 6 | Kureechira | - 63 | " |
| 7. | North Gate | - 100 | " |
| 8. | East Gate | - 100 | " |
| 9. | Idikkuzhy | - 150 | " |
| 10. | Peroor Road | - 160 | " |
| 11. | Punnathura West | - 63 | " |
| 12. | Cheruvandoor | - 63 | " |
| 13. | Pallikkunnu | - 63 | " |
| 14 | Kandachira | - 250 | " |
| 15. | Avarampadam | - 100 | " |
| 16. | Vellappally | - 63 | " |
| 17. | Cheruvally Kavala | - 100 | " |
| 18 | Wineo | - 250 | " |
| 19. | Carithas | - 160 | " |
| 20. | Tools India | - 250 | " |
| 21. | Thellakom I | - 150 | KVA |
| 22. | " II | - 100 | " |
| 23. | Pulimoodu | - 500 | " |
| 24. | Povathummoodu | - 100 | " |
| 25. | Vallikkadu | - 160 | " |
| 26. | Mangalam | - 160 | " |
| 27. | Punnathura | - 10 | " |
| 28. | Vettimukal | - 100 | " |
| 29. | Mathai | - 63 | " |
| 30. | Koodalloor I | - 160 | " |
| 31. | " II | - 10 | " |
| 32. | Kottavazhi | - 63 | " |
| 33. | Lift Irrigation | - 100 | " |
| 34. | Company kadavu | - 100 | " |
| 35. | Vimala | - 100 | " |
| 36. | SFS Seminary | - 100 | " |
| 37. | Thavalakuzhy | - 100 | " |
| 38. | G.P. Road | - 100 | " |
| 39. | West Gate | - 250 | " |
| 40. | Stanes | - 100 | " |

## മാർക്കറ്റ്

ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിൽ ഭൂരിഭാഗം ജനങ്ങളും കാർഷികവൃത്തിയിൽ ഏർപ്പെട്ടു ജീവിതം നയിക്കുന്നവരാണ്. സാധാരണക്കാരായ കർഷകരുടെ ഉല്പനങ്ങൾ വിറ്റഴിക്കുവാൻ യാതൊരു സൗകര്യങ്ങളും ടി പ്രദേശത്ത് നിലവിലില്ല. ഉല്പനങ്ങളിലധികവും വളരെ കഷ്ടപ്പെട്ട്, വർദ്ധിച്ച കൂലി നൽകി, കോട്ടയം, അതിരമ്പുഴ, കറുപ്പന്തറ,എന്നിവിടങ്ങളിലെ ചാന്തകളിലാണു കൊണ്ടുപോയി വിറ്റഴിക്കുന്നത്. വള-കീടനാശിനികളുടെ വർദ്ധിച്ച വിലയും, കൂലിച്ചിലവും, ഉല്പനങ്ങൾക്ക് മതിയായ വിലയും ലഭിക്കാത്തതിനാൽ ചെറികിട-ഇടത്തര കർഷകർ കൃഷിപ്പണിയിൽ നിന്നും പിന്നോക്കം പോകുകയും, മറ്റു കാർഷികേതര മേഖലകളിലേയ്ക്ക് കുടിയേറുകയും ചെയ്യുന്നു. ഏറ്റുമാനൂർ ടൗൺ പ്രദേശത്ത് ഒരു മത്സ്യമാർക്കറ്റും, വഴിയോരങ്ങളിലായി ആടുമാടു ചന്തയും പ്രവർത്തിക്കുന്നു. ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട ലക്ഷക്കണക്കിനു രൂപയുടെ വരുമാനം നഷ്ടമാകുന്നു. കാർഷികമേഖലയിൽ ഏത്തവാഴ, പാവൽ, പടവലം, പയറ്, വെള്ളരി, കോവൽ തുടങ്ങിയ കാർഷികവിളകൾ ഏറ്റവും കൂടുതലായി കൃഷി ചെയ്യുന്നത്. പേരൂർ, പുന്നത്തുറ, തെള്ളകം എന്നീ പ്രദേശങ്ങളിലാണ്.

## പരിഹാര/ നിർദ്ദേശങ്ങൾ

1. ഏറ്റുമാനൂർ ടൗൺ കേന്ദ്രീകരിച്ച് പഞ്ചായത്ത് പൊതുമാർക്കറ്റ് സ്ഥാപിക്കുക.

2. കൃഷിക്കാരിൽ നിന്നും നേരിട്ടും, സിവിൽ സപ്ലൈസിൽനിന്നും സാധനങ്ങൾ വാങ്ങി മിതമായ നിരക്കിൽ വിൽക്കുവാൻ ഒരു പച്ചക്കറി സ്റ്റാൾ ഏറ്റുമാനൂരിൽ സ്ഥാപിക്കുക.

3. ഏറ്റുമാനൂരിൽ പ്രവർത്തിക്കുന്ന മത്സ്യമാർക്കറ്റ് (പ്രൈവറ്റ്) പഞ്ചായത്ത് ഏറ്റെടുത്തു നടത്തുക.

4. ആധുനിക രീതിയിൽ ഒരു ഇറച്ചി വിൽപന കേന്ദ്രവും ആടു-മാടു ചന്തയും സ്ഥാപിക്കുക.

5. ഓരോ വാർഡിലും ഗ്രാമസഭ നിർദ്ദേശിക്കുന്ന സ്ഥലത്ത് മിനി മാർക്കറ്റുകൾ സ്ഥാപിക്കുക.

6. മാർക്കറ്റിംഗ് സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ആവശ്യമായ എല്ലാ നടപടികളും അടിയന്തിരമായി കൈക്കൊള്ളുക.

7. ഏറ്റുമാനൂർ ടൗണിലെ മുഴുവൻ വഴിയോര കച്ചവടവും നിരോധിക്കണം.



# വൈദ്യുതമേഖലയിലെ പ്രധാനപ്രശ്നങ്ങൾ

1. ഏറ്റുമാനൂർ പഞ്ചായത്തിൽ നിന്നും സ്ട്രീറ്റ് ലൈറ്റ് ഉപയോഗത്തിനു ഒരു വർഷം 195624 രൂപ അടയ്ക്കുന്നു. എന്നാൽ കാര്യക്ഷമമായ പ്രയോജനം ലഭിക്കുന്നില്ല. ആയതിനു ശാശ്വതപരിഹാരം ഉണ്ടാകണം.

2. വോൾട്ടേജ് കുറവ് - തുടരെയുണ്ടാകുന്ന അപ്രഖ്യാപിതകട്ട്.

3. കാലപഴക്കം വന്ന ലൈനുകളും ട്രാൻസ്ഫോർമറുകളും കാലാകാലങ്ങളിൽ പുനസ്ഥാപിക്കാത്തിനാൽ, വൈദ്യുതിപ്രസരണ നഷ്ടം ഉണ്ടാകുന്നു.

4. ഉപഭോക്താക്കളുടെ വർദ്ധനക്ക് അനുസരിച്ച് ട്രാൻസ്ഫോർമറുകളുടെ കെ.വി. വർദ്ധിപ്പിക്കാതിരിക്കുന്നതിനാൽ നിലവിലുള്ളവ കൂടുതൽ ലോഡ് വഹിക്കുന്നു. ഫലത്തിൽ തകൃതിയായ വേൾട്ടേജ്ക്ഷാമം ഉണ്ടാകുന്നു.

5. വൈദ്യുത ലൈനുകളിൽ കുടുങ്ങി കിടക്കുന്ന വൃക്ഷശിഖരങ്ങൾ പ്രസരണനഷ്ടം കൂടുന്നതിന് ഇടയാക്കുന്നു.

6. വഴിവിളക്കുകളുടെ അറ്റകുറ്റ പണികൾ യഥാസമയം നടത്താത്തതിനാൽ പഞ്ചായത്തിന് വൈദ്യുതി ഇനത്തിൽ ഭീമമായ തുക ചെലവഴിക്കേണ്ടി വരുന്നു.

6. കാര്യക്ഷമത കുറഞ്ഞ ബൾബുകൾ ഉപയോഗിക്കുന്നതിനാൽ ഉദ്ദേശിക്കുന്നത്ര പഴക്കം ലഭിക്കുന്നില്ല.

# പരിഹാരങ്ങളും നിർദ്ദേശങ്ങളും

1. ഇപ്പോൾ നിലവിലുള്ള ട്രാൻസ്ഫോർമറുകൾ നന്നാക്കി ലോഡ് തുല്യമാകുന്ന രീതിയിൽ ക്രമീകരിച്ച് പഞ്ചായത്ത് ഗ്രാമസഭ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ സ്ഥാപിക്കുക. അത്യാവശ്യ സ്ഥലങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

2. പ്രസരണനഷ്ടം ഒഴിവാക്കാൻ നിലവിലുള്ള പഴയ ലൈനുകളും ട്രാൻസ്ഫോർമറുകളും മാറ്റി പുതിയത് സ്ഥാപിക്കുക.

3. ജനപങ്കാളിത്തത്തോടെ ലൈനുകളിൽ വീണു കിടക്കുന്ന വൃക്ഷശിഖരങ്ങൾ വെട്ടിമാറ്റി പ്രസരണ നഷ്ടം ഒഴിവാക്കുക

4. പ്രവർത്തനക്ഷമമായ മീറ്ററുകൾ സ്ഥാപിക്കുകയും അതനുസരിച്ചുള്ള വൈദ്യുതചാർജ് ഈടാക്കുകയും ചെയ്യുക.

5. വഴിവിളക്കുകൾ യഥാസമയം നന്നാക്കുന്നതിനും പുതിയവ സ്ഥാപിക്കുന്നതിനും പഞ്ചായത്തു സഭയുമായി ആലോചിച്ച് നടപടികൾ കൈകൊള്ളുക.

6. ഊർജ്ജം ഉപയോഗം ലാഭകരമാക്കുന്നതിന് കാര്യക്ഷമത കൂടിയ ബൾബുകൾ, ട്യൂബ്ലൈറ്റുകൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ, ബയോഗ്യാസ് അടുപ്പുകൾ, പമ്പുകൾ, കുക്കറുകൾ, കച്ചിപ്പെട്ടി എന്നിവയുടെ ഉപയോഗത്തെക്കുറിച്ച് ബോധൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക.

7. സാമൂഹ്യ വനവൽക്കരണത്തിലൂടെ പൊതുസ്ഥലങ്ങളിലും പുറമ്പോക്കിലും വിറകിനാവശ്യമായ പാഴ്മരങ്ങൾ വച്ചുപിടിപ്പിക്കുക.

8. ഇന്ധനക്ഷമതയുള്ളതും വിലകുറഞ്ഞതുമായ സ്റ്റൗവുകളുടെ ഉപയോഗം വിപുലപ്പെടുത്തുക.

9. വോൾട്ടേജ് ക്ഷാമം പരിഹാരത്തിനായി പുതുയ ട്രാൻസ്ഫോർമറുകൾ ഗ്രാമസഭ നിശ്ചയിക്കുന്ന സ്ഥലങ്ങളിൽ സ്ഥാപിക്കുക.

10. ഏറ്റുമാനൂരിൽ പ്രവർത്തിക്കുന്ന 66 കെ.വി. സബ്സ്റ്റേഷൻെറ ശേഷി വർദ്ധിപ്പിക്കുക.

# വാർഡ് XIV

| | | | | |
|---|---|---|---|---|
| XIV | 1) | തെള്ളകം അമ്പലക്കോളനി<br>(അംബേദ്കർ ഹരിജൻകോളനി) | - | 50 വീടുകൾ |
| XIV | 2) | തെള്ളകം വലിയകാലാകോളനി | - | 41 വീടുകൾ |
| V | 3) | മഹാത്മാകോളനി - വെട്ടിമുകൾ | - | 35 വീടുകൾ |
| I | 4) | ജവഹർ കോളനി | - | 41 വീടുകൾ |
| XIII | 5) | അരയിരം അംബേദ്കർ ഹരിജൻ കോളനി | - | 47 വീടുകൾ |
| IV | 6) | കല്ല്കീറുംതടം കോളനി | - | 20 വീടുകൾ |
| XI | 7) | മോഡേൺ ഹരിജൻ കോളനി | - | 62 വീടുകൾ |
| XI | 8) | കരിയാറ്റപ്പുഴ ഹരിജൻ കോളനി | - | 47 വീടുകൾ |
| III | 9) | ലക്ഷംവീട് കോളനി | - | 30 വീടുകൾ |
| IX | 10) | ഐ.എച്ച്.ഡി.പി. ഹരിജൻകോളനി | - | 50 വീടുകൾ |
| IX | 11) | ബാബു ചാഴിക്കാടൻ ഹൗസിംഗ്കോളനി | - | 50 വീടുകൾ |
| X | 12) | ശങ്കരാമല (ന്യൂ) കോളനി | - | 15 വീടുകൾ |

നമ്മുടെ പഞ്ചായത്തിൽപ്പെട്ട വിവിധ വാർഡുകളിൽ ഭവനരഹിതരായ നിരവധി ആളുകൾക്ക് പാർപ്പിടസൗകര്യം ഒരുക്കിക്കൊടുക്കുവാൻ ഇതിനോടകം നമുക്കു സാധിച്ചു എന്നത് ഏറ്റുമാനൂരിനെ സംബന്ധിച്ചിടത്തോളം എടുത്തുപറയത്തക്ക ഒരു നേട്ടമാണ്. ഏതാണ്ട് ഒരു വർഷത്തിനപ്പുറമാണ് ഏറ്റുമാനൂർ പഞ്ചായത്ത് 9-ാം വാർഡിൽ രത്നഗിരിക്കടുത്തുള്ള പൊയ്കപ്പുറം എന്ന സ്ഥലത്ത് 'ബാബു ചാഴിക്കാടൻ ഹൗസിംഗ് കോംപ്ലക്സ്' എന്ന പേരിൽ രാജീവ് ദശലക്ഷപാർപ്പിടപദ്ധതിയിൻകീഴിൽ അമ്പതുവീടുകൾ പണിതീർത്തത്.

കോളനികളായി താമസിക്കുന്ന ഇവർക്ക് മറ്റ് അടിസ്ഥാനസൗകര്യങ്ങൾ കൂടി നമുക്കു ചെയ്തുകൊടുക്കേണ്ടതായിട്ടുണ്ട്. പൊതുജനപങ്കാളിത്തത്തോടു കൂടിയുള്ള ജനകീയാസൂത്രണംവഴി ഇവയ്ക്കെല്ലാം ഒട്ടേറെ പരിഹാരം കണ്ടെത്താൻ കഴിയും എന്നു പ്രത്യാശിക്കാം.



# ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും



മനുഷ്യജീവിതത്തിന് ആവശ്യം വേണ്ടുന്ന ഘടകങ്ങളിൽ ഒന്നാണ് പാർപ്പിടം. വീട് എന്ന സങ്കല്പം മനുഷ്യനിൽ ഉടലെടുത്ത നാൾ മുതൽ അവന്റെ ചിന്തകൾ ബഹുമുഖമായി മാറി. ഒരു കുടുംബത്തിന്റെ സാമൂഹ്യപദവിയുടെ നിദാന്തമായി നാം ഇന്ന് വീടിനെ കാണുന്നു.

അല്പമൊന്ന് പിറകോട്ടു ചിന്തിച്ചാൽ 'നമ്മുടെയൊക്കെ 'അച്ഛനപ്പൂപ്പന്മാരുടെ കാലത്ത്' അവർ വീടിനെ എങ്ങനെ കണ്ടിരുന്നു എന്നു നമുക്കു മനസ്സിലാക്കാവുന്നതേയുള്ളു.

നാലുകെട്ടും നടുമുറ്റവും അറയും നിരയും പത്തായവും പടിപ്പുരയും മാളികയും മറ്റും. ഇന്നും നമ്മുടെ നാട്ടിൽ അങ്ങിങ്ങായിട്ടെങ്കിലും കാണാൻ കഴിയും. ഇതെല്ലാം വലിയ തറവാടിന്റെ ലക്ഷണമാണ് എന്ന് ചിന്തിച്ചിരുന്നു. എന്നാൽ കാലാന്തരത്തിൽ ജീവിതചര്യകളും ജീവിതചുറ്റുപാടുകളും മാറി. മാളികകളും നാലുകെട്ടും ഇരുന്ന സ്ഥലങ്ങളിൽ അംബരചുംബികളായ മണിസൗധങ്ങൾ ഉയർന്നു. പഴയ തറവാടുകൾക്ക് പറമ്പിൽ ഒരു കുളവും കുടുംബംവക പൊതുശ്മശാനവും ഉണ്ടായിരുന്നു. എന്നാൽ ഇവയെല്ലാം കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോയി.

സമൂഹത്തിലെ സ്ഥാനങ്ങൾ അനുസരിച്ച് താമസിക്കുന്ന വീടിന് പേരുകൾ പലവിധമായിരുന്നു.

രാജാക്കന്മാർ താമസിക്കുന്ന വീടിന് 'കൊട്ടാര'മെന്നും ബ്രാഹ്മണൻ താമസിക്കുന്ന വീടിന് ഇല്ലം, മഠം, മന എന്നും തമ്പ്രാക്കന്മാർ താമസിക്കുന്നേടത്തിന് 'പടിക്കൽ' എന്നും സമൂഹത്തിലെ ഏറ്റവും താഴെ കിടയിൽ താമസിക്കുന്ന വീടിന് 'മാടം' അല്ലെങ്കിൽ 'പൊര' (ഇത് അക്ഷരശുദ്ധിയോടെ 'പുര' എന്ന് പിന്നീട് മാറി) എന്നും മറ്റും പറഞ്ഞുവന്നു.

വീടുകൾ നിർമ്മിക്കുവാൻ 'കുമ്മായം' എന്നൊരു വസ്തു ഉപയോഗിച്ചിരുന്നു. ചെളി ചാലിച്ചു ചേർത്ത് ഭിത്തികൾ കെട്ടിയിരുന്നു. മരം അല്ലെങ്കിൽ തടി കൂടുതലായി ഉപയോഗിച്ചിരുന്നു.

എന്നാൽ കാലാന്തരത്തിൽ ഇവയ്ക്കെല്ലാം മാറ്റം സംഭവിച്ചു. സ്വതന്ത്രഇൻഡ്യയിൽ പ്രത്യേകിച്ച് കേരളത്തിൽ മാറിമാറിവന്ന ഭരണാധിപന്മാർ പലവിധം പാർപ്പിടപദ്ധതികൾക്കും രൂപംനൽകി ഇന്ന് നാം കാണുന്ന 'രാജീവ് ദശലക്ഷപാർപ്പിട പദ്ധതി' ഇത്തരത്തിൽ ഒന്നാണ്. കൂടാതെ മറ്റ് പല സന്നദ്ധസംഘടനകളും നിർദ്ധനരായ ആളുകൾക്കായുള്ള ഭവനനിർമ്മാണപദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. രണ്ട് സെന്റ് സ്ഥലം സ്വന്തമായുള്ള ഏതൊരാൾക്കും വീടുവച്ചുനൽകുവാൻ ഉതകുമാറിപ്പോൾ മൈത്രി ഭവനനിർമ്മാണപദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതുകൂടാതെ സമുദായത്തിൽ പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്കായി സൗജന്യമായി വീട് നിർമ്മിച്ചു നൽകുന്ന പദ്ധതിയും നാം ആവിഷ്കരിച്ചു നടപ്പാക്കുന്നു. സാനിട്ടേഷന്റെ കാര്യത്തിലും നാം മുന്നേറുന്നുണ്ട്. 'നിർമ്മൽ 2000' എന്ന പദ്ധതിയിൽപെടുത്തി രണ്ടായിരമാണ്ടോടെ മുഴുവൻപേർക്കും കക്കൂസ് നിർമ്മിക്കുക എന്ന മുദ്രാവാക്യവുമായാണ് കോട്ടയംജില്ല നിൽക്കുന്നത്.

## ക്ഷേമനിധി

കർഷകത്തൊഴിലാളി ക്ഷേമനിധി കെട്ടിട നിർമ്മാണ ക്ഷേമനിധി, ആർട്ടിസൻസ് ക്ഷേമനിധി, തയ്യൽ ത്തൊഴിലാളി ക്ഷേമനിധി, ചുമട്ടുതൊഴിലാളി ക്ഷേമ നിധി എന്നിവയാണ് ഈ പദ്ധതിയിൽ കീഴിൽ വരുന്നത് ഇതിൽ നിർമ്മാണതൊഴിലാളി ക്ഷേമനിധിയാണ് മുമ്പന്തിയിൽ.

മുഴുവൻ തൊഴിലാളികളെയും, കൃഷിക്കാരെയും ക്ഷേമനിധിയിൽ ഉൾപ്പെടുത്തുകയും കർഷകർക്ക് വിള ഇൻഷ്വറൻസ് പദ്ധതി എത്രയും വേഗം നടപ്പാക്കുകയും വേണം.

നമ്മുടെ പഞ്ചായത്തിൽ വിവിധ വിഭാഗത്തിൽ പെൻഷൻ ലഭിക്കുന്നവർ.

1. അഗതി പെൻഷൻ - 39
2. വിധവാ പെൻഷൻ - 96
3. വികാലംഗ പെൻഷൻ - 72
4. വാർദ്ധക്യകാല പെൻഷൻ - 29
5. കർഷകതൊഴിലാളി പെൻഷൻ - 163
6. തൊഴിലില്ലായ്മ വേതനം - 608

## അംഗൻവാടികൾ

ഈ പഞ്ചായത്തിൽ അഞ്ച് അംഗൻവാടികൾ പ്രവർത്തിക്കുന്നു. മറ്റ് 9 വാർഡുകളിൽ ബാലവാടികളോ അംഗൻവാടികളോ പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിൽ മൊത്തം 1991-ലെ സെൻസസ്പ്രകാരം 41216 ജനങ്ങൾ ഉണ്ട്. അതിൽ പു.20617, സ്ത്രീ 20599 ആണ്. അതിൽ 4628 കുട്ടികൾ ഉണ്ട്, എന്നാൽ ലഭ്യമായ കണക്കനുസരിച്ച് 176 ഓളം കുട്ടികളാണ് ബാലവാടികളിൽ എത്തുന്നത്. ബാലവാടികൾ കൂടുതൽ അനുവദിക്കുകയും ബാലവാടികളിലെ ടീച്ചർമാർക്ക് ശമ്പളം വർദ്ധിപ്പിച്ചു നൽകുകയും, എല്ലാ കുട്ടികൾക്കും പോഷക ആഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണം.

സാമൂഹ്യക്ഷേമ രംഗത്ത് പ്രധാനപ്പെട്ട ഒന്ന് സുലഭവും, നീതിപൂർവ്വവുമായ പൊതുവിതരണ ശൃംഖല നടപ്പിലാക്കുക എന്നതാണ്. എന്നാൽ ഇന്നും റേഷൻകട, മാവേലിസ്റ്റോർ, സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ സുലഭ, കല്പക സൂപ്പർ മാർക്കറ്റ് എന്നിവ എല്ലാ പ്രദേശങ്ങളിലേയും ആൾക്കാർക്ക് ലഭിക്കത്തക്കവണ്ണം ജനസാന്ദ്രതയനുസരിച്ച് പ്രവർത്തിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. പുതിയതായി IV,V,VIII,IX എന്നീ വാർഡുകളെ ചേർത്ത് വള്ളിക്കാട്ടും I,II,III,VI വാർഡുകളെ ബന്ധിച്ച് കറ്റോടും X,XI,XIV എന്നീ വാർഡുകളെ ബന്ധിച്ച് തെള്ളകത്ത്ശ്ശേരി ജംഗ്ഷനിലും ഓരോ മാവേലി സ്റ്റോർകൾ സ്ഥാപിക്കുക.

ഈ പഞ്ചായത്തിൽ മൊത്തമുള്ള 17 റേഷൻ കടകളിലായി 8500 ഓളം കാർഡുകൾ ഉണ്ട്.

പഞ്ചായത്തിലെ ആകെ കാർഡുകൾ - 8500

ആകെ യൂണിറ്റ് - 51000

വൈദ്യുതീകരിച്ച വീടുകൾ - 6612

വൈദ്യുതീകരിക്കാത്ത വീടുകൾ - 1354

പൊതുവിതരണ ശൃംഖലയിൽ, റേഷൻകടകളിൽ കൂടി പലചരക്ക് സാധനങ്ങളും വില്പന നടത്തുക. കൃത്യമായ അളവിൽ ഉപഭോക്താവിന് ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും അളവുകളിലും സാധനങ്ങളിലും മായം ചേർക്കുന്നവരെ കർശനമായി ശിക്ഷിക്കാൻ നടപടികൾ ഉണ്ടാകുകയും വേണം.

ആരോഗ്യരംഗത്ത് ഇപ്പോൾ നിലവിലുള്ള മാതൃശിശു സംരക്ഷണകേന്ദ്രം ജനസംഖ്യ അടിസ്ഥാനത്തിൽ കൂടുതൽ അനുവദിക്കുകയും നിലവിലുള്ള കെ.എം.സി.എച്ച് സെൻററിൽ കൂടുതൽ കിടക്കകളും കൂടുതൽ ഡോക്ടർമാരെ നിയമിക്കുകയും ഇപ്പോൾ പേരൂരിൽ സ്ഥിതിചെയ്യുന്ന പഞ്ചായത്ത് ഗവ. ആയുർവേദ ഡിസ്പൻസറി 25 കിടക്കകളോടു കൂടിയ ആശുപത്രി ആക്കി ഉയർത്തുകയും വേണം.

9-ാം വാർഡിലുള്ള പ്രാഥമിക ആരോഗ്യകേന്ദ്രം ബാബുചാഴിക്കാടൻ ഹൗസിംഗ് കോംപ്ലക്സിലേക്കു മാറ്റി ഒരു ഫുൾടൈം ഡോക്ടറേയും നേഴ്സിനേയും നിയമിക്കുക.

# സഹായപെൻഷനുകൾ

## 1. കർഷകതൊഴിലാളി പെൻഷൻ

പെൻഷൻ പദ്ധതികളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് കർഷകത്തൊഴിലാളി പെൻഷൻ. കർഷക ത്തൊഴിലാളിയെ തെരഞ്ഞെടുക്കുന്ന മാനദണ്ഡം ശരിയായി നോക്കാത്തതുകാരണം പല അർഹതപ്പെട്ടവർക്കും ലഭിക്കാതെയും അർഹത ഇല്ലാത്തവർക്കും ലഭിക്ുന്ന സ്ഥിതിയാണിന്ന്. ശരിയായ മാനദണ്ഡത്തിൽ കർഷകത്തൊഴിലാളി നിർവചനം അനുസരിച്ച് പെൻഷൻ അനുവദിക്കണം, ഏറ്റുമാനൂർ പഞ്ചായത്തിൽ രണ്ടു വില്ലേജുകളിലായി 163 പേർക്ക് മാത്രമേ പെൻഷൻ ലഭിക്കുന്നുള്ളു.

## 2. തൊഴിലില്ലായ്മ വേതനം

ഇതിന് ഇന്ന് നിലവിലുള്ള മാനദണ്ഡം പുനർവിചിന്തനം നടത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. സ്വന്തമായി തൊഴിൽ നടത്തുന്നവരും ചെയ്യുന്നവരും ഈ വേതനം കൈപ്പറ്റുന്നു. സമഗ്രമായ ബോധവൽക്കരണം നടത്തി അർഹതയുള്ള അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് വേതനം നൽകാൻ ശ്രദ്ധിക്കണം. ഏതാണ്ട് 608 പേർക്ക് തൊഴിലില്ലായ്മ വേതനം ഈ പഞ്ചായത്തിൽ ലഭിക്കുന്നു.

## 3. വാർദ്ധക്യകാലപെൻഷൻ

വാർദ്ധക്യകാലപെൻഷൻ അർഹതയുള്ളവർ ഈ പഞ്ചായത്തിൽ നിരവധിയുണ്ട്. അർഹതയുള്ളവർക്കുമാത്രം പെൻഷൻ നൽകാൻ വേണ്ടത്ര ശ്രദ്ധിക്കേണ്ടതാണ്. ഈ പഞ്ചായത്തിൽ അനേകരിൽ 29 പേർക്കുമാത്രമാണ് ലഭിക്കുന്നത്.

## 4. വികലാംഗപെൻഷൻ

സാമൂഹ്യക്ഷേമവകുപ്പുവഴി ഇവർക്കു ധനസഹായം നൽകുന്നു. ഏതാണ്ട് 285 പേർ വികലാംഗർ നമ്മുടെ പഞ്ചായത്തിൽ ഉള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു. ഇതിൽ 72 പേർക്കുമാത്രമാണ് പെൻഷൻ ലഭിക്കുന്നത്. ഇവരുടെ ഉന്നമനത്തിനായി അവരവരുടെ അഭിരുചിക്കും വിദ്യാഭ്യാസത്തിനും അനുസരിച്ച് സ്ഥിരമായ തൊഴിൽ നൽകാൻ ധനസഹായം നൽകേണ്ടതാണ്.

## 5. വിധവാപെൻഷൻ

വിധവകളായ 97 പേർക്ക് ധനസഹായം നൽകുന്നു. എന്നാൽ അർഹരെയും അനർഹരെയും തെരഞ്ഞെടുക്കുന്നതിൽ പല പാകപ്പിഴകളും കടന്നുകൂടിയിട്ടുള്ളതായി കാണുന്നു. ആയതു പരിഹരിക്കുക. വാർഡുതലത്തിൽ സർവ്വെ നടത്തി അർഹർക്ക് ഇപ്പോൾ നൽകിവരുന്ന തുക വർദ്ധിപ്പിച്ചു നൽകേണ്ടതാണ്.

## 6. അഗതി പെൻഷൻ

നിരാലംബരായ ആൾക്കാർക്ക് നൽകിക്കൊണ്ടിരിക്കുന്ന പെൻഷനാണ് അഗതി പെൻഷൻ. ഈ പഞ്ചായത്തിൽ 39 പേർക്ക് പെൻഷൻ നൽകിവരുന്നതായി കാണുന്നു. പഞ്ചായത്തുതലത്തിൽ സർവെ് നടത്തി അർഹരായവരെ കണ്ടെത്തേണ്ടതാണ്.

## 7. വിധവകളുടെ മക്കൾക്ക് വിവാഹ ധനസഹായം

സാമൂഹ്യക്ഷേമത്തിൽ ഏറ്റവും അർഹതയുള്ള ധനസഹായമാണ് ഇത്. ആയത് ലഭിക്കേണ്ടവർക്കു ലഭിക്കാനും സമയത്ത് ധനസഹായം നൽകാനും കഴിയുന്നില്ല എന്നത് ഒരു ദുഃഖസത്യമാണ്. ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന തുക വളരെ തുച്ഛമാണ്. ടി തുക വർദ്ധിപ്പിക്കുക. യഥാസമയത്തു ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 8. ഗർഭകാലസഹായം

ഈ പഞ്ചായത്തിലെ ഏതാണ്ട് 96 വർഷത്തിൽ 54 ഓളം അപേക്ഷകൾ ലഭിക്കുകയും ആയത് ശുപാർശചെയ്ത് അയയ്ക്കുകയും ചെയ്തു. ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന 300 രൂപ 1000 രൂപ ആയി വർദ്ധിപ്പിക്കേണ്ടതാണ്.

## ഐ.ആർ.ഡി.പി. 1994-'95

| വാർഡ് നമ്പർ | സർവേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ | | | | നാളിതു വരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ | | | | സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|---|---|---|---|---|---|
| | | എസ്സി | എസ്.ടി. | മറ്റുള്ളവർ | ആകെ | | എസ്സി | എസ്.ടി. | മറ്റുള്ളവർ | സ്ത്രീകൾ | | |
| 1 | - | - | - | - | - | 4 | 2 | - | 2 | 2 | 2 | - |
| 2 | - | - | - | - | - | 4 | 1 | - | 3 | 2 | 1 | - |
| 3 | - | - | - | - | - | 5 | 1 | - | 4 | 4 | 2 | - |
| 4 | - | - | - | -- | - | 4 | 1 | - | 3 | 4 | 1 | - |
| 5 | - | - | - | -- | - | 4 | 1 | - | 3 | 3 | 1 | - |
| 6 | - | - | - | - | - | 4 | 1 | - | 3 | 2 | 2 | - |
| 7 | - | - | - | - | - | 4 | 1 | - | 3 | 3 | 1 | - |
| 8 | - | - | - | - | - | 3 | - | - | 3 | 3 | - | - |
| 9 | - | - | - | - | - | 4 | 2 | - | 2 | 4 | - | - |
| 10 | - | - | - | - | - | 5 | - | - | 5 | 3 | 2 | - |
| 11 | - | - | - | - | - | 4 | 2 | - | 2 | 4 | 1 | - |
| 12 | - | - | - | - | - | 3 | 2 | - | 1 | 3 | - | - |
| 13 | - | - | - | - | - | 3 | 1 | - | 2 | 3 | - | - |
| 14 | - | - | - | - | - | 4 | 2 | - | 2 | 2 | 1 | - |

## ഐ.ആർ.ഡി.പി. 1995-'96

| വാർഡ് നമ്പർ | സർവേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ | | | | നാളിതു വരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ | | | | സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|---|---|---|---|---|---|
| | | എസ്സി | എസ്.ടി. | മറ്റുള്ളവർ | ആകെ | | എസ്സി | എസ്.ടി. | മറ്റുള്ളവർ | സ്ത്രീകൾ | | |
| 1 | 134 | 1 | - | 133 | 134 | 3 | 1 | - | 2 | 2 | 1 | 134 |
| 2 | 111 | - | - | 111 | 111 | 3 | - | - | 3 | 2 | 1 | 111 |
| 3 | 121 | 2 | - | 119 | 121 | 4 | 1 | - | 3 | 1 | 2 | 121 |
| 4 | 103 | - | - | 103 | 103 | 3 | 1 | - | 2 | 1 | - | 103 |
| 5 | 107 | - | - | 107 | 107 | 3 | - | - | 3 | 3 | 1 | 107 |
| 6 | 39 | - | - | 39 | 39 | 2 | - | - | 2 | 1 | - | 39 |
| 7 | 43 | - | - | 43 | 43 | 4 | - | - | 4 | 2 | 1 | 43 |
| 8 | 41 | - | - | 41 | 41 | 4 | 1 | - | 3 | 2 | - | 41 |
| 9 | 98 | 1 | - | 97 | 98 | 4 | 2 | - | 2 | 3 | - | 98 |
| 10 | 21 | - | - | 21 | 21 | 4 | - | - | 4 | 3 | 1 | 21 |
| 11 | 101 | 1 | - | 100 | 101 | 3 | 1 | - | 2 | 3 | - | 101 |
| 12 | 120 | - | - | 120 | 120 | 4 | - | - | 4 | 3 | 2 | 120 |
| 13 | 104 | - | - | 104 | 104 | 3 | - | - | 3 | 2 | - | 104 |
| 14 | 107 | 1 | - | 106 | 107 | 4 | 2 | - | 2 | 1 | 1 | 107 |

## ഐ.ആർ.ഡി.പി. 1992-'93

| വാർഡ് നമ്പർ | സർവേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ | | | | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ | | | | സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|---|---|---|---|---|---|
| | | എസ്.സി | എസ്.ടി. | മറ്റുള്ളവർ | ആകെ | | എസ്.സി | എസ്.ടി. | മറ്റുള്ളവർ | സ്ത്രീകൾ | | |
| 1 | 103 | 5 | - | 98 | 103 | 3 | 2 | - | 1 | 1 | 3 | 103 |
| 2 | 114 | 2 | - | 112 | 114 | 4 | 2 | - | 2 | 1 | 1 | 114 |
| 3 | 108 | 6 | - | 102 | 108 | 3 | 1 | - | 2 | - | 1 | 108 |
| 4 | 152 | 1 | - | 151 | 152 | 4 | 1 | - | 3 | 2 | 2 | 152 |
| 5 | 102 | 3 | - | 99 | 102 | 4 | 2 | - | 2 | - | 1 | 102 |
| 6 | 121 | 4 | - | 117 | 121 | 4 | 1 | - | 3 | 1 | 1 | 121 |
| 7 | 140 | 1 | - | 139 | 140 | 3 | 1 | - | 2 | 1 | 1 | 140 |
| 8 | 102 | 1 | - | 101 | 102 | 3 | - | - | 3 | 1 | 1 | 102 |
| 9 | 121 | 3 | - | 118 | 121 | 3 | 2 | - | 1 | 1 | 2 | 121 |
| 10 | 86 | - | - | 86 | 86 | 3 | - | - | 3 | 1 | 1 | 86 |
| 11 | 119 | 4 | 1 | 114 | 119 | 3 | 3 | - | - | 3 | 1 | 119 |
| 12 | 98 | 1 | - | 97 | 98 | 4 | 2 | - | 2 | 1 | - | 98 |
| 13 | 60 | 4 | - | 56 | 60 | 3 | 3 | - | - | 1 | 1 | 60 |
| 14 | 126 | 4 | 2 | 120 | 126 | 4 | 3 | - | 1 | - | - | 126 |

## ഐ.ആർ.ഡി.പി. 1993-'94

| വാർഡ് നമ്പർ | സർവേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ | | | | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ | | | | സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|---|---|---|---|---|---|
| | | എസ്.സി | എസ്.ടി. | മറ്റുള്ളവർ | ആകെ | | എസ്.സി | എസ്.ടി. | മറ്റുള്ളവർ | സ്ത്രീകൾ | | |
| 1 | - | - | - | - | - | 5 | 2 | - | 3 | 2 | 2 | - |
| 2 | - | - | - | - | - | 5 | 1 | - | 4 | 2 | 1 | - |
| 3 | - | - | - | - | - | 6 | 2 | - | 4 | 3 | 3 | - |
| 4 | - | - | - | - | - | 4 | 1 | - | 3 | 2 | 1 | - |
| 5 | - | - | - | - | - | 5 | 1 | - | 4 | 2 | 2 | - |
| 6 | - | - | - | - | - | 5 | - | - | 5 | 1 | 1 | - |
| 7 | - | - | - | - | - | 6 | - | - | 6 | 2 | 1 | - |
| 8 | - | - | - | - | - | 6 | 1 | - | 5 | 3 | 1 | - |
| 9 | - | - | - | - | - | 7 | 3 | - | 4 | 4 | 3 | - |
| 10 | - | - | - | - | - | 3 | - | - | 3 | 3 | - | - |
| 11 | - | - | - | - | - | 3 | 3 | - | - | 3 | 1 | - |
| 12 | - | - | - | - | - | 5 | - | - | 5 | 3 | 2 | - |
| 13 | - | - | - | - | - | 5 | 1 | - | 4 | 2 | 2 | - |
| 14 | - | - | - | - | - | 4 | 2 | - | 2 | 3 | - | - |

## ട്രൈസം 1994 - '95

| വാർഡ് നമ്പർ | പരിശീലനം - വിഷയത്തി ൻെറ പേര് | പരിശീലനം ലഭി ച്ചവരുടെ എണ്ണം | സ്വയംതൊഴിൽ ക ണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലു കളിൽ ഏർപ്പെട്ടി രിക്കുന്നവർ | അവശേഷി ക്കുന്നവർ |
|---|---|---|---|---|---|
| 1 | - | - | - | - | - |
| 2 | എംബ്രോയ്ഡറി | 1 | 1 | - | - |
| 3 | - | - | - | - | - |
| 4 | പ്ലംബ്ബിംഗ് | 1 | 1 | | |
| 5 | കംപോസിംഗ് & ബുക് ബയൻറിംഗ് | 2 | 2 | | |
| 6 | - | - | - | - | - |
| 7 | - | - | - | - | - |
| 8 | - | - | - | - | - |
| 9 | ഖാദി വീവിംഗ് | 1 | 1 | - | - |
| 10 | വെൽഡിംഗ് | 1 | 1 | - | - |
| 11 | ഖാദി വീവിംഗ് | 1 | 1 | - | - |
| 12 | - | - | - | - | - |
| 13 | ഇലക്ട്രീഷൻ | 1 | 1 | - | - |
| 14 | - | - | - | - | - |

## ട്രൈസം 1995 - '96

| വാർഡ് നമ്പർ | പരിശീലനം - വിഷയത്തി ൻെറ പേര് | പരിശീലനം ലഭി ച്ചവരുടെ എണ്ണം | സ്വയംതൊഴിൽ ക ണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലു കളിൽ ഏർപ്പെട്ടി രിക്കുന്നവർ | അവശേഷി ക്കുന്നവർ |
|---|---|---|---|---|---|
| 1 | - | - | - | - | - |
| 2 | പ്ലംബ്ബിംഗ് | 2 | 2 | - | - |
| 3 | - | - | - | - | |
| 4 | ഇലക്ട്രോണിക്സ് | 1 | 1 | - | - |
| 5 | - | - | - | - | - |
| 6 | എംബ്രോയ്ഡറി | 1 | 1 | - | - |
| 7 | - | - | - | - | - |
| 8 | - | - | - | - | - |
| 9 | ഇലക്ട്രോണിക്സ് | 1 | 1 | - | - |
| 10 | - | - | - | - | - |
| 11 | അപ്ഹോൾസ്റ്ററി | 1 | 1 | - | - |
| 12 | അപ്ഹോൾസ്റ്ററി | 1 | 1 | - | - |
| 13 | എംബ്രോയ്ഡറി | 1 | 1 | - | - |
| 14 | - | - | - | - | - |

## ട്രൈസം 1992 - '93

| വാർഡ് നമ്പർ | പരിശീലനം - വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1 | കംപോസിംഗ് & ബുക് ബയൻറിംഗ് | 1 | 1 | - | - |
| 2 | - | - | - | - | - |
| 3 | കംപോസിംഗ് & ബുക് ബയൻറിംഗ് | 1 | 1 | - | - |
| 4 | - | - | - | - | - |
| 5 | പ്ലംബ്ബിംഗ് | 1 | 1 | - | - |
| 6 | -- | - | - | - | - |
| 7 | പ്ലംബ്ബിംഗ് | 1 | 1 | - | - |
| 8 | - | - | - | - | - |
| 9 | വെൽഡിംഗ് | 1 | 1 | - | - |
| 10 | - | - | - | - | - |
| 11 | - | - | - | - | - |
| 12 | കാർപെൻററി | 1 | 1 | - | - |
| 13 | കംപോസിംഗ് & ബുക് ബയൻറിംഗ് | 1 | 1 | - | - |
| 14 | - | - | - | - | - |

## ട്രൈസം 1993 - '94

| വാർഡ് നമ്പർ | പരിശീലനം - വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1 | കംപോസിംഗ് & ബുക് ബയൻറിംഗ് | 1 | 1 | - | - |
| 2 | - | - | - | - | - |
| 3 | ഖാദി വീവിംഗ് | 1 | 1 | - | - |
| 4 | - | - | - | - | - |
| 5 | വെൽഡിംഗ് | 1 | 1 | - | - |
| 6 | - | - | - | - | - |
| 7 | - | - | - | - | - |
| 8 | വാച്ച് റിപ്പയറിംഗ് | - | - | - | - |
| 9 | കംപോസിംഗ് & ബുക് ബയൻറിംഗ് | 1 | 1 | - | - |
| 10 | ഖാദി വീവിംഗ് | 1 | 1 | - | - |
| 11 | - | - | - | - | - |
| 12 | ഖാദി വീവിംഗ് | 1 | 1 | - | - |
| 13 | - | - | - | - | - |
| 14 | വെൽഡിംഗ് | 1 | 1 | - | - |

## ഏറ്റുമാനൂർഗ്രാമപഞ്ചായത്തിൽ നിലവിലുള്ള വാട്ടർ സപ്ലൈ സ്കീമുകൾ

1. കട്ടച്ചിറ മിനി വാട്ടർ സപ്ലൈ സ്ക്കീം
2. പൂച്ചനപ്പള്ളി വാട്ടർ സപ്ലൈ സ്ക്കീം
3. ഏറ്റുമാനൂർ ടൗൺ വാട്ടർ സപ്ലൈ സ്ക്കീം
4. പേരൂർ ഹരിജൻ കോളനി വാട്ടർ സപ്ലൈ സ്ക്കീം

### വിശേഷാൽ ഗ്രാമസഭയിൽ പൊന്തിവന്ന ആവശ്യങ്ങളും നിർദ്ദേശങ്ങളും

വിശേഷാൽ ഗ്രാമസഭകൾ നടന്ന ഏറ്റുമാനൂർ പഞ്ചായത്തിലെ പതിന്നാലു വാർഡുകളിലേയും ജനങ്ങളുടെ പ്രധാന ആവശ്യം കുടിവെള്ളക്ഷാമം പരിഹരിക്കുവാനുള്ളതായിരുന്നു. ഒന്നാം വാർഡ് പ്രദേശമായ കട്ടച്ചിറ ഭാഗത്ത് കളപ്പുര വച്ച മുകളേൽ എന്ന സ്ഥലത്ത് ഒരു വാട്ടർ ടാങ്ക് നിർമ്മിക്കുവാനുള്ള നിർദ്ദേശമുണ്ടായി. മേനാച്ചേരി, കഞ്ചമ്പുര, ഷട്ടർകവല തുടങ്ങിയ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുവാൻ രണ്ടാം വാർഡിൽനിന്നും നിർദ്ദേശമുണ്ടായി. മൂന്നാം വാർഡിൽ മാടപ്പാട് ചന്തപ്പറമ്പിനു താഴെ ഒരു കുളം നിർമ്മിച്ച് ഒരു മിനി വാട്ടർ സപ്ലൈ സ്ക്കീം നടപ്പിലാക്കുവാൻ നിർദ്ദേശമുണ്ടായി. മീനച്ചിലാറ്റിൽ പായിക്കാട്ട ഭാഗത്ത് ഒരു ചെക്കു ഡാം നിർമ്മിച്ചാൽ ഈ പ്രദേശത്തെ കിണറുകളിലെ ജലവിതാനം വേനൽകാലത്തു താഴ്ന്നു പോകാതെ നിലനിർത്തുവാൻ കഴിയും. നാലാം വാർഡിൽ വെള്ളാരംപാറ ഭാഗത്ത് ഒരു പൊതുക്കിണർ കുഴിക്കുവാനും (ഊറ്റുള്ള തോടാണിത്) പട്ടർമഠം പദ്ധതി നടപ്പാക്കുവാനും വാർഡിൽ കുഴൽക്കിണർ കുത്തുവാനും നിർദ്ദേശമുണ്ടായി.

അഞ്ചാം വാർഡിൽ പുലിയള ഭാഗത്ത് തോട്ടിൽ ഒരു തടയണ നിർമ്മിക്കുക. പട്ടർമഠം പദ്ധതി നടപ്പിലാക്കുക എന്നീ നിർദ്ദേശങ്ങളുണ്ടായി. 7-ാം വാർഡിൽ കോടതിക്കു സമീപം കച്ചേരിക്കുന്ന്, കണ്ണാറമുകൾ ഭാഗങ്ങളിൽ വാട്ടർ ടാങ്ക് സ്ഥാപിക്കുവാനും വാർഡിൽ പൈപ്പുലൈൻ സ്ഥാപിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കുവാനും നിർദ്ദേശമുണ്ടായി.

ഏഴാം വാർഡിലെ പി.എച്ച്.ഡി. പമ്പുഹൗസ് പുനരുദ്ധരിക്കുകയും ചിറക്കുളം പുനരുദ്ധരിക്കുവാനും നിർദ്ദേശമുണ്ടായി. മംഗലംഭാഗത്ത് 'പഴമയിൽ'കുളം പഞ്ചായത്ത് ഏറ്റെടുത്ത് പുനരുദ്ധരിച്ച് ഒരു മിനി വാട്ടർ സപ്ലൈ സ്ക്കീം നടപ്പാക്കുവാനും നിർദ്ദേശമുണ്ടായി. നിലവിലുള്ള പൈപ്പുലൈൻ കേടുപാടുകൾ പോക്കി ഉപയോഗയോഗ്യമാക്കിത്തീർക്കുക, കച്ചേരി ഭാഗത്തുള്ള കുഴൽക്കിണർ ക്ലീൻ ചെയ്ത് ഇപ്പോൾ ഇട്ടിരിക്കുന്ന ഇരുമ്പുപൈപ്പിനു പകരം പി.വി.സി. പൈപ്പ് ഇടുവാൻ നിർദ്ദേശമുണ്ടായി.

എട്ടാം വാർഡിൽ ക്ഷേത്രത്തിനു കിഴക്കേനടയിൽ 'ഇടുക്കുടി കലുങ്ക്' ഭാഗത്ത് ഒരു കിണർ കുഴിച്ച് ഒരു മിനി വാട്ടർ സപ്ലൈ സ്ക്കീം നടപ്പാക്കുവാൻ നിർദ്ദേശമുണ്ടായി. പട്ടർമഠം പദ്ധതി നടപ്പാക്കുവാൻ ഒപ്പം 'കോന്നിക്കൽ' ഭാഗത്ത് ഒരു പൊതുക്കിണർകുഴിക്കുവാനും നിർദ്ദേശമുണ്ടായി.

ഒൻപതാം വാർഡിൽ കുടിവെള്ള ക്ഷാമം അതിരൂക്ഷമാണ്. ഏറ്റുമാനൂർ പഞ്ചായത്തിലെ എന്നല്ല, ഏറ്റുമാനൂർ നിയോജകമണ്ഡലത്തിലെ ഏറ്റവും ഉയർന്ന ഭാഗം ഇവിടെയാണ്. 'കുരിശുമല' അല്ലെങ്കിൽ 'കൊടികുത്തിമല' (ഈ സ്ഥലത്താണ് നിർദിഷ്ഠ പട്ടർമഠം പദ്ധതിയുടെ ഓവർഹെഡ് ടാങ്ക് പണിയുവാനുദ്ദേശിക്കുന്നത്).

രാജീവ് ദശലക്ഷ പാർപ്പിട പദ്ധതിയിൽ കീഴിൽ നിർമ്മിച്ച ബാബു ചാഴിക്കാടൻ ഹൗസിംഗ് കോംപ്ലക്സിൽ ഉള്ള 'പൊയ്കപ്പുറം കുളം' പുനരുദ്ധരിച്ച് ഒരു മിനി വാട്ടർ സപ്ലൈ സ്ക്കീം നടപ്പാക്കുവാൻ നിർദ്ദേശമുണ്ടായി. അഭൗമജലസ്രോതസ്സായ 'പൊയ്കപ്പുറം' കുളം താഴ്ത്തി പാർശ്വങ്ങൾ കെട്ടി സംരക്ഷിക്കണം. 'മുളകാട്ടോലി' പഞ്ചായത്ത് ഏറ്റെടുത്ത് പുനരുദ്ധരിച്ച് ഒരു മിനി വാട്ടർ സപ്ലൈ സ്ക്കീം നടപ്പാക്കുക. I.H.D.P കോളനിക്കുവേണ്ടി വെള്ളാരം പാറക്കു സമീപമുള്ള ഊറ്റിൽ ഒരു വലിയ കിണർ നിർമ്മിച്ച് ഒരു മിനി വാട്ടർ സപ്ലൈ സ്ക്കീം നടപ്പാക്കുക. ഇപ്പോൾ കാണക്കാരി അതിർത്തിയിൽ വന്നുനില്ക്കുന്ന കാണക്കാരി പഞ്ചായത്ത് അധീനതയിലുള്ള വാട്ടർ സപ്ലൈ സ്ക്കീം തെക്കോട്ട് ദൈർഘ്യിപ്പിച്ച് കൊടുവത്താനം, പട്ടിത്താനം, വട്ടമല ഭാഗത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ വേണ്ടി 3 പബ്ലിക് ടാപ്പുകൾ സ്ഥാപിക്കുക. പട്ടിത്താനം ഭാഗ

# കുടിവെള്ളവും പൊതുജനാരോഗ്യവും



മനുഷ്യജീവിതത്തിനുവേണ്ട അടിസ്ഥാന ആവശ്യങ്ങളിൽ പരമപ്രധാനമായവയാണ് പാർപ്പിടം, വസ്ത്രം, ആഹാരം എന്നിവ. എന്നാൽ അവനെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ കുടിവെള്ളവും ആരോഗ്യവും മുൻപന്തിയിൽതന്നെ നില്ക്കുന്നു.

ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിനെപ്പറ്റി പറയുമ്പോൾ ആകെ വിസ്ത്രതിയുടെ 70% ഏറെ സ്ഥലങ്ങളും കുന്നിൻപുറങ്ങളും ജലദൗർലഭ്യങ്ങളുമുള്ള സ്ഥലങ്ങളുമാണ്. വർഷത്തിൽ 7 മാസത്തിലേറെക്കാലം വെള്ളം കിട്ടാതെ ബുദ്ധിമുട്ടുന്ന അനേകായിരങ്ങൾ ഇവിടെയുണ്ട്. ഡിസംബർ മാസം മുതൽതന്നെ വരൾച്ച തുടങ്ങുന്നു. ഒരു കുടം വെള്ളത്തിനായി 'കിലോമീറ്ററുകൾ ദൂരം താണ്ടുന്ന' നിരവധി വീട്ടമ്മമാരെ വേനൽ തുടങ്ങിയാൽ ഈ പ്രദേശത്തു കാണാം. പകലന്തിയോളം പാടത്തും പണിശാലകളിലും ജോലിചെയ്ത് വീട്ടിൽ വരുന്നവർക്ക് മുഖമൊന്നു കഴുകുവാൻപോലും വെള്ളമില്ലാത്ത സ്ഥിതി ഈ പ്രദേശത്തുണ്ട്. 1988-ൽ അനുഭവപ്പെട്ട കടുത്ത വേനലിൽ പല പ്രദേശങ്ങളിലും നീരുറവകൾ വറ്റിവരണ്ടു. ഏറ്റുമാനൂർ പഞ്ചായത്തിലെ ഒൻപത്, ഒന്ന്, ഏഴ്, അഞ്ച്, നാല് എന്നീ വാർഡുകളിലെ ജനങ്ങൾ കുടിവെള്ളമില്ലാതെ വലഞ്ഞു. അടിയന്തിരമായി കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണണമെന്നാവശ്യപ്പെട്ടുകൊണ്ട് കാലിക്കുടം ചുമ്മാടുകെട്ടി തലയിൽ കമഴ്ത്തിചുമന്നുകൊണ്ട് കളക്ട്രേറ്റുപടിക്കലേക്ക് ഈ പ്രദേശത്തെ ആളുകൾ ജാഥകൾവരെ നടത്തിയിട്ടുണ്ട്. (ഇത് മനോരമ, മാതൃഭൂമി തുടങ്ങിയ പത്രങ്ങൾ ചിത്രമെടുത്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്) എങ്കിലും നാളിതുവരെയും ശാശ്വത പരിഹാരം കാണുവാൻ സാധിച്ചിട്ടില്ല എന്നതാണ് സത്യം.

നാല് വാട്ടർ സപ്ലൈ സ്ക്കീമുകൾ ഈ പഞ്ചായത്തിൽ ഇപ്പോൾ നിലവിലുണ്ടെങ്കിലും, ഇത് ഏതാണ്ട് 5% പോലും പര്യപ്തമല്ല.

**ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്**
**കുടിവെള്ളം സംബന്ധിച്ച വിവരങ്ങൾ**

| വാർഡ് | i | ii | iii | iv | v | vi | vii | viii | ix | x | xi | xii | xiii | xiv | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| പൊതു കിണർ | 5 | 5 | 5 | 3 | 2 | 3 | 1 | 4 | 2 | 3 | 2 | 1 | - | 5 | 41 |
| പൊതു കുഴൽ കിണർ | - | - | 1 | 2 | 1 | 1 | 1 | - | - | - | - | - | - | 1 | 7 |
| പൈപ്പ്ലൈൻ പൊതു ടാപ്പ് | 15 | 12 | - | - | - | 23 | 8 | - | - | 8 | 13 | 5 | 9 | 10 | 103 |
| ഹൗസ് കണക്ഷൻ | 10 | - | - | - | - | 5 | 20 | - | - | 6 | 10 | 5 | 6 | 10 | 72 |

ക്കുന്ന ഘടകങ്ങളാണ്. ആദിമകാലത്ത് പ്രകൃതിയുമായി മനുഷ്യർ ഇണങ്ങിച്ചേരുന്ന ജീവിതരീതിയായിരുന്നു. എന്നാൽ ഇന്ന് സ്ഥിതി മാറി. പരിതസ്ഥിതിക്കു വന്ന മാറ്റം മനുഷ്യൻെറ ജീവിതരീതിയെയും അവൻെറ ആരോഗ്യത്തെയും മാത്രമല്ല തദ്വാര ആയുസ്സിനെ തന്നെ ബാധിക്കുന്നു. ആധുനിക വ്യവസായങ്ങളുടെ ബാഹുല്യവും ജനസംഖ്യയിലുണ്ടായ ക്രമാതീതമായ വർദ്ധനയും പ്രകൃതിവിഭവങ്ങളുടെ ദൗർലഭ്യവും ജനങ്ങളുടെ ആരോഗ്യസ്ഥിതിയെ സാരമായി ബാധിച്ചിട്ടുണ്ട്. പല പഴയ രോഗങ്ങളുടെയും സ്ഥാനത്ത് പുതിയ രോഗങ്ങൾ വന്നുചേർന്നു. ഇതനുസരിച്ച് പഴയ 'അപ്പോത്തിക്കിരി' (വൈദ്യൻ)യുടെ സ്ഥാനം ഇന്ന് 'ഡോക്ടർ'മാർ അലങ്കരിക്കുന്നു. ചികിൽസാ രീതികളിലും മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നുവെങ്കിലും അവ സങ്കീർണ്ണവും ചിലവേറിയതുമാണ്.

പാരമ്പര്യ ചികിത്സാ സമ്പ്രദായം, അതായത് 'നാട്ടുവൈദ്യം' ആണ് അന്ന് ഇവിടെ നിലനിന്നിരുന്നത്. ഔഷധച്ചെടികളുടെ ഇലകൾ പിഴിഞ്ഞെടുത്ത ചാർ തിളക്കുന്ന അല്പം വെളിച്ചെണ്ണയിൽ ചേർത്തുണ്ടാക്കുന്ന 'രസം'പോലുള്ള ഒരുതരം മരുന്ന് എത്ര കൊടിയ വിഷബാധയെയും ചെറുക്കുവാൻ ഫലപ്രദമായി ഉപയോഗിച്ചുപോന്നിരുന്നു. ഇതുപോലുള്ള 'വിഷഹാരിയും' വൈദ്യനും, കുരുക്കന്മാരും ഇവിടെ ജീവിച്ചിരുന്നു.

പൊതുജനാരോഗ്യരംഗത്തെന്നതുപോലെ മൃഗവൈദ്യരംഗത്തും അന്ന് ഏറ്റുമാനൂർ പുകഴ്പെറ്റതായിരുന്നു. ആന വൈദ്യരംഗത്ത് പ്രസിദ്ധനായ തെക്കില്ലത്തു മൂസ്സത് ഈ നാടിന്നഭിമാനമായിരുന്നു. ഇന്നും ഈ ഇല്ലത്തുക്കാർ മൃഗവൈദ്യം പാരമ്പര്യചികിത്സയായി തുടർന്നുവരുന്നു.

ഇന്ന് നമ്മുടെ പഞ്ചായത്തിൽ ചികിത്സാരംഗത്ത് കോട്ടയം മെഡിക്കൽ കോളേജിനു കീഴിൽ പ്രവർത്തിക്കുന്ന ഒരു സബ്സെൻററും, 4, 9, 13, 14 എന്നീ വാർഡുകളിൽ ഓരോ ഹെൽത്ത് സെൻററുകളും സ്വകാര്യമേഖലയിൽ രണ്ട് അലോപ്പതി ആശുപത്രികളും ഉണ്ട്. മറ്റ് നാലോളം സ്വകാര്യ ഡിസ്പെൻസറികളും പ്രവർത്തിച്ചുവരുന്നുണ്ട്. എങ്കിലും രോഗികളെ കിടത്തിചികിത്സിക്കാൻ സൗകര്യമുള്ള ഏറ്റുമാനൂർ പി.എച്ച് സെൻററിൽ 15 കിടക്കകൾ മാത്രമേയുള്ളു.

ആരോഗ്യപരിപാലനരംഗത്ത് ഏറ്റുമാനൂരിന് അഭിമാനിക്കുവാൻ ഏറെ വകനൽകുന്ന ഒരു സ്ഥാപനമാണ് ''കാരിത്താസ് മിഷൻ ഹോസ്പിറ്റൽ''. വൈദേശിക സാമ്പത്തിക സഹായത്തോടെ ആരംഭിച്ച ഈ സ്ഥാപനം സേവനത്തിൻെറ പാതയിൽ പിന്നിട്ട നാഴികക്കല്ലുകളേറെയാണ്. ഇന്ന് വൈദ്യസേവനരംഗത്ത് ഈ മഹൽസ്ഥാപനം ഈ നാടിൻെറ തിലകക്കുറിയായി മാറിയിരിക്കുന്നു എന്ന് നിസ്സംശയം പറയാം.

## ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് സ്ഥാപന വിവരങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | ഇനം | കെട്ടിടം സ്വന്തം/ വാടക | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപിച്ച വർഷം | സ്ഥാപനപരമായ പ്രശ്നങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1. | കെ.എം.സി.എച്ച് ഏറ്റുമാനൂർ | അലോപ്പതി | സ്വന്തം | 30 | | കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ ചെയ്യണം. ശുദ്ധജലം എത്തിക്കണം |
| 2. | കാരിത്താസ് ആശുപത്രി | അലോപ്പതി | സ്വന്തം | 200 | | - |
| 3. | വിമല ആശുപത്രി | അലോപ്പതി | സ്വന്തം | 13 | | - |
| 4. | രാമകൃഷ്ണ ആശുപത്രി | ഹോമിയോ | സ്വന്തം | 01 | | - |
| 5. | E.S.I ഡിസ്പെൻസറി | അലോപ്പതി | സ്വന്തം | 10 | | കെട്ടിടത്തിൻെറ അറ്റകുറ്റപ്പണികൾ ചെയ്യണം |
| 6. | സർക്കാർ ആയുർവേദ ആശുപത്രി | ആയുർവേദം | വാടക | 04 | | - |

ത്തുള്ള പഞ്ചായത്തു കിണർ പുനരുദ്ധരിക്കുകയോ ഇവിടെ ഒരു കുഴൽകിണർ സ്ഥാപിക്കുകയോ ചെയ്യുക. വാർഡിൽ ജലദൗർലഭ്യമുള്ള കൊടുവത്താനം, പട്ടിത്താനം, പൊത്തമല, ഒറ്റപ്പന, എളുക്കാലാപടി, ക്ലാമറ്റം, പന്നിക്കുഴി എന്നീ പ്രദേശങ്ങളിൽ കുഴൽക്കിണറുകൾ നിർമ്മിക്കുക. പട്ടിത്താനത്തുനിന്നും പട്ടിത്താനം - വള്ളിക്കാട് റോഡിലൂടെ പുതിയതായി പൈപ്പു ലൈനുകൾ സ്ഥാപിക്കുകയും പബ്ലിക് ടാപ്പുകൾ ഇടുകയും ചെയ്യുക.

പത്താം വാർഡിൽ 101 കവലമുതൽ ശങ്കരാമല കോളനിവരെ പൈപ്പുലൈൻ ദീർഘിപ്പിക്കുവാനും മഞ്ഞാക്കാൽ മുതൽ ചെറുവള്ളികവലവരേയും വെള്ളാരത്തുങ്കൽ - പാറോലിക്കൽ റോഡിൽ പൈപ്പുലൈൻ സ്ഥാപിക്കുവാനും അരീക്കാടുക്കളം, വട്ടുക്കുളം, ഇവ താഴ്ത്തി ഒരു മിനി വാട്ടർ സപ്ലൈ സ്ക്കീം ഉണ്ടാക്കുവാനും നിർദ്ദേശമുണ്ടായി. 101 കവല പാപ്പനാംചിറ ഭാഗത്ത് പാറൊലിയ്ക്കൽ ഭാഗത്തും 2 കുഴൽകിണർ നിർമ്മിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കണം.

പന്ത്രണ്ടാം വാർഡിൽ ചെറുവണ്ടൂർ ഭാഗത്ത് ഒരു കുഴൽ കിണർ നിർമ്മിക്കുവാനുള്ള നിർദ്ദേശമുണ്ടായി. ജലദൗർലഭ്യമുള്ള ഭാഗങ്ങളിൽ റോഡിൽ പൈപ്പുലൈനുകൾ സ്ഥാപിക്കുവാനും നിർദ്ദേശമുണ്ടായി.

പതിമൂന്നാം വാർഡിൽ പാറേക്കടവ് മുതൽ പായിക്കാട്ടുവരെ പൈപ്പുലൈൻ ദീർഘിപ്പിച്ച് വെച്ചൂക്കവലയിൽനിന്നും കിഴക്കോട്ട് 500 മീറ്റർ നീട്ടി ഒരു പബ്ലിക് ടാപ്പ് നിർമ്മിക്കുവാനും വാർഡിൽ ജലദൗർലഭ്യമുള്ള സ്ഥലങ്ങളിൽ, പുത്തൂർ, കറുത്തേടം എന്നീ ഭാഗങ്ങളിൽ, കിണറുകൾ നിർമ്മിക്കുവാനും നിർദ്ദേശമുണ്ടായി. പൂവത്തുംമൂടുള്ള പമ്പുഹൗസിന്റെ കപ്പാസിറ്റി കൂടിയ മോട്ടോർ സ്ഥാപിക്കുന്നതിനും നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ സൗകര്യം കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനും കിണറുകളിലെ ജലനിരപ്പ് വേനൽകാലത്ത് താഴാതിരിക്കുവാൻ വേണ്ടി പായിക്കാട് ഭാഗത്ത് ഒരു തടയണ നിർമ്മിക്കുവാനും നിർദ്ദേശമുണ്ടായി.

പതിന്നാലാം വാർഡിൽ ഇരുമ്പനത്തുമുകളേൽ, കാട്ടാർക്കുന്ന്, പുഷ്പഗിരിമല, തെള്ളകത്തുശ്ശേരിമല, തെള്ളകത്തുശ്ശേരി കോളനി എന്നീ സ്ഥലങ്ങളിൽ ഇപ്പോൾ പൈപ്പുലൈനുകൾ ഇല്ല. ഇവിടേക്ക് അംബേദ്കർ കോളനിയിൽനിന്നും പടിഞ്ഞാറോട്ട് 1 കിലോമീറ്റർ ദീർഘിപ്പിച്ച് വലിയകാലാ കോളനിയിലും കൂനാനിക്കൽ കയറ്റത്ത് വരെ വന്നുനില്ക്കുന്ന കുമാരനല്ലൂർ പഞ്ചായത്തിന്റെ അധീനതയിലുള്ള പൈപ്പുലൈൻ 650 മീറ്റർ ദീർഘിപ്പിച്ച് വലിയകാലാകോളനിയിലെത്തിക്കുവാനും നിർദ്ദേശമുണ്ടായി. പ്ലാക്കിപ്പടി ഭാഗത്തുനിന്നും വടക്കോട്ട് ദീർഘിപ്പിച്ച് 1 കിലോമീറ്റർ മാറ്റി രണ്ടു പൊതു ടാപ്പുകൾ സ്ഥാപിക്കുക. മാമ്മൂട് സംസ്ക്രാന്തി റോഡിൽ തേക്കനിക്കുഴിവരെ നീട്ടിയിരിക്കുന്ന പൈപ്പുലൈനിൽ ഒരു ടാപ്പ് സ്ഥാപിക്കുക. കുഴിചാലികുഞ്ചരം പാടത്തും ഒരു കുളം നിർമ്മിച്ച് ഇരുമ്പനത്തുമുകളേൽ ഭാഗത്ത് ഒരു മിനി വാട്ടർ സപ്ലൈ സ്ക്കീം നടപ്പാക്കുക.

പൂവത്തുംമൂട്ടിൽ ഉള്ള പമ്പുഹൗസിൽ നിന്നും വെള്ളം പമ്പുചെയ്ത് ഏറ്റുമാനൂർ ബസ്സ് സ്റ്റാൻറിൽ ഉള്ള പമ്പുഹൗസിൽ എത്തിക്കുവാൻ നടപടികൾ പൂർത്തികരിക്കുക. ഇപ്പോൾ ഏറ്റുമാനൂർ പമ്പുഹൗസു മുതൽ പുളിഞ്ചുടുകവല വരെ 90 എം.എം പൈപ്പുലൈൻ സ്ഥാപിച്ചിട്ടുണ്ട്. ഇത് ഇവിടെ നിന്നും ഒന്നര കിലോമീറ്റർ ദീർഘിപ്പിച്ചാൽ പൂവത്തുംമൂട് പമ്പുഹൗസിൽ എത്തിക്കാം. ഇങ്ങനെ വരുന്നപക്ഷം ഏറ്റുമാനൂർ പഞ്ചായത്തിലാകെ കുടിവെള്ളക്ഷാമത്തിന് പരിഹാരമാകും.

എല്ലാറ്റിനുമുപരിയായി നിർദ്ദിഷ്ട 'പട്ടർമഠം വാട്ടർ സപ്ലൈ സ്ക്കീം' സാക്ഷാൽക്കരിക്കുകയാണ് വേണ്ടത്. പതിനാലര കോടി രൂപ ഇതിലേക്കായി ഇപ്പോൾതന്നെ കേന്ദ്രം വകകൊള്ളിച്ചിട്ടുണ്ട്. താമസംവിനാ ഇതിന്റെ പ്രാഥമിക പണികൾ തുടങ്ങിയാൽ ഏതാണ്ട് 6 പഞ്ചായത്തുകൾക്ക് കുടിവെള്ളക്ഷാമത്തിൽനിന്നും എന്നെന്നേക്കുമായി മുക്തി നേടാം.

## പൊതുജനാരോഗ്യം

ഒരു നാടിന്റെ ഏറ്റവും വലിയ സമ്പത്താണ് ആരോഗ്യമുള്ള ജനത. ആരോഗ്യമെന്നാൽ ശരീരത്തിന്റെയും സമൂഹത്തിന്റെ ആകെയും രോഗവിമുക്തമായ അവസ്ഥയാണ്. ഭക്ഷണം, പാർപ്പിടം, വായു ഇവയെല്ലാം മനുഷ്യന്റെ ആരോഗ്യത്തെ സ്വാധീനി

IX അമ്മമാരുടെ എണ്ണം (ജീവിച്ചിരിപ്പുള്ള കുട്ടികളുടെ എണ്ണത്തിൻെറ അടിസ്ഥാനത്തിൽ) 4281

1. ഒരു കുട്ടി 776
2. രണ്ടു കുട്ടികൾ 2302
3. രണ്ടിൽ കൂടുതൽ കുട്ടികൾ 1203

X കുടുംബാസൂത്രണമാർഗം സ്വീകരിച്ച അമ്മമാർ (ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ) 3764

1. ഒരു കുട്ടി 520
2. രണ്ടു കുട്ടികൾ 2111
3. രണ്ടിൽ കൂടുതൽ കുട്ടികൾ 1133

XI അംഗവൈകല്യമുള്ളവർ

1. അന്ധർ 13
2. ബധിരർ 7
3. മൂകർ 6
4. ബധിര-മൂകർ 15
5. ചലനവൈകല്യങ്ങൾ 130

ആകെ 171

XII മന്ദബുദ്ധികളുടെ എണ്ണം

പ്രായം

1) 0 - 5 : 12
2) 6 - 10 : 22
3) 11 - 15 : 46
4) 16-ന് മേൽ : 9

XIII സ്ഥായിയായ രോഗബാധിതർ

1. രക്തസമ്മർദ്ദം 3200
2. പ്രമേഹം 1600
3. കാൻസർ 800
4. കുഷ്ഠം --
5. ക്ഷയം 150
6. ഹൃദ്രോഗം 145

ആകെ 5895

XIV

1. ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം 746
2. പ്രതിരോധ കുത്തിവയ്പു നടത്തിയവർ 431

XV ആകെ ഗർഭിണികൾ 810

# ആരോഗ്യസ്ഥിതി വിവരങ്ങൾ

| | | |
|---|---|---|
| I. | ആകെ വീടുകൾ | 8559 |
| | 1. കോൺക്രീറ്റ് | 1514 |
| | 2. ഓടിട്ടത് | 7612 |
| | 3. ഓലമേഞ്ഞത് | 371 |
| | 4. കുടിൽ | 576 |
| II. | കക്കൂസുള്ള വീടുകൾ | |
| | 1. സെപ്റ്റിക് ടാങ്ക് | 2005 |
| | 2. ഇ.എസ്.പി. | 4768 |
| | 3. മറ്റുള്ളവ | 1786 |
| III. | കുടിവെള്ള സ്രോതസ്സ് | |
| | 1. സാനിറ്ററി വെൽ | - - |
| | 2. സാധാരണ കിണർ | 6232 |
| | 3. കുളം | 28 |
| | 4. നദി | മീനച്ചിലാറ് |
| | 5. പൈപ്പ് | 102 പൊതുടാപ്പുകൾ |
| | 6. പൊതു വിതരണം | 3 വാട്ടർ സപ്ലൈ സ്കീമുകൾ |
| IV. | തൊഴുത്ത് | |
| | 1. വീടിനോട് ചേർന്ന് | 415 |
| | 2. പ്രത്യേകിച്ച് | 378 |
| V. | കമ്പോസ്റ്റ്കുഴി | |
| | 1. ഉള്ളത് | 415 |
| | 2. ഇല്ലാത്തത് | 378 |
| VI. | വൈദ്യുതി | |
| | 1. വൈദ്യുതീകരിച്ചവ | 6000 |
| | 2. അല്ലാത്തവ | 2559 |
| VII. | ജനസംഖ്യ | |
| | 1. പുരുഷൻമാർ | 20,617 |
| | 2. സ്ത്രീകൾ | 20,559 |
| | 3. കുട്ടികൾ | 4,628 |

| | | | |
|---|---|---|---|
| I | 1. | പഞ്ചായത്തിലെ ആകെ ജനസംഖ്യ | 41216 |
| | 2. | പുരുഷൻമാർ | 20617 |
| | 3. | സ്ത്രീകൾ | 20599 |
| II | 1. | പട്ടികജാതി ജനസംഖ്യ | 2724 |
| | 2. | പട്ടികവർഗ ജനസംഖ്യ | 139 |
| III | | അംഗൻവാടികളുടെ എണ്ണം | 2 |
| IV | 1. | ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ | 746 |
| | 2. | 1-2 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | 1112 |
| | 3. | 2-3 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | 1476 |
| | 4. | 3-5 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | 1294 |
| V | 1. | പഞ്ചായത്തിലെ ആകെ ഗർഭിണികളുടെ എണ്ണം | 810 |
| | 2. | ഇവരിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവരുടെ എണ്ണം | 36 |
| VI | | മുലയൂട്ടുന്നവരുടെ എണ്ണം ( 6 മാസം വരെ പ്രായമുള്ള കുട്ടികളുള്ള) | 326 |
| VII | 1. | കഴിഞ്ഞ വർഷത്തിൽ ആകെ ജനനങ്ങൾ | 374 |
| | 2. | ചാപിള്ള ജനനങ്ങൾ (ലിംഗം വേർപിരിയാത്ത ഒരു ജനനം | 9 |
| VIII | 1. | ഒരു വയസ്സിനു താഴെ പ്രായത്തിൽ മരിച്ച കുട്ടികളുടെ എണ്ണം (95- 96) | 2 |
| | 2. | 1-3 വയസ്സുവരെ പ്രായത്തിൽ മരിച്ച കുട്ടികളുടെ എണ്ണം | - |
| | 3. | 3-6 വയസ്സുവരെ പ്രായത്തിൽ മരിച്ച കുട്ടികളുടെ എണ്ണം | - |
| IX | 1. | ഗർഭസംബന്ധമായ അസുഖങ്ങളാൽ മരിച്ച സ്ത്രീകളുടെ എണ്ണം | - |
| | 2. | മറ്റു മരണങ്ങളുടെ എണ്ണം | 343 |
| X | 1. | അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം | - |
| | 2. | അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം | - |
| | 3. | അനുപൂരക പോഷാകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം | - |

## ജനന മരണ വിവരങ്ങൾ

| വർഷം | ജനനം | മരണം | ചാപിള്ള ജനനം |
|---|---|---|---|
| 1993-94 | 2168 | 388 | 5 |
| 1994-95 | 2277 | 402 | 3 |
| 1995-96 | 2196 | 343 | 1 |

## പകർച്ചവ്യാധി വിവരങ്ങൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993-94 | 24 | 109 | 4 | -- |
| 1994-95 | 27 | 71 | 7 | -- |
| 1995-96 | 46 | 59 | 20 | -- |

## രോഗങ്ങൾ സംബന്ധിച്ച വിവരം - പ്രതിവർഷം (എണ്ണം)

| വർഷം | ഇൻപേഷ്യൻറ് എണ്ണം | ഔട്ട് പേഷ്യൻറ് എണ്ണം | ത്വക്ക് രോഗം | വാതരോഗം (എല്ലാ വിഭാഗവും) | പകർച്ച വ്യാധികൾ | വിഷചികിത്സ പാമ്പുകടി (etc.) | മറ്റുള്ള രോഗങ്ങൾ | ആകെ |
|---|---|---|---|---|---|---|---|---|
| 92-93 | 751 | 40948 | 15 | 35 | 137 | - | 40898 | 41085 |
| 93-94 | 583 | 47530 | 10 | 50 | 105 | - | 47420 | 47585 |
| 94-95 | 563 | 50000 | 25 | 100 | 125 | - | 49875 | 50125 |
| 95-96 | 504 | 53065 | 13 | 112 | - | - | 52953 | 53078 |
| ആകെ | 2401 | 191543 | 63 | 297 | 367 | - | 191146 | 191748 |

ത്തുന്ന ഡ്രൈനേജ്കനാൽ പുനുരുദ്ധരിക്കുകയും സ്ലാബുകൾ ഇട്ടുമൂടുകയും ചെയ്യുക. ക്ഷേത്രത്തിനു പടിഞ്ഞാറെ നടയിൽനിന്നും ആരംഭിച്ച് 'സാൻസ് ഫാർമസ്യൂട്ടിക്കൽസ്' കമ്പനി ഭാഗത്തുവരുന്ന ഡ്രൈനേജ്ലൈൻ ശുചിയാക്കി സ്ലാബുകൾ ഇടുക. ടൗണിൽ അനുദിനം ഉണ്ടാകുന്ന മാലിന്യങ്ങൾ നീക്കംചെയ്ത് പഞ്ചായത്ത് അടിസ്ഥാനത്തിൽ കമ്പോസ്റ്റ് വളമാക്കാനുള്ള പദ്ധതി തയ്യാറാക്കി ഇവ ജൈവവളമാക്കി കൃഷിക്കാർക്ക് നൽകാനുള്ള സംവിധാനം ഉണ്ടാക്കിയാൽ പഞ്ചായത്തിന് ഒരു വരുമാനവും കൃഷിക്കാർക്ക് രാസവളത്തിൽനിന്നും ജൈവവളപ്രയോഗത്തിലേക്ക് തിരിച്ചുവരുവാനുള്ള ഒരു പ്രേരണ ഉണ്ടാക്കാനും കൃഷിച്ചെലവ് ഒരു പരിധിവരെ കുറച്ച് കർഷകൻെറ വരുമാനവർദ്ധനയ്ക്ക് ഇടവരുത്തുവാനും കഴിയും.

നിർമ്മൽ രണ്ടായിരം (Total Sanitation) പദ്ധതിപ്രകാരം ദാരിദ്ര്യരേഖക്കു താഴെ വരുന്ന മുഴുവൻ വീടുകൾക്കും 'ലാട്രിൻ' സൗകര്യം ഉണ്ടാക്കിക്കൊടുക്കുക. തുറസ്സായ സ്ഥലത്ത് മലമൂത്രവിസർജനം നടത്തുന്ന നമ്മുടെ സാധാരണക്കാർക്ക് ആവശ്യമായ ആരോഗ്യപരിപാലന മാർഗനിർദ്ദേശരേഖകളും ബോധവല്കരണ പരിപാടികളും ആവിഷ്കരിക്കുക.



സ്ത്രീയ്ക്ക് കിട്ടുന്ന വിദ്യാഭ്യാസം സമൂഹത്തിനു കിട്ടുന്ന വിദ്യാഭ്യാസത്തിനു തുല്യമാണ്

## കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവയ്പ്

| കുട്ടികൾ | ബി.സി.ജി. | ഡി.പി.റ്റി. | | | | പോളിയോ | | | | ഡി.റ്റി | | | | മീസിൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | 1D | 2D | 3D | BD | 1D | 2D | 3D | BD | |
| ഒരു വയസ്സിൽ താഴെ | 821 | 941 | 948 | 864 | 984 | 941 | 948 | 864 | 984 | - | - | - | 623 | 667 |
| 1-3 വയസ്സ് | - | - | - | - | - | - | - | - | - | - | - | - | - | - |
| 3-6 വയസ്സ് | - | - | - | - | - | - | - | - | - | - | - | - | - | - |

## ടെറ്റനസ് ടോക്സോയിസ് (TT)

| | 1D | 2D | BD |
|---|---|---|---|
| ഗർഭിണികൾ | 1113 | 855 | 89 |

| | |
|---|---|
| ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം | 324 |
| ഇരുമ്പ്/ഫോളിക്കാസിഡ് ലഭിച്ച കുട്ടികളുടെ എണ്ണം | ഇല്ല |
| വിറ്റാമിൻ എ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം | 1024 |
| ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം | 219 |
| വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം | - |

വിശേഷാൽ ഗ്രാമസഭയിൽ ധാരാളം നിർദ്ദേശങ്ങൾ ഉണ്ടായി.

പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ ഇല്ലാത്ത 1, 5, 3, 12 എന്നീ വാർഡുകളിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുക. നിലവിൽ പ്രവർത്തിക്കുന്ന പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ഒരു ഫുൾ ടൈം നഴ്സിൻെറയും ഡോക്ടറുടെയും സേവനം ഉറപ്പുവരുത്തുക.

പി.എച്ച്.ഇ.ഡി. പമ്പുഹൗസിൻെറ അറ്റകുറ്റപ്പണികൾ നടത്തി ചുറ്റുപാടുകൾ നന്നാക്കുക. ഏറ്റുമാനൂർ ടൗണിൽ 7-ാം വാർഡിൽ സ്ഥിതിചെയ്യുന്ന പി.എച്ച്. സബ്സെൻററിൽ ഒരു എക്സ്റേ പ്ലാൻറും ലാബറട്ടറി സൗകര്യങ്ങളും ഉണ്ടാക്കുക. കുറഞ്ഞത് 50 രോഗികളെയെങ്കിലും കിടത്തി ചികിത്സിക്കത്തക്കരീതിയിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും വിദഗ്ധരായ രണ്ടോ മൂന്നോ ഡോക്ടർമാരെയും നഴ്സുമാരെയുംകൂടി നിയമിക്കുക.

ഏറ്റുമാനിരിൻെറ ഹൃദയഭാഗമായ 'ചിറക്കുള'ത്തിൽനിന്നും തുടങ്ങുന്ന തോട് പാർശ്വങ്ങൾ കെട്ടി സ്ലാബിട്ട് മൂടുക. ടൗണിലും പ്രധാന ജംഗ്ഷനുകളിലും കുമിഞ്ഞുകൂടുന്ന ചപ്പുചവറുകളും ജീർണ്ണിച്ച പച്ചക്കറികളുടെ അവശിഷ്ടങ്ങളും സമയാസമയങ്ങളിൽ നീക്കം ചെയ്യുവാൻ വേണ്ട നടപടി സ്വീകരിക്കുക. പഞ്ചായത്ത് ഓഫീസ് പടിക്കൽനിന്നും ആരംഭിച്ച് വില്ലേജ് ഓഫീസ് പടിക്കൽകൂടി ക്ഷേത്ര മൈതാനത്തുവന്ന് മാറാവേലി തോട്ടിൽ ചെന്നെ

## ഏറ്റുമാനൂർ പഞ്ചായത്തിലെ ഐ.എച്ച്.ഡി.പി. കോളനി വിവരം

| ക്രമ നമ്പർ | ഹരിജൻ കോളനിയുടെ പേര് | കുടുംബ എണ്ണം | വൈദ്യുതി | | ഓട് ഇട്ടത് | | കക്കൂസ് | | കുടിവെള്ളം | |
|---|---|---|---|---|---|---|---|---|---|---|
| | | | ഉള്ളത് | ഇല്ലാത്തത് | ഉള്ളത് | ഇല്ലാത്തത് | ഉള്ളത് | ഇല്ലാത്തത് | കിണർ ഉള്ളത് | ഇല്ലാത്തത് |
| 1 | വള്ളിക്കാട് കോളനി | 32 | 25 | 7 | 25 | - | 2 | 7 | 2 | - |

## ഏറ്റുമാനൂർ പഞ്ചായത്തിലെ ഹരിജൻ കോളനികൾ

| ക്രമ നമ്പർ | ഹരിജൻ കോളനിയുടെ പേര് | കുടുംബ എണ്ണം | വൈദ്യുതി | | ഓട് ഇട്ടത് | | കക്കൂസ് | കുടിവെള്ളം |
|---|---|---|---|---|---|---|---|---|
| | | | ഉള്ളത് | ഇല്ലാത്തത് | ഉള്ളത് | ഇല്ലാത്തത് | | |
| 1. | മോഡേൺ ഹരിജൻ കോളനി | 62. | 54 | 8 | 57 | 5 | 53 | പൈപ്പ് ലൈൻ |
| 2. | കരിയാറ്റപുഴ ഹരിജൻ കോളനി | 47 | 39 | 8 | 35 | 12 | 32 | പൈപ്പ് ലൈൻ |
| 3. | അരയിരം അംബേദ്കർ ഹരിജൻ കോളനി | 42 | 37 | 5 | 39 | 3 | 38 | 35 കിണർ |
| 4. | തെള്ളകം അംബേദ്കർ ഹരിജൻ കോളനി | 25 | 9 | 16 | 18 | 7 | - | 2 കിണർ |

## ഏറ്റുമാനൂർ പഞ്ചായത്തിലെ ലക്ഷംവീടുകോളനികൾ

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1. | വലിയകാല ലക്ഷംവീട് കോളനി | 41 | 15 | 26 | 35 | 6 | 31 | 2 കിണർ |
| 2. | ശങ്കരാമല കോളനി | 22 | - | - | 5 | 17 | 16 | - |
| 3. | മഹാത്മാ കോളനി | 42 | - | - | 11 | 25 | - | - |
| 4. | ജവഹർ കോളനി | 42 | - | - | 2 | 40 | - | - |
| 6. | കല്ലുകീറുംതടം കോളനി | 20 | - | - | 19 | 1 | - | 1 കിണർ |
| 7. | എളംകുന്നു കോളനി | 11 | - | - | 11 | - | - | - |
| 8. | കുഴിപറമ്പ് കോളനി | 33 | 29 | 8 | 29 | 6 | 35 | 2 കിണർ |
| 9. | കരോട്ടെതറ സെറ്റിൽമെൻറ് | 8 | 8 | - | 8 | - | - | 2 കിണർ |

# പട്ടികജാതി പട്ടികവർഗ ക്ഷേമം



'ഹരിജനങ്ങൾ' എന്നാൽ ഈശ്വരന് ഇഷ്ടപ്പെട്ടവർ എന്നാണല്ലോ വിവക്ഷ. ജാതി മത വർണ്ണ വൈരുദ്ധ്യങ്ങൾ നമ്മുടെ പഞ്ചായത്തിലും നിലനിന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. ഉച്ചനീചത്വങ്ങൾ നിലനിന്നിരുന്ന അക്കാലത്ത് 'തമ്പ്രാക്കൻമാരും' 'അടിയാൻമാരും' ഉണ്ടായിരുന്നു. ഏറ്റുമാനൂരിൻെറ ചരിത്ര രേഖകളിലേക്ക് കണ്ണോടിച്ചാൽ ഇവയെല്ലാം നിലനിന്നിരുന്ന ഒരു പ്രദേശമാണ് ഏറ്റുമാനൂർ എന്നു കാണുവാൻ കഴിയും. ഇന്നും ഇവയൊന്നും 'ഇല്ല' എന്നു പറയുവാൻ ഭംഗിവാക്കുകൾകൊണ്ടു മാത്രമല്ലേ കഴിയൂ. ഇന്നും ചിലരുടെയെങ്കിലും മനസ്സിൻെറ അടിത്തട്ടുകളിൽ ഏതെങ്കിലും ഒരു മൂലയിൽ അല്പമെങ്കിലും ഈ 'തോന്നൽ' ഇല്ല എന്നു പറയുവാൻ കഴിയില്ല.

അതിപുരാതനമായ ഏറ്റുമാനൂർ മഹാദേവർ ക്ഷേത്രത്തിനു പടിഞ്ഞാറെ നടയിൽ (ഇന്ന് വെടിപ്പുരയിരിക്കുന്ന സ്ഥലത്ത്) ഒരു കളിത്തട്ട് ഉണ്ടായിരുന്നു. അവിടെ ഹീനജാതിയിൽപ്പെടുന്ന ആളുകൾക്ക് വേണ്ടിമാത്രം ഒരു ദേവസ്വം ഭണ്ഡാരം വച്ചിരുന്നു. (ഇത് ക്ഷേത്രപ്രവേശന വിളംബരത്തിനു മുൻപാണ്) ഇവിടംവരെ മാത്രമേ 'ജാതി'യിൽ പിന്നോക്ക വിഭാഗക്കാർക്ക് കടന്നുവരുവാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നുള്ളു. ഉച്ചനീചത്വങ്ങളെ വിളിച്ചറിയിക്കുന്ന ''ഹൊയ് ഹാ'' ! വിളികളും മറ്റും ഇന്നലെ എന്നപോലെ ഓർക്കുവാൻ കഴിയുന്ന വന്ദ്യവയോധികരുണ്ടെന്നു കേട്ടാൽ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലേക്ക് കുതിക്കുവാൻ വെമ്പൽകൊള്ളുന്ന ജനത ലജ്ജിച്ചു തലതാഴ്ത്തും. ഇന്നും അകത്തളങ്ങളിൽ പ്രവേശനം നൽകാൻ മടിക്കുന്ന എത്രയെത്ര 'ആഢ്യൻമാർ' നമ്മുടെ നാട്ടിൽ പകൽമാന്യൻമാരായി കഴിയുന്നു

സ്വതന്ത്ര ഇന്ത്യക്ക് രക്തസാക്ഷിത്വംസമ്മാനിച്ച് നമ്മിൽനിന്നും ഭൗതികമായി വേർപിരിഞ്ഞ 'ഗാന്ധിജി' സ്വപ്നംകണ്ട ഭാരതത്തിൻെറ വിരിമാറിൽ ഇത്തരമെത്രയെത്ര 'മനുഷ്യസ്നേഹികൾ' ഉണ്ട് എന്ന്തിട്ടപ്പെടുത്താൻ ആർക്കും കഴിയുകയില്ല, ഒരു സമത്വസുന്ദരലോകത്തെ സ്വപ്നം കാണാനല്ലാതെ.

എന്നാൽ വികസനത്തിൻെറ വെല്ലുവിളികളെ നേരിടുന്ന നമ്മൾ മറ്റു പലതിനേക്കാളും മുന്നിലാണ്. പട്ടികജാതി പട്ടികവർഗ ക്ഷേമത്തിനായി നമ്മുടെ സർക്കാർ ഒരു പ്രത്യേകവിഭാഗത്തിനു (വകുപ്പ്) തന്നെ രൂപംകൊടുത്തു. മറ്റു മുന്നോക്ക മതസ്ഥരേക്കാൾ കൂടുതൽ സമൂഹത്തിലെ എല്ലാ തുറകളിലും കടന്നുചെല്ലുവാനുള്ള അവകാശവും സ്വാതന്ത്ര്യവും ഇവർക്കുവേണ്ടി പ്രത്യേകമായി ക്രമപ്പെടുത്തിയിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്തും തൊഴിൽ മേഖലയിലും എന്നുവേണ്ട എല്ലാ മേഖലകളിലും മറ്റു മതസ്ഥർ എന്നപോലെ ഇടത്തരക്കാർക്കും കടന്നുചെല്ലുവാൻ സാധിക്കുന്നുണ്ട്.



# സംസ്കാരം

സംസ്കാരവും സാഹിത്യവും ഇന്ന് ഗൗരവമേറിയ പഠനവിഷയങ്ങളായി മാറിയിരിക്കുകയാണ്. സാമൂഹികജീവിതവും ജനങ്ങളുടെ അഭിരുചികളും പ്രകൃതിയുടെ കലാവിരുതും തമ്മിലുള്ള ബന്ധമാണ് സംസ്കാരത്തിൻെറ കാതൽ. കല, സാഹിത്യം, ചലച്ചിത്രം, ടെലിവിഷൻ, ഗാനങ്ങൾ, പരസ്യങ്ങൾ തുടങ്ങിയ വിവിധ മേഖലകളിലായി നമ്മുടെ സാംസ്കാരികരംഗം വ്യാപിച്ചുകിടക്കുന്നു. വിവിധ സംസ്കാരങ്ങളുടെ സമന്വയത്തിന് തുടക്കംകുറിക്കുന്നത് വിദ്യാലയങ്ങളിൽ നിന്നാണ്. തുടർന്നിങ്ങോട്ട് ഗ്രന്ഥശാലകൾ, സാഹിത്യകലാസംഘങ്ങൾ, കലാസമിതികൾ, നൃത്ത-നാടകസംഘങ്ങൾ എന്നിവയിലൂടെ സാംസ്കാരികരംഗം ഉയിർത്തെഴുന്നേൽക്കുകയായി. ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിലാകെ നിരവധി പള്ളികളും അമ്പലങ്ങളും ചരിത്രപാരമ്പര്യത്തോടെ മതമൈത്രിയുടെയും വിവിധ സംസ്കാരസമന്വയങ്ങളുടെയും നിറദീപങ്ങളായി പ്രഭചൊരിഞ്ഞു നിലകൊള്ളുന്നു. കാലാകാലങ്ങളിൽ ഉത്സവങ്ങളും പെരുന്നാളുകളും വിവിധ കലാപരിപാടികളും നടക്കുന്ന ഈ പുണ്യസങ്കേതങ്ങൾ സംസ്കാരസംഗമകേന്ദ്രങ്ങളായി ഇന്നും പരിലസിക്കുന്നു. എങ്കിലും സമൂഹത്തിൽ അവിടവിടെയായി സംസ്കാരത്തിൻെറ ചില ജീർണ്ണിച്ച മുഖങ്ങൾ നമുക്കുകാണുവാൻ കഴിയും.

ആർഷഭാരതസംസ്കാരത്തിൻെറ തേരോട്ടത്തിൽ ചതഞ്ഞരഞ്ഞു വികൃതമായ സംസ്കാരത്തിൻെറ ജീർണ്ണാംശങ്ങളെ കഴുകിക്കളഞ്ഞ് ഒരു പുത്തൻ സംസ്കാരപാരമ്പര്യത്തിന് തുടക്കം കുറിക്കുവാൻ ജനങ്ങളാകെ ഒത്തൊരുമിച്ചു മുന്നോട്ടു വരേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഇതിൻെറ മുന്നോടിയായി സാംസ്കാരികബോധവത്കരണക്ലാസ്സുകൾ നടത്തേണ്ടത് നമ്മുടെ കടമയായി മാറിയിരിക്കുന്നു. വായനയിലൂടെ അറിവു നേടുവാനും സംസ്കാരസമ്പന്നരായിത്തീരുവാനും നാളെയുടെ വാഗ്ദാനങ്ങളായി മാറുവാൻ ഉതകുന്നതരത്തിൽ എല്ലാ വാർഡുകളിലും വായനശാലകൾ, ഗ്രന്ഥശാലകൾ എന്നിവ സ്ഥാപിക്കേണ്ടതാണ്.

കൂടാതെ നല്ല ആരോഗ്യവും പരസ്പരധാരണയും സമൂഹപ്രതിബദ്ധതയുമുള്ള ഒരു ജനസമൂഹത്തെ വാർത്തെടുക്കാൻ കഴിയുന്ന തരത്തിൽ എല്ലാ വാർഡുകളിലും ആർട്സ് ആൻറ് സ്പോർട്സ് ക്ലബുകളും കളിസ്ഥലങ്ങളും സ്ഥാപിക്കുകയും അതിൻെറ പ്രവർത്തനങ്ങളിൽ പഞ്ചായത്തുസമിതി നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതുമാകുന്നു.

കൊയ്ത്തുപാട്ടിൻെറയും നാടൻശീലുകളുടെയും വശ്യസുന്ദരമായ ശബ്ദങ്ങളാൽ മുഖരിതമായ നമ്മുടെ ഗ്രാമങ്ങളുടെ തനിമ എന്നോ നമുക്കു കൈമോശം വന്നിരിക്കുന്നു. അമിതമായ പാശ്ചാത്യസംസ്കാര അനുകരണമാണ് ഇന്നീ സമൂഹത്തിൽ പ്രത്യേകിച്ച് യുവജനങ്ങളിൽ കണ്ടുവരുന്ന പല ദുഷ്പ്രവണതകൾക്കും കാരണം. നമുക്കു സ്വന്തമായിരുന്ന ഒരുമയുടെയും ഐകൃത്തിൻെറയും പ്രതീകങ്ങളായിരുന്ന തെയ്യം, തിറ, കുറത്തിപ്പാട്ട്, തിരുവാതിരക്കളി, ഓട്ടംതുള്ളൽ, മാർഗംകളി, കോൽകളി, മുടിയേറ്റ്, കൈകൊട്ടിക്കളി, തുമ്പിതുള്ളൽ തുടങ്ങിയ നാടൻ കലാരൂപങ്ങൾ നമുക്കിന്ന് അന്യമായിരിക്കുന്നു.

എന്തിനേറെ- ഗതകാലസ്മരണകൾ അയവിറക്കുന്ന നമ്മുടെ തനതുത്സവമായ 'ഓണ'വും ഓണക്കളികളും മലയാളമനസ്സുകളിൽ നിന്നും മാഞ്ഞുപൊയ്ക്കൊണ്ടിരിക്കുന്നു. നമ്മുടെ പഴയമുടെ ഒരുമയും ഐക്യവും സഹിഷ്ണുതയും നിലനിർത്താനുള്ള കടമ നാം സ്വയം ഏറ്റെടുത്ത് മുന്നോട്ടു പോകേണ്ടതാണ്.

## ഗ്രാമസഭയിൽ വന്ന നിർദ്ദേശങ്ങൾ

ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിൽ ഏറ്റവും കൂടുതൽ ഹരിജനങ്ങൾ പാർക്കുന്നത് 11, 12, 13,14 എന്നീ വാർഡുകളിലാണ്. ഇവരുടെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പ്രസ്തുത വാർഡുകളിൽ ഒരു മിനി വാട്ടർ സപ്ലൈ സ്ക്കീം നടപ്പാക്കുക. കുഴൽകിണർ സ്ഥാപിക്കുക, സാനിട്ടേഷൻ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, ഹരിജൻ സെറ്റിൽമെൻറ് കോളനികളിലേയും മറ്റു സ്ഥലങ്ങളിൽ താമസിക്കുന്ന ഹരിജൻ വീടുകളുടെയും അറ്റകുറ്റ പണികൾ നടത്തുക, ഹരിജനങ്ങൾ തിങ്ങിപാർക്കുന്ന അമ്പലക്കോളനി, വലിയകാലാകോളനി എന്നിവയെ ഏകോപിപ്പിച്ച് കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക. പട്ടികജാതി പട്ടികവർഗത്തെപോലെ അവഗണന അനുഭവിക്കുന്ന ദളിത് ക്രൈസ്തവർക്കും യാതൊരു ആനുകൂല്യവും ലഭിക്കുന്നില്ല. ആയതിന് അടിയന്തിര പരിഹാരം കാണുകയും അവരുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ഈ പ്രദേശങ്ങളിലേക്കുള്ള റോഡ് ടാർ ചെയ്യുകയും വേണം.

## പ്രശ്നപരിഹാരം

1. ഇപ്പോൾ 11-ാം വാർഡിൽ നടത്തികൊണ്ടിരിക്കുന്ന ഹരിജൻ വെൽഫയർ നഴ്സറി സ്ക്കൂളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന യു.കെ.ജി., എൽ.കെ.ജി. എന്നീ വിഭാഗങ്ങൾ വിപുലപ്പെടുത്താൻ നിലവിലുള്ള നഴ്സറി കെട്ടിടം വിപുലീകരിക്കുക.

2. ഹരിജൻ കുട്ടികൾക്ക് ഇപ്പോൾ നൽകികൊണ്ടിരിക്കുന്ന ലംപ്സം ഗ്രാൻറ് തുക വർദ്ധിപ്പിക്കുക.

3. കോളേജുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഇപ്പോൾ നൽകികൊണ്ടിരിക്കുന്ന പഠനോപകരണങ്ങൾക്കുള്ള ഗ്രാൻറ് വർദ്ധിപ്പിക്കുകയും ഗ്രാൻറുകൾ യഥാസമയം ലഭിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യുക.

4. പട്ടികജാതി പട്ടികവർഗത്തിൽ 490-ഓളം കുടുംബങ്ങൾ ഈ പഞ്ചായത്തിൽ പാർക്കുന്നു. അവരുടെ ഉന്നമനത്തിനായി ആരോഗ്യം, വാർത്താവിനിമയം, കലാ-സാംസ്കാരിക-കായികരംഗം എന്നിവ പുഷ്ടിപ്പെടുത്താൻ നടപടി സ്വീകരിക്കുകയും കുട്ടികൾക്ക് യൂണിഫോം സൗജന്യമായി നൽകുകയും ഏറ്റുമാനൂർ കേന്ദ്രമാക്കി ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റൽ നിർമ്മിക്കുകയും ചെയ്യുക.

5. ഈ പഞ്ചായത്തിൽപ്പെട്ട 12-ാം വാർഡിലെ പാട്ടുകുളം-ചെറ്റേൻ കവലഭാഗം, 2-ാം വാർഡിലെ മേനാച്ചേരി, 4, 5 എന്നീ വാർഡുകളിലെ മഴുവനാകുന്നേൽ, 4-ാം വാർഡിൽ കുരുവിക്കുന്നു ഭാഗം, 1-ാം വാർഡിൽ ചരിയാരത്ത് ചക്കി ഭാഗം എന്നിവ സെറ്റിൽമെൻറ് കോളനികളായി പ്രഖ്യാപിക്കുക.

6. മിശ്ര വിവാഹം, പന്തിഭോജനം, ഉത്സവം, തിരുനാൾ, സാംസ്കാരിക ചടങ്ങുകൾ എന്നിവയിൽ അവരുടെ സാന്നിദ്ധ്യം, സഹകരണം എന്നിവ ഉറപ്പാക്കുക.

7. ഇപ്പോൾ നിലവിലുള്ള തയ്യൽ പരിശീലന കേന്ദ്രം വിപുലീകരിക്കുക. ഇപ്പോൾ നൽകികൊണ്ടിരിക്കുന്ന ഗ്രാൻറ് വർദ്ധിപ്പിക്കുക.

*******



# വിദ്യാഭ്യാസം

'വിദ്യാധനം സർവ്വധനാൽ പ്രധാനം' എന്ന മഹദ് വചനത്തെ അന്വർത്ഥമാക്കുമാറ് സ്വാതന്ത്ര്യത്തിനു മുമ്പുതന്നെ കേരളം സാക്ഷരതയിലും വിദ്യാഭ്യാസ സൗകര്യങ്ങളുടെ കാര്യത്തിലും മറ്റു പ്രദേശങ്ങളേക്കാൾ മുന്നിലായിരുന്നു. സാമൂഹ്യപരിഷ്കർത്താക്കളും മിഷനറിമാരും സ്വകാര്യസംരംഭകരും വിദ്യാഭ്യാസം വ്യാപകമാക്കി. പൊതുവിദ്യാഭ്യാസസ്ഥാപനങ്ങൾ വളർന്നു. ഫീസിളവ്, യാത്രാസൗജന്യം, അടുത്തടുത്തുള്ള സ്കൂളുകൾ ഇവയെല്ലാം വിദ്യാഭ്യാസവളർച്ചയ്ക്ക് സഹായകമായി. ഉന്നതവിദ്യാഭ്യാസരംഗത്തും വളർച്ച ദൃഢമായി. കൂടുതൽ കോളേജുകൾ, സൗകര്യങ്ങൾ, ആനുകൂല്യങ്ങൾ, കൂടുതൽ ബിരുദധാരികൾ. എന്നാൽ സംഖ്യപരമായ ഈ വർദ്ധനവിനനുസരിച്ചുള്ള ഗുണപരമായ വർദ്ധനവുണ്ടായില്ല. സമ്പൂർണ്ണസാക്ഷരത കെട്ടിഘോഷിക്കുന്ന നമ്മുടെ കുട്ടികൾ അഖിലേന്ത്യാതലത്തിലുള്ള ടെസ്റ്റുകൾക്ക് നിലവാരത്തിൽ മുന്നിലല്ല. ബഡ്ജറ്റിന്റെ 31% വിദ്യാഭ്യാസത്തിനുവേണ്ടി ചെലവഴിക്കുന്ന സംസ്ഥാനസർക്കാരിന് വിദ്യാലയങ്ങളുടെ അറ്റകുറ്റപ്പണികൾപോലും ശരിയായി നടത്താൻ കഴിയുന്നില്ല. ഇന്ന് പൊതുവിദ്യാഭ്യാസസ്ഥാപനങ്ങൾ ആർക്കും വേണ്ടാത്തതായിരിക്കുന്നു. നല്ല റിസൾട്ടുള്ള അംഗീകൃതവിദ്യാലയങ്ങൾ തേടുന്ന തിരക്കിലാണ് എല്ലാവരും. പത്താംക്ലാസ്സിലെ വിജയശതമാനത്തെമാത്രം അടിസ്ഥാനമാക്കിയുള്ള വിലയിരുത്തലുകൾ നടക്കുന്നു. ഈ വിലയിരുത്തലുകൾ എത്രമാത്രം ശരിയായിരിക്കും? മോഡറേഷൻ എന്ന തന്ത്രം ഇല്ലായിരുന്നെങ്കിൽ ഇന്നുള്ള വിജയശതമാനം എന്തു ഖേദകരമാകുമായിരുന്നു. പരീക്ഷയ്ക്കുവേണ്ടി പഠിക്കുന്ന കുട്ടികളും അതിന് തയ്യാറാക്കാൻ വേണ്ടിമാത്രം പഠിപ്പിക്കുന്ന അധ്യാപകരും, രക്ഷകർത്താക്കളും ചേർന്നുള്ള ഒരു മത്സരക്കളിയാണ് വിദ്യാഭ്യാസരംഗം.

## ചരിത്രപശ്ചാത്തലം

ഏറ്റുമാനൂരെ വിദ്യാലയങ്ങളുടെ ചരിത്രത്തിലേക്കൊന്ന് എത്തിനോക്കിയാൽ വിലപ്പെട്ട സംഭാവനകൾ ഈ നാടിന്റെ വിദ്യാഭ്യാസരംഗത്ത് നൽകുവാൻ കഴിഞ്ഞിട്ടുള്ള നിരവധി മഹാരഥന്മാരെ നമുക്കു കാണുവാൻ കഴിയും. അവരിൽ പത്രാധിപർ ഗോവിന്ദപ്പിള്ളയേയും (കുമ്മനം ഗോവിന്ദപ്പിള്ള) ചിറ്റേഴത്ത് എസ്. നാരായണൻ മൂസ്സതിനേയും ഹാജി ടി.എം. ഹസ്സൻ റാവുത്തരേയും മറ്റും വിസ്മരിക്കുവാനാവില്ല.

സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് തുടങ്ങുന്നതാണ് ഏറ്റുമാനൂരിന്റെ വിദ്യാഭ്യാസചരിത്രം. അന്ന് ഏറ്റുമാനൂരിൽ 'തേഡ്ഫോറം' വരെ (1 മുതൽ 8 വരെയുള്ള ക്ലാസുകൾ) ഉള്ള ഒരു സ്കൂൾ ഉണ്ടായിരുന്നു. അന്ന് 'പെൺപള്ളിക്കൂട'മെന്നും 'ആൺ പള്ളിക്കൂട'മെന്നും രണ്ടായി തിരിച്ചിരുന്നു. ഇതിനും പുറമേ ഒരു ഇംഗ്ലീഷ് സ്കൂളും നിലനിന്നിരുന്നതായി ചരിത്രരേഖകളിൽ പരമാർശിക്കുന്നുണ്ട്. ഇപ്പോൾ കോടതിക്കു സമീപം ഉള്ള സ്കൂൾ അന്ന് 'മലയാളം മിഡിൽ സ്കൂൾ' ആയിരുന്നു.

ഇപ്പോൾ ഏറ്റുമാനൂർ ടൗണിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന ഗവ. ബോയിസ് ഹൈസ്കൂൾ (അന്ന് ഇത് തേഡ്ഫാറംവരെയുള്ള സ്കൂളായിരുന്നു) ഒരു ഹൈസ്കൂൾ ആക്കി ഉയർത്തുന്നത് തിരുവിതാംകൂർ ദിവാൻ ആയിരുന്ന സർ സി.പി. രാമസ്വാമിയുടെ കാലത്തായിരുന്നു. ഹൈസ്കൂൾ അനുവദിക്കുവാൻവേണ്ടി അന്നത്തെ തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീ ചിത്തിരതിരുനാൾ മഹാരാജാവിനെ മുഖംകാണിക്കുവാൻ തിരുവനന്തപുരത്തിനു പോയത് ബഹു: പത്രാധിപർ ഗോവിന്ദപ്പിള്ളയും ചിറ്റേഴത്ത് നാരായണൻ മൂസ്സതും മറ്റുമായിരുന്നു എന്ന് പഴമക്കാർ പറഞ്ഞറിയുവാൻ കഴിഞ്ഞിട്ടുണ്ട്. അങ്ങ

ഏറ്റുമാനൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സാമൂഹ്യസാംസ്കാരിക സംഘടനകളും സ്ഥാപനങ്ങളും

1. ഫൈൻ ആർട്സ് സൊസൈറ്റി, ഏറ്റുമാനൂർ
2. ലയൺസ് ക്ലബ്, ഏറ്റുമാനൂർ
3. വൈ.എം.എച്ച്.ഏ. ഏറ്റുമാനൂർ
4. എസ്.എം.എസ്.എം. പബ്ലിക് ലൈബ്രറി ഏറ്റുമാനൂർ
5. ന്യൂമാൻസ് അസ്സോസിയേഷൻ ഓഫ് പബ്ലിക് ലൈബ്രറി, തെള്ളകം.
6. സംഗമം സ്പോർട്സ് ക്ലബ് മാടപ്പാട്.
7. ത്രിവേണി പബ്ലിക് ലൈബ്രറി മാടപ്പാട്ട്
8. ഗോൾഡൻ ഈഗിൾ ലൈബ്രറി
9. വിശ്വപ്രതിഭാ സാംസ്കാരികനിലയം പുന്നത്തുറ
10. കെ.എം.ചെറിയാൻ മെമ്മോറിയൽ പബ്ലിക് ലൈബ്രറി പേരൂർ
11. നെഹ്റു മെമ്മോറിയൽ പബ്ലിക് ലൈബ്രറി പേരൂർ
12. മൈമൂൺ പബ്ലിക് ലൈബ്രറി പേരൂർ
13. വിക്ടറി ലൈബ്രറി വെട്ടിമുകൾ
14. യുവസാഹിതി ക്ലബ് ആൻറ് പബ്ലിക് ലൈബ്രറി കൊടുവത്താനം
15. കോസ്മോസ് പബ്ലിക് ലൈബ്രറി ഏറ്റുമാനൂർ
16. ശില്പി ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ് പേരൂർ
17. യംഗ്മാൻസ് റിക്രിയേഷൻ ക്ലബ് ക്ലാമറ്റം
18. വൈ.എം.ഏ. ലൈബ്രറി പുന്നത്തുറ
19. ദീപ്തി ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ് പേരൂർ
20. പബ്ലിക് ലൈബ്രറി പേരൂർ.



## ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിലെ അധ്യാപകരേയും വിദ്യാർത്ഥികളേയും സംബന്ധിച്ച വിവരങ്ങൾ

| സ്കൂളുകൾ | എണ്ണം | അധ്യാപകർ | | | വിദ്യാർത്ഥികൾ | | | മറ്റ് സൗകര്യങ്ങൾ | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കെട്ടിടം | | ഫർണിച്ചർ | |
| | | ആണ് | പെണ്ണ് | ആകെ | ആണ് | പെണ്ണ് | ആകെ | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| H.S. | 5 | 14 | 148 | 162 | 710 | 1109 | 1819 | 3 | 2 | 2 | 3 |
| U.P.S. | 5 | 22 | 56 | 78 | 891 | 1232 | 2123 | 3 | 2 | 3 | 2 |
| L.P.S. | 5 | 6 | 48 | 54 | 555 | 573 | 1128 | 3 | 2 | 2 | 3 |
| Pre-primary | 15 | 18 | 22 | 40 | 432 | 345 | 777 | 9 | 6 | 7 | 8 |
| ആകെ | 30 | 60 | 274 | 334 | 2588 | 3259 | 5847 | 18 | 12 | 14 | 16 |

*(1995-96) വിദ്യാഭ്യാസം - പഞ്ചായത്തു ചെലവ് - 34779 രൂപ.*

### പ്രശ്നങ്ങൾ

1. നിലവിൽ സ്കൂളുകളില്ലാത്ത II, III, VI വാർഡുകളിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിക്കണം.

2. തെള്ളകം സെൻറ് മേരീസ് എൽ.പി.സ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്ന് X, XI, XII, XIV വാർഡുകളിലെ ഗ്രാമസഭകൾ ആവശ്യപ്പെട്ടിട്ടുണ്ട്.

3. പല സ്കൂളുകളിലും കോമ്പൗണ്ട് വാൾ ഇല്ല, ഗ്രൗണ്ട് ഇല്ല, ഫർണിച്ചർ ആവശ്യത്തിനില്ല.

4. ടി.ടി.ഐ., ഗേൾസ് ഹൈസ്കൂൾ ഈ കെട്ടിടങ്ങൾ വളരെ പഴക്കം ചെന്നതാണ്. അവ പുതുക്കി പണിയുകയോ അറ്റകുറ്റപ്പണികൾ നടത്തുകയോ ചെയ്യണം.

5. പി.ടി.എ. പല സ്കൂളുകളിലും സജീവമല്ല.

6. പഠനനിലവാരം ഉയർത്തണം.

### പരിഹാരനിർദ്ദേശങ്ങൾ

1. ഒരു വിദ്യഭ്യാസസ്ഥാപനവുമില്ലാത്ത വാർഡുകളിൽ നേഴ്സറി, എൽ.പി.സ്കൂളുകൾ ആരംഭിക്കണം.

2. വളരെ ആളുകൾക്ക് പ്രയോജനം ചെയ്യുന്ന തെള്ളകം സെൻറ് മേരീസ് എൽ.പി.സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ എത്രയുംവേഗം ഉണ്ടാവണം.

3. ചുറ്റുമതിൽ ഇല്ലാത്ത സ്കൂളുകളിൽ ചുറ്റുമതിൽ പി.ടി.എ.യുടെ സഹകരണത്തോടെ ഉണ്ടാക്കണം.

4. സ്റ്റാഫ് റൂം, ഫർണിച്ചർ, പഠനോപകരണങ്ങൾ തുടങ്ങിയവ ഇല്ലാത്ത സ്കൂളുകളിൽ അവ ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

5. സ്കൂളുകളിലെ പഠനനിലവാരം ഉയർത്തുന്നതിന് വേണ്ട നടപടികൾ ഉണ്ടാവണം.

6. സാക്ഷരതാപരിപാടി ഊർജ്ജിതമാക്കി പൂർണ്ണസാക്ഷരത കൈവരിക്കുക.

7. ശുദ്ധജലം എല്ലാ സ്കൂളിലും ലഭ്യമാക്കുക. മൂത്രപ്പുര, കക്കൂസ് മുതലായവ നിർമ്മിക്കുക.

8. പി.ടി.എ. എല്ലാ സ്കൂളുകളിലും സജീവമാക്കണം.

9. ഗവ. ടി.ടി.ഐ.യോട് അനുബന്ധിച്ചുള്ള പൊളിഞ്ഞുകൊണ്ടിരിക്കുന്ന കെട്ടിടം അടിയന്തിരമായി നന്നാക്കുക. ചുറ്റുമതിൽ പണിയുക.

10. ഗേൾസ് സ്കൂളിനോടനുബന്ധിച്ച് പ്ലസ് ടു തുടങ്ങുക. ക്വാർട്ടേഴ്സ്, ക്ലാസുമുറികൾ, മൂത്രപ്പുരകൾ ഇവ പുതുക്കിപ്പണിയുക.

11. ഉദ്യോഗസ്ഥരുടെ കുട്ടികളെ സംരക്ഷിക്കുന്നതിന് ക്രഷ് തുടങ്ങുക.

നെ 1946-ൽ പുതിയതായി അനുവദിച്ച ഹൈസ്കൂളിന് വേണ്ട സ്ഥലസൗകര്യങ്ങളും കെട്ടിടവും മറ്റും ഉണ്ടാക്കുന്നതിലേക്കായി പതിനായിരംരൂപ (ഇത് 1940- കളിൽ ആണെന്നോർക്കണം) സംഭാവന ചെയ്തത് ഹാജി ടി.എം. ഹസ്സൻ റാവുത്തരായിരുന്നു എന്നത് ഏറെ സ്മരണീയമാണ്.

ഇദംപ്രഥമമായി ഏറ്റുമാനൂരിൽ ആരംഭിച്ച ഹൈസ്കൂളിലെ പ്രഥമാദ്ധ്യാപകൻ എസ്.നാരായണൻ മൂസ്സത് ആയിരുന്നു.

ഇതിനുശേഷം അനവധി വിദ്യാഭ്യാസസ്ഥാപനങ്ങൾ ഏറ്റുമാനൂരിൽ ഉടലെടുത്തു. ഏറ്റുമാനൂർ ടൗൺ യു.പി.സ്കൂൾ എന്ന പേരിൽ ഇപ്പോൾ കൊടുവത്താനത്ത് പ്രവർത്തിക്കുന്ന യു.പി.സ്കൂൾ ഇതിൽ ഒന്നാണ്.

വിദ്യഭ്യാസരംഗത്ത് വളരെയധികം മുൻപന്തിയിൽ നിൽക്കുന്ന ഒരു പഞ്ചായത്താണ് ഏറ്റുമാനൂർ പഞ്ചായത്ത്. ഈ പഞ്ചായത്തിലെ വിദ്യാഭ്യാസസ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

1. ശ്രീശങ്കരചാര്യ സംസ്കൃത യൂണിവേഴ്സിറ്റി
2. മംഗളം ബി.എഡ്. കോളേജ്
3. ഗവ. ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്
4. സ്കൂൾ ഓഫ് ആപ്ലിക്കബിൾ മാത്തമാറ്റിക്സ്
5. ഗവ. കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട്
6. ഗവ. ഗേൾസ് ഹൈസ്കൂൾ, ഏറ്റുമാനൂർ
7. സെൻറ് പോൾസ് ഗേൾസ് ഹൈസ്കൂൾ, വെട്ടിമുകൾ
8. ഹോളിക്രോസ് ഇംഗ്ലീഷ് മീഡിയം ഹൈ സ്കൂൾ, തെള്ളകം
9. ഗവ. ബോയ്സ് ഹൈസ്കൂൾ, ഏറ്റുമാനൂർ
10. മംഗളം റസിഡൻഷ്യൽ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ, ഏറ്റുമാനൂർ
11. വിവേകാനന്ദ പബ്ലിക് സ്കൂൾ, ഏറ്റുമാനൂർ
12. ഒക്കേഷൻ ഹയർ സെക്കൻററി സ്കൂൾ, ഏറ്റുമാനൂർ
13. സെൻറ് സെബാസ്റ്റ്യൻസ് യു.പി.സ്കൂൾ, പേരൂർ
14. ടൗൺ യു.പി. സ്കൂൾ, ഏറ്റുമാനൂർ
15. ഗവ. യു.പി.സ്കൂൾ, പുന്നത്തുറ
16. ഗവ. ജെ.ബി. എൽ.പി.സ്കൂൾ, പേരൂർ
17. സെൻറ് മേരീസ് എൽ.പി.സ്കൂൾ, തെള്ളകം
18. സെൻറ് സെബാസ്റ്റ്യൻസ് എൽ.പി.സ്കൂൾ, ചെറുവാണ്ടൂർ
19. ഗവ. എൽ.പി.സ്കൂൾ, പേരൂർ
20. സെൻറ് ആൻറണീസ് എൽ.പി.സ്കൂൾ, കട്ടച്ചിറ
21. സെൻറ് മേരീസ് നഴ്സറിസ്കൂൾ, കട്ടച്ചിറ
22. സെൻറ് മേരീസ് നഴ്സറിസ്കൂൾ, പുന്നത്തുറ
23. വിജ്ഞാനദീപം നഴ്സറിസ്കൂൾ, പുന്നത്തുറ
24. മംഗളം ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂൾ, ഏറ്റുമാനൂർ
25. സാൻജോസ് നഴ്സറിസ്കൂൾ, ഏറ്റുമാനൂർ
26. സോഷ്യൽ വെൽഫയർ നഴ്സറിസ്കൂൾ, തെള്ളകം
27. ഹരിജൻ വെൽഫയർ നഴ്സറി സ്കൂൾ, പേരൂർ
28. സെൻറ് മേരീസ് നഴ്സറി സ്കൂൾ, കട്ടച്ചിറ
29. സെൻറ് മേരീസ് നഴ്സറി സ്കൂൾ, വെട്ടിമുകൾ
30. വിജ്ഞാനദീപം നഴ്സറിസ്കൂൾ, പുന്നത്തുറ
31. മംഗളം ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂൾ, ഏറ്റുമാനൂർ.

ഇതിനു പുറമേ ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കായുള്ള വിദ്യാലയങ്ങൾ വേറെയുമുണ്ട്. ഏറ്റുമാനൂർ പഞ്ചായത്തിൽ 9-ാം വാർഡിൽ പ്രവർത്തിക്കുന്ന 'സാൻജോസ് വിദ്യാലയ്' ഈ രംഗത്ത് സ്തുത്യർഹമായ സേവനമനുഷ്ഠിക്കുന്ന ഒന്നാണ്.

## പാരലൽ കോളേജുകൾ

1. ശർമ്മാസ് കോളേജ്, ഏറ്റുമാനൂർ
2. പെർഫെക്റ്റ് കോളേജ്, ഏറ്റുമാനൂർ
3. പി.ടി. കോളേജ്, ഏറ്റുമാനൂർ
4. മഹാരാജാസ് കോളേജ്, ഏറ്റുമാനൂർ
5. പി.ടി. കോളേജ് ഫോർ ഹോംസയൻസ്, ഏറ്റുമാനൂർ

കാരിത്താസ് ഹോസ്പിറ്റലിനോടനുബന്ധിച്ച് ഒരു നേഴ്സിംഗ് സ്കൂളും ഫാർമസി കോളേജും മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി പെഡഗോഗിക്കൽ എം.എസ്. കോളേജും ഈ പഞ്ചായത്തിലാണ്. ഏറ്റുമാനൂർ എ.ഇ.ഒ. ഓഫീസ് പുതുതായി പണിതീർത്ത കെട്ടിടത്തിലാണെങ്കിലും സൗകര്യങ്ങൾ വേണ്ടവിധം ആയിട്ടില്ല.

കരണസംഘങ്ങൾ എന്നിവ സ്ത്രീകളെ സംഘടിപ്പിക്കാൻ പറ്റുന്ന വേദികളാണ്. ഏറ്റുമാനൂർ പഞ്ചായത്തിൽ മഹിളാസമാജങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ലക്ഷ്യംനേടാൻ ഉതകുന്ന ശൈലി ഇവയ്ക്കൊന്നിനുമില്ല. എല്ലാറ്റിനും പരാധീനതകൾ ഏറെയാണ്. ഗവൺമെൻറ് സഹായത്തോടെ കോഴിവളർത്തൽ, കന്നുകാലിവളർത്തൽ, കരകൗശലനിർമ്മാണം, സോപ്പുനിർമ്മാണം, പപ്പടനിർമ്മാണം തുടങ്ങിയ ചെറുകിട തൊഴിൽ സംരംഭങ്ങൾ ഈ മഹിളാസമാജങ്ങൾ വഴി തുടങ്ങുന്നതിന് സാധ്യമാക്കണം. അതുപോലെ തന്നെ പഞ്ചായത്തിലെ മുഴുവൻ ബാലവാടികളുടേയും പ്രവർത്തനം മെച്ചപ്പെടുത്തുകയും ടീച്ചർമാർക്ക് അർഹമായ വേതനം നൽകുകയും വേണം.

ഈ പഞ്ചായത്തിലെ V, III വാർഡുകളിൽ ക്ഷീരോല്പാദനസംഘത്തിൻെറ ആഭിമുഖ്യത്തിൽ ക്ഷീരോല്പന്നനിർമ്മാണയൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയ്ക്ക് വേണ്ടത്ര പ്രവർത്തനമൂലധനമോ വിപണനസൗകര്യമോ ഇല്ലാത്തതിനാൽ ഈ യൂണിറ്റുകൾ ബുദ്ധിമുട്ടിലാണ്.

## പ്രശ്നങ്ങൾ

1. സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കണം

2. പഴയ ആചാരങ്ങളും അന്ധവിശ്വാസങ്ങളും സ്ത്രീകളുടെ ഉന്നമനത്തിന് തടസ്സം സൃഷ്ടിക്കുന്നു.

3. തൊഴിൽമേഖലയിൽ സ്ത്രീകളോടുള്ള നാനാവിധവിവേചനങ്ങൾ.

4. സ്ത്രീധനസമ്പ്രദായവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ.

5. നിലവിലുള്ള മഹിളാസംഘടനകൾ നിർജ്ജീവാവസ്ഥയിലാണ്.

6. അംഗനവാടി, നിലത്തെഴുത്ത് കളരി മുതലായ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന വനിതകൾക്ക് മതിയായ വേതനം ലഭിക്കുന്നില്ല.

7. പൊതുസ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങളില്ല.

8. വിദ്യാഭ്യാസത്തിനായും ജോലിക്കായും എത്തുന്ന വനിതകൾക്ക് ഇന്ന് താമസസൗകര്യം ഇല്ല.

## പരിഹാരമാർഗ്ഗങ്ങൾ

1. വനിതാതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക.

2. സ്ത്രീകളുടെ മഹത്വവും മാന്യതയും സ്ഥാനവും എന്ത് എന്നുള്ളതിന് സമൂഹത്തിന് ബോധവൽക്കരണം നടത്തുക.

3. പരമ്പരാഗതവ്യവസായങ്ങളിൽ സാങ്കേതികനവീകരണമുണ്ടാകുമ്പോൾ സ്ത്രീകൾക്ക് മുൻഗണന നൽകുക.

4. സ്ത്രീധനപ്രശ്നങ്ങൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്തുക.

5. മഹിളാസമാജങ്ങളും അംഗനവാടികളും ഇല്ലാത്ത വാർഡുകളിൽ ആരംഭിക്കുകയും ഉള്ളവ കാര്യക്ഷമമാക്കുകയും അർഹമായ വേതനം നൽകുകയും ചെയ്യുക.

6. ബസ്സ്സ്റ്റാൻഡ്, ഓഫീസുകൾ തുടങ്ങിയവയോടനുബന്ധിച്ച് പ്രാഥമികാവശ്യസൗകര്യങ്ങൾ നിർമ്മിക്കുക

7. ഏറ്റുമാനൂർ ടൗൺ കേന്ദ്രീകരിച്ച് ഒരു വർക്കിംഗ് വിമൻസ് ഹോസ്റ്റൽ സ്ഥാപിക്കണം.

8. വനിതകളെ സംഘടിപ്പിച്ച് വനിതാസഹകരണസംഘങ്ങൾ സ്ഥാപിച്ച് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കണം.



# വനിതാക്ഷേമം

കേരളവികസനമാതൃകയുടെ ദൗർബല്യങ്ങളിലൊന്നായി ചൂണ്ടിക്കാണിച്ചിട്ടുള്ളത് വികസനപ്രക്രിയയിലെ കുറഞ്ഞ സ്ത്രീപങ്കാളിത്തമാണ്. ഈ കുറവ് പരിഹരിക്കണമെങ്കിൽ ഇന്നു നടക്കുന്ന ജനകീയാസൂത്രണപ്രക്രിയയിലും വികസനപ്രവർത്തനങ്ങളിലും സ്ത്രീപങ്കാളിത്തം വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. പണ്ട് നിലവിലിരുന്ന ആചാരങ്ങളും വ്യവസ്ഥകളും സ്ത്രീകളുടെ വിദ്യാഭ്യാസം, തൊഴിൽ, സാമൂഹ്യസേവനം മുതലായരംഗങ്ങളിൽ മാത്രമല്ല തങ്ങൾക്കിഷ്ടമുള്ള വസ്ത്രങ്ങൾ ധരിക്കുന്നതിൽ നിന്നുപോലും സ്ത്രീകളെ വിലക്കിയിരുന്നു. എന്നാൽ സ്വാതന്ത്ര്യത്തിനുശേഷം ഭാരതത്തിലാകെ പ്രത്യേകിച്ച് കേരളത്തിൽ ഉണ്ടായ സാംസ്കാരിക നവോത്ഥാനം സ്ത്രീകളുടെ ഉന്നതിക്ക് വളരെയധികം സഹായിച്ചിട്ടുണ്ട്.

1991-ലെ കനേഷുമാരി അനുസരിച്ച് ഏറ്റുമാനൂർ പഞ്ചായത്തിലെ സ്ത്രീകളുടെ എണ്ണം 20,599 ആണ്. ഈ പഞ്ചായത്തിൽ സ്ത്രീകളേക്കാൾ 18 പുരുഷന്മാർ കൂടുതലാണ്. സംസ്ഥാനശരാശരിയിൽ സ്ത്രീകളാണ് കൂടുതൽ. സാക്ഷരതയിൽ സ്ത്രീപുരുഷ അനുപാതം ഏതാണ്ട് തുല്യമാണ്. സ്ത്രീകളുടെ സാക്ഷരതാനിലവാരം 95 ശതമാനമാണ്. ഇത് കേരളനിരക്കിനോട് നീതിപുലർത്തുന്നതാണ്.

മുൻകാലങ്ങളെ അപേക്ഷിച്ച് സ്ത്രീകൾക്ക് മാന്യമായ സ്ഥാനം സമൂഹത്തിൽ ലഭിച്ചുതുടങ്ങിയിട്ടുണ്ടെങ്കിലും ഇന്നും പല കുടുംബങ്ങളിലും സമൂഹങ്ങളിലും പഴയ പാരമ്പര്യം തുടരുകയാണ്.

വനിതാക്ഷേമം മുൻനിർത്തിയുള്ള വികസന പ്രവർത്തനങ്ങളിൽ കൃഷി-തൊഴിൽ-വ്യവസായം തുടങ്ങിയ ഉല്പാദനമേഖലകളിലെ സ്ത്രീപങ്കാളിത്തത്തിന് വലിയ പ്രാധാന്യമുണ്ട്. സമ്പത്തുല്പാദനവുമായി സ്ത്രീകളെ ബന്ധപ്പെടുത്തിയാലേ അവരുടെ സ്വയം പര്യാപ്തതയും കുടുംബത്തിൻെറ ക്ഷേമവും ഉറപ്പു വരുത്താനാവൂ. ഇതിൽ പഞ്ചായത്തിലെ സ്ത്രീകളുടെ മൊത്തം തൊഴിൽ ശക്തി കണക്കിലെടുക്കേണ്ടതാവശ്യമാണ്. വിവിധ കാരണങ്ങളാൽ കാർഷികമേഖലയിൽ നിന്നും സ്ത്രീകൾ പിന്മാറിക്കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ സ്ത്രീകളുടെ സംഘടിതമായ പ്രവർത്തനങ്ങൾവഴി സ്വയംതൊഴിൽ കണ്ടെത്താൻ പല പദ്ധതികളും ഇന്ന് നിലവിലുണ്ട്. IRDP, DWCRA, വനിതാവികസന കോർപറേഷൻ, വനിതാസഹകരണസംഘങ്ങൾ, ജില്ലാവ്യവസായകേന്ദ്രം തുടങ്ങിയ ഏജൻസികൾവഴി സ്ത്രീകൾക്ക് തൊഴിൽ സാധ്യത പ്രോത്സാഹിപ്പിക്കാൻ കഴിയും.

ഈ പഞ്ചായത്തിൽ 13-ാം വാർഡിൽ DWCRA പ്രകാരം തുടങ്ങിയിരിക്കുന്ന ഒരു വനിതാ നൂൽനൂല്പ് കേന്ദ്രം ഉണ്ട്. ഇത് ഒരു വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സ്വന്തമായ കെട്ടിടനിർമ്മാണത്തിനാവശ്യമായ സ്ഥലം ഉണ്ടെങ്കിലും സാമ്പത്തികക്കുറവുമൂലം ഒരു കെട്ടിടം നിർമ്മിക്കപ്പെടാതെ പ്രസ്തുത നൂൽനൂല്പ് കേന്ദ്രം വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുകയാണ്. DWCRA പ്രകാരമുള്ള ഗവൺമെൻറ് സാമ്പത്തികസഹായവും നാട്ടുകാരുടെ സഹകരണവും ഇക്കാര്യത്തിൽ ഉണ്ടായാൽ ഈ നൂൽനൂല്പ്കേന്ദ്രം കാര്യക്ഷമമായി പ്രവർത്തിക്കാനാവും. പേരൂർതന്നെ സ്ഥിതിചെയ്യുന്ന ഖാദിഗ്രാമവ്യവസായബോർഡിൻെറ കീഴിലുള്ള ഖാദി നൂൽനൂല്പ് കേന്ദ്രം ആധുനികമെഷിനറി ഉപയോഗപ്പെടുത്തി വിപുലീകരിച്ചാൽ കൂടുതൽ തൊഴിൽസാധ്യതയും ഉല്പാദനവും വർദ്ധിപ്പിക്കാം.

സ്ത്രീകൾക്കായുള്ള പദ്ധതികളാവിഷ്കരിക്കുമ്പോഴും മറ്റു പ്രവർത്തനങ്ങൾക്ക് രൂപംകൊടുക്കുമ്പോഴും ഉള്ള ഏറ്റവും വലിയ വെല്ലുവിളി അവരെ എങ്ങനെ സംഘടിപ്പിക്കും എന്നതാണ്. മഹിളാ പ്രസ്ഥാനങ്ങൾ, മഹിളാസമാജങ്ങൾ, വനിതാസഹ

# സ്ഥാവരസ്വത്തുക്കൾ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | വകവിവരം | വില്ലേജിൻെറ പേര് | വിസ്തീർണ്ണം | മതിപ്പുവില |
|---|---|---|---|---|
| I | പഞ്ചായത്താഫീസ് | ഏറ്റുമാനൂർ | 20 സെൻറ് (കെട്ടിടം) | |
| 1. | ബസ് സ്റ്റാൻറ് സ്ഥലം | " | 5 ഏക്കർ 22 സെൻറ് | 1,56,00000/- |
| 2. | ഷോപ്പിംഗ് കോംപ്ലക്സ് | " | 18 മുറികൾ | 50,00000/- |
| 3. | കമ്മ്യൂണിറ്റി ഹാൾ | " | 12 സെൻറ് | 35,00000/- |
| 4. | സാംസ്കാരികനിലയം | " | 5 സെൻറ് | 50,0000/- |
| 5. | ശിശുവിഹാർ | " | 50 സെൻറ് | 20,00000/- |
| 6. | പഞ്ചായത്താഫീസ് സ്ഥലം | " | 20 സെൻറ് | 40,00000/- |
| 7. | കളിസ്ഥലം | " | 50 സെൻറ് | 20,0000/- |
| | | | ആകെ | 30800000/- |

## പ്രശ്നങ്ങൾ

1. പഞ്ചായത്തിൻെറ വരുമാനസാധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നില്ല.
2. അശാസ്ത്രീയമായ നികുതി ചുമത്തൽ.
3. നികുതിപിരിവിലെ അപാകതകൾ.
4. വികസനരംഗത്തെ ദീർഘവീക്ഷണമില്ലായ്മ.
5. ഭരണച്ചെലവ് കുറയ്ക്കൽ.
6. സന്നദ്ധപ്രവർത്തനങ്ങൾക്ക് ആളുകൾ തയ്യാറാകുന്നില്ല.

## പരിഹരമാർഗ്ഗങ്ങൾ

1. നിയമത്തിൽ പറഞ്ഞിരിക്കുന്ന നികുതികൾ എല്ലാം നിശ്ചിതസമയത്ത് പിരിച്ചെടുത്തിരിക്കണം.

2. കെട്ടിടനികുതിനിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കുക.

3. കൂടുതൽ മുതൽമുടക്കുള്ള കെട്ടിടത്തിന് ആഡംബരനികുതി ഈടാക്കുക.

4. ഇപ്പോഴുള്ള മാർക്കറ്റുകളുടെ നവീകരണവും പുനഃസംവിധാനവുംവഴി വരുമാനം വർദ്ധിപ്പിക്കാം.

5. ടാക്സി, ഓട്ടോ മുതലായവയ്ക്ക് നികുതി ഏർപ്പെടുത്താവുന്നതാണ്.

6. റോഡ് നിർമ്മാണം, പൊതുശുചീകരണം തുടങ്ങിയവയ്ക്ക് സന്നദ്ധസംഘടനകളുടെ നേതൃത്വത്തിൽ ജനങ്ങളെ സംഘടിപ്പിച്ച് സേവനമനസ്കതയോടെ പ്രവർത്തിക്കുന്ന ഒരു രീതി ജനങ്ങളിൽ ഉണ്ടാക്കുക.

7. വിദേശമലയാളികളുടെ പണം വികസനപ്രവർത്തനങ്ങൾക്കും പൊതുവായ കാര്യങ്ങൾക്കും ലഭ്യമാകുന്നതിനുവേണ്ട സമീപനം സ്വീകരിക്കുക.

## വിവിധ ഗ്രാമസഭകളിൽനിന്നും വന്നിട്ടുള്ള നിർദ്ദേശങ്ങൾ

Ward

I. സർക്കാർ, സ്വകാര്യസ്ഥാപനങ്ങളിൽ നിന്നും വിവിധ പദ്ധതികൾക്കായി സാമ്പത്തിക സഹായം എടുക്കുക. നാളിതുവരെ ചൂഷണം ചെയ്യാത്ത മനുഷ്യവിഭവശേഷി ഉപയോഗിക്കുക.

II. ബാങ്കിംഗ് സമ്പ്രദായം എല്ലാ വാർഡുതലത്തി

# വിഭവസമാഹരണം



പഞ്ചായത്തുകൾക്ക് ഇതുവരെ ഉണ്ടായിരുന്ന ധനകാര്യഅവകാശങ്ങൾ വളരെ പരിമിതമായിരുന്നു. സംസ്ഥാന ഫിനാൻസ് കമ്മീഷൻേറയും, സെൻ കമ്മീഷൻേറയും റിപ്പോർട്ടുകളുടെ അടിസ്ഥാന ത്തിൽ ഇതിന് മാറ്റമുണ്ടാകാൻ പോകുകയാണ്. 1960-ലെ കേരള പഞ്ചായത്തുനിയമം രണ്ടുതരത്തിലുള്ള വരവിനങ്ങളാണ് അനുശാസിക്കുന്നത്. നികുതിവരുമാനങ്ങളും നികുതിയേതര വരുമാനങ്ങളും. ഇതിൽ നികുതിവരുമാനങ്ങളായി കെട്ടിടനികുതി, വിനോദനികുതി, തൊഴിൽക്കരം മുതലയവ ലഭിക്കുന്നു. എന്നാൽ പ്രധാന വരവിനമായ കെട്ടിടനികുതി നിർണ്ണയത്തിലുള്ള അപാകതമൂലം യഥാർത്ഥത്തിൽ ലഭിക്കേണ്ട തുക പഞ്ചായത്തിന് ലഭിക്കാറില്ല. കെട്ടിടങ്ങൾ നിർമ്മിക്കുന്നവർ നികുതിയുടെ കാര്യംവരുമ്പോൾ തങ്ങളുടെ കെട്ടിടത്തിൻെറ നിർമ്മാണത്തിൽ യഥാർത്ഥത്തിൽ ചിലവായ തുകയും ചിലവായതായി പഞ്ചായത്തിന് നൽകുന്ന തുകയും തമ്മിൽ അജഗജാന്തരം വ്യത്യാസംവരുത്തിയും നികുതിനിർണ്ണയം നടത്തുന്നതിലുള്ള അപാകതയുംമൂലം യഥാർത്ഥത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട നികുതി ഒരിക്കലും ലഭ്യമാകുന്നില്ല. ഇതുപോലെതന്നെയാണ് വിനോദനികുതിയും. ഈ പഞ്ചായത്തിൽ മൂന്ന് സിനിമാതീയേറ്ററുകൾ ഉണ്ട്. പഞ്ചായത്തിന് വിനോദ നികുതിയായി കൊടുക്കേണ്ട തുക നാമമാത്രമാക്കി തീർക്കാനുള്ള ചില കുറുക്കുവഴികൾ പ്രയോഗിച്ചുകൊണ്ട് അതും ഒരു പ്രഹസനമായി തുടരുന്നു.

നികുതിയേതരവരുമാനങ്ങളായ മണൽവാരലിനുള്ള ഫീസ്, ഷോപ്പിംഗ്സെൻററിൻെറ വരുമാനം, ബസ് സ്റ്റാൻഡ് തുടങ്ങിയവയിലും നിയമപരമായ നടപടികൾ സ്വീകരിച്ച് വാങ്ങേണ്ടതായിട്ടുണ്ട്. പഞ്ചായത്തിൻെറ തനതായ വരുമാനങ്ങൾ പട്ടികയിൽ കാണിച്ചിരിക്കുംപോലെ 3048482 രൂപയാണ്. ഈ തുകകൊണ്ട് പഞ്ചായത്തിൻെറ നിത്യച്ചെലവുകൾ നടത്താൻപോലും തികയുന്നില്ല.

കറൻറ് ചാർജ് അടയ്ക്കുക, മൺറോഡുകൾ മെയിൻറനൻസ് നടത്തുക മുതലയ കാര്യങ്ങൾക്ക് ആവശ്യമായ തുക ഈ വരുമാനംകൊണ്ട് കണ്ടെത്താൻ ബുദ്ധിമുട്ടാണ്. ഇതിൽ നിന്നും വ്യത്യസ്തമായി നമ്മുടെ ഗ്രാമത്തിൻെറ സമ്പൂർണ്ണവികസനം സാക്ഷാൽകരിക്കുന്നതിനുവേണ്ടി അടിസ്ഥാനപരമായ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തി മനുഷ്യാദ്ധ്വാനം പ്രയോജനപ്പെടുത്തി പുതിയ വികസനസംസ്കാരം വാർത്തെടുക്കേണ്ടതായിട്ടുണ്ട്. ജനങ്ങൾക്ക് ഒരു തെറ്റായ ധാരണയുണ്ട്. വികസനപ്രവർത്തനങ്ങളെല്ലാം പഞ്ചായത്തുകളും ഗവൺമെൻറും ചെയ്യട്ടെ, ഞങ്ങൾക്ക് ഇതിൽ കാര്യമില്ല എന്ന്. എന്നാൽ വികസന പ്രവർത്തനങ്ങൾക്ക് പ്രധാനമായി വേണ്ടത് മനുഷ്യരുടെ സഹകരണവും മനുഷ്യാദ്ധ്വാനശേഷിയുമാണ്. ഈ ആശയത്തിൻെറ അടിസ്ഥാനത്തിൽ 25-ൽ കുറയാത്ത വീടുകൾ കൂട്ടി അയൽകൂട്ടങ്ങൾ രൂപീകരിച്ച് അതാതുപ്രദേശത്തിൻെറ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാൻ കഴിയണം. ഉദാഹരണമായി വിദ്യാഭ്യാസരംഗത്തെ നിലവാരം ഉയർത്താൻ അയൽകൂട്ടങ്ങളുടെ ആഭിമുഖ്യത്തിൽ ട്യൂഷൻ ക്ലാസ്സുകൾ സംഘടിപ്പിക്കാം. പുതിയ റോഡുകൾ നിർമ്മിക്കാനും പഞ്ചായത്തിൻെറ സഹകരണവും നമ്മുടെ മനുഷ്യാദ്ധ്വാനശേഷിയും ഒത്തുചേർത്ത് ഭംഗിയായി നിർവ്വഹിക്കാം. അതുപോലെ വായനശാലകൾ, ക്ലബ്ബുകൾ, ബഹുജനസംഘടനകൾ ഇവയെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു സന്നദ്ധസേന രൂപീകരിച്ച് അവരുടെ സേവനവും പ്രയാജനപ്പെടുത്താവുന്നതാണ്. പുതിയ പഞ്ചായത്ത്രാജ് നിയമപ്രകാരം ബഹുജനപങ്കാളിത്തത്തോടെ നമ്മുടെ ഗ്രാമത്തിൻെറ അഭിവൃദ്ധിക്കായും ശ്രേയസ്സിനായും യത്നിക്കേണ്ടിയിരിക്കുന്നു.

## പഞ്ചായത്ത് - കെട്ടിടങ്ങൾ 1995 - 96

| വാർഡ് നമ്പർ | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ഓട് | 525 | 607 | 517 | 557 | 301 | 543 | 569 | 526 | 493 | 480 | 593 | 627 | 684 | 560 | 7592 |
| ഓല | 28 | 20 | 35 | 26 | 25 | 25 | 15 | 17 | 29 | 36 | 42 | 38 | 13 | 32 | 361 |
| കുടിൽ | 76 | 60 | 82 | 27 | 32 | 32 | 43 | 20 | 48 | 30 | 41 | 116 | 27 | 54 | 688 |
| വാർക്ക | 83 | 81 | 73 | 48 | 25 | 121 | 275 | 168 | 60 | 156 | 66 | 128 | 84 | 134 | 1502 |
| കടകൾ | 29 | 27 | 23 | 21 | 8 | 260 | 386 | 127 | 27 | 55 | 36 | 71 | 46 | 52 | 1168 |
| ആകെ | 741 | 795 | 720 | 679 | 391 | 981 | 1288 | 858 | 657 | 757 | 778 | 980 | 854 | 832 | |

## പൊതുമരാമത്ത് സംബന്ധിച്ച വിവരങ്ങൾ

| പണിയുടെ സ്വഭാവം | എസ്റ്റിമേറ്റ് തുക | യഥാർത്ഥ ചിലവ് | | |
|---|---|---|---|---|
| | | ഗ്രാൻറ് തുക | പഞ്ചാ: ഫണ്ട് | ആകെ |
| 1 | 2 | 3 | 4 | 5 |
| റോഡ് | 857105 | 61680 | 519337 | 581017 |
| തോട് | 4843 | 11300 | 4002 | 15302 |
| നടപ്പാലം | - | - | - | - |
| മറ്റുള്ളവ | 57127 | - | 60523 | 60523 |
| ആകെ | 919075 | 72980 | 583862 | 646842 |

ലേയ്ക്കും വ്യാപിപ്പിക്കുക. മാനവവിഭവശേഷി വർധിപ്പിക്കുക.

III. സാമ്പത്തികസ്ഥാപനങ്ങൾ വ്യാപിപ്പിക്കുക. വിവിധ സാമ്പത്തികസ്ഥാപനങ്ങളിൽ നിന്നും വായ്പകൾ ലഭ്യമാക്കുക. മനുഷ്യവിഭവശേഷി ഉപയോഗപ്പെടുത്തുക.

IV.. ബാങ്കിംഗ് സ്ഥാപനങ്ങൾ വ്യാപിപ്പിക്കുകയും, വായ്പകൾ വിവിധപദ്ധതികൾക്കായി ഉപയോഗപ്പെടുത്തുകയും ചെയ്യുക. മനുഷ്യവിഭവശേഷിയെപ്പറ്റി ബോധവത്കരണം നടത്തുകയും ഉപയോഗപ്പെടുത്തുകയും ചെയ്യുക.

V. വിദേശവാസികളിൽ നിന്നും സാമ്പത്തികസഹായം വിവിധ പദ്ധതികളിലേക്ക് സ്വീകരിക്കുക. സാമ്പത്തികസ്ഥാപനങ്ങളിൽ നിന്നും വായ്പ കൾ സ്വീകരിക്കുക. മനുഷ്യവിഭവശേഷി ഉപയോഗപ്പെടുത്തുക.

VI. ബാങ്കിംഗ്മേഖല വ്യാപിപ്പിക്കുക. മനുഷ്യവിഭവശേഷി കൂടുതലായി ഉപയോഗപ്പെടുത്തുക.

VII. വിദേശനിവാസികളിൽ നിന്നും വായ്പ എടുക്കുക. ബാങ്കുകളിൽ നിന്നും മറ്റു സ്വകാര്യ സ്ഥാപന ങ്ങളിൽ നിന്നും വായ്പ എടുക്കുക.

VIII. സന്നദ്ധസേവനം ഉപയോഗപ്പെടുത്തുക. സർക്കാർ, സ്വകാര്യസ്ഥാപനങ്ങളിൽ നിന്നും വിവിധ പദ്ധതികൾക്കായി വായ്പകൾ എടുക്കുക.

IX. വിദേശവാസികളിൽ നിന്നും സംഭാവനകൾ വാങ്ങുക. സന്നദ്ധകായികാധ്വാനശേഷി ഉപയോഗപ്പെടുത്തുക.

X. സർക്കാർ, സ്വകാര്യബാങ്കിംഗ് മേഖലയിൽ നിന്നും വായ്പകൾ വാങ്ങുക. വിദേശവാസികളിൽ നിന്നും സംഭാവനകൾ വാങ്ങുക. മനുഷ്യവിഭവശേഷി ഉപയോഗപ്പെടുത്തുക.

XI. സർക്കാർ, സ്വകാര്യബാങ്കിംഗ് മേഖലയിൽ നിന്നും വായ്പകൾ ഏർപ്പെടുത്തുക. മനുഷ്യവിഭവശേഷി ഉപയോഗപ്പെടുത്തുക.

XII. സ്വകാര്യ, സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വായ്പകൾ സ്വീകരിക്കുക. പരമാവധി സബ്സിഡികൾ പ്രയോജനപ്പെടുത്തുക.

XIII. സന്നദ്ധസേവകരുടെ അധ്വാനശേഷി ഉപയോഗപ്പെടുത്തുക. സ്വകാര്യ, സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വായ്പകളും സബ്സിഡികളും സ്വരൂപിക്കുക.

XVI. സർക്കാർ, സ്വകാര്യസ്ഥാപനങ്ങളിൽ നിന്നും വിവിധ പദ്ധതികൾക്കായി വായ്പകൾ സ്വരൂപിക്കുക. മനുഷ്യവിഭവശേഷി എല്ലാ മേഖലയിലും ഉപയോഗപ്പെടുത്തുകയും ആവശ്യമായ ബോധവ ത്കരണം നടത്തുകയും ചെയ്യുക. കൃഷിക്കാർ, യുവജനപ്രസ്ഥാനങ്ങൾ തുടങ്ങിയ സംഘടിതപ്രസ്ഥാനങ്ങളെ ഏകോപിപ്പിച്ച് സന്നദ്ധസേവനരംഗത്ത് കൊണ്ടുവരണം. വാർഡുതലത്തിൽ ഏകദേശം 12000 തൊഴിൽ ദിനങ്ങൾ സന്നദ്ധസേവനംമൂലം സൃഷ്ടിക്കാൻ കഴിയും. സ്വകാര്യനിക്ഷേപരൂപത്തിൽ 12 ലക്ഷത്തോളം രൂപ സമാഹരിക്കാൻ കഴിയും.

XV. ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്തുനിന്നും സംഭരിക്കുന്ന അബ്കാരി വരുമാനത്തിന്റെ 25% പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്കായി നൽകണം.

XVI. അബ്കാരി സ്ഥാപനങ്ങളിൽ നിന്നും പഞ്ചായത്ത് ലൈസൻസ് ഫീസ് ഏർപ്പെടുത്തണം.

XVII. അംഗീകൃതപ്ലാനിനു വിരുദ്ധമായി പണികഴിപ്പിക്കുന്ന കെട്ടിടഉടമകളിൽ നിന്നും കനത്ത ഫൈൻ ഈടാക്കണം.

# ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്

## ചെലവ് സംബന്ധിച്ച വിവരങ്ങൾ (1995 - 96)

| ഇനം | തുക |
|---|---|
| എസ്റ്റാബ്ലിഷ്മെൻറ് ചാർജ് | 632912 |
| പൊതുമരാമത്ത് | 1014646 |
| വിദ്യാഭ്യാസം | 34779 |
| തെരുവുവിളക്കുകൾ | 244944 |
| മറ്റുള്ളവ | 636992 |
| ആകെ | 2564273 |

| ക്രമ നമ്പർ | വകവിവരം | വില്ലേജിൻെറ പേര് | വിസ്തീർണ്ണം | മതിപ്പുവില |
|---|---|---|---|---|
| 1 | ബസ്സ്സ്റ്റാൻറ് | ഏറ്റുമാനൂർ | 5 ഏക്കർ 22 സെൻറ് | 15600000 |
| 2 | ഷോപ്പിംഗ് കോംപ്ലക്സ് | " | 18 മുറികൾ | 5000000 |
| 3 | കമ്മ്യൂണിറ്റി ഹാൾ | " | 12 സെൻറ് കെട്ടിടം | 3500000 |
| 4 | സാംസ്കാരികനിലയം | " | 5 സെൻറ് | 500000 |
| 5 | ശിശുവിഹാർ | " | 50 സെൻറ് | 2000000 |
| 6 | പഞ്ചായത്ത് ഓഫീസ് | " | 20 സെൻറ് കെട്ടിടം | 4000000 |
| 7 | കളിസ്ഥലം | പേരൂർ | 50 സെൻറ് | 200000 |
| | | | ആകെ | 30800000 |

# ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്
## വരവ് സംബന്ധിച്ച വിവരങ്ങൾ (1995 - 96)

| ഇനം | രൂപ |
|---|---|
| കെട്ടിടനികുതി | 766763 |
| സർവ്വീസ് ചാർജ് | 108021 |
| തൊഴിൽനികുതി | 399331 |
| വാഹനനികുതി | - |
| വിനോദനികുതി | 85039 |
| അഡി. വിനോദനികുതി | 51260 |
| പ്രദർശനനികുതി | 6344 |
| പ്രദർശനനികുതിയിന്മേലുള്ള സർചാർജ് | 1592 |
| ചന്തവരവ് | - |
| ലാൻഡ്സെസ് | - |
| ലൈസൻസ് ഫീസ് | 19935 |
| കെട്ടിടനികുതി സർചാർജ് | 68325 |
| വസ്തുകൈമാറ്റനികുതി 75% | 244673 |
| വസ്തുകൈമാറ്റനികുതി 25% | - |
| സർക്കാർ ഗ്രാൻറുകൾ ഒഴികെയുള്ള വരവുകൾ | 126669 |
| സംഭാവന | 650621 |
| ഡെപ്പോസിറ്റ് | 86685 |
| മറ്റുള്ളവ | 689471 |
| ആകെ | 3304729 |

# ഏറ്റുമാനൂർ സർവ്വീസ് സഹകരണബാങ്ക്

| സ്ഥാപനത്തിൻെറ പേര് | | ഏറ്റുമാനൂർ സർവ്വീസ് സഹകരണബാങ്ക്<br>നമ്പർ : 4069 |
|---|---|---|
| പ്രവർത്തനപരിധി | | ഏറ്റുമാനൂർ പഞ്ചായത്തിലെ 10 വാർഡുകൾ |
| ക്രെഡിറ്റ്/നോൺക്രെഡിറ്റ് | : | ക്രെഡിറ്റ് |
| പ്രവർത്തനം ആരംഭിച്ച വർഷം | : | 1957 |
| ആകെ അംഗങ്ങൾ | : | 21042 |
| ഒരു ഓഹരിയുടെ വില | : | 10 രൂപ |
| അംഗീകൃത ഓഹരിമൂലധനം | : | 10000000 രൂപ |
| പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം | : | 5041484/- |
| സർക്കാർ ഓഹരിയുണ്ടോ | : | ഇല്ല |
| ഉണ്ടെങ്കിൽ ലഭിച്ച തുക | : | - |
| പരമാവധി കടം എടുക്കാവുന്നത് | : | 50000 രൂപ |

## പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ

| | |
|---|---|
| സ്ഥിരം | 17,0631647 |
| ഹ്രസ്വകാലം | 15529443 |

## നൽകിയിട്ടുള്ള വായ്പകൾ

### കാർഷികവായ്പകൾ

| ഇനം | തുക |
|---|---|
| Short loan | 1717450 |
| M.T. | 18583164 |

# സഹകരണം



സ്വിറ്റ്സർലണ്ടിലും ഇംഗ്ലണ്ടിലും ജർമനിയിലും മറ്റും നൂറ്റാണ്ടുകൾക്കുമുമ്പ് ഉടലെടുത്ത ഒരു പുത്തൻ പ്രസ്ഥാനമായിരുന്നു 'സഹകരണം' എന്നു പറയുന്നതിൽ അർത്ഥശങ്കയ്ക്കിടയുണ്ടാവുമെന്നു കരുതുന്നില്ല. എന്നാൽ കാലാന്തരത്തിൽ ഇതിന്റെ വിത്തുകൾ നമ്മുടെ നാട്ടിലും പാകികിളിർപ്പിച്ചു. നമ്മുടെ നാടിന്റെ പ്രത്യേകിച്ച് കേരളത്തിലെ കാലാവസ്ഥ ഈ 'ചെടി'ക്ക് -സഹകരണപ്രസ്ഥാനത്തിന്- തഴച്ചു വളരുവാനുതകുമാറുള്ളതായിരുന്നു. ജന്മനാട്ടിലേതിനേക്കാൾ വളർന്ന നാട്ടിൽ അല്ലെങ്കിൽ പെറ്റമ്മയേക്കാൾ വളർത്തമ്മയോട് ഈ പ്രസ്ഥാനം കൂടുതൽ കൂറു പുലർത്തുന്നു.

ഇതിന് ഉത്തമോദാഹരണമത്രേ കേരളത്തിലെ സഹകരണപ്രസ്ഥാനത്തിന്റെ വളർച്ച.കേരളത്തിൽ ആകമാനം സഹകരണപ്രസ്ഥാനം അതിന്റെ തായ്‌വേരുകൾ എന്നേ ആഴ്ത്തിക്കഴിഞ്ഞിരുന്നു.

ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിൽ തന്നെ ഏതാണ്ട് ഏഴ് സഹകരണസ്ഥാപനങ്ങൾ ഉണ്ട്. ഇതിൽ ഈ രംഗത്ത് ഈ ഗ്രാമപഞ്ചായത്തിൽ, അല്ല, കോട്ടയം ജില്ലയിൽ തന്നെ ഉത്തുംഗശ്രേണിയിൽ പരിലസിക്കുന്നു 'ഏറ്റുമാനൂർ സർവീസ് സഹകരണ ബാങ്ക്' എന്ന് ഉദ്ഘോഷിക്കുന്നതിൽ ആർക്കും കുണ്ഠിതമുണ്ടാവുമെന്നു കരുതുതേണ്ടതില്ല. ഒരു മനുഷ്യായുസ്സ് പിന്നിട്ട സേവനത്തിന്റെ പാരമ്പര്യവുമായി പരിലസിക്കുന്ന പേരൂർ സർവീസ് സഹകരണബാങ്ക് ഒട്ടും പിന്നിലല്ല.

കോട്ടയം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന പല സഹകരണസ്ഥാപനങ്ങളുടേയും ഹെഡ്ക്വാർട്ടേഴ്സ് ഏറ്റുമാനൂരിലത്രേ.

സഹകരണസ്ഥാപനങ്ങൾ ഒരു നാടിന്റെ സമ്പദ്ഘടനയെ ഒട്ടേറെ സ്വാധീനിക്കുന്നു.

സമൂഹത്തിലെ മുഴുവൻ ആളുകൾക്കും കുചേലൻ മുതൽ കുബേരൻ വരെയുള്ള ആളുകൾക്കും സഹകരണപ്രസ്ഥാനങ്ങൾ ഒരുവിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ അത്താണിയായി പ്രവർത്തിക്കുന്നു.

ഉള്ളവരിൽ നിന്നും പണം സ്വയം സ്വീകരിച്ചുകൊണ്ട് ഇല്ലാത്തവന് നൽകുന്ന സമ്പ്രദായം -അതല്ലേ സോഷ്യലിസം. ഇത് വളരെ വ്യക്തമായി കാണുവാൻ കഴിയുന്നത് സഹകരണപ്രസ്ഥാനങ്ങളിൽ ഒന്നുമാത്രമാണ്.

സഹകരണപ്രസ്ഥാനം കടന്നുചെല്ലാത്ത മേഖലകൾ ഇല്ലെന്നുതന്നെ പറയാം. കൈത്തറിസഹകരണസംഘങ്ങൾ, തയ്യൽ, കരകൗശലം, ഭവനനിർമാണം, കൈത്തൊഴിൽ, റബർ വിപണനം, ആതുരാലയങ്ങൾ, സ്കൂൾ, കോളേജ് സംഘങ്ങൾ, സർക്കാർ ഉദ്യോഗസ്ഥസഹകരണസംഘങ്ങൾ, അദ്ധ്യാപക സഹകരണസംഘങ്ങൾ, സഹകരണ ഉദ്യോഗസ്ഥരുടെ സംഘങ്ങൾ, പൈനാപ്പിൾ സഹകരണസംഘങ്ങൾ എന്നുതുടങ്ങി നിരവധി സഹകരണസംഘങ്ങൾ നമ്മുടെ നാട്ടിൽ നിലവിലുണ്ട്.

# കാലാവധി കഴിഞ്ഞ് കിട്ടാനുള്ള വായ്പകൾ

| ക്രമനമ്പർ | ഇനം | തുക |
|---|---|---|
| 1 | ഹ്രസ്വകാലവായ്പ | 5091043 |
| 2 | എം.ടി. വായ്പ | 6548106 |
| 3 | വ്യാവസായികവായ്പ | 590000 |
| 4 | ഭവനവായ്പ | 255050 |
| | ആകെ | 12484199 |

# ഏറ്റുമാനൂർ സർവ്വീസ് സഹകരണബാങ്ക് സ്ഥാപനത്തിൻെറ ചെലവുകൾ

| ക്രമനമ്പർ | ഇനം | തുക |
|---|---|---|
| 1 | ഭരണചെലവ് | 1882443 |
| 2 | ശമ്പളം | 21463621 |
| | ആകെ | 23346064 |

# വായ്പാസഹകരണസ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ

1. പൊതുജനങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്നു. കാർഷികവും കാർഷികേതരവുമായ വായ്പകൾ കൊടുക്കുന്നു.

2. അംഗങ്ങൾ ഇടയിൽ മിതത്വം, സ്വയംപര്യാപ്തത, പരസ്പരസേവനം എന്നിവയ്ക്ക് പ്രോത്സാഹനം നൽകുകയും ആയതിന് ഉതകുന്ന പദ്ധതികൾ ആസൂത്രണംചെയ്ത് നടപ്പിൽ വരുത്തുകയും ചെയ്യുന്നു.

3. ബാങ്കിംഗ് ഇടപാടുകൾ നടത്തുന്നിന് സാധാരണ ജനങ്ങളെ പ്രാപ്തരാക്കുന്നു. പൊതുജനങ്ങൾക്കാവശ്യമായ റേഷൻസാധനങ്ങൾ, കർഷകർക്കാവശ്യമായ വളം, കീടനാശിനി മുതലായവയും ലഭ്യമാക്കുന്നു. കൂടാതെ സ്ഥാപനത്തിൻെറ പ്രവർത്തന പരിധിയിൽ നടക്കുന്ന എല്ലാ സാമൂഹ്യസേവനരംഗങ്ങളിലും സംഭാവനകൾ നൽകിയും മറ്റു പ്രവർത്തനങ്ങളിലും താൽപര്യപൂർവ്വം പങ്കെടുക്കുന്നു.

## മറ്റ് വായ്പകൾ

| ക്രമനമ്പർ | ഇനം | തുക |
|---|---|---|
| 1 | എഫ്.സി. ലോൺ | 4410335 |
| 2 | ഗോൾഡ് ലോൺ | 24835150 |
| 3 | വീട്ടുപകരണങ്ങൾ | 3292313 |
| 4 | സ്വയംതൊഴിൽവായ്പകൾ | 305906 |
| 5 | ഹൗസ് റിപ്പയറിംഗ് ലോൺ | 90765 |
| 6 | **ഐ.ആർ.ഡി.പി.ലോൺ** | 918519 |
| | ആകെ | 33852988 |

## പ്രത്യേക വായ്പകൾ

| ക്രമനമ്പർ | ഇനം | തുക |
|---|---|---|
| 1 | വ്യാവസായികവായ്പ | 1154275 |
| 2 | വസ്തുവായ്പ | 64030 |
| 3 | വാഹനവായ്പ | 274280 |
| 4 | ഭവനവായ്പ | 4914790 |
| 5 | ഓവർഡ്രാഫ്റ്റ് | 7100822 |
| | ആകെ | 13508197 |

| ക്രമ നമ്പർ | ഇനം | മറ്റ് വായ്പകൾ | തുക |
|---|---|---|---|
| 1. | ബാങ്ക്ഫണ്ട് വായ്പ | : | 2044650 |
| 2. | സ്ഥിരനിക്ഷേപവായ്പ | : | 3730397 |
| 3. | ബാങ്ക് ഫണ്ട് എം.റ്റി. വായ്പ | : | 82000 |
| 4. | ഐ.ആർ.ഡി.പി. വായ്പ | : | 18500 |
| 5. | പിഗ്മി വായ്പ | : | 24545 |
| 6. | ഗൃഹോപകരണ വായ്പ | : | 2184000 |
| 7. | എ.ഡി.പി. വായ്പ | : | 15000 |
| 8. | എം.എ.ഡി. വായ്പ | : | 68000 |
| 9. | സ്വർണ്ണപ്പണയ വായ്പ | : | 7457351 |
| 10. | ഓവർ ഡ്രാഫ്റ്റ് വായ്പ | : | 1351836 |
| | ആകെ | : | 16976279 |

## സ്ഥാപനങ്ങളിൽ നിന്നു സ്വീകരിച്ച വായ്പകൾ

| ക്രമ നമ്പർ | സ്ഥാപനം | സ്വഭാവം | തുക |
|---|---|---|---|
| 1 | ജില്ലാബാങ്ക് | S.T. III | 884000 |
| 2 | " | S.T. IV | 1431000 |
| | ആകെ | | 2315000 |

## നൽകിയ വായ്പകൾ - കാലാവധി കഴിഞ്ഞ് കിട്ടാനുള്ളവ

| | | |
|---|---|---|
| പിരിഞ്ഞുകിട്ടാനുള്ള തുക (ആകെ) | : | 13906921 രൂപ |

## സ്ഥാപനത്തിൻെറ ചെലവുകൾ

| ഇനം | തുക |
|---|---|
| ഭരണചെലവ് | 417954 |
| ശമ്പളം | 860873 |
| ആകെ | 1278827 |

# പേരൂർ സർവ്വീസ് സഹകരണബാങ്ക്

| | | | |
|---|---|---|---|
| 1. | സ്ഥാപനത്തിൻെറ പേര് | : | പേരൂർ സർവ്വീസ് സഹകരണബാങ്ക് നമ്പർ - 76 |
| 2. | പ്രവർത്തനപരിധി | : | ഏറ്റുമാനൂർ പഞ്ചായത്തിലെ 11, 12, 13 വാർഡുകൾ |
| 3. | ക്രെഡിറ്റ്/നോൺ ക്രെഡിറ്റ് | : | ക്രെഡിറ്റ് |
| 4. | പ്രവർത്തനം ആരംഭിച്ച വർഷം | : | 1-6-1919 |
| 5. | ആകെ അംഗങ്ങൾ | : | 4709 |
| 6. | ഒരു ഓഹരിയുടെ വില | : | 10 രൂപ |
| 7. | അംഗീകൃത ഓഹരി മൂലധനം | : | 1210580 |
| 8. | പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം | : | |
| 9. | സർക്കാർ ഓഹരിയുണ്ടോ | : | ഉണ്ട് |
| 10. | ഉണ്ടെങ്കിൽ ലഭിച്ച തുക | : | 110600 |
| 11. | പരമാവധി കടം എടുക്കാവുന്ന തുക | : | 50000 |

# പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ

| | | | |
|---|---|---|---|
| 1. | സ്ഥിരം | : | 20472679 |
| 2. | ഹ്രസ്വകാലം | : | 14555449 |

# നൽകിയിട്ടുള്ള വായ്പകൾ

## കാർഷികവായ്പകൾ

| | | | |
|---|---|---|---|
| 1 | കാർഷികവായ്പ S.T. III | : | 749300 |
| 2. | S.T. IV | : | 1361000 |

4238
...TUTE OF LOCAL ADMINIS...

## സ്ഥാപനം നടത്തുന്ന പ്രവർത്തനങ്ങൾ

1. പൊതുജനങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുകയും കാർഷികവും കാർഷികേതരവുമായ വായ്പകൾ കൊടുക്കുകയും ചെയ്യുന്നു.

2. മിതത്വം, സ്വയംപര്യാപ്തത, പരസ്പര സേവനം എന്നിവ പ്രോത്സാഹിപ്പിക്കുക.

3. ബാങ്കിംഗ് ഇടപാടുകളിൽ അംഗങ്ങളെ സഹായിക്കുകയും സമ്പാദ്യശീലം വളർത്തുകയും ചെയ്യുന്നു.

4. വിദ്യാഭ്യാസ, സാംസ്കാരിക, സാമൂഹ്യരംഗങ്ങളിൽ ആവശ്യമായ സംഭാവനകൾ നൽകുകയും മറ്റു പ്രവർത്തനങ്ങളിൽ ഭാഗഭാക്കാവുകയും ചെയ്യുന്നു.

## സഹകരണ ക്ഷീരവ്യവസായമേഖല

ക്ഷീരവ്യവസായരംഗത്ത് ഏറ്റുമാനൂർ പഞ്ചായത്തിൽ 3 സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ സംഘങ്ങൾ പ്രതീക്ഷയ്ക്കൊത്ത് വളർന്നിട്ടില്ല.

## സഹകരണപാർപ്പിടമേഖല

സഹകരണപാർപ്പിടമേഖലയിൽ മാത്രം നിലകൊള്ളുന്ന പ്രസ്ഥാനങ്ങൾ ഇവിടെയില്ല. ഏറ്റുമാനൂർ സർവ്വീസ് സഹകരണബാങ്കും കോട്ടയം ജില്ലാ സഹകരണബാങ്കിൻെറ ഏറ്റുമാനൂർ ബ്രാഞ്ചും കോട്ടയം കോപ്പറേറ്റീവ് അർബൻ ബാങ്കുശാഖയും ഭവനനിർമ്മാണവായ്പകൾ നൽകിവരുന്നുണ്ട്. ഈ മേഖലയിൽ ഒരു ഭവനനിർമ്മാണസഹകരണസംഘത്തിന് രൂപംനൽകാവുന്നതാണ്.

## ഉപഭോക്തൃമേഖല

കോട്ടയം ഹോൾസെയിൽ സഹകരണസംഘത്തിൻെറ ഒരു ശാഖ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഇത് വർദ്ധിച്ചുവരുന്ന ജനതതിയുടെ ആവശ്യങ്ങൾക്കൊപ്പം വളർന്നിട്ടില്ല. സഹകരണമാർക്കറ്റിംഗ് സംഘങ്ങൾ ഉണ്ടങ്കിലും അവ റബ്ബർ മാർക്കറ്റിംഗിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നതുമൂലം മറ്റ് വ്യാപാരങ്ങൾ നടക്കുന്നില്ല. ഇത്തരം സംഘങ്ങൾ വഴി നിത്യോപയോഗസാധനങ്ങൾകൂടി വിതരണംചെയ്യേണ്ടതാണ്.

ആരംഭകാലത്ത് ക്രെഡിറ്റ്മേഖലയിൽ മാത്രം ഒതുങ്ങിനിന്നിരുന്ന ഈ പ്രസ്ഥാനം ഇന്ന് ജീവിതത്തിൻെറ ബഹുമുഖ ശ്രേണികളിലേ് കാൽവച്ചുകഴിഞ്ഞു. ഇന്ന് സഹകരണപ്രസ്ഥാനം കടന്നുചെല്ലാത്ത മേഖലകൾ ഇല്ലെന്നുതന്നെ പറയാം. ആതുരസേവന രംഗത്തും വ്യാവസായികമേഖലയിലും ഇതിൻെറ വേരുകൾ ആഴ്ന്നിറങ്ങിക്കഴിഞ്ഞു. വർഷങ്ങൾക്കു മുമ്പ് ഈ നാട്ടിൽ പറിച്ചുനട്ട ഈ 'ചെറുമരം' ഇന്ന് ഒരു വൻവടവൃക്ഷമായി അനേകായിരങ്ങൾക്ക് അത്താണി ആയി മാറിക്കഴിഞ്ഞു.

[illegible]